# വിവർത്തന സാഹിത്യം

(Malayalam)

**VIVARTHANA SAHITHYAM**

Dr. Bennichen Scaria

**First Published**
January 2022

**Cover Design & Type setting**
Divya Mathew

Price : Rs.150/-

No part of this publication may be reproduced or transmitted
in any form or by any means without prior written
permission of the publisher

ISBN: (Print) 978-81-955792-1-1
ISBN: (E Book) 978-81-955792-9-7

**Publishers**
For Pavanatma College

ABPL Publications
www.abplpublications.co.in.

# വിവർത്തന സാഹിത്യം

**ഡോ. ബെന്നിച്ചൻ സ്കറിയ**

പാവനാത്മാ കോളേജിനു വേണ്ടി
എ.ബി.പി.എൽ. പബ്ലിക്കേഷൻസ്
വില: 150/-

# മുഖവുര

വിവർത്തനത്തിന്റെ പ്രായോഗികവും സൈദ്ധാന്തികവുമായ തലങ്ങളെ പരിചയപ്പെടുത്തുന്ന ഗ്രന്ഥമാണ് വിവർത്തനസാഹിത്യം. മലയാള സാഹിത്യത്തിൽ വിവർത്തനകൃതികൾക്ക് വലിയ സ്വാധീനമാണുള്ളത്. മലയാള സാഹിത്യവും ഇതര സാഹിത്യവുമായുള്ള ബന്ധത്തെ മനസ്സിലാക്കാനുള്ള എളിയ പരിശ്രമമാണ് ഈ ഗ്രന്ഥം. മഹാത്മാഗാന്ധി യൂണിവേഴ്സിറ്റി ബിരുദാനന്തര ബിരുദപഠനത്തിന്റെ ഭാഗമായി പഠിക്കേണ്ട വിഷയവുമാണ് വിവർത്തന സാഹിത്യം. അദ്ധ്യാപകർക്കും, വിദ്യാർത്ഥികൾക്കും ഒരുപോലെ വിവർത്തന ചരിത്രം മനസ്സിലാക്കാനും വിവിധ ഭാഷകളിലെ കൃതികളുടെ ആശയം മനസ്സിലാക്കാനും സഹായിക്കുന്നതാണ് വിവർത്തന സാഹിത്യം.

**ഡോ. ബെന്നിച്ചൻ സ്കറിയ**

# ഉള്ളടക്കം


അധ്യായം1 : വിവർത്തനത്തിന്റെ വിവിധ തലങ്ങൾ.

അധ്യായം 2 : വിവർത്തന കൃതികൾ

a) നിന്ദിതരും പീഡിതരും

b) ബ്ലോക്കിനൊരു കവിത

c) രക്തവിവാഹം

d) ജീവിതാസക്തി

e) മൂന്ന് തപസ്വികൾ

അധ്യായം 3 : വിവർത്തന കൃതികൾ

a) കറുത്തകാട് കറുത്തജലം

b) സെ്വറ്റ്സാനിലെ നല്ലസ്ത്രീ

c) തലകുനിക്കാതെ

d) ഒരുകപ്പ് ചായ

e) യുവകവിക്കുള്ള കത്തുകൾ

അധ്യായം4 : വിവർത്തന കൃതികൾ

a) മഞ്ഞ്

b) കുരുടൻമൂങ്ങ

c) പുനർജനിയുടെ മന്ത്രണങ്ങൾ

d) റാഷമോൺ

e) മണൽപ്പരപ്പ്

അധ്യായം 5 : വിവർത്തന കൃതികൾ

a) മൊനേർമാനുഷ്

b) സീറോഡിഗ്രി

c) അനുഭൂതി

d) രണ്ട് രാജാക്കന്മാരും രണ്ട് വഴിക്കുരുക്കുകളും

e) അമൃതാപ്രീതം

# അദ്ധ്യായം 1
# വിവർത്തനത്തിന്റെ വിവിധ തലങ്ങൾ

**എന്താണ് വിവർത്തനം?**

ഒരു ഭാഷയിൽ നിന്ന് മറ്റൊരു ഭാഷയിലേക്ക് മാറ്റുന്നതാണ് വിവർത്തനം. തർജ്ജിമ, വിവർത്തനം, പരിഭാഷ, എന്നീ പദങ്ങൾ Transalation എന്ന ഇംഗ്ലീഷ് വാക്കിന് പകരം മലയാളത്തിൽ ഉപയോഗിക്കുന്നു. ഭാഷ രൂപപ്പെട്ട കാലം മുതൽ പരിഭാഷണം സംഭവിച്ചിരുന്നു. ഒരു പദത്തിന്റേയോ, വാക്യത്തിന്റെയോ, പുസ്തകത്തിന്റെയോ അർത്ഥം മറ്റൊരു ഭാഷയിൽ ആവിഷ്ക്കരിക്കുന്നതിനെ വിവർത്തനത്തനം എന്ന് മലയാളനിഘണ്ടു നിർവ്വചിച്ചിരിക്കുന്നു. വിവർത്തനത്തിന്റെ ചരിത്രം അന്വേഷിക്കുന്നവർ ക്രിസ്തുവിന് മുമ്പുള്ള നൂറ്റാണ്ടുകളിലേക്ക് കടക്കണം. പുരാതന ബാബിലോണിൽ ഭരണപരമായ കാര്യങ്ങൾക്കായി നിയോഗിക്കപ്പെട്ടിരുന്ന ഉദ്യോഗസ്ഥരിൽ പലരും ബഹുഭാഷാപണ്ഡിതന്മാരായിരുന്നു. ഒരു കാര്യം പലഭാഷകളിലും അവതരിപ്പിക്കുന്നതിന് അവർക്ക് കഴിവുണ്ടായിരുന്നു. ലഭ്യമായതിൽ ഏറ്റവും പുരാതനമായ വിവർത്തനം 'റോസെറ്റാ' എന്ന ശിലാ ലേഖനമാണ്. ലോകഭാഷകളിൽ ഏറ്റവും അധികം വിവർത്തനം ചെയ്യപ്പെട്ടിട്ടുള്ള ഗ്രന്ഥം ബൈബിളാണ്. ഹീബ്രു ഭാഷയിലെഴുതപ്പെട്ടിരുന്ന പഴയനിയമവും ഗ്രീക്ക് ഭാഷയിലെഴുതപ്പെട്ട പുതിയ നിയമവും മറ്റു പല ഭാഷകളിലേക്ക് മൊഴിമാറ്റം ചെയ്യപ്പെടുകയുണ്ടായി. ക്രിസ്തുമതം ലോകമെങ്ങും വ്യാപിച്ചത് വിവർത്തനത്തിന്റെ പ്രചാരണത്തിന് വഴിതെളിച്ചു.

അറബി ഭാഷയുമായി ബന്ധപ്പെട്ട വിവർത്തന ശ്രമങ്ങൾ പുരാതന നഗരമായ ബാഗ്ദാദിലാണ് നടന്നത്. വിജ്ഞാനത്തിന്റെയും സംസ്കാരത്തിന്റെയും ഏറ്റവും വലിയ കേന്ദ്രമെന്ന നിലയിൽ ഈ നഗരത്തിന് ഏറെ ചരിത്ര പ്രാധാന്യമുണ്ട്. വിവിധ ഭാഷകളിലെ പ്രശസ്ത ഗ്രന്ഥങ്ങൾ അറബിയിലേക്ക് പരിഭാഷ ചെയ്യപ്പെട്ട. നമ്മുടെ പഞ്ചതന്ത്രം കഥകളുടെ അറബിയിലെ പേര് 'കലീല ദമന' എന്നാണ്. നവോത്ഥാന കാലമായപ്പോഴേക്കും പരിഭാഷകളുടെ പ്രാധാന്യം അധികം വർധിച്ചു. പാരിസ്, ഓക്സ്ഫോർഡ്, പാദുവ തുടങ്ങിയ സർവ്വകലാശാലകളിൽ

വിവിധ രാജ്യങ്ങളിൽ നിന്നുള്ള നവീന വിജ്ഞാന വിനിമയത്തിനുള്ള വേദിയായിരുന്നു. ഗ്രീക്ക്, ലാറ്റിൻ, ഫ്രഞ്ച്, ഇറ്റാലിയൻ ഇംഗ്ലീഷ് തുടങ്ങിയ ഭാഷകളിലുണ്ടായ ഗ്രന്ഥങ്ങൾ പരിഭാഷകളിലൂടെ പരസ്പരം കൈമാറ്റം ചെയ്യപ്പെടാൻ തുടങ്ങി. ശാസ്ത്രസാങ്കേതിക വിദ്യകളിലുണ്ടായ വൻ കുതിപ്പിന് ഇത് സാഹചര്യമൊരുക്കി. സാഹിത്യം, കല, വിവിധ ശാസ്ത്രശാഖകൾ എന്നിവയുടെ വളർച്ചയ്ക്ക് ഏറ്റവും വലിയ വഴി തർജ്ജമകൾ ആയിരുന്നു.

**വിവർത്തന നിർവ്വചനങ്ങൾ**

വിവർത്തനത്തിന് ഐക്യകണ്ഠേന അംഗീകരിക്കാവുന്ന ഒരു നിർവ്വചനം ഇന്നുവരെ ഉണ്ടായിട്ടില്ല. വിവർത്തനങ്ങളുടെ വൈവിധ്യമാണ് ഇതിന് കാരണം. ശാസ്ത്രം സാങ്കേതികവിദ്യ നിയമം, മതം തുടങ്ങിയ വിഷയങ്ങളിലെ ഏറെ ഗ്രന്ഥങ്ങളും ഇന്ന് വിവർത്തനത്തിനം ചെയ്യപ്പെട്ടിട്ടുണ്ട്. സാഹിത്യത്തിലായാൽ കവിത, നാടകം, ഗദ്യം തുടങ്ങിയ വിവിധ ശാഖകളിലെ സർഗാത്മക കൃതികളുടെയും വിവർത്തനം നടന്നിട്ടുണ്ട്. കൂടാതെ വിവർത്തനം ആർക്കുവേണ്ടിയാണ് എന്നതിനനുസരിച്ച് വിവർത്തനത്തിലെ വിവർത്തനത്തിലെ ഭാഷാശൈലിയും വാക്യഘടനയും വ്യത്യാസപ്പെട്ടിരിക്കുന്നു. വിവർത്തനം വൈവിധ്യം നിറഞ്ഞതുപോലെ വിവർത്തന നിർവ്വചനങ്ങളും വൈവിധ്യം നിറഞ്ഞവയാണ്.

സംസ്കൃത പണ്ഡിതന്മാർ വിവർത്തനം എന്ന പദത്തിന് കൊടുത്തിരിക്കുന്ന നിർവചനം ഭാഷാന്തരം എന്നാണ്. ഇംഗ്ലീഷിൽ വിവർത്തനം എന്ന അർത്ഥത്തിൽ ഉപയോഗിക്കുന്ന പദം Transalation എന്നാണ്. ഫ്രഞ്ച് ഭാഷയിൽ നിന്നാണ് ഈ പദം ഇംഗ്ലീഷിലേക്ക് കടന്നുവന്നിരിക്കുന്നത്. ഒരു ഭാഷയിൽ നിന്ന് മറ്റൊന്നിലേക്ക് എന്ന പ്രക്രിയക്കാണ് Oxford നിഘണ്ടു Transalation-നെ നിർവ്വചിക്കുന്നത്. വിവിധ പണ്ഡിതന്മാർ നൽകിയിട്ടുള്ളതിൽ വച്ച് സുഗ്രഹവും പ്രായോഗികവുമായ നിർവ്വചനം Samuel Johnson-ന്റേതാണ്. അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ അർത്ഥം മുൻനിർത്തി മറ്റൊരു ഭാഷയിലേക്ക് മാറ്റുന്നതാണ് വിവർത്തനം. അതായത് ശ്രോതഭാഷയിലെ വാക്കുകൾ ലക്ഷ്യഭാഷയിലേക്ക് വിവർത്തനം ചെയ്യുന്നത് പല രീതിയിലാണെങ്കിലും അർത്ഥവ്യതിയാനം സംഭവിക്കാൻ പാടില്ല എന്നതാണ് Samuel Johnson-ന്റെ പക്ഷം. ഹോറസിന്റെ അഭിപ്രായത്തിൽ

പദാനുപദ തർജ്ജമയേക്കാൾ സ്വതന്ത്ര തർജ്ജമയാണ് വിവർത്തനത്തിന്റെ അടിസ്ഥാന തത്ത്വം. വില്യം കൂപ്പറുടെ അഭിപ്രായത്തിൽ വിവർത്തനത്തിന്റെ കാതൽ വിശ്വസ്തതയാണ്. വിവർത്തകൻ മൂലഗ്രന്ഥകാരനെപ്പോലെ തന്നെ ആയിത്തീരണമെന്നാണ് കൂപ്പർ ഇതുകൊണ്ട് ഉദ്ദേശിക്കുന്നത്. John Corner ഉടെ അഭിപ്രായത്തിൽ മൂലഗ്രന്ഥകാരൻ പറഞ്ഞ കാര്യം തന്നെ പറയുക മാത്രമല്ല അയാൾ പറഞ്ഞതുപോലെ പറയാൻ വിവർത്തകൻ ശ്രമിക്കേണ്ടതാണ്.

**വിവർത്തന രീതികൾ**

പദാനുപദ വിവർത്തനം, അനുപദവിവർത്തനം, ആശയവിവർത്തനം എന്നിങ്ങനെ 3 രീതികളാണ് വിവർത്തനത്തിനുള്ളത്. കേസരി ബാലകൃഷ്ണപിള്ള ഇവയെ യഥാക്രമം സൂക്ഷ്മം, സ്വതന്ത്രം, തത്ത്വാനുരൂപം എന്നിങ്ങനെ നിർവ്വചിച്ചിരിക്കുന്നു. മൂലഭാഷയിലെ വാക്കുകൾക്ക് തുല്യമായ വാക്കുകൾ ലക്ഷ്യഭാഷയിൽ നിന്നെടുത്ത് ചെയ്യുന്ന തർജ്ജമയാണ് പദാനുപദ വിവർത്തനം. ആശയത്തിന് ചോർച്ച സംഭവിക്കരുത് എന്ന തത്വത്തിൽ ഉറച്ച് നിന്നുകൊണ്ടുള്ള മൊഴിമാറ്റമാണ് അനുപദവിവർത്തനം. വിവർത്തകന്റെ ഭാവനയനുസരിച്ച് ചെറിയ മാറ്റങ്ങളോടെ നടത്തുന്ന വിവർത്തനമാണ് ആശയവിവർത്തനം. ആശയ വിവർത്തനത്തിൽ പരിഭാഷകന് സ്വാതന്ത്ര്യം ഏറെയാണ്. വിവർത്തനത്തിന്റെ ദൈർഘ്യവും ഭാഷാരീതിയും സ്വതന്ത്രമായി സ്വീകരിക്കുവാൻ ഇവിടെ വിവർത്തകന് കഴിയുന്നു.

**ഭാഷ,പാഠം,സംസ്കാരം എന്നിവയുടെ വിനിമയങ്ങൾ**

ഒരു പ്രത്യേക ജനവിഭാഗം ആശയവിനിമയാർത്ഥം ഉപയോഗിക്കുന്നതും താത്കാലിക ബന്ധം മാത്രമുള്ളതുമായ ഉച്ചാരണ ശബ്ദങ്ങളുടെ സ്വരൂപഘടനയോടുകൂടിയ പഠിതവൃത്തിയാണ് ഭാഷ.

**പാഠങ്ങളുടെ കൈമാറ്റമാണ് ഭാഷ**

ഒരു കൃതി വായിക്കുമ്പോൾ വായനക്കാരന്റെ മനസിൽ ജനിക്കുന്ന ആശയമണ്ഡലമാണ് പാഠം. ആ അനുഭവത്തിൽ നിന്നും ഒരു പാഠം പഠിച്ചു എന്നു പറയുമ്പോൾ ഏതെങ്കിലും അനുഭവത്തിന്റെ സമഗ്രതയിൽ നിന്നു ലഭിക്കുന്ന അർത്ഥത്തെ /അറിവിനെയാണ് ഉദ്ദേശിക്കുന്നത്. ഇതുപോലെതന്നെ ഏതെങ്കിലുമൊരു വൈജ്ഞാനിക മണ്ഡലത്തെ അല്ലെങ്കിൽ സാംസ്കാരിക പശ്ചാത്തലത്തെ അടുത്തറിയുമ്പോഴുള്ള

അനുഭവത്തിന്റെ സമഗ്രതയെ പാഠമായി കണക്കാക്കാം. സാഹിത്യകൃതിയെയാണ് അടുത്തറിയുന്നതെങ്കിൽ ആസ്വാദനപരമായ ചിന്തകളുടെ സമഗ്രതയാണ് പാഠം എന്നു പറയുന്നത്. ഇത്തരം വ്യത്യസ്ത പാഠങ്ങളെയാണ് ഒരു ഭാഷയിൽ നിന്ന് മറ്റൊരു ഭാഷയിലേക്ക് വിവർത്തകൻ പരിചയപ്പെടുത്തി കൊടുക്കുന്നത്.

**സംസ്കാരം**

ഒരു ജനതയുടെ സാകല്യം അല്ലെങ്കിൽ ഒരു ജനജീവിതത്തിന്റെ ആകെ തുക എന്നു നമുക്ക് സംസ്കാരത്തെ നിർവ്വചിക്കാം. ഏതെല്ലാം ഘടകങ്ങൾ ചേർന്നാണോ ഒരു ജനതയെ രൂപപ്പെടുത്തുന്നത് അതെല്ലാം ആ ജനതയുടെ സംസ്കാരത്തിന്റെ പരിധിയിൽ വരുന്നു. വിവർത്തനത്തിൽ ഇത്തരം സംസ്കാരങ്ങളെ പരിചയപ്പെടുത്തിക്കൊടുക്കുക എന്ന ധർമ്മം നിർവ്വഹിക്കപ്പെടുന്നു. മറ്റൊരു തരത്തിൽ പറഞ്ഞാൽ ഒരു ജനതയുടെ സംസ്കാരത്തെ മറ്റൊരു ജനതയ്ക്ക് പരിചയപ്പെടുത്തിക്കൊടുക്കലാണ് വിവർത്തനം. സാംസ്കാരിക മൂല്യപ്രേക്ഷണം വിവർത്തനത്തിന്റെ ധർമ്മമാണ്.

മുദ്രകൾകൊണ്ട് പരിഭാഷപ്പെടുത്തുന്ന രീതിയാണിത്. മൂലഭാഷയും ലക്ഷ്യഭാഷയും ഒരേ കുടുംബത്തിൽ പെട്ടതാണെങ്കിൽ പരിഭാഷ കൂടുതൽ സ്വാഭാവികമാകും. ഭിന്ന ഭാഷാ കുടുംബത്തിലേതാണെങ്കിൽ പരിഭാഷ കൂടുതൽ ശ്രമകരവും മൂലഭാഷയിൽ നിന്നും അകന്ന് നിൽക്കുന്നതുമാകും.

2. പരാവർത്തനം/ ഒരേ ഭാഷയിലെ പരിഭാഷ

ഒരു ഭാഷയിലെ പാഠത്തെ അതേ ഭാഷയിലെതന്നെ വ്യത്യസ്ത വാചിക മുദ്രകളാൽ അവതരിപ്പിക്കുന്നതിനെ പരാവർത്തനം എന്ന് പറയുന്നു. കവിതാഭാഗങ്ങൾ ഗദ്യത്തിലേക്കും ഗദ്യഭാഗങ്ങൾ

കവിതയിലേക്കും മാറ്റുന്ന രീതി ഇതിനുദാഹരണമാണ്.

3. ചിഹ്നാനന്തരപരിഭാഷ/വാചികമുദ്രിത പരിഭാഷ

വാചിക ഭാഷയിലെ മുദ്രകളെ അവാചിക ഭാഷയിലെ മുദ്രകൾകൊണ്ട് പരിഭാഷപ്പെടുത്തുന്നതിനെ വാചികമുദ്രിതപരിഭാഷയെന്ന് പറയുന്നു. സാഹിത്യത്തെ സംഗീതമായും നൃത്തമായും സിനിമയായും ചരിത്രമായും മാറ്റുന്നത് ഇത്തരം പരിഭാഷകൾക്ക് ഉദാഹരണമാണ്. കഥകളി ഇത്തരം പരിഭാഷകളുടെ മികച്ച മാതൃകയാണ്.

**പരിഭാഷയുടെ പ്രതലങ്ങൾ**

പരിഭാഷയുടെ ആന്തരികമായ തലങ്ങളെയാണ് പ്രദലങ്ങൾ എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്. പദാനുപദ പരിഭാഷ അനുവാദം, പുനഃസൃഷ്ടി, അനുഗത പരിഭാഷ എന്നിങ്ങനെ അനേക തലങ്ങൾ ഭാഷയ്ക്കുണ്ട്.

1. പദാനുപദ പരിഭാഷ

മൂല ഭാഷയിലെ പദങ്ങളുടെ അഭിധാർത്ഥം അതുപോലെതന്നെ ലക്ഷ്യഭാഷയിലേക്ക് വിവർത്തനം ചെയ്യുന്ന രീതിയാണിത്. ശാസ്ത്രം, നിയമം, മതം എന്നിവയെ സംബന്ധിച്ച ഗ്രന്ഥങ്ങളിൽ ഇത്തരത്തിലുള്ള പരിഭാഷകളാണ് സാധാരണ പിന്തുടരാറുള്ളത്. സാഹിത്യത്തിൽ ഇത് മിക്കപ്പോഴും പരിഹാസ്യമായി തീരുന്നു.

2. പുന സൃഷ്ടി

മൂലഭാഷയിലെ വിവർത്തിത വസ്തു ലക്ഷ്യഭാഷയിലേക്ക് മാറ്റി പ്രതിഷഠിക്കുന്ന രീതിയാണ് പുന സൃഷ്ടി. ഇത് തർജ്ജമയുടെ പരിധിയിൽ വരുന്നതാണെങ്കിലും സ്വതന്ത്ര്യ കൃതികളുടെ ഒരു പരിവേഷം ഇവയ്ക്ക് കൽപ്പിക്കപ്പെടാറുണ്ട്. ലോർഡ് ബൈറൺ എഴുതിയ ഗ്രീസ് ദ്വീപുകൾ എന്ന കാവ്യം ചങ്ങമ്പുഴ ആ കൊടുങ്കാറ്റ് എന്ന പേരിൽ പുനസൃഷ്ടിച്ചിരിക്കുന്നു. കേരളീയമായ സാംസ്കാരിക തനിമയിൽ മുങ്ങി നിൽക്കുന്ന ഈ കൃതി കണ്ടാൽ അതൊരു ഭാഷാന്തരമാണെന്ന് തോന്നുകയില്ല. ടെന്നീസിന്റെ ഈനോൺ എന്ന കൃതിയെ മുൻനിർത്തി ചങ്ങമ്പുഴ തന്നെ രചിച്ച സുദാംഗത ഇത്തരത്തിലുള്ള ഒരു കൃതിയാണ്.

3. അനുവാദം

പുനസൃഷ്ടിയോട് അടുത്തു നിൽക്കുന്നു എന്ന് തോന്നിക്കുന്ന രീതിയിലുള്ള രചനയാണ് അനുവാദം. പുനസൃഷ്ടിയുടെ തലങ്ങൾ തന്നെയാണ് ഒരു പരിധിവരെ അനുവാദത്തെ നിയന്ത്രിക്കുന്നത്. ടി.എൻ. ഗോപിനാഥൻ നായരുടെ രാജ്യദ്രോഹി എന്ന നാടകം ഒരു അനുവാദമായും പുനസൃഷ്ടിയായും വിലയിരുത്താറുണ്ട്. ഇബ്സന്റെ എന്ന നാടകത്തെ ഉപജീവിച്ചാണ് ടി.എൻ. ജനദ്രോഹി തയ്യാറാക്കിയത്. ഇവിടെയും ഇബ്സന്റെ കാവ്യാന്തരീക്ഷത്തിനു പകരം കേരളീയ അന്തരീക്ഷമാണ് ജനദ്രോഹിയെ നിയന്ത്രിക്കുന്നത്.

4. അനുഗതപരിഭാഷ (Full Transalation)

സ്രോതപാഠം മുഴുവനും തർജ്ജമയ്ക്ക് വിധേയമാക്കുക എന്ന പ്രക്രിയയാണ് അനുഗത പരിഭാഷ. ഇവിടെ സ്രോത പാഠത്തിലെ എല്ലാ അംശങ്ങളെയും ലക്ഷ്യ പാഠവസ്തുകൊണ്ട് ആദേശം ചെയ്യുന്നു. അതായത് ഗ്രന്ഥം, അദ്ധ്യായം, ഖണ്ഡിക, വാക്യം എന്നിവയെ സ്രോത ഭാഷയിലെ പാഠങ്ങളായും കണക്കാക്കുകയാണെങ്കിൽ അവയിൽ ഒരംശവും നഷ്ടപ്പെടാതെ ലക്ഷ്യഭാഷയിലേക്ക് വിവർത്തനം ചെയ്യുന്നു.

5. ഏകദേശ പരിഭാഷ/ഭാഗിക പരിഭാഷ (Partial Transalation)

സമഗ്ര വിവർത്തനത്തിന്റെ വിപരീതമായ ആശയമാണ് ഭാഗിക വിവർത്തനം കൈകാര്യം ചെയ്യുന്നത്. ഇവിടെ ശ്രോതപാഠാംശം അതേപടിയോ ഏറെ കുറേ രൂപഭേദത്തോടുകൂടിയോ ലക്ഷ്യ പാഠത്തിൽ ഉൾക്കൊള്ളിക്കുന്നു. ഒന്നോ അതിലധികമോ ശ്രോതപാഠങ്ങൾ വിവർത്തനം ചെയ്യാതെ വിട്ടു കളഞ്ഞെന്നും വരാം. സാഹിത്യ കൃതികളിൽ ചില പദങ്ങളും പ്രയോഗങ്ങളും അവിവർത്തനീയം എന്ന വകുപ്പിൽപ്പെടുത്തി മാറ്റി നിർത്തുന്നത് ഇത്തരം വിവർത്തനത്തിലാണ്.

6. സമഗ്രപരിഭാഷ/പൂർണപരിഭാഷ (Total Transalation)

അനുഗത പരിഭാഷയിൽ നിന്നും വ്യത്യസ്തമായ ആശയമാണ് പൂർണ പരിഭാഷ കൈകാര്യം ചെയ്യുന്നത്. സ്രോത പാഠത്തിലെ വ്യാകരണത്തെയും തതുല്യമായ വ്യാകരണ അംശത്തെയും ലക്ഷ്യഭാഷയിലെ വ്യാകരണം, തതുല്യമായ വ്യാകരണ വ്യവസ്ഥ എന്നിവകൊണ്ട് ആദേശം ചെയ്യുന്ന പ്രക്രിയയാണിത്. സ്രോത ഭാഷയിലെ സ്വനിമ വ്യവസ്ഥയുടെ സ്ഥാനത്ത് ലക്ഷ്യഭാഷയുടെ സ്വനിമ വ്യവസ്ഥ സ്വീകരിക്കുന്നത് ഇത്തരം വിവർത്തനത്തിലാണ്.

7. പരിമിത പരിഭാഷ. (Restricted Translation)

ഇത് ഭാഗിക വിവർത്തനത്തിൽ നിന്നും ഭിന്നമായ ആശയമാണ്. സ്രോതഭാഷയിലെ ഏതെങ്കിലും ഒരു തലത്തിലെ സ്രോതപാഠത്തിനു പകരം ഏറെക്കുറെ സമാനമായ ലക്ഷ്യപാഠാംശം പ്രയോഗിക്കുകയാണ് ഇതിന്റെ രീതി. സ്വനപരം, ലിപിപരം, വ്യാകരണതലം എന്നിങ്ങനെ ഏതു തലത്തിലും പരിമിത വിവർത്തനത്തിന്റെ സ്വഭാവം പ്രകടമാവാം. പൂർണ വിവർത്തനത്തിന്റെ വിപരീതമായ ആശയമാണ് പരിമിത വിവർത്തനം കൈകാര്യം ചെയ്യുന്നത്.

**വിവർത്തനത്തിന്റെ സാർവ്വലൗകിക തത്വങ്ങൾ**

1. വിവർത്തനം മൂലകൃതിയിലെ ആശയങ്ങളുടെ സമ്പൂർണമായ പുനർലേഖനം നിർവ്വഹിക്കണം.

2. വിവർത്തനത്തിന്റെ ശൈലിയും രീതിയും മൂലകൃതിയിലേതിന് തുല്യമായിരിക്കണം.

3. മൂലകൃതിയുടെ ഒഴുക്ക് പൂർണമായും വിവർത്തനത്തിന് കൈവരണം.

**ഇതര തത്വങ്ങളും സവിശേഷതകളും**

1. വിവർത്തനത്തിന്റെ അന്തസത്തയെക്കുറിച്ച് നിരവധി അഭിപ്രായങ്ങൾ ഉയർന്നുവന്നിട്ടുണ്ട്. വിവർത്തനം ഗൗരവമുള്ള ഒരു പ്രക്രിയയാണ്. അത് അശ്രദ്ധമായി ചെയ്യാനുള്ളതല്ല. തെറ്റായ വിവർത്തനം നടത്താൻ വിവർത്തകന് അധികാരമില്ല.

2. സുഗ്രാഹ്യത, വിശ്വാസ്യത,തതുല്യത, സൗന്ദര്യാത്മകത, സംക്ഷിപ്തത, സൂക്ഷ്മത എന്നിവ വിവർത്തനത്തിൽ ആവശ്യം വേണ്ട ഘടകങ്ങളാണ്. ദുരൂഹത, അവിശ്വാസ്യത, വിസ്താരം, സൗന്ദര്യഹീനത എന്നീ ദോഷങ്ങൾ ഒഴിവാക്കണം.

3. വിഷയത്തിന്റെ സ്വഭാവമനുസരിച്ചും വായനക്കാരന്റെ തരം അനുസരിച്ചും വിവർത്തനത്തിന്റെ രീതി മാറ്റേണ്ടതുണ്ട്.

ഉദാഃ വിവർത്തനം കുട്ടികൾക്കുള്ളതാണെങ്കിലത് ലളിതമായും സംഗ്രഹമായും അവതരിപ്പിക്കാം.

ഒരു ശാസ്ത്രകൃതി പണ്ഡിതന്മാരെ അധികരിച്ച് വിവർത്തനം ചെയ്യുകയാണെങ്കിൽ അത് ആധികാരികവും പദാനുപദവുമാകണം.

4. വിവർത്തനം ഒരു ശാസ്ത്രമാണ്. വിവർത്തനത്തിലെ ശാസ്ത്രീയത അവകാശപ്പെടാവുന്ന പ്രവർത്തന മേഖലയാണ് വിവർത്തനം.

5. കാലഘട്ടമനുസരിച്ച് വിവർത്തനത്തിന്റെ സ്വഭാവം മാറുന്നു.

6. ഭരണരംഗം, നിയമം, ധനതത്വശാസ്ത്രം എന്നീ വിഷയങ്ങളിൽ വിവർത്തനം കൃത്യതയുള്ളതും വസ്തുനിഷ്ഠതയുള്ളതും ആയിരിക്കണം.

7. പദത്തിന് പദമെന്ന രീതി പലപ്പോഴും തൃപ്തികരമല്ല. ബുദ്ധിക്കും യുക്തിക്കും യോജിച്ച തരത്തിൽ വിവർത്തനം ചെയ്യണം.

8. ഒരു ഭാഷയിൽ നിന്ന് മറ്റൊരു ഭാഷയിലേക്ക് വിവർത്തനം ചെയ്യുമ്പോൾ പല അംശങ്ങളും മാറ്റം വരാതെ സൂക്ഷിക്കണം.

9. വിവർത്തനം ഒരു ബുദ്ധി വ്യാപാരമാണ്.

10. ശാസ്ത്രീയ അടിസ്ഥാനത്തിൽ പദങ്ങളും വാക്യങ്ങളും ക്രമപ്പെടുത്തി ഇന്ന് യന്ത്രസഹായത്താൽ വിവർത്തനം നടത്തുന്നു.

11. വിവർത്തനം ഒരു കലയാണ് -വിവർത്തകന്റെ പ്രതിഭ,ആസ്വാദനശേഷി, സർഗാത്മകതയിലുള്ള വ്യതിരിക്തത എന്നിവയ്ക്കനുസരിച്ച് വിവർത്തനത്തിൽ വ്യത്യാസം വരുന്നു.

12. വിവർത്തനം ഒരു കൗശലമാണ്. ആധുനിക കാലഘട്ടത്തിൽ വിവർത്തകർക്ക് പ്രത്യേക വൈദഗ്ധ്യവും പരിശീലനവും ആവശ്യമാണ്.

13. സ്രോത ഭാഷയിലെ സാമഗ്രികളുടെ അപഗ്രഥനവും ഗ്രഹണവും അതിന്റെ ശാസ്ത്രീയത സൂചിപ്പിക്കുന്നു. അതിനെ ലക്ഷ്യഭാഷയിലേക്ക് സംക്രമിപ്പിക്കുന്ന , പകർത്തുന്ന പ്രക്രിയ കൗശലത്വമാണ് .ലക്ഷ്യഭാഷയിൽ വിവർത്തനം ചെയ്ത സാമഗ്രിക്ക് ഉചിതമായ രൂപഭാവങ്ങൾ നൽകി അവതരിപ്പിക്കുന്നതിൽ വിവർത്തകന്റെ കലാബോധം പ്രകടമാകുന്നു.

**പരിഭാഷയുടെ ഉപകരണങ്ങൾ**

സ്രോതഭാഷയിൽ നിന്ന് ലക്ഷ്യഭാഷയിലേക്ക് ഒരു കൃതി വിവർത്തനം ചെയ്യുമ്പോൾ പരിഭാഷകന് അയാളുടെ ജ്ഞാനമണ്ഡലം കൂടാതെ സഹായകരമായ മറ്റ് മേഖലകളും ആവശ്യമായി വരുന്നു. ഇവിടെയാണ് പരിഭാഷാ ഉപകരണങ്ങളുടെ പ്രസക്തി.

1. ദ്വിഭാഷാനിഘണ്ടു, പര്യായ, വിപരീതപദകോശം

പരിഭാഷകന് ലക്ഷ്യഭാഷയിലുള്ള ശരിയായ പദങ്ങൾ കണ്ടുപിടിക്കുകയാണ് ഏറ്റവും ദുർഘടം. ഇതിന് ദ്വിഭാഷാ നിഘണ്ടുക്കൾ പരിഭാഷകനെ സഹായിക്കുന്നു. ഇത്തരം നിഘണ്ടുക്കൾ കമ്പോളത്തിൽ ധാരാളം ഇറങ്ങുന്നുണ്ട്.

അർത്ഥനിർണയം ചെയ്ത പണ്ഡിതന്മാർ സാധൂകരിച്ച നിഘണ്ടുക്കളുടെ എണ്ണം വിരളമാണ്. ഇത്തരം നിഘണ്ടുക്കളാണ് വിവർത്തനത്തിൽ ആവശ്യമായിട്ടുള്ളത്. നല്ല ദ്വിഭാഷാ നിഘണ്ടുവിന്റെ സഹായമില്ലാതെ നല്ല വിവർത്തനം നടത്താൻ സാധിക്കുകയില്ല.

2. പര്യായ വിപരീത പദകോശം

പര്യായപദങ്ങൾ അറിഞ്ഞിരിക്കേണ്ടത് പ്രധാനമാണ്. വിപരീത പദങ്ങളുടെ കാര്യവും അതുപോലെ തന്നെ. വിവർത്തകന് ഓരോ പദവും ആലോചിച്ച് കണ്ടുപിടിച്ച് എഴുതുവാനുള്ള സാവകാശം ലഭിക്കാറില്ല. ഇങ്ങനെയുള്ള അവസരത്തിൽ പര്യായ വിപരീത പദകോശങ്ങൾ സഹായകരമാണ്.

3. തെസറസ്

നിഘണ്ടുക്കൾ പോലെ തന്നെ അത്യാവശ്യമായ ഒരു റഫറൻസ് ഗ്രന്ഥം ലക്ഷ്യഭാഷയിൽ ഉണ്ടായിരിക്കുക ആവശ്യമാണ്. ഭാരതീയ ഭാഷകളിലധികമില്ലാത്ത തെസറസ് എന്നറിയപ്പെടുന്ന ഗ്രന്ഥമാതൃക ഇത്തരത്തിലുള്ള ഒന്നാണ്. ഒരു കേന്ദ്രീകൃത ആശയത്തിന്റെ വിവിധ രൂപങ്ങൾ മനസിലാക്കുന്ന ഒരു പദത്തിന്റെ കീഴിൽ സമാനാശയമുള്ള ഇതര പദങ്ങൾ നിരത്തി അവതരിപ്പിക്കുകയാണ് ഇതിന്റെ രീതി.

ഉദാഃ സ്നേഹം, വാത്സല്യം, അനുരാഗം, പ്രണയം, ചങ്ങാത്തം.

4. ഉച്ചാരണ നിഘണ്ടു

സ്രോത ഭാഷയിൽ പദങ്ങൾ വിശിഷ്യ അതിലെ വിദേശിയ പദങ്ങൾ ഉച്ചരിക്കുന്ന രീതി മനസിലാക്കാൻ ഉച്ചാരണ നിഘണ്ടുക്കൾ വിവർത്തകനെ സഹായിക്കുന്നു. ഭാരതീയ ഭാഷകളിൽ മിക്കവാറും എഴുതുന്നതിനനുസരിച്ചുള്ള ഉച്ചാരണമാകയാൽ ഈ ബുദ്ധിമുട്ട് കുറവാണ്. എങ്കിലും ഇല്ലാതില്ല. സ്രോതഭാഷയിൽ കൂടുതൽ വൈദഗ്ധ്യവും ലക്ഷ്യഭാഷയിൽ വൈദഗ്ധ്യവും കുറവായാൽ വിവർത്തകന് ലക്ഷ്യഭാഷാനിഘണ്ടുക്കളും ലക്ഷ്യഭാഷാവ്യാകരണവും എപ്പോഴും റഫറൻസിന് ആവശ്യമായിരിക്കണം.

5. അപശബ്ദബോധിനി/ പ്രാദേശിക ശബ്ദബോധിനി

വിവർത്തന വേളയിൽ വിവർത്തകൻ അറിയാതെ വരുന്ന ചില തെറ്റുകൾ ഉണ്ട്. സ്രോതഭാഷയിൽ വിവർത്തകന്റെ മനസ്സ് കൂടുതൽ വ്യാപരിക്കുന്നതിനാൽ ലക്ഷ്യഭാഷയിൽ അപശബ്ദങ്ങൾ പ്രയോഗിക്കാൻ സാധ്യത കൂടും. അപശബ്ദബോധിനി ഇത്തരം അവസ്ഥകളിൽ ഉപയോഗിക്കുന്നു. ചിലപ്പോൾ വിവർത്തകന് കിട്ടുന്ന സാമഗ്രിയിൽ വസ്തുതാപരമായ തെറ്റുകൾ കടന്നുവരാനുള്ള സാധ്യത ഏറെയാണ്. വർഷം, തീയതി , സ്ഥലപ്പേര്, പുസ്തകങ്ങളുടെ പേര് തുടങ്ങിയവയെല്ലാം തെറ്റിപ്പോയെന്നു വരാം. ഇതു തിരുത്തുന്നത് വിവർത്തകന്റെ ചുമതലയാണ്.

ലക്ഷ്യഭാഷയിൽ തന്നെ ഒരു പദത്തിന് അനേകം പ്രാദേശിക ഭേദങ്ങൾ കണ്ടുവരാറുണ്ട്. ഈ അവസരത്തിലാണ് പ്രാദേശിക ശബ്ദബോധിനിയുടെ പ്രസക്തി. കണ്ണൂരുകാരൻ വിവർത്തനം ചെയ്യുകയാണെങ്കിൽ കണ്ണൂർ ഭാഷ യിലുള്ള പ്രയോഗങ്ങൾ ഇഷ്ടപ്പെടുന്നു.

**ശൈലികളും പ്രാദേശിക പ്രയോഗങ്ങളും പരിഭാഷയിൽ**

ഒഴുക്കു നീരായ ഭാഷയുടെ അവിരാമമായ ഒഴുക്കിൽ പുതിയ ചാലുകളിൽ നിന്ന് പുതുജലം സ്വീകരിക്കുന്നതുപോലെ തന്നെ പഴയതിനെ ഒരിക്കലും ഉപേക്ഷിക്കുന്നില്ല. കാലത്തെ അതിജീവിച്ച് ഒരു ജനതയുടെ സംസ്കാരത്തിന്റെയും ഭാഷയുടെ ചൈതന്യത്തിന്റെയും പ്രതീകമായി നിൽക്കുന്നവയാണ് ശൈലികളും പ്രാദേശിക പ്രയോഗങ്ങളും . ഒരു ജനതയുടെ സാമൂഹ്യാവബോധത്തിന്റെ ആദിബിംബങ്ങളാണ് ഇത്തരം ശൈലികൾ. പരിഭാഷയിൽ ഇവയുടെ ചൈതന്യം നശിക്കുകയാണ് പതിവ്. മൂലഭാഷയിൽ പുണരുന്ന ബിംബം പലപ്പോഴും ലക്ഷ്യഭാഷയിൽ അവതരിപ്പിക്കുവാൻ കഴിയുകയില്ല. ഹെർക്കുലിയൻ റ്റാസ്ക് ഭഗീരപ്രയത്നം എന്നും വേലിതന്നെ വിളവുതിന്നുന്നു എന്നതിന് ഹൂ വിൽ കീപ്പ് ദ കീപ്പർ എന്ന വിവർത്തനം ഇതിന് ഉത്തമ ഉദാഹരണങ്ങളാണ്. അതുകൊണ്ട് ശൈലികളും പ്രാദേശിക പ്രയോഗങ്ങളും വിവർത്തനം ചെയ്യുമ്പോൾ സമാനാർത്ഥങ്ങളായ ഭാഷാശൈലിയിലേക്ക് വിവർത്തനം ചെയ്യുന്നതാണ് നല്ലത്. അതിന് കഴിയുന്നില്ലെങ്കിൽ മൂലഭാഷയിലെ ശൈലിയുടെ ആശയമെങ്കിലും വ്യക്തമാക്കാൻ പരിശ്രമിക്കണം. മറ്റൊരു ഭാഷയിലെ ശൈലി പദാനുപദം വിവർത്തനം ചെയ്യുന്നത് ഇത്തരം പരിഭാഷകൾക്ക് യോജിക്കുകയില്ല.

**യന്ത്രപരിഭാഷ**

ഒരു ഭാഷയിലെ ആശയത്തെ മറ്റൊരു ഭാഷകൊണ്ട് തുല്യമായ ആശയം കൊണ്ട് ആദേശം ചെയ്യുന്ന പ്രക്രിയയാണ്. ഇതു ധാരാളം സമയം ആവശ്യപ്പെടുന്ന ഒരു പ്രക്രിയയാണ്. കൂടാതെ പരിഭാഷകന് 2 ഭാഷകളിലും വേണ്ടത്ര അറിവും അവഗാഹവും ഉണ്ടായിരിക്കണം. യന്ത്രപരിഭാഷ എന്നാൽ കമ്പ്യൂട്ടർ സാങ്കേതികവിദ്യ ഉപയോഗിച്ചുള്ള മൊഴിമാറ്റമാണ്.

**ചരിത്രം**

മാധ്യമങ്ങളുടെയും വിവരസാങ്കേതിക വിദ്യയുടെയും വളർച്ചയോടുകൂടി വിവരങ്ങൾ പല ഭാഷകളിൽ അതിവേഗം വിനിമയം ചെയ്യാവുന്ന സ്ഥിതിയുണ്ടായി. ഇതിനായി വേഗത്തിലുള്ള വിവർത്തനവും

അനിവാര്യമായിത്തീർന്നു. യന്ത്രത്തിലൂടെ വിവർത്തനം നടത്താമെന്ന് ആദ്യമായി പ്രസ്ഥാവിച്ചത് റഷ്യക്കാരനായ സ്പിർണോവ് ട്രെയൻസ്കിയാണ്. അദ്ദേഹം ഒരേ സമയത്ത് പലഭാഷകൾ തമ്മിൽ യന്ത്രസഹായത്തോടെ വിവർത്തനം ചെയ്യാമെന്ന് അവകാശപ്പെടുകയും അതിനായി ഒരു ഉപകരണം നിർമ്മിക്കുകയും ചെയ്തു. വിവർത്തനത്തിന് യന്ത്രമുപയോഗിക്കാൻ കഴിയുമോ എന്നതിനെക്കുറിച്ചുള്ള ചർച്ചകൾ അമേരിക്കയിൽ 1947-ലാണ് ആരംഭിച്ചത്. ആരംഭകാലത്ത് സൈനിക കോഡുകൾ അപഗ്രഥിക്കുവാൻ യന്ത്രങ്ങൾ ഉപയോഗിച്ചിരുന്നു. 1951-ൽ ഹാർവാർഡ് സർവ്വകലാശാലയിലെ കമ്പ്യൂട്ടർ വിവർത്തനത്തിനു വേണ്ടി ജോർജ്ജ് ടൗൺ ആദ്യപരിശ്രമം നടത്തുകയും അദ്ദേഹത്തിന്റെ നേതൃത്വത്തിൽ കമ്പ്യൂട്ടർ വിവർത്തകരുടെ ഒരു സമ്മേളനം സർവ്വകലാശാലയിൽ കൂടുകയും ചെയ്തു.

1954-ൽ അമേരിക്കയിലെ തന്നെ ജോർജ് ടൗൺ സർവ്വകലാശാലയിൽ കമ്പ്യൂട്ടർ സഹായത്തോടെ വിവർത്തനപരീക്ഷണം വിജയകരമായി നടത്തി. 250 പദങ്ങൾ ഉപയോഗിച്ചുകൊണ്ടുള്ള ഏതാനും റഷ്യൻ വാക്യങ്ങൾ ഇംഗ്ലീഷിലേക്ക് കമ്പ്യൂട്ടറിലൂടെ അവർ വിവർത്തനം ചെയ്യുകയുണ്ടായി. ഇത് പിന്നീട് ജോർജ് ടൗൺ പരീക്ഷണം എന്നറിയപ്പെട്ടു. 1955-ൽ റഷ്യക്കാരനായ ലെബനോബ് 1000 ഇംഗ്ലീഷ് വാക്കുകൾ ഉപയോഗിച്ച് റഷ്യൻ ഭാഷയിലേക്ക് വിവർത്തനം ചെയ്തു. ഇതോടെ യന്ത്രപരിഭാഷയുടെ മേഘല വികസിച്ചു. 1970കൾ ആയപ്പോഴേക്കും യൂറോപ്പിലും ഏഷ്യയിലുമുള്ള വിവിധ ദേശങ്ങളിൽ കമ്പ്യൂട്ടർ വിവർത്തനത്തിന് ജനപ്രീതി വർദ്ധിച്ചു.

**കമ്പ്യൂട്ടർ വിവർത്തനരീതി**

വിവർത്തനത്തിന് മാത്രമായി കമ്പ്യൂട്ടറില്ല. ഒരേ കമ്പ്യൂട്ടർ പല കാര്യങ്ങൾക്ക് ഉപയോഗിക്കാം. ഒരു കമ്പ്യൂട്ടർ വിദഗ്ധന്റെ വാക്കുകളിൽ പറയുകയാണെങ്കിൽ രാവിലെ ശമ്പളബില്ല് തയ്യാറാക്കാനും ഉച്ചയ്ക്ക് ന്യൂക്ലിയാർ റിയാക്ടർ നിർമ്മാണം സംബന്ധിച്ച പ്രശ്നങ്ങൾ പരിഹരിക്കാനും വൈകുന്നേരം വിവർത്തനം ചെയ്യാനും കമ്പ്യൂട്ടർ ഉപയോഗിക്കാം. കമ്പ്യൂട്ടറിന്റെ ഹാർഡ്‌വെയർ ഒരിക്കലും മാറുന്നില്ല. ഓരോ ആവശ്യമനുസരിച്ച് അതിനുവേണ്ട സോഫ്റ്റ്‌വെയർ തയ്യാറാക്കി കമ്പ്യൂട്ടറിൽ പ്രയോഗിക്കുകയാണ് കമ്പ്യൂട്ടർ വിവർത്തനത്തിന്റെ ആദ്യപടി. എന്തുചെയ്യണമെന്ന് പ്രോഗ്രാമുകളിലൂടെ കമ്പ്യൂട്ടറിന് നിർദ്ദേശം നൽകുകയും ചെയ്യുന്നു. കമ്പ്യൂട്ടറിന്റെ സഹായത്തോടുകൂടി ഒരു പ്രത്യേക

മാറ്റർ വിവർത്തനം ചെയ്യണമെങ്കിൽ കമ്പ്യൂട്ടറിനെ അതിന് സജ്ജമാക്കണം. വിവർത്തനത്തിന് ആവശ്യമായ ദ്വിഭാഷാ നിഘണ്ടു വ്യാകരണ നിയമങ്ങൾ തുടങ്ങിയവ നേരത്തെ സോഫ്റ്റ്വയറിൽ തയ്യാറാക്കി കമ്പ്യൂട്ടറിൽ ഫീഡ് ചെയ്തിട്ടുണ്ടെങ്കിലേ കമ്പ്യൂട്ടർ വിവർത്തനം സാധ്യമാകൂ. കമ്പ്യൂട്ടറിന് പ്രധാനമായി ഇൻപുട്ട് മെമ്മറി പ്രോസസിംഗ് യൂണിറ്റ്, കൺട്രോൾ യൂണിറ്റ്, ഔട്ട്പുട്ട് എന്നീ അഞ്ച് ഭാഗങ്ങളാണുള്ളത്. ഇൻപുട്ടിൽ വിവർത്തനം ചെയ്യുന്ന കാര്യങ്ങൾ ആദ്യം ഫീഡ് ചെയ്യുന്നു അത് യന്ത്രത്തിനകത്ത് പ്രോസസ് ചെയ്തിട്ട് ഔട്ട്പുട്ടിൽ ലഷ്യഭാഷയിലെ മാറ്ററായി പുറത്തുവരുന്നു. പ്രോസസിനെ നിയന്ത്രിക്കുന്നത് കൺട്രോൾ യൂണിറ്റാണ്. വിവർത്തനത്തിന് വേണ്ട സഹായ വിവരങ്ങൾ അതായത് പര്യായ പദങ്ങൾ, ശൈലികൾ, വ്യാകരണ നിയമങ്ങൾ തുടങ്ങിയവയെല്ലാം നേരത്തെ സ്റ്റോർ ചെയ്തിട്ടുള്ളത് മെമ്മറി യൂണിറ്റിലാണ്. യന്ത്രം പ്രവർത്തിക്കുമ്പോൾ ആവശ്യത്തിനനുസരിച്ച് വേണ്ട വിവരങ്ങളെല്ലാം മെമ്മറിയിൽ നിന്ന് സംഘടിപ്പിച്ച് വിവർത്തനം നടത്തപ്പെടുന്ന രീതിയിലാണ് കമ്പ്യൂട്ടർ വിവർത്തനം സംഭവിക്കുന്നത്. കമ്പ്യൂട്ടറിന് അറിയാവുന്ന ഭാഷ ബൈനറി അക്കങ്ങൾ എന്ന പേരിലാണ് അറിയപ്പെടുന്നത്. ഭാഷാശാസ്ത്രജ്ഞന്മാരുടെയും കമ്പ്യൂട്ടർ എഞ്ചിനീയർമാരുടെയും ശ്രദ്ധാപൂർവ്വമായ കഠിനാധ്വാനം കൊണ്ടു മാത്രം പൂർത്തീകരിക്കാവുന്ന ഒരു പ്രക്രിയയാണ് സോഫ്റ്റ്വെയർ നിർമ്മാണം.

**പരിമിതികൾ**

കമ്പ്യൂട്ടർ കണ്ടുപിടിച്ചിട്ട് 40 വർഷമെങ്കിലും കമ്പ്യൂട്ടർ വിവർത്തനത്തിന്റെ പ്രവർത്തനം ചില പ്രത്യേക മേഘലകളിൽ പരിമിതപ്പെട്ടിരിക്കുന്നു. ഇതിന് പ്രധാനകാരണം കമ്പ്യൂട്ടറിന് വ്യക്തവും സ്പഷ്ഠാർത്ഥവുമായ വാക്യങ്ങളെ വിവർത്തനം ചെയ്യാൻ കഴിയു എന്നുള്ളതാണ്. കവിതയോ നാടകമോ ഒക്കെയാകുമ്പോൾ അഭിധാർത്ഥത്തിലുള്ളതിനേക്കാൾ ലക്ഷ്യാർത്ഥവും വ്യംഗ്യാർത്ഥവും പ്രധാനമായി വരാം. നീണ്ട അംഗവാക്യങ്ങളിൽ അടങ്ങി അംഗിവാക്യം വരാം. കവിതയിലെ ശബ്ദാലങ്കാരങ്ങളും ബിംബാലങ്കാരങ്ങളും ബിംബങ്ങളും കാണും. അവയൊക്കെ ഗ്രഹിക്കാനോ ചമത്കാരത്തോടെ വിവർത്തനം ചെയ്യാനോ കഴിയുകയില്ലെന്നാണ് കമ്പ്യൂട്ടർ വിവർത്തനത്തിന്റെ ഏറ്റവും വലിയ പരിമിതി. സർഗാത്മക സാഹിത്യ കൃതികളിൽ പ്രാദേശിക ഭാഷാപദങ്ങളും പ്രത്യേക ജനവിഭാഗത്തിന്റെ സംഭാഷണ രീതികളും ഗ്രന്ഥകാരൻ തന്നെ സൃഷ്ടിച്ച പുതു ചൊല്ലുകളും പദങ്ങളും കടന്നുവരാറുണ്ട്. ഉദാഹരണമായി വൈക്കം

മുഹമ്മദ് ബഷീറിന്റെ ന്റുപ്പാപ്പായ്ക്കൊരാനേണ്ടാർന്നു എന്ന കൃതി പ്രാദേശിക ഭാഷയുടെ ഭംഗി തുളുമ്പുന്ന ധാരാളം വാക്കുകൾ കാണാം. ഉമ്മ പറഞ്ഞു, ശുമ്മ ഒണ്ടാകുമോ ആനമക്കാരന്റെ പുന്നാരമോടെ പുന്നാരമോളാ സ്വന്തമായ ഭാഷ സൃഷ്ടിച്ച പ്രതിഭാശാലിയായ ബഷീറിന്റെ കൃതികളിലുള്ള പല പദങ്ങളും വിവർത്തനം ചെയ്യുവാൻ കഴിയുകയില്ല. അതുകൊണ്ട് ധാരാളം നാട്ടുഭാഷാപദങ്ങളുള്ള സർഗാത്മക സാഹിത്യം വിവർത്തനം ചെയ്യാൻ കഴിയില്ല എന്നതാണ് യന്ത്രപരിഭാഷയുടെ മറ്റൊരു പരിമിതി.

സന്ദർഭമനുസരിച്ച് സാധാരണ നാം ഉപയോഗിക്കുന്ന ഇംഗ്ലീഷ് വാക്കുകൾ പലതരത്തിൽ മലയാളത്തിലേക്ക് വിവർത്തനം ചെയ്യാൻ കഴിയും. What is your Name ? എന്ന വാക്യം താങ്കളുടെ പേരെന്താണെന്നും, എന്താണ് നിന്റെ പേര് എന്നും അപരിജിതനോടാണെങ്കിൽ പേരെന്താണെന്നുമാണ് ചോദിക്കുന്നത്. എന്നാൽ കമ്പ്യൂട്ടർ ഈ വാക്യത്തെ നിന്റെ പേര് എന്താകുന്നുവെന്നായിരിക്കും വിവർത്തനം ചെയ്യുക. ഇതും കമ്പ്യൂട്ടർ വിവർത്തനത്തിലെ മറ്റൊരു പോരായ്മയായി കരുതപ്പെടുന്നു. അമേരിക്ക, റഷ്യ തുടങ്ങിയ വികസിത രാഷ്ട്രങ്ങളിൽ ഇന്ന് കമ്പ്യൂട്ടർ വിവർത്തനം വളരെ പുരോഗമിച്ചിട്ടുണ്ട്. യൂറോപ്യൻ ഭാഷകൾ തമ്മിലുള്ള വിവർത്തനം കമ്പ്യൂട്ടറിൽ താരതമ്യേന സുഗമമാണ്. ഒരേ തരത്തിലുള്ള വർണമാല, വാക്യഘടന, പദഘടന എന്നിവയുള്ള രണ്ട് ഭാഷകൾ തമ്മിൽ കമ്പ്യൂട്ടർ വിവർത്തനം എളുപ്പമായിരിക്കും. ഇംഗ്ലീഷിൽ നിന്നും മറ്റും ഭാരതീയ ഭാഷയിൽ നിന്ന് മറ്റൊരു ഭാരതീയ ഭാഷയിലേക്കുള്ള വിവർത്തനം ഏറ്റവും എളുപ്പമാകും.

ഭാരതീയ ഭാഷകളിൽ കമ്പ്യൂട്ടർ വിവർത്തനം നടപ്പാക്കാനുള്ള പ്രധാന ബുദ്ധുമുട്ടുകൾ താഴെ പറയുന്നവയാണ്.

1. ആധുനിക ഭാഷാശാസ്ത്രദൃഷ്ട്യാ രചിക്കപ്പെട്ട ക്രമീകൃതമായ വ്യാകരണം ഭാരതീയ ഭാഷകൾക്കില്ല.

2. ഭാരതീയ ഭാഷകളിലെ നിഘണ്ടുക്കളുടെ അഭാവം.

3. ഭാരതീയ ഭാഷകളിലെ മാനക സാങ്കേതിക പദങ്ങളുടെ അഭാവം.

സംസ്കൃത മലയാള വിവർത്തനം

ആധുനിക യുഗത്തിന്റെ ആരംഭം വരെ സംസ്കൃത സാഹിത്യം കേരള ത്തിൽ ശക്തമായിരുന്നു. സംസ്കൃത കാവ്യങ്ങളുടെ പഠനത്തിന് ഒരു

വിവർത്തന പ്രക്രിയ ഇവിടെ അവലംബിച്ചിരുന്നു. ഒരു ശ്ലോകം പഠിക്കാൻ തുടങ്ങുമ്പോൾ ആദ്യപദച്ഛേദനം കഴിഞ്ഞ് അന്വയം, അന്വയാർത്ഥം തുടർന്ന് മലയാളത്തിൽ വിവർത്തനം ചെയതിട്ടുള്ള സംസ്കൃത ഗ്രന്ഥങ്ങളിൽ പ്രധാനപ്പെട്ടവ രാമായണം, മഹാഭാരതം, ഭാഗവതം  പുരാണങ്ങൾ എന്നിവയാണ്. പൂർണ്ണവിവർത്തനം, സ്വതന്ത്ര്യവിവർത്തനം, വിവർത്തനസംക്ഷേപം എന്നിങ്ങനെ പല രീതികൾ ആണ് സംസ്കൃത വിവർത്തനത്തിൽ അവലംബിച്ചിട്ടുള്ളത്. എഴുത്തച്ഛനും അതിന് ശേഷം വന്ന വിവർത്തന സംക്ഷേപങ്ങളും മനോഹരമായി അവതരിപ്പിച്ചു. വ്യാസന്റെ മഹാഭാരതത്തിന്റെ വിവർത്തനസാരം സ്വതന്ത്ര്യവിവർത്തനരീതി ഉപയോഗിച്ച് അവതരിപ്പിച്ച എഴുത്തച്ഛൻ അതൊരു ശക്തമായ സ്വതന്ത്ര്യകാവ്യമാക്കി തീർത്തു. കേരളത്തിൽ കവിതയെഴുത്തും അക്ഷരശ്ലോകവും ആളുകളുടെ പ്രിയപ്പെട്ട വിനോദമായിരുന്നതുകൊണ്ട് വളരെയേറെപ്പേർ സംസ്കൃത കാവ്യങ്ങളും മറ്റും വിവർത്തനം ചെയ്തിരുന്നു. കേരളവർമ്മ യുഗം മലയാള വിവർത്തനത്തിന്റെ ആധുനിക യുഗമായി കണക്കാക്കാം. ശാകുന്തളം വിവർത്തനം ചെയ്യുക മാത്രമല്ല മറ്റുള്ളവരെ വിവർത്തനത്തിന് അദ്ദേഹം പ്രോത്സാഹിപ്പിച്ചു. ഏ. ആറിന്റെ കുമാരസംഭവ വിവർത്തനവും പ്രസിദ്ധീകകരിക്കപ്പെട്ടത് ഈ കാലത്തിലാണ്. സംസ്കൃത കാവ്യങ്ങളും നാടകങ്ങളും ഒരുപോലെ കേരളത്തിൽ ജനപ്രീതി നേടിയിരുന്നതുകൊണ്ട് അവയിൽ പലതും മലയാളത്തിലേക്ക് വിവർത്തനം ചെയ്തിരിക്കുന്നു. ഭാസനാടകം, സ്വപ്നവാസവദത്തം എന്നിവ ഇവയിൽ ഏറ്റവും പ്രധാനപ്പെട്ടതാണ്. ശക്തിഭദ്രന്റെ ആശ്ചര്യചൂഡാമണി കൂടിയാട്ടത്തിലൂടെ പ്രത്യേകം പ്രശസ്തിയാർജ്ജിച്ചു. സംസ്കൃത ഗ്രന്ഥങ്ങളിൽ ഏറെ വിവർത്തനം ചെയ്യപ്പെട്ട പഞ്ചതന്ത്രം കിളിപ്പാട്ടായും ഗദ്യകഥകളായും പ്രചാരം നേടിയിരുന്നു. ഋഗ്വേദം സാഹസപൂർവ്വം വിവർത്തനം ചെയ്ത വള്ളത്തോൾ വിവർത്തന രംഗത്തെ അതിനായകനാണ്. സാഹിത്യവിഭാഗത്തിൽ പെടാത്ത മറ്റൊരു വിവർത്തനമാണ് കൗടില്യന്റെ അർത്ഥശാസ്ത്രം. ഭാഷാകൗടല്യം എന്ന പേരിൽ വിവർത്തനം ചെയ്യപ്പെട്ട ഈ കൃതി ആദ്യകാല മലയാള ഗദ്യത്തിന്റെ ഉദാഹരണമാണ്.

### തമിഴ് കൃതികളുടെ പരിഭാഷ

തമിഴ് കൃതികളുടെ മലയാള പരിഭാഷ പ്രധാനമായും ചിലപ്പതികാരത്തിനാണ് ഉണ്ടായിട്ടുള്ളത്. ഇളംകോഅടികളുടെ ചിലപ്പതികാരത്തിന് 6 മലയാള തർജ്ജമകളാണ് ഉള്ളത്. ഇതുകൂടാതെ കമ്പരാമായണത്തിന് 5 പരിഭാഷകളും വള്ളുവരുടെ തിരുക്കുറലിന് 7 പരിഭാഷകളും ഉണ്ടായിട്ടുണ്ട്. മലയാളത്തിലെ പ്രധാനപ്പെട്ട തമിഴ് വിവർത്തനങ്ങൾ തമിഴിൽനിന്ന് മല

യാളത്തിലേക് സാഹിത്യഗ്രന്ഥങ്ങളുടെ വിവർത്തനം ആധുനിക കാലഘട്ട ത്തിലാണ് അധികവും നടന്നിട്ടുള്ളത്. കമ്പരാമായണവും തിരുക്കുറലും പോലെ തന്നെ നോവൽ, ചെറുകഥ, മുതലായ പല സാഹിത്യരൂപങ്ങളും തമിഴിൽ നിന്ന് മലയാളത്തിലേക്ക് വിവർത്തനം ചെയ്യുകയുണ്ടായി. അമ്പ ലപ്പറമ്പുകളിൽ മലയാള പുസ്തകങ്ങൾ എത്തിച്ചും മലയാള പുസ്തകവ്യ പാരം ഒരു വ്യവസായമാക്കി മാറ്റിയ എസ്.ടി.റെഡ്യാർ ഈ സംരംഭങ്ങൾക്ക് മുൻപന്തിയിൽ നിൽക്കുന്ന വ്യക്തിയാണ്. അന്ന് ഉത്സവപ്പറമ്പുകളിൽ ഏറ്റവും അധികം വിറ്റിരുന്നത് തമിഴിൽ നിന്ന് വിവിർത്തനം ചെയ്ത മദന കാമരാജൻ കഥ, വിക്രമാദിത്യൻ കഥ, ഭക്തവിജയം മുതലായ പുസ്തകങ്ങ ളായിരുന്നു. ഡോ.എസ്.കെ.നായരുടെ കമ്പരാമായണ വിവർത്തനവും വെണ്ണി ക്കുളം ഗോപാലക്കുറുപ്പിന്റെ തിരുക്കുറൽ വിവർത്തനവും മലയാളികളുട യിടയിൽ ഏറെ ശ്രദ്ധ നേടിയ ഗ്രന്ഥങ്ങളാണ്.

**പ്രത്യക്ഷവിവർത്തനം പരോക്ഷവിവർത്തനം**

പൊരുൾ നഷ്ടപ്പെടാതെ ഒരു ഭാഷയിൽ നിന്ന് മറ്റൊരു ഭാഷയിലേക്ക് മാറ്റുന്നതാണ് വിവർത്തനം. വിവർത്തനം, പരിഭാഷ, മൊഴിമാറ്റം എന്നീ പേരുകളെല്ലാം ട്രാൻസലേഷൻ എന്ന ഇംഗ്ലീഷ് പദത്തിന് പകരമായി മലയാളത്തിൽ ഉപയോഗിക്കുന്നു. ഭാഷരൂപപ്പെട്ട കാലംമുതൽ തന്നെ പരിഭാഷകളും സംഭവിച്ചിരിക്കണം. നവോത്ഥാനകാലമായപ്പോഴേക്കും പരിഭാഷകളുടെ പ്രാധാന്യം വളരെവേഗം വർദ്ധിച്ചു. വിവർത്തനത്തെ പ്രത്യക്ഷവിവർത്തനം പരോക്ഷ വിവർത്തനം എന്നിങ്ങനെ രണ്ടായി തിരിച്ചിരിക്കുന്നു. ഒരു ഭാഷയിൽ നിന്ന് മറ്റൊരു ഭാഷയിലേക്ക് നേരിട്ട് മൊഴിമാറ്റം നടത്തുന്നതിനാണ് പ്രത്യക്ഷവിവർത്തനം എന്ന് പറയുന്നത്. ഏറ്റവും കൂടുതൽ പ്രത്യക്ഷവിവർത്തനം ഉണ്ടായിരിക്കുന്നത് ഇംഗ്ലീഷിൽ നിന്നാണ്. ഉദാഹരണമായി ഇംഗ്ലീഷിലെ The pilgrim progress എന്ന കൃതി ആർച്ച്ഡീക്കൻ കോശി പരദേശി മോക്ഷയാത്ര എന്ന പേരിൽ മലയാളത്തിലേക്ക് വിവർത്തനം നടത്തി. പ്രത്യക്ഷ വിവർത്തനത്തിൽ നിന്ന് മറ്റൊരുഭാഷയിലേക്ക് മൊഴിമാറ്റം നടത്തുന്നതിനാണ് പരോക്ഷവിവർത്തനം എന്ന് പറയുന്നത്. ഇംഗ്ലീഷ് ഭാഷയിലേക്കാണ് ഏറ്റവുമധികം വിവർത്തനം നടത്തിയിട്ടുള്ളത്. ഇംഗ്ലീഷിന് സാർവ്വദേശിയ അംഗീകാരവും പ്രചാരവും ലഭിച്ചത് ആ ഭാഷയിലേക്കുള്ള വിവർത്തനത്തിന് കാരണമായി. ഉദാഹരണമായി ടാഗോറിന്റെ ഗീതാഞ്ജലി ആദ്യം ഇംഗ്ലീഷ് ഭാഷയിലേക്കും തുടർന്ന് മലയാള ഭാഷയിലേക്കും വിവർത്തനം നടത്തിയത് പരോക്ഷവിവർത്തനം മൂലമാണ്.

**ഭാരതീയ ഇതിഹാസങ്ങളുടെ വിവർത്തനം**

മലയാളത്തിന്റെ വിവർത്തന ചരിത്രം പരിശോധിക്കുമ്പോൾ പ്രഥമസ്ഥാനം വഹിക്കുന്നത് ഭാരതീയ ഇതിഹാസങ്ങളുടെ പരിഭാഷകളാണ്. സംസ്കൃതത്തിൽ രചിക്കപ്പെട്ട രാമായണം, മഹാഭാരതം, ഭാഗവതം, പുരാണങ്ങൾ തുടങ്ങിയവ വിവധ രൂപത്തിൽ വിവർത്തനം ചെയ്ത് മലയാളികൾ ഉപയോഗിക്കാൻ തുടങ്ങി. പൂർണവിവർത്തനം, സ്വതന്ത്രവിവർത്തനം,ഭാഗികവിവർത്തനം എന്നിങ്ങനെ പലരീതികളാണ് പരിഭാഷകർ സ്വീകരിച്ചത്. രാമചരിതം, രാമകഥാപ്പാട്ട്, കണ്ണശരാമായണം, അദ്ധ്യാത്മരാമായണം, കേരളവർമ്മ രാമായണം, പുനം നമ്പൂതിരിയുടെ രാമായണം ചമ്പു എന്നിവയെല്ലാം രാമായണത്തിന്റെ വിവിധ വിവർത്തനങ്ങളാണ്. വ്യാസന്റെ മഹാഭാരതത്തിന് സ്വതന്ത്രവിവർത്തനം നടത്തുകയാണ് എഴുത്തച്ഛൻ വിവർത്തനത്തിലൂടെ ചെയ്തത്. കണ്ണശന്മാർ മഹാഭാരതം വിവർത്തനം നടത്തിയെങ്കിലും വിവർത്തനം ഏറ്റവും സമർത്ഥമായി നിർവ്വഹിച്ചത് കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻ തമ്പുരാനാണ്. ഭാഗവതത്തിന് എഴുത്തച്ഛനും ചെറുശ്ശേരിയും മലയാളതർജിമകൾ നടത്തുകയുണ്ടായി. സംസ്കൃതത്തിന്റെ മനോഹാരിത തന്നെ വിവർത്തനത്തിൽ അവതരിപ്പിക്കുവാൻ മലയാളത്തിലെ പ്രമുഖകവികൾക്ക് കഴിഞ്ഞിട്ടുണ്ട്.

**സ്രോതഭാഷയും ലക്ഷ്യഭാഷയും**

സ്രോതഭാഷയിലും ലക്ഷ്യഭാഷയിലും ഉന്നതമായ പാണ്ഡിത്യം നേടിയവർക്ക് മാത്രമാണ് നല്ല വിവർത്തകനാകാൻ സാധിക്കുകയുള്ളു. വ്യത്യസ്ത വിഷയങ്ങൾ വിവർത്തനം ചെയ്യുന്നവർക്ക് സ്രോതഭാഷയിലും ലക്ഷ്യഭാഷയിലും ആ വിഷയത്തെ സംബന്ധിച്ച് ആഴമേറിയ അറിവുണ്ടെങ്കിൽ മാത്രമാണ് ശരിയായ വിവർത്തനം സാധിക്കുകയുള്ളു. ഏതുഭാഷയിൽ നിന്ന് വിവർത്തനം ചെയ്യുന്നുവോ ആ ഭാഷയെ സ്രോതഭാഷ അഥവാ സോഴ്സ് ലാംഗ്വേജ് എന്നും ഏത് ഭാഷയിലേക്കാണോ വിവർത്തനം ചെയ്യുന്നത് അതിനെ ലക്ഷ്യഭാഷ അഥവാ ടാർജറ്റ് ലാംഗ്വേജ് എന്നും പറയുന്നു. സ്രോതഭാഷയിലും ലക്ഷ്യഭാഷയിലും പ്രാവീണ്യമുള്ളവരായിരിക്കണം വിവർത്തകൻ. എന്നാൽ ഈ രണ്ട് ഭാഷകളിലുമുള്ള പ്രാവീണ്യം ഒരാളെ ഉത്തമ വിവർത്തകനാക്കുകയില്ല. സ്രോതഭാഷയിലുള്ള ഒരു കൃതിയുടെ സൗന്ദര്യം മനസ്സിലാക്കാൻ വിവർത്തകന് സഹൃദയത്വം ഉണ്ടായിരിക്കണം. മൂലഗ്രന്ഥകാരന്റെ മനസ്സറിയാനും കൃതിയുടെ അകക്കാമ്പ് സ്പർശിക്കാനും കഴിയുന്ന സഹൃദയന് മാത്രമേ വിവർത്തനത്തിൽ നീതിപുലർത്താൻ കഴിയൂ.

വിവർത്തകന് മൂലഗ്രന്ഥത്തിന്റെ ഭാവപ്രതിഭയോട് സംവദിക്കാനുതകുന്ന ഭാവനയും ലക്ഷ്യഭാഷയിലുള്ള സരസ്വതീ വിലാസവും ഉണ്ടെങ്കിൽ മാത്രമാണ് ഉത്തമ വിവർത്തനം സാധ്യമാവൂ എന്നാണ് മഹാകവി വൈലോപ്പിള്ളി ശ്രീധരമേനോൻ അഭിപ്രായപ്പെടുന്നത്. വിവർത്തകൻ മൂലഗ്രന്ഥത്തിന്റെ മാനസികാവസ്ഥ ഉൾക്കൊള്ളാൻ കഴിയുന്ന ആളായിരിക്കണം.

**മലയാളത്തിലെ മഹാഭാരത പരിഭാഷകൾ**

മലയാളത്തിലെ വിവർത്തന ചരിത്രത്തിന് നല്ല പഴക്കമുണ്ട്. സംസ്കൃതത്തിൽ നിന്നുള്ള വിവർത്തനമാണ് ഇവിടെ ആദ്യം ഉണ്ടായത്. മലയാളത്തിൽ വിവർത്തനം ചെയ്തിട്ടുള്ള സംസ്കൃതഗ്രന്ഥങ്ങളിൽ മുഖ്യസ്ഥാനം വഹിക്കുന്ന ഗ്രന്ഥമാണ് മഹാഭാരതം. മഹാഭാരതത്തിന് മലയാളത്തിലേക്ക് ആദ്യവിവർത്തനം നടത്തിയത് കണ്ണശ്ശന്മാരാണ്. തുടർന്ന് വ്യാസന്റെ മഹാഭാരതത്തിന് സ്വതന്ത്ര വിവർത്തനരീതി അവലംബിച്ച് പരിഭാഷപ്പെടുത്തിയത് എഴുത്തച്ഛനാണ്. എഴുത്തച്ഛന് മുമ്പ് അയ്യമ്പിള്ളി ആശാൻ തനി മലയാള ശൈലിയിൽ മഹാഭാരതകഥ ഭാരതപാട്ട് എന്ന പേരിൽ വിവർത്തനം നടത്തിയിരുന്നു. ഭാരതകഥ പ്രതിപാദ്യമായി പുനം നമ്പൂതിരി ഭാരതം ചമ്പു രചിച്ചതും മഹാഭാരതവിവർത്തന ഗണത്തിലാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. മഹാഭാരതകഥകൾ ചമ്പുവിലും കഥകളിയിലും, തുള്ളലിലും വിവർത്തനത്തിലൂടെ കടന്നുവന്നിട്ടുണ്ട്. മഹാഭാരതത്തിന്റെ വിവർത്തനം ആധുനികകാലത്ത് ഏറ്റവും സമർത്ഥമായി നിർവ്വഹിച്ചത് കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻ തമ്പുരാനാണ്. ഏഴുവാല്യങ്ങളിലായി പദാനുപദ വിവർത്തനമാണ് അദ്ദേഹം നടത്തിയിരിക്കുന്നത്. 874 ദിവസം കൊണ്ടാണ് അദ്ദേഹം ഈ കൃതിയുടെ വിവർത്തനം പൂർത്തീകരിച്ചത്.

**മതഗ്രന്ഥങ്ങളുടെ വിവർത്തനം**

ഏതു മതത്തിന്റെയും അടിസ്ഥാന ശിലകളാണ് മതഗ്രന്ഥങ്ങൾ. അവ എഴുതപ്പെട്ടത് വ്യത്യസ്ത ഭാഷകളിലാണ്. ക്രൈസ്തവ മതത്തിന്റെ അടിസ്ഥാനഗ്രന്ഥമായ ബൈബിൾ ഹീബ്രു, ഗ്രീക്ക് ഭാഷകളിലും മുസ്ലീം മതത്തിന്റെ പ്രവാചക ഗ്രന്ഥമായ ഖുറാൻ അറബി ഭാഷയിലും ഹൈന്ദവ വിശ്വാസത്തിന്റെ കേന്ദ്രമായ രാമായണവും മഹാഭാരതവും സംസ്കൃത ഭാഷയിലുമാണ് രചിക്കപ്പെട്ടത്. ലോകഭാഷകളിൽ ഏറ്റവും അധികം വിവർത്തനം ചെയ്യപ്പെട്ടിട്ടുള്ള ഗ്രന്ഥം ബൈബിളാണ്. ക്രിസ്തുമതം ലോകമെങ്ങും വ്യാപിച്ചത് ക്രിസ്തുമതം ലോകമെങ്ങും വ്യാപിച്ചത് വിവർത്തനത്തിന്റെ പ്രചാരത്തിന് വഴിതെളിച്ചു. മതഗ്രന്ഥങ്ങൾ വിവർത്തനം ചെയ്യുമ്പോൾ ഏറ്റവും പ്രധാനമായി ശ്രദ്ധിക്കേണ്ടത് മതഗ്രന്ഥങ്ങളുടെ

ആശയം നഷ്ടപ്പെടാതെ വിവർത്തനം നടത്തുക എന്നതാണ്. വിവർത്തകന്റെ ഭാവനക്കോ ആശയത്തിനോ ഒരിക്കലും സ്ഥാനം നൽകാൻ പാടില്ല. മതഗ്രന്ഥങ്ങളുടെ വിവർത്തനത്തിൽ പദാനുപദ വിവർത്തനമാണ് കൂടുതൽ അഭിലക്ഷണീയം. മതഗ്രന്ഥങ്ങൾ സാഹിത്യകൃതികൾപോലെ ഭാവനക്ക് പ്രാധാന്യം നൽകുന്നവയല്ല മറിച്ച് ഒരു ജനതയുടെ ആരാധനയുടേയും ആത്മാവിഷ്കാരത്തിന്റേയും അടയാളമാണ്. രണ്ട് ഭാഷയിലും ആഴമായ അറിവും മതഗ്രന്ഥങ്ങളുടെ വിവർത്തനത്തിൽ ആവശ്യം ഉണ്ടായിരിക്കേണ്ടതാണ്.

**ഖുറാൻ വിവർത്തനത്തിലെ അടിസ്ഥാനതത്വങ്ങൾ**

മാനവരാശിയുടെ മാർഗദർശനത്തിനായി മുഹമ്മദ് നബിയിലൂടെ വെളിവാക്കപ്പെട്ട സന്ദേശങ്ങളുടെ സമാഹരണമാണ് ഖുറാൻ. നബിക്ക് 40 വയസ്സായപ്പോഴാണ് ആദ്യവെളിപാട് ഉണ്ടായത്. അദ്ദേഹത്തിന്റെ 63-ാം വയസുവരെ ഈ സന്ദേശധാര തുടർന്നുവന്നിരുന്നു. നബിയുടെ ശിഷ്യന്മാർ ഈ സന്ദേശങ്ങൾ ക്രോഡീകരിച്ച് വള്ളി പുള്ളി വ്യത്യാസം കൂടാതെ അവതരിപ്പിച്ചിരിക്കുന്നതാണ് മുസ്ലീം മതഗ്രന്ഥമായ ഖുറാൻ. അറബിമൂലത്തിലുള്ള ഖുറാനിൽ 114 അദ്ധ്യായങ്ങളും 600ൽ പരം വാക്യങ്ങളും 77000 ൽ പരം പദങ്ങളും 320000 ൽ പരം അക്ഷരങ്ങളുമാണുള്ളത്. മിക്ക ഭാഷകളിലും ഖുറാൻ വിവർത്തനം ചെയ്യപ്പെട്ടിട്ടുണ്ട്. പരമകാരുണികനും ഗുണം ചെയ്യുന്നവനുമായ ദൈവത്തിന്റെ നാമത്തിൽ രചിക്കപ്പെട്ടതാണ് ഖുറാൻ എന്ന് ഇതിന്റെ ആദ്യ അദ്ധ്യായത്തിൽ തന്നെ രേഖപ്പെടുത്തിയിരിക്കുന്നു. ഒരു വാക്കിനുപോലും മാറ്റം വരാതെ മൂലഭാഷയായ അറബിയിൽ തന്നെ അവതരിപ്പിക്കുകയും വിശദീകരണം വിവർത്തന ഭാഷയിൽ നൽകുകയും ചെയ്യുന്ന രീതിയാണ് ഖുറാൻ വിവർത്തനത്തിൽ കാണുന്നത്. മൂലഭാഷയ്ക്കും മൂല ആശയത്തിനും ഒരു ചോർച്ചയും സംഭവിക്കാതെ പദാനുപദ വിവർത്തന രീതിയാണ് ഖുറാൻ വിവർത്തകർ സ്വീകരിച്ചിരിക്കുന്നത്.

**വിവർത്തനസാഹിത്യം കേരളീയകലകളെ സ്വാധീനിച്ചത്**

കേരളീയ കലകളിൽ ഏറ്റവും മുൻപന്തിയിൽ നിൽക്കുന്ന നാടകങ്ങൾ മലയാളി പരിചയപ്പെട്ടത് വിവർത്തനത്തിലൂടെയാണ്. ഭാസന്റെയും കാളിദാസന്റെയും ലോകപ്രസിദ്ധ സംസ്കൃത നാടകങ്ങളാണ് ആദ്യം മലയാള ഭാഷയിലേക്ക് പരിഭാഷപ്പെടുത്തിയത്. കൂടിയാട്ടം, ചാക്യാർകൂത്ത്, അഷ്ടപതിയാട്ടം, കൃഷ്ണനാട്ടം, കഥകളി, മോഹിനിയാട്ടം, തുള്ളൽ തുടങ്ങിയ കലകൾ മലയാളിയുടെ ആസ്വാദനമണ്ഡലത്തിലേക്ക് കടന്നുവന്നത് വിവർത്തനഫലമായാണ്. സംസ്കൃതനാടകാഭിനയത്തിന്റെ

കേരളീയ രൂപമാണ് കൂടിയാട്ടം. വിനോദവും വിജ്ഞാനവും നൽകി ജനങ്ങളെ സന്മാർഗത്തിലേക്ക് നയിക്കുക എന്ന ലക്ഷ്യമാണ് ഈ കലക്ക് ഉണ്ടായിരുന്നത്. കേരളീയ ക്ഷേത്രങ്ങളിലെ കൂത്തമ്പലങ്ങളിൽ അരങ്ങേറിവന്ന പുരാണ കഥാകഥന കലയാണ് ചാക്യാർകൂത്ത്. പ്രാചീന തമിഴകത്ത് പ്രചാരത്തിലിരുന്ന കലയായിരുന്നു കൂത്ത് എന്ന് ചിലപ്പതികാരത്തിൽ വിവരിച്ചിരിക്കുന്നു. കേരളത്തിന്റെ തനതു നൃത്ത കലയാണ് കൃഷ്ണനാട്ടം. കോഴിക്കോട് വാണ മാനവേദൻസാമൂതിരി രചിച്ച കൃഷ്ണഗീതി എന്ന സംസ്കൃതകാവ്യത്തിന്റെ ദൃശ്യാവിഷ്കരണമാണ് കൃഷ്ണനാട്ടം. കേരളത്തിന്റെ തനതു നൃത്യകലയാണ് കഥകളി. കേരളീയ ക്ഷേത്രങ്ങളിൽ പ്രാചീനകാലത്ത് നിലനിന്നിരുന്ന ദേവദാസി നൃത്ത പാരമ്പര്യത്തിന്റെ സംസ്കൃതീകൃത രൂപമാണ് മോഹിനിയാട്ടം. ഈ കലകളെല്ലാം വളർന്നുവന്നത് വിവർത്തന പാഠത്തിലൂടെയാണ് എന്നതാണ് കേരളീയ കലകളുടെ പ്രധാന സവിശേഷത.

**റഷ്യൻ സാഹിത്യകൃതികളുടെ വിവർത്തനം**

ആധുനിക ഭാരതീയ ഭാഷകൾ പൊതുവെ നാല് വിവർത്തന ഘട്ടങ്ങളിലൂടെ കടന്നുപോന്നതായി കാണാം. ആദ്യഘട്ടത്തിൽ സംസ്കൃത ഗ്രന്ഥങ്ങൾ വിവർത്തനം ചെയ്തു. രണ്ടാം ഘട്ടത്തിൽ പേർഷ്യൻ അറബി തുടങ്ങിയ വിദേശഭാഷാഗ്രന്ഥങ്ങളും മൂന്നാംഘട്ടത്തിൽ ഇംഗ്ലീഷ് കൃതികളും നാലാംഘട്ടത്തിൽ ഇതര ഭാരതീയ ഭാഷാഗ്രന്ഥങ്ങളുമാണ് വിവർത്തനം ചെയ്യപ്പെട്ടത്. വിവർത്തനത്തിന്റെ രണ്ടാം ഘട്ടത്തിലാണ് മലയാളികൾ റഷ്യൻ സാഹിത്യകാരായ ടോൾസ്റ്റോയി, ദസ്തയോവ്സ്കി, മയക്കോവ്സ്കി, മാംക്സിം ഗോർക്കി എന്നിവരുടെ രചനകൾ പരിചയപ്പെടുന്നത്. മലയാള പരിഭാഷകളിൽ മിക്കവയും ഇംഗ്ലീഷ് ഭാഷയിൽ നിന്ന് ഉണ്ടായതാണ്. മഹാനായ സാഹിത്യകാരൻ, ചിന്തകൻ, മനുഷ്യസ്നേഹി എന്നീ നിലകളിൽ പ്രസിദ്ധനായ ലിയോ ടോൾസ്റ്റോയിയുടെ യുദ്ധവും സമാധാനവും ,അന്നാകരീന തുടങ്ങിയ രചനകൾ മലയാളി പരിചയപ്പെട്ടത് പരിഭാഷകളിലൂടെയാണ്. ദസ്തയോവ്സ്കിയുടെ കാരമഡോവ് സഹോദരന്മാർ മലയാളികളെ ഏറെ ആകർഷിച്ച നോവലാണ്. റഷ്യൻ സാഹിത്യത്തിന്റെ ആചാര്യനായ മാക്സിം ഗോർക്കിയുടെ അമ്മ, ചൈൽഡ്ഹുഡ് ഇൻ ദി വേൾഡ്, ലോവർ ഡെപ്ത്സ് തുടങ്ങിയ കൃതികൾ മലയാള വിവർത്തന സാഹിത്യത്തിന്റെ അമൂല്യനിധികളാണ്.

**ഖലീൽ ജിബ്രാന്റെ  പ്രവാചകൻ എന്ന കൃതി.**

ലബനീസ് - അമേരിക്കൻ കവിയും ചിത്രകാരനുമായ ഖലീൽ ജിബ്രാന്റെ ലോകസാഹിത്യത്തിലെ പ്രിയപ്പെട്ട കൃതികളിലൊന്നാണ് പ്രവാചകൻ അഥവാ The Prophet. ഗഹനമായ ആത്മീയതയും ജീവിതാനുഭൂതികളുടെ ലാളിത്യവും ഭാവഗീതാത്മകവുമായ ഭാഷയും പ്രവാചകൻ എന്ന കൃതിയെ ലോകശ്രദ്ധയിൽ കൊണ്ടുവന്നു. ആധുനിക മനുഷ്യന്റെ ആത്മീയ ശൂന്യതയും നിരാശാബോധവും ആനന്ദതൃഷ്ണയും  ഈ കൃതിയിലൂടെ ഖലീൽ ജിബ്രാൻ വരച്ചുകാണിക്കുന്നു. സുഖത്തിനും ദുഃഖത്തിനുമിടയിൽ തുലാസുപോലെ നിങ്ങളെ തൂക്കിയിട്ടിരിക്കുന്നു എന്ന പ്രവാചകന്റെ വാക്കുകൾ ഈ കൃതിയുടെ അന്തസത്തതന്നെ വെളിപ്പെടുത്തുന്നു. ഓർഫാലിസ് എന്ന പട്ടണത്തിൽ ജന്മദ്വീപിലേക്കുള്ള  കപ്പൽ കാത്തുനിൽക്കുന്ന അൽമുസ്തഫയാണ് ഈ ഗ്രന്ഥത്തിലെ പ്രവാചകൻ.1923 -ലാണ് ഖലീൽ ജിബ്രാൻ പ്രവാചകൻ എന്ന കൃതി പ്രസിദ്ധീകരിച്ചത്. നാഗരികതയുടെ പ്രശ്നങ്ങളും ഗ്രാമജീവിതത്തിന്റെ സൗന്ദര്യവുമെല്ലാം അദ്ദേഹത്തിന്റെ കൃതിയിൽ വിളങ്ങിനിൽക്കുന്നു.  ഒന്നാംലോക മഹായുദ്ധം മുറിവേൽപ്പിച്ച പാശ്ചാത്യസമൂഹത്തിന് ആത്മീയതയുടെ മരുപ്പച്ച കാണിച്ചുകൊടുക്കാനാണ് അദ്ദേഹം പ്രവാചകൻ എന്ന കൃതി രചിച്ചത്. ബൈബിളും, സൂഫിദർശനവും, തത്ത്വചിന്തയും ഒത്തുചേർന്ന രചനയാണ് ജിബ്രാന്റെ പ്രവാചകൻ.

**പാബ്ലോ നെറൂതയുടെ കവിതകളുടെ വിവർത്തനം**

ഒരു മലയാള കവിയെപ്പോലെ മലയാളികൾക്ക് പരിചിതനാണ് ചിലിയിലെ മഹാ കവിയായ പാബ്ലോ നെറൂത. സ്പാനീഷ് ഭാഷയിൽ അദ്ദേഹം എഴുതിയിട്ടുള്ള നിരവധി കവിതകൾ മലയാളത്തിലേക്ക് വിവർത്തനം ചെയ്തിട്ടുണ്ട്. അദ്ദേഹത്തിന്റെ ആത്മകഥയായ മെമ്മയേഴ്സിന് മലയാളത്തിൽ രണ്ട് പരിഭാഷകൾ ഉണ്ടായിട്ടുണ്ട്. വിശ്വസഞ്ചാരിയും ലോകപൗരനുമായി ജീവിച്ച  അദ്ദേഹത്തിന് 1971 ൽ സാഹിത്യത്തിനുള്ള നോബൽസമ്മാനം ലഭിക്കുകയുണ്ടായി. അദ്ദേഹത്തിന്റെ ആദ്യ കവിതാസമാഹാരമായ ക്രെപ്പസ് കുലാറിയോ 1923-ൽ പുറത്തുവന്നു. നെറൂതയെ ലോകപ്രശസ്തനാക്കിയത് അദ്ദേഹത്തിന്റെ ഇരുപതാമത്തെ വയസ്സിൽ രചിച്ച ഇരുപത് പ്രേമകവിതകളും ഒരു നിരാശാ ഗീതവുമാണ്. ബിംബങ്ങളും രൂപങ്ങളും നിറഞ്ഞ സിംബലിസ്റ്റ് കാവ്യരീതിയിലുള്ള രചനയാണ് ഇതിൽ കാണുന്നത്. നിരവധി ലോകഭാഷകളിൽ അദ്ദേഹത്തിന്റെ കാവ്യങ്ങൾ വിവർത്തനം ചെയ്യപ്പെട്ടു. 1940കളിൽ മലയാളത്തിൽ അദ്ദേഹത്തിന്റെ കവിതകൾ പ്രത്യക്ഷപ്പെട്ടു തുടങ്ങി. കവി

കെ.പി.ജി നമ്പൂതിരിയാണ് മലയാളത്തിൽ ആദ്യമായി നെറുതയുടെ കവിതകൾ പരിഭാഷപ്പെടുത്തിയത്. ലോകവ്യാപകമായി യാത്രചെയ്തും കമ്യൂണിസ്റ്റ് ആശയങ്ങൾ പ്രചരിപ്പിച്ചും വിശ്വകവി എന്ന നിലയിലേക്ക് ഉയർന്ന നെറൂതയുടെ മറ്റൊരു കാവ്യമാണ് ടുനൈറ്റ് ഐ കാൻ റൈറ്റ്. ലളിതമായ കാവ്യശൈലിയിലൂടെ തന്റെ ആശയങ്ങൾ അവതരിപ്പിച്ച കവിയായിരുന്നു പാബ്ലോ നെറൂത.

**രഘുവംശ വിവർത്തനത്തിന്റെ പ്രസക്തി**

കാളിദാസന്റെ ഏറ്റവും ശ്രേഷ്ഠമായ കൃതികളിൽ ഒന്നാണ് രഘുവംശം. ഭാരതീയ സംസ്കാരത്തിന്റെ മാഹാത്മ്യം തെളിയിക്കുന്ന ജീവിതാദർശങ്ങളെയാണ് രഘുവംശത്തിലൂടെ അവതരിപ്പിച്ചിരിക്കുന്നത്. അനേകം തലമുറകൾക്ക് ധർമ്മവും നീതിയും പകർന്നുനൽകിയ കൃതിയാണത്. ദിലീപൻ മുതൽ അഗ്നിവർണ്ണൻ വരെയുള്ള രാജാക്കന്മാരുടെ ചരിത്രമാണ് രഘുവംശത്തിൽ വിവരിച്ചിരിക്കുന്നത്. രഘുവംശത്തിലൂടെ ഈ രാജ്യത്തിന്റെ പ്രാചീന സംസ്കാരത്തിന്റെ മുഴുവൻ കഥയും കാളിദാസൻ അനാവരണം ചെയ്യുന്നു. ഇന്ത്യയിലെ എല്ലാ ഭാഷകളിലേക്കും കാളിദാസൻ കൃതികൾ വിവർത്തനം ചെയ്യപ്പെട്ടിട്ടുള്ളത് ഈ കൃതിയുടെ പ്രസക്തി എടുത്തുകാണിക്കുന്നു. സുകുമാർ അഴീക്കോടിന്റെ അഭിപ്രായത്തിൽ സാഹിത്യത്തിന്റെ അന്യഭാഷാ പ്രവേശനത്തിനുള്ള മുഖ്യമാർഗ്ഗം അഥവാ ഏകമാർഗ്ഗം മൊഴിമാറ്റമാണ്. രഘുവംശവിവർത്തനത്തിലൂടെ അനേകം പദങ്ങളും ശൈലികളും മലയാള ഭാഷയിലേക്ക് കടന്നുവന്നിട്ടുണ്ട്. ഇന്ത്യയുടെ അജ്ഞാതമായ ആഴങ്ങളും വിസ്മരിക്കപ്പെട്ട വെളിച്ചങ്ങളും ഹൃദയംഗമമായി ആവിഷ്ക്കരിക്കാൻ കാളിദാസവിവർത്തനങ്ങൾക്ക് സാധിക്കുന്നു. സംസ്കൃത സാഹിത്യത്തിലെ പ്രസിദ്ധമായ പഞ്ചമഹാകാവ്യങ്ങളിൽ പ്രധാനപ്പെട്ടതാണ് കാളിദാസന്റെ രഘുവംശം.

രഘുവംശകാവ്യത്തിന് പത്തൊൻപത് സർഗങ്ങളാണുള്ളത്. ഓരോ സർഗവും ഓരോ പ്രത്യേകത ഉൾക്കൊള്ളുന്നതാണ്. രാജധർമ്മത്തിന്റെ വളർച്ചയുടെയും നാശത്തിന്റെയും കഥയാണ് അദ്ദേഹം പറഞ്ഞുതരുന്നത്. രഘുവംശത്തിലെ ഇതിവൃത്തത്തിന് രാമായണകഥക്കുള്ളതിലും ആഴവും പരപ്പുമുണ്ട്. ദിലീപൻ, രഘു, അജൻ എന്നിങ്ങനെ ഇക്ഷ്വാകുവംശത്തിലെ പല നായകന്മാരുടേയും ചരിത്രമെടുത്ത് വിസ്തരിച്ച് സമർത്ഥമായി പ്രതിപാദിച്ച് ആ വംശം നശിച്ചതിനുണ്ടായ കാരണവും രഹസ്യവും ഈ കൃതിയിൽ വെളുപ്പെടുത്തിയിട്ടുണ്ട്. കുമാരസംഭവത്തെപ്പോലെയോ മേഘദൂതത്തെപ്പോലെയോ ഒരു കാവ്യമായിട്ടല്ല വിവർത്തകർ

രഘുവംശത്തെ കാണുന്നത്. മേഘദൂത് ഒരു വഴിയമ്പലമാണെങ്കിൽ കുമാരസംഭവം ഒരു ഗൃഹസ്ഥന്റെ ഭവനമാണ്. രഘുവംശമാകട്ടെ ഒരു രാജധാനിതന്നെയാണ്. രഘുവംശത്തിന്റെ ഉപക്രമത്തിലുള്ള പത്ത് ശ്ലോകങ്ങളും ആ രാജധാനിയെ ആവരണം ചെയ്യുന്ന പ്രകാശഗോപുരങ്ങളാണ്. കാളിദാസന്റെ കവിപ്രതിഭയുടെ ഉത്തമദൃഷ്ടാന്തമാണ് ഈ മഹാകാവ്യം. പ്രതിപാദ്യത്തെ യഥോചിതം സംക്ഷേപിച്ച് രസഭാവങ്ങൾ വ്യഞ്ജിപ്പിക്കുകയാണ് അദ്ദേഹം ചെയ്യുന്നത്. മനുഷ്യന്റെ ശരീരമല്ല, മനസ്സായിരുന്നു കാളിദാസന്റെ വീക്ഷണകേന്ദ്രം. ബഹുനായകനിഹിതമാണെങ്കിലും രഘുവംശത്തിന്റെ ആദ്യന്തം ഒരടിച്ചരട് കാണാൻ കഴിയുന്നു. മലയാളഭാഷയുടെ വളർച്ചയ്ക്ക ഘുവംശവിവർത്തനം ഏറെ സഹായിച്ചിരിക്കുന്നു.

**ഫ്രഞ്ചുകോളനി വത്കരണം**

പരന്ത്രീസുകാർ എന്നറിയപ്പെടുന്ന ഫ്രഞ്ചുകാരാണ് യൂറോപ്യൻ കോളനിവത്കരണത്തിന്റെ അവസാനം കേരളത്തിൽ എത്തിയത്. 1664-ൽ ഫ്രഞ്ച് ഈസ്റ്റ് ഇന്ത്യ കമ്പനി സ്ഥാപിച്ചുകൊണ്ടാണ് ഫ്രഞ്ചുകാർ ഇന്ത്യയുമായി വ്യാപാരബന്ധം ആരംഭിച്ചത്. ഫ്രഞ്ചുകാരുടെ ഇന്ത്യയിലെ ആസ്ഥാനം പോണ്ടിച്ചേരിയായിരുന്നു. ഫ്രഞ്ചുകാരുടെ കേരളത്തിലെ ആസ്ഥാനം മയ്യഴി അഥവാ മാഹിയായിരുന്നു. കർണ്ണാട്ടിക് യുദ്ധത്തിന്റെ ഫലമായി അവരുടെ സ്വാധീനം കേരളത്തിൽ അവസാനിച്ചു. ഫ്രഞ്ചുകാർ മാഹിപുഴയുടെ തീരത്ത് ഫ്രഞ്ചുകോട്ട പണിയുകയും 1954ൽ ഇന്ത്യവിട്ടുപോവുകയും ചെയ്യുകയാണ് ചെയ്തത്. ഫ്രഞ്ച് കോളനിവത്കരണം മലയാളസാഹിത്യത്തെ സാംസ്കാരികമായി സ്വാധീനിച്ചതിന്റെ ഉത്തമ ഉദാഹരണമാണ് എം.മുകുന്ദന്റെ മയ്യഴിപുഴയുടെ തീരങ്ങളിൽ എന്ന നോവൽ. ഫ്രഞ്ചുകാരുടെ നേരിട്ടുള്ള നിയന്ത്രണത്തിൽ കീഴിലുള്ള സ്ഥലമായിരുന്നു മയ്യഴി. ധാരാളം ഫ്രഞ്ച് വാക്കുകൾ ഈ നോവലിൽ വിവരിച്ചിരിക്കുന്നു. പ്രണയവും വിപ്ലവവും നിറഞ്ഞുനിൽക്കുന്ന കൃതിയാണ് മയ്യഴിപുഴയുടെ തീരങ്ങളിൽ. ഒരു ഗ്രാമത്തിന്റെ പച്ചയായ ജീവിതാവതരണം ഫ്രഞ്ചു അധിനിവേശത്തിന്റെ പശ്ചാത്തലത്തിൽ ഇതിൽ വിവരിച്ചിരിക്കുന്നു.

**പരിഭാഷ ഒരു സാംസ്കാരിക സംരംഭം**

വിവർത്തകൻ സ്രോതഭാഷയിലെ സംസ്കാരത്തിന്റെ രൂപം ലക്ഷ്യഭാഷയെന്ന മാധ്യമത്തിലൂടെ ചിത്രീകരിക്കുകയാണ് ചെയ്യുന്നത്. ഒരു ഭാഷയിലെ തനതുസംസ്കാരം പല പ്രത്യേകതകൾ ഉൾക്കൊള്ളുന്നതിനാൽ അത് യഥാതഥമായി മറ്റൊരു ഭാഷയിൽ

അവതരിപ്പിക്കുവാൻ ഒരിക്കലും കഴിയുകയില്ല. സംസ്കാരം എന്ന പദം പല മണ്ഡലങ്ങളിലും അർത്ഥഭേദങ്ങളിലുമാണ് ഇന്ന് ഉപയോഗിക്കുന്നത്. ഇസഡോർ പിഞ്ചക് എന്ന പണ്ഡിതൻ സയന്റിഫിക് ആൻഡ് ടെക്നിക്കൽ ട്രാൻസലേഷൻ എന്ന ഗ്രന്ഥത്തിൽ സംസ്കാരത്തെ വളരെ വിശദമായി അപഗ്രഥിച്ചിരിക്കുന്നു. സംസ്കാരം എന്ന ശീർഷകത്തിൽ അദ്ദേഹം അഞ്ചു വിഷയങ്ങൾ ഉൾപ്പെടുത്തിയിരിക്കുന്നു. അവ പരിസരവിജ്ഞാനം, സാമൂഹ്യബന്ധങ്ങൾ, സാങ്കേതികവിദ്യ, വിശ്വാസങ്ങളും മൂല്യങ്ങളും, ഭാഷയും കലയുമാണ് ഇവയെല്ലാം ചേർന്നാണ് ഒരു ഭാഷ സംസാരിക്കുന്നവരുടെ സംസ്കാരം രൂപപ്പെടുന്നത്. അതിനാൽ ഇവയിൽ ഓരോന്നിലുമുള്ള കാതലായ പദങ്ങളും പ്രയോഗങ്ങളും വിവർത്തകന് എത്രത്തോളം ഫലവത്തായി പരിഭാഷപ്പെടുത്താൻ സാധിക്കുന്നു എന്ന പ്രശ്നം പ്രധാനമാണ്. അതുകൊണ്ട് ഒരു രാജ്യത്തെ വിവിധ ഭാഷകളിലേക്ക് വിവർത്തനം ചെയ്യുന്നതിനേക്കാൾ ബുദ്ധിമുട്ടാണ് വിദേശ ഭാഷകളിലേക്ക് വിവർത്തനം നടത്തുന്നത്.

**മലയാളത്തിലെ രാമായണ വിവർത്തനം.**

ഭാരതത്തിലെ രണ്ട് ഇതിഹാസങ്ങളിലൊന്നാണ് രാമായണം. വാത്മീക രാമായണത്തെ ആദ്യകാവ്യമായും വാത്മീകിയെ ആദ്യകവിയായും കണക്കാക്കുന്നു. മർത്യമഹിമയുടെ മധുരോദാരമായ സങ്കീർത്തന മന്ത്രം മുഴങ്ങുന്ന കാവ്യമാണ് രാമായണം. 24,000 ശ്ലോകങ്ങൾ കൊണ്ടാണ് രാമായണകഥ വാത്മീകി കാവ്യരൂപത്തിലെഴുതി തീർത്തത്. 500 അധ്യായങ്ങളായി രാമായണത്തെ വിഭജിച്ചിരിക്കുന്നു. ബാല-അയോദ്ധ്യ-ആരണ്യ-കിഷ്കിന്ത-സുന്ദര-യുദ്ധ-ഉത്തര കാണ്ഢങ്ങൾ എന്നിങ്ങനെ 7 കാണ്ഢങ്ങളിലാണ് രാമകഥ രചിച്ചിരിക്കുന്നത്. ക്രൗഞ്ച മിഥുനങ്ങളിലൊന്നിന്റെ ദാരുണമായ അന്ത്യവും പെൺ പക്ഷിയുടെ വിലാപവും മഹർഷിയുടെ മനസ്സലിയിച്ചു. ഉള്ളിൽ നിറഞ്ഞുമൂടിയ ഈ വിലാപമാണ് ആദ്യ ശ്ലോകമായി പുറത്തുവന്നത്. വാത്മീകി മഹർഷി രാമായണം രചിക്കാനിടയായ സന്ദർഭം ഇപ്രകാരം ആണെന്ന് പറയപ്പെടുന്നു.

പിതൃഭക്തി, പുത്രവാത്സല്യം, ത്യാഗസന്നദ്ധത, തിൻമയോടുള്ള പോരാട്ടം, ലക്ഷ്യസാക്ഷാത്കാരത്തിന് വേണ്ടിയുള്ള ക്ലേശപൂർണ്ണവും ഏകാഗ്രവുമായ യത്നം എന്നിങ്ങനെ വൈയക്തിക മൂല്യങ്ങളെ ഉയർത്തിപ്പിടിച്ചുകൊണ്ട് ആരോഗ്യദൃഢമായ ഒരു സമൂഹത്തെ വ്യവസ്ഥാപനം പര്യാപ്തമായ ഉത്തേജനോർജ്ജം നൽകുന്നതാണ് ഈ ആർഷഇതിഹാസം. സംസ്കൃത

കാവ്യമീമാംസയിൽ പ്രമുഖനായ ധ്വനികാരൻ അനന്ദവർദ്ധനൻ രാമായണത്തെയും മഹാഭാരതത്തെയും ഉത്തമകാവ്യങ്ങളായാണ് പരിഗണിക്കുന്നത്. വെറുമൊരു പുരാണദേവന്റെ കേവലമായ ജീവിതകഥാഖ്യാനമല്ല രാമായണം. മാനവ ജീവിതത്തിന്റെ ധർമ്മസങ്കടങ്ങളും പ്രതിസന്ധികളും ശോകവിഹ്വലതകളും ആഹ്ലാദങ്ങളുമൊക്കെ അതിൽ സ്പന്ദിക്കുന്നു. വാത്മീകി രാമായണ കഥയെ ആധാരമാക്കിയും കഥാഗതിയിൽ അല്പം വ്യതിയാനം വരുത്തിയും സംസ്കൃതത്തിലും മലയാളത്തിലും വിവിധ രാമായണങ്ങൾ ഉണ്ടായിട്ടുണ്ട്. കൈരളിയെ സമ്പന്നമാക്കിയ രാമായണങ്ങൾ താഴെ പറയുന്നവയാണ്.

1. രാമചരിതം- ചീരാമൻ
2. രാമകഥാപ്പാട്ട്- അയ്യമ്പിള്ളി ആശാൻ
3. കണ്ണശരാമായണം- നിരണത്ത് രാമപ്പണിക്കർ
4. രാമായണം ചമ്പു- പുനംനമ്പൂതിരി
5. പാതാളരാമായണം- കേരളവർമ്മ തമ്പുരാൻ
6. അദ്ധ്യാത്മരാമായണം- എഴുത്തച്ഛൻ
7. വാത്മീകി രാമായണ തർജ്ജിമ- വള്ളത്തോൾ
8. ബാലരാമായണം- കുമാരനാശാൻ
9. ഉത്തരരാമചരിതകാവ്യം- ആറ്റൂർ

ഇവകൂടാതെ ആട്ടക്കഥ വിഭാഗത്തിലും തുള്ളൽ വിഭാഗത്തിലും രാമായണ കഥയെ ആസ്പദമാക്കി രചിച്ച നിരവധി കൃകൾ മലയാളത്തിലുണ്ട്.

**രാമചരിതം**

പ്രാചീന മലയാള കൃതികളുടെ കൂട്ടത്തിൽ പ്രഥമസ്ഥാനം അലങ്കരിക്കുന്നത് രാമചരിതമാണ്. അതിനാൽ തന്നെ കൈരളി പദ്യ ശാഖയിലെ പ്രഭാത നക്ഷത്രമെന്ന് രാമചരിതത്തെ വിശേഷിപ്പിക്കുന്നു. 164 പടലങ്ങളിലായ 1814-പാട്ടുകൾ ഊഴിയിൽ ചെറിയവർക്കറിയുവാൻ ഉരചെയ്യുകയാണ് കവി. രാമചരിതം സമ്പൂർണ്ണമായ രാമായണമല്ല. വാത്മീകി രാമായണത്തിലെ യുദ്ധകാണ്ഡത്തിന്റെ സ്വതന്ത്രവിവർത്തനമാണ് രാമചരിതം. എന്നാൽ അയോധ്യാ കാണ്ഡത്തിലെയും സുന്ദരകാണ്ഡത്തിലെയും കഥാംശം മനോജ്ഞമാംവിധം കവി സംഗ്രഹിച്ചിട്ടുണ്ട്. അങ്ങനെ രാമായണം

കഥയ്ക്ക് പൂർണ്ണത ഉണ്ടാക്കാനുള്ള പ്രയത്നം രാമകഥാകാരൻ നടത്തിയിരിക്കുന്നു. വാത്മീകിയുടെ യുദ്ധസമ്പ്രദായങ്ങൾക്കും വധരീതികൾക്കുപോലും ചില മാറ്റങ്ങൾ രാമചരിതകാരൻ നടത്തിയിരിക്കുന്നു. യുദ്ധവർണ്ണന നടത്തി വീരരസം ഉണ്ടാക്കുന്നതിൽ കവി ശ്രദ്ധ ചെലുത്തിയിട്ടുണ്ട്. വാത്മീകിയുടെ ആയുധങ്ങൾക്കു പുറമെ അന്നത്തെ കേരളീയർ ഉപയോഗിച്ചിരുന്ന സമസ്തായുധങ്ങളും രാമരാവണയുദ്ധത്തിൽ ചീരാമൻ അണിനിരത്തുന്നു. കൂടാതെ വാത്മീകി രാമായണത്തിലെ ചില സംഭവങ്ങൾ രാമായണത്തിൽ കാണുന്നില്ല. അതുപോലെ രാമചരിതത്തിലെ ചില വിവരണങ്ങൾ രാമായണത്തിലും ഇല്ല. ഉദാഃ ഇന്ദ്രജിത്ത് വർണന.

**കണ്ണശ രാമായണം**

വാത്മീകി രാമായണത്തെയും രാമചരിതത്തേയും ഉപജീവിച്ചെഴുതിയ സ്വതന്ത്രകൃതിയാണ് രാമപ്പണിക്കരുടെ കണ്ണശ രാമായണം. വാത്മീകി രാമായണത്തിലെ 24000 ശ്ലോകങ്ങളെ രാമപ്പണിക്കർ 3059 പാട്ടുകളിൽ സംഗ്രഹിക്കുന്നു. മൂലകൃതിയിലെ സൂക്ഷ്മാംശങ്ങൾപോലും വിട്ടുകളയാതെയാണ് ഈ സംഗ്രഹണം നിർവ്വഹിച്ചിരിക്കുന്നത്. വാത്മീകിയുടെ ചുവടുപിടിച്ച് സ്വതന്ത്രമായ ഒരു ധ്വനികാവ്യം രചിക്കുകയാൽ അദ്ധ്യാത്മരാമായണത്തെപ്പോലെ ഒരു ഭക്തികാവ്യമായല്ല കണ്ണശ രാമായണം. കഥാഘടന, പ്രതിപാദനം, ദേശാവിഷ്ക്കാരം തുടങ്ങി പല അംശങ്ങളിലും സ്വാതന്ത്ര്യം പ്രകടിപ്പിക്കുന്ന രാമചരിതകാരനെപ്പോലെയല്ല കണ്ണശൻ. കണ്ണശരാമായണം കാച്ചിക്കുറുക്കിയ വാത്മീകി രാമായണം എന്ന് പറയുകയാണ് എല്ലാ നിലയ്ക്കും പാകം. എല്ലാ കാണ്ഢങ്ങളിലും കഥാഘടനയിൽ വലിയ മാറ്റം ഒന്നും കൂടാതെ വാത്മീകിയെ അനുസരിക്കുകയാണ് കണ്ണശൻ. എഴുത്തച്ഛന്റെ രാമായണം കിളിപ്പാട്ട് അദ്ധ്യാത്മ രാമായണത്തിന്റെ സ്വതന്ത്രമായ തർജ്ജമയാണെന്ന് പറയുന്നതുപോലെ വാത്മീകി രാമായണത്തിന്റെ തർജ്ജമയല്ല കണ്ണശരാമായണം. വാത്മീകി രാമായണം വെറുമൊരു ഉപജീവ ഗ്രന്ഥമായി കണ്ണശൻ കരുതിയിട്ടുണ്ട്. ഭോജൻ, കമ്പർ, ചീരാമൻ, പൂർവ്വസൂരികളുടെ സംക്ഷിത രാമായണങ്ങൾ പലതും കാവ്യരചനയിൽ കണ്ണശൻ മാതൃകയാക്കിയിട്ടുണ്ട്. രാമായണ കഥ കാണ്ഢം കാണ്ഢമായി സംഗ്രഹിച്ച് ആവിഷ്ക്കരിച്ചിട്ടുള്ള ഭാഷയിലെ ആദ്യ സമ്പൂർണ്ണ രാമായണവും കണ്ണശരാമായണം തന്നെയാണ്.

# ഭാഷാ വാത്മീകി രാമായണം കിളിപ്പാട്ട്- കേരളവർമ്മ തമ്പുരാൻ

17-ാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന കേരളവർമ്മ തമ്പുരാന്റെ ഭാഷാ വാത്മീകി രാമായണം കിളിപ്പാട്ടാണ് മലയാള വാത്മീകി രാമായണത്തിന്റെ ആദ്യ തർജ്ജമ. ബാലകാണ്ഡം മുതൽ സുന്ദരകാണ്ഡം അവസാനം വരെയുള്ള ഭാഗത്തിന്റെ തർജ്ജമയാണിത്. അവതാരപുരുഷനായ രാമനാണ് കൃതിയിൽ ഊന്നൽ നൽകിയിരിക്കുന്നത്. ലളിതവും പ്രസന്നവുമായ ഭാഷാശൈലിയാണ് ഗ്രന്ഥകാരന്റേത്. മൂലഗ്രന്ഥത്തിലെ പ്രധാന സംഭവങ്ങളൊന്നും അദ്ദേഹം വിട്ടുകളഞ്ഞിട്ടില്ല. സംസ്കൃത പ്രത്യയങ്ങളോട് വിവർത്തകൻ താൽപര്യം കാണിക്കുന്നില്ല. ശബ്ദാർത്ഥാലങ്കാരങ്ങൾക്കും വിവർത്തന ഗ്രന്ഥത്തിൽ പ്രാധാന്യം നൽകിയിട്ടില്ല. ഒരു സംസ്കൃത ശ്ലോകത്തിന്റെ അർത്ഥം വ്യക്തമാക്കാൻ വിശദമായ വിവരണശൈലി അദ്ദേഹം സ്വീകരിച്ചിരിക്കുന്നു. അതുകൊണ്ടുതന്നെ പദാനുപദ വിവർത്തനമല്ല ഇവിടെ കാണുന്നത്. ബാലകാണ്ഡം കേകയിലും, അയോദ്ധ്യാകാണ്ഡം അന്നനടയിലും, ആരണ്യകാണ്ഡം കാകളിയിലും, കിഷ്കിന്ദാകാണ്ഡം ദ്രുതകാകളിയിലും സുന്ദരകാണ്ഡം കേകയിലുമാണ് വിവർത്തനം ചെയ്തിരിക്കുന്നത്.

**വള്ളത്തോളിന്റെ വാത്മീകി രാമായണം തർജ്ജമ**

വാത്മീക രാമായണത്തിന്റെ സമഗ്രവും സമർദ്ധവുമായ വിവർത്തനം നിർവ്വഹിച്ചിരിക്കുന്നത് മഹാകവി വള്ളത്തോളാണ്. സംസ്കൃത സാഹിത്യത്തിന്റെ സാംസ്കാരിക പൈതൃകവും സംസ്കൃത ഭാഷയുടെ പ്രയോഗരീതികളും സ്വാംശീകരിച്ച വള്ളത്തോളിന് തർജ്ജമ ഫലപ്രദമാക്കാൻ കഴിഞ്ഞിട്ടുണ്ട്. വള്ളത്തോളിന്റെ വാത്മീകി രാമായണം തർജ്ജമയ്ക്ക് ആമുഖമെഴുതിയ വലിയകോയിതമ്പുരാൻ കണ്ണശന്റെയും കേരളവർമ്മ തമ്പുരാന്റെയും വിവർത്തനത്തെ നിരാകരിക്കുന്നതോടൊപ്പം വള്ളത്തോളിന്റെ തർജ്ജമ കുറ്റമറ്റതാണെന്ന് പ്രഖ്യാപിക്കുകയും ചെയ്തു.

വാത്മീകി രാമായണത്തിന്റെ വൃത്താനുവൃത്ത തർജ്ജമയാണ് വള്ളത്തോൾ സ്വീകരിച്ചിരിക്കുന്നത്. കഥാസന്ദർഭങ്ങൾക്ക് അനുയോജ്യമായ രചനാരീതി മൂലകൃതിയിലെ പോലെ വള്ളത്തോളും സ്വീകരിച്ചിരിക്കുന്നു. വള്ളത്തോളിന്റെ രചനാസവിശേഷതയായ ഭാഷയുടെ ഒഴുക്ക് രാമായണ

വിവർത്തത്തിൽ കാണാവുന്നതാണ്. മൂലകൃതിയിലെ സന്ദർഭങ്ങളും സംഭവങ്ങളും ഒന്നും വിട്ടുകളയാതെ അദ്ദേഹം വിവർത്തനം നടത്തി. മൂലകൃതിയിലെ നിരവധി നാടകീയ ജീവിത മുഹൂർത്ത ചിത്രീകരണങ്ങൾ അതേ ചൈതന്യത്തോടെ വിവർത്തകൻ പകർത്തിവച്ചിരിക്കുന്നു.

**കുമാരനാശാന്റെ ബാലരാമായണം**

വാത്മീകി രാമായണ കഥയെ ആധാരമാക്കി രചിക്കപ്പെട്ട ബാലസാഹിത്യ കൃതിയാണ് കുമാരനാശാന്റെ ബാലരാമായണം. ബാലന്മാർക്ക് വേണ്ടി എഴുതിയതാണെന്ന് ആമുഖത്തിൽ തന്നെ കവി വ്യക്തമാക്കുന്നു. വാത്മീകി രാമായണത്തിന്റെ പദാനുപദ വിവർത്തനമല്ല ബാലരാമായണം. രാമായണത്തിന്റെ കഥാസത്ത ക്രോഡീകരിച്ചെഴുതിയതാണ്. ബാലകാണ്ഡം,ആരണ്യകാണ്ഡം, എന്നീ കാണ്ഡങ്ങൾ മാത്രമേ ബാലരാമായണത്തിനുള്ളു. ഈ കൃതിയ്ക്ക് പ്രകാരങ്ങളായത് രണ്ട് സംഗതികളാണെന്ന് ആശാൻ തന്നെ വ്യക്തമാക്കുന്നു.

1. ഉത്കൃഷ്ടമായ രാമായണത്തിന്റെ കഥാസാരം ബാലഹൃദയങ്ങളിൽ പതിപ്പിക്കുക.

2. വലിയ പദ്യകൃതികൾ വായിച്ച് രസിക്കുവാൻ കുട്ടികളുടെ മനസിൽ കൗതുകം ജനിപ്പിക്കുക എന്നിവ ആയിരുന്നു.

**എഴുത്തച്ഛന്റെ രാമായണം വിവർത്തനം**

വിവർത്തന സാഹിത്യത്തിന് അന്തസും ഗാംഭീര്യവും നൽകിയത് എഴുത്തച്ഛനാണ്. അദ്ധ്യാത്മ രാമായണം കിളിപ്പാട്ട് സ്വതന്ത്ര വിവർത്തനത്തിന്റെ മഹിതമായ മാതൃകയാണ്. രാമായണം എന്ന സംസ്കൃത കാവ്യത്തെ ഭക്തിസാന്ദ്രവും വികാരതീവ്രവുമായി അവതരിപ്പിക്കുവാൻ എഴുത്തച്ഛന് കഴിഞ്ഞു. രാമായണത്തിലെ തത്ത്വചിന്താഭാഗങ്ങൾ പദാനുപദവിവർത്തന സമ്പ്രദായത്തിലാണ് എഴുത്തച്ഛൻ മൊഴിമാറ്റം നടത്തിയിരിക്കുന്നത്. സ്തുതിഭാഗങ്ങളിലാകട്ടെ സ്വതന്ത്ര വിവർത്തനമാണ് അദ്ദേഹം സ്വീകരിച്ചിരിക്കുന്നത്. തത്ത്വോപദേശവും ഭക്തിയും ആവിഷ്ക്കരിക്കുന്നിടത്ത് സ്വന്തം ഭാവനകളുടെ വിവർത്തനത്തിന് കൊഴുപ്പ് കൂട്ടിയിരിക്കുന്നു. എഴുത്തച്ഛൻ അദ്ധ്യാത്മ രാമായണ വിവർത്തനത്തിൽ കണ്ണശനെയാണ് കൂടുതൽ ആശ്രയിച്ചിരിക്കുന്നത്. കാവ്യലക്ഷ്യം, ആവിഷ്ക്കരണരീതി, ഇതിവൃത്തം എന്നീ കാര്യങ്ങളിൽ എഴുത്തച്ഛന് കണ്ണശനോടുള്ള സാമ്യവും കടപ്പാടും

വളരെയേറെയാണ്. രസശുഷ്കമായ മൂലഭാഗങ്ങൾ ഭാവാർദ്രമാക്കി മാറ്റുക, അനിവാര്യമല്ലാത്ത സന്ദർഭങ്ങളെ ഒഴിവാക്കുക പൂർവ്വകൃതികളുടെ ആശയങ്ങൾ കൂട്ടിച്ചേർത്ത് ഭംഗി വർദ്ധിപ്പിക്കുക എന്നീ തരത്തിലുള്ള വിവർത്തന രീതിയാണ് എഴുത്തച്ഛൻ സ്വീകരിച്ചിരിക്കുന്നത്. ഒരു മാതൃകയെ സ്വീകരിച്ച് സ്വയം മാതൃകയായി ഭവിച്ചതിന്റെ ഒന്നാംതരം ദൃഷ്ടാന്തങ്ങളാണ് രാമായണം കിളിപ്പാട്ട്. മലയാള സാഹിത്യത്തിലെ ഏറ്റവും ജീവദായകമായ അംശമാണ് രാമകഥ. വിവർത്തനത്തിലൂടെയും സ്വതന്ത്ര കൃതികളിലൂടെയും രാമായണ കഥ ഇന്നും കൈരളിയെ സമ്പുഷ്ടമാക്കുന്നു.

**ബൈബിൾ വിവർത്തനം**

ക്രിസ്ത്യാനികളുടെ വേദോപദേശ ഗ്രന്ഥമാണ് ബൈബിൾ. ഏകദേശം 1400 വർഷങ്ങൾക്കിടയിൽ രൂപംകൊണ്ടവയും നാൽപ്പതോളം വിഭിന്ന വ്യക്തികളാൽ എഴുതപ്പെട്ടതുമായ ബൈബിൾ 73 ഗ്രന്ഥങ്ങളുടെ സമാഹാരമാണ്. കടലാസ്, പുസ്തകം എന്നീ അർത്ഥങ്ങളോടുകൂടിയ ബിബ്ലോസ് എന്ന ഗ്രീക്ക് പദത്തിൽ നിന്നാണ് ബൈബിൾ എന്ന ഇംഗ്ലീഷ് പദമുണ്ടായത്. പഴയനിയമം, പുതിയ നിയമം എന്നിങ്ങനെ ബൈബിളിന് 21 ഭാഗങ്ങളുണ്ട്. വികസിത ഭാഷകളിൽ മാത്രമല്ല അവികസിത ഭാഷകളിലും ഏറ്റവുംകൂടുതൽ വിവർത്തനം നടന്ന ഗ്രന്ഥം ബൈബിളാണ്. പുരാതനകാലം മുതലേ ബൈബിളിന് ക്ലാസിക് ഭാഷകളിലേക്ക് വിവർത്തനം ഉണ്ടായിട്ടുണ്ട്. ഈജിപ്റ്റിലെ അലക്സാൺട്രിയയിൽ കുടിയേറിപാർത്ത യഹൂദർക്കുവേണ്ടി പഴയനിയമം മുഴുവൻ ഹീബ്രുവിൽ നിന്ന് ഗ്രീക്ക് ഭാഷയിലേക്ക് വിവർത്തനം ചെയ്യുകയുണ്ടായി. ക്രിസ്തുമതത്തിന്റെ ആരംഭത്തോടെ സുറിയാനി, ലത്തീൻ, കോപറ്റിക് എന്നീ ഭാഷകളിലേക്ക് ബൈബിൾ വിവർത്തനം ചെയ്യപ്പെട്ടു. ലത്തീൻ ഭാഷയിലേക്കുള്ള വിവർത്തനം ആദ്യം നടത്തിയത് ബൈബിൾ പണ്ഡിതനായ ജെറോം ആയിരുന്നു. യൂറോപ്പിൽ ലത്തീൻ ഭാഷയുടെ പ്രചാരം കുറഞ്ഞപ്പോൾ പ്രാദേശിക ഭാഷകളിലേക്ക് ബൈബിൾ വിവർത്തനം ചെയ്യാൻ തുടങ്ങി. നവോത്ഥാനകാലം വരെ ബൈബിൾ വിവർത്തനം ക്രൂരവും പാപവുമായി കണക്കാക്കിയിരുന്നു 1832-ൽ ഓക്സ്ഫോർഡ് യൂണിവേഴ്സിറ്റി പ്രൊഫസർ ആയിരുന്ന ജോൺ വൈറ്റ്ക്ലിഫിന്റെ ശ്രമഫലമായി ബൈബിളിന് ആദ്യത്തെ ഇംഗ്ലീഷ് വിവർത്തനം ഉണ്ടായി. അച്ചടി ആരംഭിച്ചുകഴിഞ്ഞിട്ടില്ലാത്തതുകൊണ്ട് അത് കൈയെഴുത്തായിട്ടാണ് പ്രചരിച്ചത്.1582-ൽ ബൈബിളിന്റെ ഇംഗ്ലീഷ് വിവർത്തനം റെയിൽസ് എന്ന സ്ഥലത്ത് പ്രസിദ്ധീകരിച്ചു. ഇംഗ്ലീഷുകാരനായ ട്രിന്റ്റൈൻ ബൈബിളിന്

മറ്റൊരു ഇംഗ്ലീഷ് വിവർത്തനം ഈ കാലത്ത് നിർവ്വഹിച്ചു.

ബൈബിൾ വിവർത്തനങ്ങൾ പ്രാദേശിക ഭാഷയുടെ വളർച്ചയ്ക്ക് മുഖ്യമായ പങ്ക് വഹിച്ചു. വൈറ്റ്ക്ലിഫ്, ടിന്റെയിൻ എന്നിവരുടെ വിവർത്തനവും ഇംഗ്ലീഷ് ഭാഷയുടെ വികാസത്തിന് പ്രധാന പങ്കുവഹിച്ചു. ഇംഗ്ലീഷ്ഭാഷ നിയതവും നവീനവുമായ രൂപം കൈവരിച്ചത് ബൈബിൾ വിവർത്തനത്തിലൂടെയാണ്. ഇംഗ്ലീഷ് ഗദ്യത്തിന്റെ പിതാവ് എന്നാണ് ജോൺ വൈറ്റ്ക്ലിഫ് അറിയപ്പെടുന്നത്. 1534-ൽ മാർട്ടിൻ ലൂഥർ ജർമ്മൻ ഭാഷയിൽ ബൈബിൾ സമ്പൂർണ്ണമായി വിവർത്തനം ചെയ്തു. പ്രസ്തുത വിവർത്തനത്തിലൂടെ ലൂഥർ ആധുനിക ജർമ്മൻ ഭാഷയുടെ ഉപജ്ഞാതാവായി. സാധാരണക്കാർക്ക് ബൈബിൾ വായിക്കാൻ പാടില്ലെന്നും ബൈബിൾ വിവർത്തനം കുറ്റകരമാണെന്നും വാദിച്ചിരുന്ന യാഥാസ്ഥിതിക പൗരോഹിത്യ വാഴ്ച്ചയ്ക്ക് യൂറോപ്പിൽ അറുതി വന്നത് ഇത്തരം വിവർത്തന ശ്രമങ്ങളിലൂടെയാണ്. യൂറോപ്യൻ മതനവീകരണത്തിന് വഴിതെളിച്ച പ്രധാനകാരണങ്ങൾ ബൈബിൾ വിവർത്തനവും അച്ചടിയുടെ പ്രചാരവുമാണ്. മിക്ക ലോകഭാഷകളുടെയും ആധുനീകരണത്തിന് വഴിതെളിച്ചതും ബൈബിൾ വിവർത്തനശ്രമങ്ങളായിരുന്നു. 1893-ൽ ബംഗാളിലെത്തിയ ബാർത്തിസ്റ്റ മിഷണറിയായ വില്യം കാരെ നടത്തിയ വേദപുസ്തക പരിഭാഷ വിവർത്തനത്തിന് തെക്കുകിഴക്കൻ ഏഷ്യയിൽ തന്നെ ഒരു പുതിയ അധ്യായം കുറിച്ചു. 1798-ൽ സെറാംബൂരിയിൽ ഒരു അച്ചടിശാല സ്ഥാപിച്ചത് പ്രാദേശിക ഭാഷയിലുള്ള ബൈബിൾ വിവർത്തനത്തിന് തുടക്കം കുറിച്ചു. പേർഷ്യൻ, ഹിന്ദുസ്ഥാനി, മറാത്തി തുടങ്ങിയ ഭാരതീയ ഭാഷകളിൽ ബൈബിൾ പരിഭാഷപ്പെടുത്തുകയുണ്ടായി. ബൈബിൾ സൊസൈറ്റിയുടെ സഹായത്തോടെ വിവിധ ഇന്ത്യൻ പ്രാദേശിക ഭാഷകളിൽ പലരും ബൈബിൾ വിവർത്തനം നടത്താൻ തുടങ്ങി.1811-ൽ ബോംബെ-ലെ കുര്യർ പ്രസിലാണ് ആദ്യ മലയാള ബൈബിൾ വിവർത്തനമുണ്ടായത്. ബുക്കാനന്റെ നിർദേശപ്രകാരം കോട്ടയത്തെ സിറിയൻ ബിഷപ്പായ മാർ.ഡയനീഷ്യസ് ഒന്നാമന്റെ നേതൃത്വത്തിലാണ് പ്രസ്തുത വിവർത്തനം തയ്യാറാക്കിയത്. സുറിയാനിയിൽ നിന്ന് നേരിട്ടാണ് തർജ്ജമ. അന്നത്തെ കേരളക്രൈസ്തവരുടെ സംസാരഭാഷയിലാണ് ഈ ഗ്രന്ഥം രചിക്കപ്പെട്ടിരിക്കുന്നത്.ഭാഷാപരമായ എന്തെല്ലാം പരിമിതികൾ ഈ ഗ്രന്ഥത്തിനുണ്ടായിരുന്നാലും ഒരു സമൂഹത്തിന്റെ സംസ്കാരം മറ്റൊരു സമൂഹത്തിലേക്ക് സംക്രമിപ്പിക്കാനുള്ള ആദ്യകാൽവയ്പ്പായിരുന്നു ഇത്.

മാത്രമല്ല ആധുനിക മലയാള ഗദ്യത്തിന് അത് നാന്ദികുറിക്കുകയും ചെയ്തു.

1811- ലെ ബൈബിൾ വിവർത്തനം പൂർണ്ണമല്ലെന്ന അഭിപ്രായമാണ് പൊതുവെ ഉണ്ടായിരുന്നത്. തന്മൂലം പുതിയൊരു വിവർത്തനം ആവശ്യമായി വന്നു. ഈ വിവരണത്തിന് നേതൃത്വം നൽകിയത് 1816-ൽ കേരളത്തിലെത്തിയ പ്രൊട്ടസ്റ്റന്റ് മിഷണറി ആയ ബെഞ്ചമിൻ ബെയ്‌ലിയാണ്. മലയാളത്തിലും സംസ്കൃതത്തിലും വൈദഗ്ധ്യം നേടിയ ബെഞ്ചമിൻ ബെയ്‌ലി സാധാരണക്കാർക്ക് മനസ്സിലാക്കാൻ കഴിയുന്ന ഭാഷയിലാണ് വിവർത്തനം നടത്തിയത്. 1811-ലെ ബൈബിൾ വിവർത്തനത്തിൽ തമിഴിന്റെയും സംസ്കൃതത്തിന്റെയും അതിപ്രസരം ഉള്ളതുകൊണ്ട് അത് സാധാരണക്കാർക്ക് വായിച്ചു മനസ്സിലാക്കുവാൻ പ്രയാസമായിരുന്നു. ബെയ്‌ലി തന്റെ വിവർത്തനത്തിന് ഇംഗ്ലീഷ് വിവർത്തനത്തെയാണ് ആശ്രയിച്ചത്.

ബൈബിൾ സൊസൈറ്റിക്ക് ബൈബിൾ വിവർത്തനത്തെക്കുറിച്ച് നിശിതമായ ഒരു നിയമമുണ്ടായിരുന്നു. പദാനുപദ വിവർത്തനമാണ് അവർ നിഷ്കർഷിച്ചിരുന്നത്. സാഹിത്യഭംഗി കുറഞ്ഞാലും സത്യം വികലമായിക്കൂട എന്നതായിരുന്നു ബൈബിൾ സൊസൈറ്റിയുടെ നിലപാട്. ബെയ്‌ലിയുടെ നേതൃത്വത്തിൽ 1829-ൽ ബൈബിളിലെ പുതിയ നിയമം അച്ചടിക്കുകയുണ്ടായി. 1841-ൽ സമ്പൂർണ ബൈബിളും അച്ചടി പൂർത്തീകരിച്ചു. പുസ്തകത്തിന്റെ കൈയ്യെഴുത്തുപ്രതികൾ ആവശ്യാനുസരണം എല്ലാ പള്ളികളിലേക്കും എത്തിക്കാൻ കഴിയാതെ വന്നപ്പോഴാണ് ബെയ്‌ലി പ്രസ് കണ്ടുപിടിക്കുകയും പ്രസ് നിർമ്മിക്കുകയും ബൈബിൾ അച്ചടിക്കുകയും ചെയ്തത്. കേരളത്തിലെ മലയാളം അച്ചടിയുടെ പിതാവായി ബെയ്‌ലി അറിയപ്പെടുന്നു. 1839-ൽ ബാസൽ മിഷണറിയായ ഗുണ്ടർട്ട് കേരളത്തിൽ എത്തി. ബെയ്‌ലിയുടെ ബൈബിൾ വിവർത്തനം കുറ്റമറ്റതാക്കാനുള്ള ശ്രമം ഗുണ്ടർട്ട് ആരംഭിച്ചു. ബെയ്‌ലിയുടെ പരിഭാഷ പരിഷ്ക്കരിക്കാൻ മദ്രാസ് ബൈബിൾ സൊസൈറ്റി ഏർപ്പെടുത്തിയ കമ്മറ്റിയുടെ അധ്യക്ഷനും ഗുണ്ടർട്ടായിരുന്നു. ബൈബിളിലെ കാവ്യഗ്രന്ഥങ്ങളാണ് ആദ്യം അദ്ദേഹം വിവർത്തനം ചെയ്തത്.1858-ൽ മംഗലാപുരത്തുനിന്ന് ഗുണ്ടർട്ടിന്റെ പുതിയ നിയമപരിഭാഷ പ്രസിദ്ധീകരിച്ചു. ബെയ്‌ലിയുടെ തർജ്ജമയേക്കാൾ ഗുണ്ടർട്ടിന്റെ പരിഭാഷയിൽ വാക്കുകളുടെ ദൈർഘ്യം ഗണ്യമായി കുറഞ്ഞിരുന്നു. ഇംഗ്ലീഷ് വാക്യരീതിക്കനുസരിച്ചുള്ള പല പ്രയോഗ രീതികളും ഗുണ്ടർട്ട് ഒഴിവാക്കിയിരുന്നു.

പ്രൊട്ടസ്റ്റന്റ് മിഷണറിമാരുടെ പരിഭാഷകൾ ആരംഭിച്ച് ഒരു നൂറ്റാണ്ട് കഴിഞ്ഞപ്പോൾ കത്തോലിക്കരുടെ വേദപുസ്തക തർജ്ജമയുണ്ടായി. കത്തോലിക്കാ ബൈബിളിന് പരിഭാഷയുണ്ടാക്കാൻ ആദ്യം തയ്യാറായത് മഞ്ഞുമ്മേൽ ആശ്രമത്തിലെ ഫാ. അലോഷ്യസ്, ഫാ.മൈക്കിൾ, ഫാ.പോളി കാർപ്പ് എന്നിവരടങ്ങുന്ന വൈദിയ സംഘമായിരുന്നു. ലത്തീൻ ഭാഷയിൽ നിന്നുള്ള ബൈബിൾ വിവർത്തനമാണ് അവർ നടത്തിയത്. 1896ൽ വരാപ്പുഴ പ്രസ്സിൽ നിന്നും 4 സുവിശേഷങ്ങൾ ആദ്യം അച്ചടിച്ച് പ്രസിദ്ധീകരിച്ചു. Pastoral Orientation Centre (POC) യുടെ നേതൃത്വത്തിൽ പുതിയ നിയമത്തിന്റെയും പഴയ നിയമത്തിന്റെയും പരിഭാഷ പ്രസിദ്ധീകരിച്ചു.

വിവർത്തനത്തിൽ നഷ്ടപ്പെടുന്നത് എന്തോ അതാണ് കവിത

ഉചിതമായ പദങ്ങൾ ഉചിതമായ ക്രമത്തിൽ വിന്യസിക്കുന്നതാണ് കവിത. വൃത്തവും താളവും പ്രാസവുമെല്ലാം ഈ വിന്യാസഭംഗിയെ നിർണയിക്കുന്ന ഘടകങ്ങളാണ്. ഭാഷയുടെ ഏറ്റവും മികച്ച പ്രയോഗങ്ങളിൽ ഉന്നതമായൊരു സ്ഥാനമാണ് കവിതയ്ക്കുള്ളത്. മറ്റ് സാഹിത്യകൃതികളെ അപേക്ഷിച്ച് ഭാഷയുടെ വ്യാകരണ നിയമങ്ങളിൽ നിന്നുള്ള വ്യതിചലനം കവിതയിൽ കൂടുതലാണ്. രൂപതലത്തിൽ നിന്ന് ഭാവതലത്തിലേയ്ക്കും ഇത്തരം വ്യതിചലനങ്ങൾ വ്യാപിക്കുന്നുണ്ട്. ലയം,താളം,പ്രാസം തുടങ്ങിയവ കവിതയുടെ രസാസ്വാദനത്തിലും പ്രധാനപങ്ക് വഹിക്കുന്നു.

മൂലകവിതയിലാവിഷ്ക്കരിക്കപ്പെട്ട ഇത്തരം സവിശേഷതകളെല്ലാം ലക്ഷ്യഭാഷയിലും നിലനിർത്തിയാൽ മാത്രമേ മൂലഭാഷയിലെ അനുവാചകന് ലഭിച്ച ആസ്വാദനത്തിന് സമാനമായ ആസ്വാദനം ലക്ഷ്യഭാഷയിലെ അനുവാചകന് ലഭിക്കുകയുള്ളു. വിവർത്തനത്തിന് നഷ്ടപ്പെടുന്നതെന്തോ അതാണ് കവിത എന്നാണ് റോബർട്ട് പ്രൗസ്റ്റിന്റെ അഭിപ്രായം. ഒരു കവിത തന്റെ അനുവാചകനെ അനുഭവിപ്പിക്കുകയാണ് ചെയ്യുന്നത്. വിവർത്തനത്തിലൂടെയും ഈ അനുഭവം അനുവാചകന് ലഭിക്കണം. കവിതാ വിവർത്തനം കാവ്യാനുഭവത്തിന്റെ ഒരുതരം പറിച്ചുനടീലാണെന്ന് കരുതണം. എന്നാൽ നൂറുശതമാനം സമാന പ്രതിപാദനം കവിതാ വിവർത്തനത്തിൽ അസാദ്ധ്യമാണ്.

ഈ ബൈബിൾവിവർത്തനമെല്ലാം തന്നെ ആധുനിക മലയാള ഗദ്യശൈലിക്ക് അടിത്തറ ഉറപ്പിക്കുകയായിരുന്നു. മൂലഗ്രന്ഥത്തിന്റെ കാലക്രമം ദീക്ഷിക്കുകയും പദാനുപദം പരിഭാഷപ്പെടുത്തുകയും ചെയ്യുന്നതിലെ കാർക്കശ്യം ഒരു പരിധിവരെ ഭാഷയെ ക്ലിഷ്ടമാക്കിയിട്ടുണ്ട്.

മിക്ക തർജ്ജമകളിലും അവ വിവർത്തനത്തിന് ഉപയുക്തമാക്കിയ മൂലഭാഷയുടെ ശൈലിയും പദകോശവും കടന്നുകയറിയതാണ് അവ്യക്തതയ്ക്ക് മറ്റൊരു കാരണം. പരിഭാഷകന്റെ ലക്ഷ്യഭാഷാസ്വാധീനക്കുറവും മൂലഭാഷയിലെ ആശയഗ്രഹണത്തിൽ സംഭവിച്ച അവ്യക്തതയും വിവർത്തനത്തിന്റെ ക്ലിഷ്ടതയ്ക്ക് മറ്റൊരു കാരണമാണ്. കൂടാതെ ബൈബിൾ വിവർത്തനത്തിന് സ്വതന്ത്രപരിഭാഷ അനുവദിക്കാതിരുന്നതും വിവർത്തനത്തിന്റെ അവ്യക്തതയ്ക്ക് കാരണമായി തീർന്നു.

പോസ്റ്റ്കൊളോണിയൽ , ഫെമിനിസ്റ്റ് എന്നെല്ലാം വിശേഷിപ്പിക്കപ്പെടുന്ന സൈദ്ധാന്തിക സമീപനങ്ങൾ നൽകുന്ന വെളിപാടുകളാണ് ഇവയുടെ രചനകളിലുള്ളത്. മഹാശ്വേതാദേവിയുടെ നോവലുകൾ ഇംഗ്ലീഷിന്റെ തനിമയെ ഭംജിച്ച് തർജിമ ചെയ്യാൻ ഒരുമ്പെട്ട ഗായത്രി സ്പിവാക്കിന്റെ തർജ്ജമ സിദ്ധാന്തവും പ്രയോഗവും ഏറെ ശ്രദ്ധേയമാണ്. ഏതു തർജ്ജമയും അപൂർണമാണെന്നും പക്ഷപാതപരമാണെന്നും സ്പിവാക്ക് സമർത്ഥിക്കുന്നു. അതിനാൽ തർജ്ജിമയിൽ പരിഗണിക്കപ്പെടേണ്ട പ്രധാനപ്പെട്ട ഒരു കാര്യം തർജ്ജിമക്കാരന്റെ കർത്തൃത്വം ആണ്. തർജ്ജമക്കാരന്റെ നിലപാട്തറ വേർതിരിച്ച് അറിഞ്ഞാലേ തർജ്ജമയയുടെ സാഹിത്യവും രാഷ്ട്രീയവും മനസിലാക്കാൻ കഴിയൂ. മറ്റൊരു തലത്തിൽ പറഞ്ഞാൽ തർജ്ജിമയിലൂടെ തെളിഞ്ഞുകിട്ടുന്ന ആൾരൂപം തർജ്ജിമാകാരന്റേതു തന്നെയാണ്.

**പരിഭാഷയുടെ ഘടനാവാദാനന്തര വിചാരം**

കഴിഞ്ഞ 2 ദശകങ്ങൾക്കിടയിൽ മാനവിക സാമൂഹിക ശാസ്ത്ര പഠനങ്ങളിലെല്ലാം പ്രകടമായ മാറ്റങ്ങൾ ഉണ്ടായി. തർജ്ജമ വിചാരത്തിലും ഇത്തരം മാറ്റങ്ങൾ ദൃശ്യമാണ്. തർജ്ജമയിലെ ഘടനാവാദാനന്തര വിചാരത്തെ തർജ്ജിമയുടെ സാംസ്കാരിക കാണ്ഡം എന്ന് വിശേഷിപ്പിക്കാം. ഏതു ചിഹ്ന വ്യവസ്ഥയും ഓരോ സമൂഹത്തിലാണ് പ്രവർത്തിക്കുന്നത് എങ്കിലും അതാത് സമൂഹത്തിന്റെ സംസ്കാരമാണ് ചിഹ്നവ്യവസ്ഥയെ സ്വാർത്ഥമാക്കുന്നത് എന്നും ഘടനാവാദാനന്തര വിചാരം പറയുന്നു. ചിഹ്നവ്യവസ്ഥയിലെ എല്ലാ ബന്ധങ്ങളും സാഹചര്യം മാറുന്നതിനനുസരിച്ച് വ്യത്യസ്ത അർത്ഥങ്ങളാണ് വരുന്നത്. ഘടനാനന്തരവിചാരത്തിന്റെ ഭലമായി തർജ്ജമ സിദ്ധാന്തങ്ങളെ അടിമുടി പൊളിച്ചെഴുതുകയുണ്ടായി. തർജിമാപഠനം ഭാഷാപഠനത്തിനു പുറത്തേയ്ക്ക്

ഉരുൾപൊട്ടി ഒഴുകി. തർജ്ജമ പഠനം ഒരു സാംസ്കാരിക പഠനമായി തീർന്നത് ഈ കാലഘട്ടത്തിലാണ്. സമതുല്യത എന്ന ആശയം അനാവശ്യവും അപ്രസക്തവുമായി തീർന്നു. കൃതിയും തർജ്ജമകളും തമ്മിലുള്ള ബന്ധം ചിത്രീകരിക്കുവാൻ പുതിയ രൂപങ്ങൾ ഉണ്ടായി.

ആദ്യകാലത്തു നിന്നു തർജ്ജിമ വളരെയേറെ മുന്നോട്ടു പോയി. സമതുല്യതാവാദം അനുസരിച്ച് തർജ്ജമ ഭാര്യയെപോലെ ആണ്. "സുന്ദരിയെങ്കിൽ അവിശ്വസ്ത, വിശ്വസ്ത എങ്കിൽ വിരൂപ"( ഫ്രഞ്ച് പഴമൊഴി) സമമൂല്യതാ വാദത്തിന്റെ നിഴലിൽ സാഹിത്യ രസികന്മാർ ചുണ്ടിൽ നിന്നും ഇറക്കിവയ്ക്കാത്ത ഒരു പഴമൊഴിയാണിത്. തർജ്ജമയിലെ ഇത്തരം വിശ്വസ്ത വാദങ്ങളിൽ മറഞ്ഞിരിക്കുന്ന അധികാരികളിൽ ഘടനാവാദാനന്തര വിചാരം പൊളിച്ചെഴുതുന്നു. തർജ്ജമയെ സമതുല്യതാ വാദത്തിന്റെ അഴുക്കു ചാലുകളിൽ വലിച്ചിഴയ്ക്കാൻ അവർ ഇഷ്ടപ്പെടുന്നില്ല. സംസ്കാര പഠനം തർജ്ജമയുടെ രാഷ്ട്രീയത്തിനും സാഹിത്യത്തിനും പ്രാധാന്യം നൽകുന്നുണ്ട്. തർജ്ജിമയെ സ്വാർത്ഥമാക്കുന്നത് സംസ്കാരപഠനം ആണ് എന്ന നിലപാടാണ് ഘടനാവാദാനന്തര വിചാരത്തിലുള്ളത്.

**വാൾട്ടർ ബെഞ്ചമിന്റെ വിവർത്തന സിദ്ധാന്തം**

വിവർത്തന സിദ്ധാന്ത ചരിത്രത്തിലെ പുതിയ ആശയങ്ങൾ കൊണ്ടുവന്ന മാർക്സിസ്റ്റ് ചിന്തകനായിരുന്ന. വിവർത്തനം എന്നത് മൂലകൃതിയുടെ പ്രതിധ്വനിയാണെന്നും അത് മൂലകൃതിയിൽ ജനിച്ച മറ്റൊരു കൃതിയാണെന്നും അദ്ദേഹം വാദിക്കുന്നു. മൂലകൃതി തന്റെ കൈപ്പിടിയിൽ ഒതുങ്ങുകയില്ല എന്ന ബോധ്യമാണ് തർജ്ജമക്കാരനെ സാഹസികനാക്കുന്നത്. സമഗ്രത തനിക്കു കീഴടങ്ങുന്നില്ല എന്നതിന്റെ സാക്ഷ്യമാണ് ഓരോ തർജിമയും. സാധ്യതകൾ തേടിയുള്ള അന്വേഷണം എന്ന നിലയ്ക്കാണ് അത് വിലമതിക്കപ്പെടുന്നത്. വാൾട്ടറിന്റെ ആഭിമുഖ്യത്തിൽ ഉടഞ്ഞുപോയ പാത്രം കൂട്ടിച്ചേർക്കാൻ കഷ്ണങ്ങൾ സമമൂല്യങ്ങൾ ആയിരിക്കണമെന്നില്ല. അവ തമ്മിൽ പൊരുത്തം ഉണ്ടായാൽ മതി. അതുപോലെ മൂല്യവുമായി തുല്യത തർജ്ജമകൾക്ക് ആവശ്യമില്ല. മൂലവും തർജ്ജിമകളും ഒരേ മഹാഭാഷയുടെ ഭാഗങ്ങൾ ആയിരിക്കണം. പദാനുപദക്കാരല്ല, സ്വതന്ത്ര തർജ്ജമക്കാരാണ് ഭാഷയേയും സാഹിത്യത്തെയും പരിപോഷിപ്പിക്കുന്നത്. ഈ നിലയ്ക്ക് നോക്കിയാൽ വാൾട്ടർ തർജ്ജിമ സിദ്ധാന്തം മൊഴിയിൽ നിന്നും കർത്താവിലേയ്ക്കുള്ള

യാത്രയാണ്. ഭാരതീയ തർജ്ജിമാ പാരമ്പര്യം ഇതിഹാസ തർജ്ജിമകളിലൂടെ ഇക്കാര്യം വെളിവാക്കിയിട്ടുണ്ട്.

**പരിഭാഷ ഒരു സാംസ്കാരിക സംരംഭം**

വിവർത്തകൻ സ്രോതഭാഷയിലെ സംസ്കാരത്തിന്റെ രൂപം ലക്ഷ്യഭാഷയെന്ന മാധ്യമത്തിലൂടെ ചിത്രീകരിക്കുകയാണ് ചെയ്യുന്നത്. ഒരു ഭാഷയിലെ തനതുസംസ്കാരം പല പ്രത്യേകതകൾ ഉൾക്കൊള്ളുന്നതിനാൽ അത് യഥാതഥമായി മറ്റൊരു ഭാഷയിൽ അവതരിപ്പിക്കുവാൻ ഒരിക്കലും കഴിയുകയില്ല. സംസ്കാരം എന്ന പദം പല മണ്ഡലങ്ങളിലും അർത്ഥഭേദങ്ങളിലുമാണ് ഇന്ന് ഉപയോഗിക്കുന്നത്. ഇസഡോർ പിഞ്ചക് എന്ന പണ്ഡിതൻ സയന്റിഫിക് ആൻഡ് ടെക്നിക്കൽ ട്രാൻസലേഷൻ എന്ന ഗ്രന്ഥത്തിൽ സംസ്കാരത്തെ വളരെ വിശദമായി അപഗ്രഥിച്ചിരിക്കുന്നു. സംസ്കാരം എന്ന ശീർഷകത്തിൽ അദ്ദേഹം അഞ്ചു വിഷയങ്ങൾ ഉൾപ്പെടുത്തിയിരിക്കുന്നു. അവ പരിസരവിജ്ഞാനം, സാമൂഹ്യബന്ധങ്ങൾ, സാങ്കേതികവിദ്യ, വിശ്വാസങ്ങളും മൂല്യങ്ങളും, ഭാഷയും കലയുമാണ് ഇവയെല്ലാം ചേർന്നാണ് ഒരു ഭാഷ സംസാരിക്കുന്നവരുടെ സംസ്കാരം രൂപപ്പെടുന്നത്. അതിനാൽ ഇവയിൽ ഓരോന്നിലുമുള്ള കാതലായ പദങ്ങളും പ്രയോഗങ്ങളും വിവർത്തകന് എത്രത്തോളം ഫലവത്തായി പരിഭാഷപ്പെടുത്താൻ സാധിക്കുന്നു എന്ന പ്രശ്നം പ്രധാനമാണ്. അതുകൊണ്ട് ഒരു രാജ്യത്തെ വിവിധ ഭാഷകളിലേക്ക് വിവർത്തനം ചെയ്യുന്നതിനേക്കാൾ ബുദ്ധിമുട്ടാണ് വിദേശ ഭാഷകളിലേക്ക് വിവർത്തനം നടത്തുന്നത്.

കർത്താവ്, കമ്പർ, തുളസിദാസ്, ചീരാമൻ, കണ്ണശൻ, എഴുത്തച്ഛൻ എന്നിങ്ങനെ ഓരോ തർജിമക്കാരനും തികഞ്ഞ സ്വാതന്ത്ര്യബോധത്തോടെ വാത്മീകി രാമായണം പുനരവതരിപ്പിച്ചു. ഇത് വാൾട്ടർ ബെഞ്ചമിന്റെ സിദ്ധാന്തം പുറത്തുവരുന്നതിന് എത്രയോ വർഷം മുൻപ് ആയിരുന്നു എന്നത് ഭാരതീയ തർജ്ജിമാ പാരമ്പര്യത്തിന്റെ മഹത്വം വെളിപ്പെടുത്തുന്നു.

**വിവർത്തനത്തിന്റെ ശുദ്ധഭാഷാ സങ്കല്പം**

ബെഞ്ചമിൻ മുന്നോട്ടു വയ്ക്കുന്ന മറ്റൊരു ചിന്തയാണ്. ഓരോ കൃതിയിലും അന്തർലീനമായിരിക്കുന്ന കാവ്യ ശക്തിക്കാണ് അദ്ദേഹം ശുദ്ധഭാഷ എന്ന് പറയുന്നത്. ഈ കാവ്യശക്തി യെ വെളിപ്പെടുത്തുകയാണ് വിവർത്തകരുടെ കർത്തവ്യം. യഥാർത്ഥ വിവർത്തനം മൂലകൃതിയുടെ സത്തയെ മറക്കാതെ ശുദ്ധ ഭാഷയെ പ്രസരിപ്പിക്കുന്നത് ആകണമെന്നും ഇദ്ദേഹം അഭിപ്രായപ്പെടുന്നു.

**കോളനിയാനന്തരവാദം പരിഭാഷയെ സ്വാധീനിച്ച വിധം**

യൂറോ അക്കാദമിയെ ബാധിച്ചിരിക്കുന്ന ഭൂതം ആയിട്ടാണ് കോളനിയാനന്തരവാദത്തെ കാണുന്നത്. സ്ത്രീവാദം, പരിസ്ഥിതിവാദം തുടങ്ങിയവ മറ്റ് ഭൂതങ്ങളിൽ നിന്ന് വ്യത്യസ്തമായി ഇത് യൂറോപ്പിന്റെ അസ്ഥിത്വത്തെ തന്നെയാണ് ചോദ്യം ചെയ്യുന്നത്. ആരുടെ അധ്വാനത്തിനും രക്തത്തിലുമാണ് സ്വയം തങ്ങളെ കെട്ടിപ്പടുത്തുന്നത് എന്ന് അത് നിരന്തരം ഓർമ്മപ്പെടുത്തുന്നു. ഭൂമിയുടെ ഏക അവകാശിയായി കരുതപ്പെട്ട തങ്ങളുടെ സ്വത്വം അപരന്റെ ബലത്തിലാണ് നിർമ്മിക്കപ്പെട്ടതെന്ന് വെളിപ്പെടുത്തുകയും ചെയ്യുന്നു.

അമേരിക്കയെയും ഏഷ്യയെയും ആഫ്രിക്കയെയും കീഴടക്കിക്കൊണ്ടാണ് യൂറോപ്പ് അതിന്റെ കോളനീകരണം ആരംഭിച്ചത്. 1492- ൽ കൊളംബസിൽ ആരംഭിച്ച ഈ യാത്ര 1496-ൽ വാസ്കോഡ ഗാമയിലൂടെ ഏഷ്യയിലേക്കും തുടർന്ന് ആഫ്രിക്കയിലേക്കും വ്യാപിച്ച പ്രക്രിയ ആയിരക്കണക്കിനു മനുഷ്യരെ കൊന്നൊടുക്കിയ വലിയ ഒരു യുദ്ധം തന്നെയായിരുന്നു കോളനീകരണം. അതുകൊണ്ടുതന്നെ വികസിതമായൊരു ജനത അഹങ്കരിച്ചത്, അക്രമമായാണ് മറ്റൊരു ജനത അനുഭവിച്ചത്. ചരിത്രത്തിലെ ഏറ്റവും വലിയ ഘടനാപരമായ അക്രമമായിരുന്നു കോളനീകരണം. 3-ാം ലോക സമൂഹത്തിന്റെ അസ്ഥിത്വത്തെ പടിഞ്ഞാറൻ അക്കാഡമികളിൽ സ്ഥാപിക്കാൻ ശ്രമിക്കുകയാണ് കോളനിയാനന്തരവാദം ചെയ്യുന്നത്. കോളനിയാനന്തരവാദത്തിന്റെ ആദ്യ വക്താക്കളായി വന്നത് സൈദും, ഗായത്രി സ്പിവാക്കും, ഹോമിഭാഭയുമായിരുന്നു. ഇന്ത്യയുൾപ്പെടെയുള്ള രാജ്യങ്ങളിലെ ഇംഗ്ലീഷ് പാഠ്യപദ്ധതിയിലാണ് കോളനിയാനന്തരവാദം ഒരു അക്കാദമിക് വിഷയമായി പ്രത്യക്ഷപ്പെട്ടത്.

**കോളനിയാനന്തരവാദം / സ്വാതന്ത്ര്യാനന്തരവാദം**

കോളനി ഭരണത്തിനു ശേഷമുള്ള കാലഘട്ടമെന്ന അർത്ഥത്തിലാണ് കോളനിയാനന്തരം അഥവാ Post Colonial എന്ന വിശേഷണം ആദ്യം ഉപയോഗിച്ചത്. എന്നാലിന്ന് രണ്ട് അർത്ഥത്തിൽ ഇത് ഉപയോഗിക്കുന്നുണ്ട്. സാമ്രാജ്യത്വ ശക്തി കടന്നുവന്നതിന് ശേഷമുള്ള മുഴുവൻ കാലത്തെയും സൂചിപ്പിക്കാൻ കോളനിയാനന്തരം എന്നതിന് യൂറോപ്യൻ ശക്തികളിൽ നിന്നും സ്വാതന്ത്ര്യം നേടി എന്നതിന് ശേഷമുള്ള കാലം എന്ന അർത്ഥത്തിൽ സ്വാതന്ത്ര്യാനന്തരം എന്ന പദവും പ്രയോഗിക്കുന്നു. കൊളോണിയൽ ആധിപത്യത്തിൽ നിന്ന് വിവേചന സമീപനമായി

കാണുമ്പോൾ സ്വാതന്ത്ര്യം നേടിയതിന് ശേഷമുള്ള കാലഘട്ടം നമുക്ക് സ്വാതന്ത്ര്യാനന്തര കാലഘട്ടമാണ്. സ്വാതന്ത്ര്യാനന്തരം എന്ന് പ്രയോഗിക്കുമ്പോഴുണ്ടാകുന്ന ധാരണ ഒരു പ്രദേശത്തോ രാജ്യത്തോ മാത്രം നിലനിന്ന പ്രകൃതിയാണെന്ന തോന്നൽ ആണ്. എന്നാൽ കോളനിയാനന്തരം എന്ന് പറയുമ്പോൾ രാജ്യാതിർത്തികൾക്കപ്പുറത്ത് വിദേശ ശക്തികളുടെ കീഴടക്കലിനെയും അതിൽ നിന്നുള്ള മോചനത്തെയും സൂചിപ്പിക്കുന്നു. സ്വാതന്ത്ര്യാനന്തരം എന്നുള്ളത് ഭാവിയിലൂന്നുന്ന ഒരു പ്രയോഗമാണ്. അതായത് ഒരു നൂതന സ്വന്തം രാജ്യത്തിന്റെ ഭാവിയിലേക്ക് ഉറ്റുനോക്കുന്നതിന്റെ രാഷ്ട്രനിർമ്മാണ പ്രവർത്തനമാണ് കോളനിയാനന്തരം എന്ന മർദ്ദിതമായ ഭൂതകാലത്തെ മുൻനിർത്തിയുള്ള നിരന്തരമായ നിഷേധമാണ് സ്വാതന്ത്ര്യാനന്തരം, അസ്വാതന്ത്ര്യത്തിൽ നിന്ന് സ്വാതന്ത്ര്യത്തിലേക്കുള്ള പൂർണ്ണ പരിണാമമാണ് സൂചിപ്പിക്കുന്നത്. ഇവിടെ രണ്ട് ഘട്ടങ്ങൾ തമ്മിൽ പൂർണമായ ഒരു വേർതിരിവു കാണുന്നു. കോളനിയാനന്തരത്തിൽ ഒരു സമൂഹത്തോട് പൂർവ്വകാലത്തോട് പൂർണമായി വിട പറയുന്നില്ല. കൊളോണിയൽ കാലത്തെ പല ബാധ്യതകളും ഇന്നും ആ സമൂഹം ഉൾക്കൊണ്ടിരിക്കുന്നു.

സ്വാതന്ത്ര്യാനന്തരവാദ ചിന്ത രാഷ്ട്രതലത്തിൽ നിലനിൽക്കുമ്പോൾ കോളനിയാനന്തരവാദം അന്താരാഷ്ട്ര തലത്തിൽ തന്നെ ഒരു വ്യവച്ഛേദം കൊണ്ടുവരാൻ ഇടയാകുന്നു.

### സമതുല്യതയെക്കുറിച്ചുള്ള സങ്കല്പങ്ങൾ പരിഭാഷയിൽ

സമതുല്യതയെ വിവർത്തന സമതുല്യതയെന്നും സമതുല്യതാ സംഭവ്യതയെന്നും തിരിച്ചിരിക്കുന്നു. ശ്രോതപാഠത്തിന്റെ മൂല്യത്തോട് ലക്ഷ്യപാഠം പുലർത്തുന്ന തുല്യതയാണ് വിവർത്തന സമതുല്യത. ശ്രോതപാഠത്തിന്റെ സന്ദർഭാനുസരണമുള്ള മൂല്യത്തിന് പരമാവധി തുല്യത ലക്ഷ്യഭാഷാ സന്ദർഭത്തിൽ പുലർത്തുന്ന ഗുണമാണ് സമതുല്യത. വിവർത്തനത്തിന്റെ വിശ്വാസ്യത അളക്കാൻ പറ്റുന്ന പ്രയോജനകരമായ അളവുകോലാണിത്.

ഉദാഃ My son is six എന്നതിന്റെ വിവർത്തന മൂല്യതയാണ് എന്റെ മകന് ആറ് വയസ്സായി. അവ രണ്ടും സമമൂല്യങ്ങളാണ്. My എന്ന ശ്രോതപദത്തോട് തുല്യമാണ് എന്റെ എന്ന പദം, son, is, six എന്നിവയോട് സമമൂല്യമായ ലക്ഷ്യഭാഷാംശങ്ങളാണ് മകൻ, ആറ്, ആണ് എന്നിവയാണെങ്കിൽ മലയാളത്തിലെ വാക്യ സ്വരൂപമാകുന്നതിന് മകന് ആറ് വയസ് എന്ന് പ്രയോഗിക്കുന്നത്.

**സമമൂല്യത സംഭവ്യത**

ശ്രോതപാഠത്തിന് വിവർത്തനത്തിൽ ഒന്നിലധികം ലക്ഷ്യപാഠത്തിൽ ഉണ്ടെങ്കിൽ സമമൂല്യത സംഭവ്യത എന്ന് പറയുന്നു. ഉദാഃ Crack എന്ന പദത്തിന് പൊടിക്കുക വിവർത്തന സമമൂല്യതയുള്ള മലയാള പദങ്ങൾ പൊട്ടുക, പൊട്ടിക്കുക എന്നിവയാണ്. ഇപ്രകാരം ലക്ഷ്യപാഠത്തിൽ പകരം ഇരുത്താൻ കഴിയുന്ന പദങ്ങളുടെ കൂട്ടത്തെ സംഭവ്യത ഗണമെന്നും വിവർത്തനത്തിൽ സമമൂല്യമായ പ്രയോഗങ്ങൾ കടന്നുവരാനുള്ള സാധ്യതയെ സമമൂല്യത സംഭവ്യത എന്നു വിളിക്കുന്നു.

സ്വനിമം, രൂപിമം, പദം, പ്രയോഗം, വാക്യം, വ്യാകരണം, എന്നീ ഭാഷാ പ്രതലങ്ങളിലെല്ലാം സമമൂല്യത എന്ന ആശയം കടന്നുവരുന്നുണ്ട്.

എം.കെ. രാമാനുജൻ - വിവർത്തന വീക്ഷണം.

എം.കെ. രാമാനുജന്റെ വീക്ഷണമനുസരിച്ച് പരിഭാഷയെ 3 വിധത്തിൽ മനസിലാക്കാം.

1. ഐകോണിക് (Iconic)
2. ഇൻഡെക്സിക്കൽ (Indexial)
3. സിംബോളിക് (Symbolic)

1. ഐകോണിക് ട്രാൻസ്ലേഷൻ

വിവർത്തനത്തിൽ മൂലകൃതിയും ലക്ഷ്യകൃതിയും തമ്മിൽ ക്രമരൂപബന്ധിതമായ സാമ്യം നിലനിൽക്കുന്നു. സാമ്യം നിലനിർത്തുന്നതാണ് ഐകോണിക് ട്രാൻസ്ലേഷൻ. മൂല ഭാഷയുടെ വിശ്വസ്ത ഭാഷയാണ് ലക്ഷ്യഭാഷയിൽ കാണാനാവുന്നത്.

ഉദാഹരണമായി ഃ ഒഡീസിയുടെ പരിഭാഷ നടത്തിയപ്പോൾ ലക്ഷ്യഭാഷയിൽ ചാപ്പ്മെൻ (Chapmen) അതേ രൂപം തന്നെ നിലനിർത്തിയിരിക്കുന്നു.

2. ഇൻഡെക്സിക്കൽ

ഈ പരിഭാഷയിൽ ശ്രോത കൃതിയിലെ അടിസ്ഥാന കാര്യങ്ങളെല്ലാം നിലനിർത്തുന്നു. അതായത് ശ്രോത കൃതിയുടെ പശ്ചാത്തലം, സന്ദർഭം കഥാപാത്രങ്ങൾ എന്നിവയിൽ മാറ്റമില്ല. എന്നാൽ പ്രാദേശിക ഉപമകളും വീക്ഷണങ്ങളും ഫോക്ക്ലോർ സമീപനങ്ങളും ലക്ഷ്യകൃതിയിൽ തിരുകി

കയറ്റുന്ന മൂലകൃതി പ്രാദേശിക പാരമ്പര്യങ്ങളിലേക്ക് പറിച്ചു നടുകയാണ് ചെയ്യുന്നത്.

3. സിംബോളിക് ട്രാൻസ്ലേഷൻ

ഇവിടെ ലക്ഷ്യകൃതിയിൽ ശ്രോതകൃതിയുടെ പശ്ചാത്തലവും കഥാപാത്രങ്ങളും വളരെ കുറച്ചു മാത്രമേ ഉപയോഗിക്കുന്നുള്ളു. ഒരു പക്ഷെ പൂർണമായും വ്യത്യസ്തമായ പുതിയ കാര്യങ്ങൾ പറയാൻ മാത്രമേ അവയെ ഉപയോഗിക്കുന്നുള്ളു. പലപ്പോഴും നൂന കൃതിയെ തലകീഴായി മറിക്കാനുള്ള ശ്രമം ഈ പരിഭാഷയിൽ സംഭവിക്കുന്നുള്ളു. മൂലകൃതിക്ക് തീർത്തും എതിർ ദിശയിലുള്ള ഒരു കൃതിയായി ലക്ഷ്യകൃതി ഇവിടെ മാറ്റപ്പെടുന്നു. ഉദാഃ കഥ, സന്ദർഭം, പ്രാദേശികം.

വച്ചുമാറ്റമാണ് പരിഭാഷ

മൂലഭാഷയിലെ പ്രതീകങ്ങൾക്കുപകരം ലക്ഷ്യഭാഷക്കിണങ്ങിയ പ്രതീകങ്ങൾ കോർത്തുകെട്ടുക എന്ന പ്രക്രിയയുടെ ആദ്യത്തെപ്പടി മൂല പ്രതീകങ്ങൾ നിർവഹിക്കുന്ന ധർമ്മം വ്യക്തമായി മനസ്സിലാക്കുക എന്നതാണ്. ഈ പ്രാഥമിക ആവശ്യം പോലും ഒരളവിൽ കവിഞ്ഞ് നിറവേറ്റുവാൻ സാധ്യമല്ല. ഒരേ ഭാഷ സംസാരിക്കുന്ന വെവ്വേറെ വ്യക്തികളുടെ മനസ്സിൽ ഒരേ പദം താന്താങ്ങളുടെ പൂർവ്വാനുഭവത്തിന്റെ വെളിച്ചത്തിൽ ഈഷദ്ഭിന്നമായ അതിർവരമ്പുകളാർന്ന ആശയപ്രപഞ്ചങ്ങളെയാണ് ആവിഷ്ക്കരിക്കാറുള്ളതെന്ന് അർത്ഥവിജ്ഞാനം വ്യക്തമാക്കുന്നു. മാതൃഭാഷയിൽ പോലും എല്ലാ പ്രതീകങ്ങൾക്കും എല്ലാ സന്ദർഭങ്ങളിലുമുള്ള ആന്തരാർത്ഥം മുഴുവനും ആർക്കും പിടികിട്ടാറില്ല. പ്രതീകങ്ങൾ ഓരോ ഭാഷയിലും നിയതമായ സന്ദർഭങ്ങളിലായിരിക്കും അണിനിരക്കുക. തർജ്ജമ എഴുതുന്ന കൃതിയിൽ ഓരോ പ്രതീകവും ഏതേതു സന്ദർഭത്തിലാണ് പ്രയുക്തമായിരിക്കുന്നത് എന്നുമാത്രം പരിശോധിച്ചതുകൊണ്ടായില്ല.എന്തുമാത്രം വിസ്തൃതമായിരിക്കുന്നു എന്നതും പരിഭാഷകൻ പരിഗണിച്ചേ പറ്റൂ. നിർദ്ദിഷ്ട പ്രതീകത്തിന് മൂലഭാഷയിലുള്ള മറ്റ് പ്രതീകങ്ങളോട് വിവിധ പ്രകാരങ്ങളിൽ പെട്ട കെട്ടുപാടുകൾ കാണുന്നു. അവയിൽ നിന്നുയിർകൊള്ളുന്ന അർത്ഥപരമ്പരകളുടെ ആകെത്തുകയാണ് ആ പ്രതീകത്തിന്റെ അന്തഃസാരം.

**ആദ്യകാല വിവർത്തന സിദ്ധാന്തങ്ങൾ**

വിവർത്തനം പാശ്ചാത്യദേശങ്ങളിലും പൗരസ്ത്യദേശങ്ങളിലും നടന്നിട്ടുണ്ട്. എന്നാൽ വിവർത്തനത്തിന് ശാസ്ത്രീയ സിദ്ധാന്തങ്ങൾ രൂപവൽക്കരി

ക്കാനുള്ള ശ്രമം കൂടുതലും നടന്നത് പാശ്ചാത്യ രാജ്യങ്ങളിലാണ്.

ആദ്യമായി വിവർത്തന സിദ്ധാന്തം ആവിഷ്ക്കരിച്ച പാശ്ചാത്യ പണ്ഡിതൻ എറ്റിയെൻ ഡോലൈറ്റ് ആണെന്നു പറയപ്പെടുന്നു. 1540-ലാണ് തന്റെ സിദ്ധാന്തം കുറിച്ചത്. അദ്ദേഹത്തിന്റെ സിദ്ധാങ്ങൾ പഞ്ചതത്വങ്ങൾ എന്ന പേരിൽ അറിയപ്പെടുന്നു.

**ഡോലെറ്റിന്റെ പഞ്ചതത്വങ്ങൾ**

1. വിവർത്തകൻ താൻ വിവർത്തനം ചെയ്യുന്ന കൃതിയുടെ ഉള്ളടക്കവും മൂലലേഖകന്റെ ഉദ്ദേശ്യവും ഭംഗിയായി ഗ്രഹിച്ചിരിക്കണം.

2. വിവർത്തകന് സ്രോതഭാഷയിൽ പൂർണ്ണമായ അവഗാഹം ഉണ്ടായിരിക്കണം. അത്രയും തന്നെ അവഗാഹം ലക്ഷ്യഭാഷയിലും വേണം.

3. പദത്തിനുപദം എന്ന ക്രമത്തിൽ വിവർത്തനം ചെയ്യാനുള്ള പ്രവണത ഒഴിവാക്കണം. കാരണം, അങ്ങനെ ചെയ്യുന്നതുകൊണ്ട് മൂലകൃതിയുടെ അർത്ഥത്തിനു കോട്ടം തട്ടുകയും അതിലെ അവതരണഭംഗി നഷ്ടപ്പെടുകയും ചെയ്യും.

4. വിവർത്തനത്തിന് ഉപയോഗിക്കുന്ന ഭാഷ സാധാരണ പ്രചാരത്തിലുള്ളതായിരിക്കണം.

5. ഉചിതമായ പദങ്ങളും സമുചിതമായ പദവിന്യസവുംകൊണ്ട് വിവർത്തകൻ തന്റെ വിവർത്തനത്തിൽ ഉചിതമായ സ്വരവ്യന്യാസത്തോടുകൂടിയ മൊത്തത്തിലുള്ള ഫലപ്രതീതി ഉണ്ടാക്കണം.

ഡ്രൈഡൻ (1680)

വിഖ്യാതകവിയും നിരൂപകനുമായ ഡ്രൈഡന്റെ അഭിപ്രായത്തിൽ വിവർത്തനത്തിന് അടിസ്ഥാനപരമായി മൂന്നു ശൈലികൾ കാണാവുന്നതാണ്.

1. മെറ്റാഫ്രേസ് (പദവിവർത്തനം) : പദത്തിനു പദവും വരിക്കുവരിയുമായി വിവർത്തനം ചെയ്യുന്ന രീതി

2. പാരഫ്രേസ് (പരാവർത്തനം) : ഈ വിവർത്തനത്തിൽ മൂലലേകഖന്റെ രചനയെ വളരെ അവധാനത്തോടെ മുന്നിൽ കാണുകയും അതിലെ പദങ്ങളെക്കാൾ അർത്ഥത്തെ കൂടുതൽ അനുഗമിക്കാൻ ശ്രമിക്കുകയും ചെയ്യുന്നു.

3. ഇമിറ്റേഷൻ (അനുകരണം) : ഈ വിവർത്തനത്തിൽ മൂലകൃതിയിലെ

പദങ്ങളോടും അർത്ഥത്തോടും സ്വാതന്ത്ര്യം കാണിക്കുന്നതിനു പുറമെ മൂല കൃതിയുടെ അന്തർഗ്ഗതം ആവശ്യപ്പെടുന്നതായി തോന്നിയാൽ മൂലകൃതിയിലെ ചില പദങ്ങളും അർത്ഥവും വിട്ടുകളയാൻ വിവർത്തകന് അനുവാദമുണ്ട്.

## ടൈറ്റ്ലരുടെ തത്വത്രയം (1790)

പ്രശസ്ത പണ്ഡിതനായ ടൈറ്റ്ലർ വിവർത്തനത്തിന്റെ സാർവ്വലൗകിക തത്വങ്ങളെക്കുറിച്ച് മൂന്ന് കാര്യങ്ങൾ രേഖപ്പെടുത്തിയിരിക്കുന്നു.

1. വിവർത്തനം മൂലകൃതിയിലെ ആശയം സമ്പൂർണ്ണമായി അവതരിപ്പിക്കുന്നതായിരിക്കണം.

2. വിവർത്തനത്തിലെ ലേഖനരീതിയും ശൈലിയും മൂലകൃതിയിലെ ലേഖനരീതിയും ശൈലിയും തന്നെ ആയിരിക്കണം.

3. മൂലകൃതിയിലെ ലാളിത്യം മുഴുവനും വിവർത്തനത്തിലും ഉണ്ടായിരിക്കണം.

## കവിതാ വിവർത്തനം

ഉചിതമായ പദങ്ങൾ, ഉചിതമായ ക്രമത്തിൽ വിന്യസിക്കുന്നതാണ് കവിത. വൃത്തവും താളവും പ്രാസവുമെല്ലാം ഈ വിന്യാസ ഭംഗിയെ നിർണ്ണയിക്കുന്ന ഘടകങ്ങളാണ്. ഭാഷയുടെ ഏറ്റവും മികച്ച പ്രയോഗങ്ങളിൽ ഉന്നതമായൊരു സ്ഥാനമാണ് കവിതയ്ക്കുള്ളത്. ഇതരസാഹിത്യ കൃതികളെ അപേക്ഷിച്ച് ഭാഷയുടെ വ്യാകരണ നിയമങ്ങളിൽ നിന്നുള്ള വ്യതിചലനം കവിതയിൽ കൂടുതലാണ്. രൂപതലത്തിൽ നിന്ന് ഭാവതലത്തിലേക്കുകൂടി അത്തരം വ്യതിചലനങ്ങൾ വ്യാപിക്കുന്നുണ്ട്. ലയം, താളം, പ്രാസം, തുടങ്ങിയവ കവിതയുടെ രചനയിലും ആസ്വാദനത്തിലും പ്രധാന പങ്കു വഹിക്കുന്നു. മൂലകവിതയിൽ ആവിഷ്ക്കരിക്കപ്പെട്ട ഇത്തരം സവിശേഷതകളെല്ലാം ലക്ഷ്യഭാഷയിലും നിലനിർത്തിയാൽ മാത്രമേ സ്രോതഭാഷയിലെ അനുവാചകന് ലഭിച്ച ആസ്വാദനത്തിന് സമാനമായ ആസ്വാദനം ലക്ഷ്യഭാഷയിലെ അനുവാചകന് ലഭിക്കുകയുള്ളൂ. വിവർത്തനത്തിൽ നഷ്ടപ്പെടുന്നതാണ് കവിത എന്ന ഒരു പണ്ഡിത മതം പോലുമുണ്ട്. ഒരു കവി തന്റെ അനുവാചകനെ തന്റെ കവിത അനുഭവിപ്പിക്കുകയാണ്. വിവർത്തനത്തിലൂടെയും ഈ അനുഭവം അനുവാചകന് ലഭിക്കണം. കവിതാ വിവർത്തനം കാവ്യാനുഭവത്തിന്റെ ഒരുതരം പറിച്ചുനടീൽ ആണെന്നു കരുതണം. ഇവിടെയുണ്ടാകുന്ന പ്രശ്നങ്ങൾ നിരവധിയാണ്. ധ്വനികൾ, ഈണം, പദം,

ശൈലി തുടങ്ങി ഭാഷാപരമായ പ്രശ്നങ്ങൾ, ലയം, താളം, പ്രാസം തുടങ്ങിയ പുന:സൃഷ്ടിപരമായ പ്രശ്നങ്ങൾ. നൂറുശതമാനം സമാന പ്രതിപാദനം കവിതാവിവർത്തനത്തിൽ അസാധ്യമാണ്. രൂപത്തിലും ഭാവത്തിലും താളം, ലയം, പ്രാസം, അലങ്കാരം, ഭാവന തുടങ്ങിയവയിലും പല വിട്ടുവീഴ്ചകളും വേണ്ടി വരും. ഏത് അംശങ്ങൾ നിലനിർത്തണം, ഏത് ഉപേക്ഷിക്കണം, ഏതിനു പകരം ഏത് എന്നെല്ലാം തീരുമാനിക്കുന്നതിന് വിവർത്തകന് ലക്ഷ്യബോധവും ഔചിത്യബോധവും കൈമുതലായി ഉണ്ടായിരിക്കണം. മൂലകലാസൃഷ്ടിയുടെ ജൈവപരമായ പ്രത്യേകതകൾ നിലനിർത്തുക എന്നതായിരിക്കണം മുഖ്യപരിഗണന. അതിനാൽ ലക്ഷ്യ ഭാഷയിലെ ഒരു കവി തന്നെയായിരിക്കും കവിതാ വിവർത്തനത്തിൽ കൂടുതൽ വിജയിക്കുക. സാധാരണ വിവർത്തകനെക്കാൾ കവി കൂടിയായ ഒരു വിവർത്തകന് കാര്യങ്ങൾ എളുപ്പത്തിൽ മനസ്സിലാക്കാൻ സാധിക്കും.

**ശാസ്ത്രകൃതികളുടെ തർജ്ജമയിൽ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ**

ശാസ്ത്ര സംബന്ധമായ പദസഞ്ചയത്തെ സംബന്ധിച്ചിടത്തോളം അവികസിതമോ അല്പമാത്ര വികസിതമോ ആയ ഭാഷകളിലേയ്ക്ക് തർജ്ജമ ചെയ്യാനുള്ള പ്രധാനപ്പെട്ട പ്രശ്നം സാങ്കേതിക സംജ്ഞകളാണ്. അന്താരാഷ്ട്ര അംഗീകാരം സിദ്ധിച്ചിട്ടുള്ള സംജ്ഞകളെ അതേപടി നമ്മുടെ ഭാഷകളിലും പ്രയോഗിക്കുകയാണു വേണ്ടതെന്ന അഭിപ്രായത്തിനാണ് ഇപ്പോൾ പൊതു സമ്മതി ലഭിച്ചിട്ടുള്ളത്. ഏതൊക്കെയാണ് ഈ അന്താരാഷ്ട്രീയ സാങ്കേതിക സംജ്ഞകൾ എന്ന് നിർണ്ണയിക്കുന്നതിനാകട്ടെ സാർവ്വജനീനമായ നിയമങ്ങൾ ഇനിയും ഉണ്ടായിട്ടില്ല. ഈ നിയമങ്ങളെല്ലാം ചുറ്റപ്പെട്ടു കിട്ടുന്നതുവരെ കാത്തിരിക്കാൻ കഴിയില്ല. അതുകൊണ്ട് അതതു വിജ്ഞാനശാഖയിൽ ശബ്ദാവലികളോ സാങ്കേതിക സംജ്ഞാന്നതിനോ സ്വന്തം ജീവിത വീക്ഷണവും അവബോധവും പ്രകടമാക്കുന്നതിനോ പരിഭാഷകൻ കണ്ടെത്തിയ ഉപാധിമാത്രം.

തർജ്ജമയിലെ ഏകകങ്ങൾ ഏവ? വിശദമാക്കുക.

പ്രതീകങ്ങളുടെ വച്ചുമാറ്റമാണ് ഒരർത്ഥത്തിൽ തർജ്ജമ. ഇപ്രകാരം വച്ചുമാറാനുള്ള ചിഹ്നങ്ങളും പ്രതീകങ്ങളുമാണ് പരിഭാഷകൻ കൈകാര്യം ചെയ്യേണ്ട ഏകകങ്ങൾ.

പദമാണ് ഭാഷാപരമായ ഏകകം എന്ന ചിന്താഗതിയ്ക്ക് മധ്യകാലങ്ങളിലാണ് പ്രാധാന്യം ഉണ്ടായത്. മതപരമായ ഗ്രന്ഥങ്ങളുടെ പരിഭാഷയെപ്പറ്റി ചിന്തിച്ച പലരും മൂലഗ്രന്ഥം ദൈവദത്തമാണെന്നും അക്കാരണത്താൽ അവ

യിലെ ഒരൊറ്റവാക്കും വിട്ടുപോകാതെ എല്ലാറ്റിനും പകരത്തിനുപകരം ലക്ഷ്യഭാഷാ പദങ്ങൾ തെരഞ്ഞെടുത്ത് നിരത്തുക മാത്രമാണ് പരിഭാഷകന്റെ കർത്തവ്യമെന്നുള്ള നിഗമനത്തിലാണ് എത്തിച്ചേർന്നത്. പദങ്ങൾ മാത്രമല്ല, അവയുടെ ക്രമവും പവിത്രമാണ്. പരിഭാഷകനു കണ്ടെത്താൻ പറ്റാത്ത വല്ല ആത്മാർത്ഥവും പദക്രമത്തിൽത്തന്നെ ഉള്ളടങ്ങിയിരിക്കാം എന്ന ചിന്തമൂലം പദങ്ങളുടെ ക്രമം പോലും മാറ്ററുതെന്നായിരുന്നു അന്നത്തെ പരിഭാഷാ സിദ്ധാന്തത്തിലെ പ്രധാനപ്പെട്ട ഒരു നിയമം.

വാക്യഘടനാപരമായ അന്യൂന സാദൃശ്യം പതിവിൽ കവിഞ്ഞുള്ള ഭാഷകളുടെ കാര്യത്തിൽ മാത്രമാണ് ബാധകമായിട്ടുള്ളത്. ഇത്തരം തർജ്ജമകളിൽനിന്ന് എന്തെങ്കിലും അർത്ഥം ഊറികൂടുകയുള്ളൂ എന്ന വസ്തുതയാണ് ഇവിടെ ശ്രദ്ധിക്കേണ്ടത്. പരിഭാഷയിലെ ഏകകം പദമാണെന്ന് കരുതിപോന്നപ്പോൾ പോലും പദക്രമത്തെ സംബന്ധിച്ചിടത്തോളം ലക്ഷ്യഭാഷയിലെ വ്യവസ്ഥകളെയാണ് മാനിക്കേണ്ടതെന്ന തത്വം അംഗീകരിക്കുന്ന ധാരാളം പദാനുപദതർജ്ജമകൾ ഉണ്ടായിട്ടുണ്ട്.

പദസംഹിതയോ വാക്യമോ ആണ് പരിഭാഷയ്ക്ക് ഏറ്റവും പറ്റിയ ഏകകം എന്ന അഭിപ്രായം നവോത്ഥാന കാലത്തെ മാനവികതാവാദികൾക്ക് ഉണ്ടായിരുന്നു. ലൂഥർ സുപ്രസിദ്ധമായ തന്റെ ബൈബിൾ തർജ്ജമയിൽ കൈകൊണ്ടത് ഈ സമ്പ്രദായമാണ്. മൂലകൃതിയിലെ വാക്കുകൾ വെവ്വേറെയെടുത്ത് പരിശോധിച്ച് അവയ്ക്ക് സമാനാർത്ഥമായ ലക്ഷ്യഭാഷാപദങ്ങൾ കൊരുത്തുചേർക്കുകയല്ല, പ്രത്യുത, മൂലത്തിലെ വാക്യങ്ങളോടോ പദസംഹിതകളോടോ അർത്ഥപരമായി സാമ്യമുള്ള വാക്യങ്ങളോ പദസംഹിതകളോടോ അർത്ഥപരമായി സാമ്യമുള്ള വാക്യങ്ങളോ പദസംഹിതകളോ പ്രയോഗിക്കുക എന്നതാണ് ഈ സമ്പ്രദായത്തിന്റെ സവിശേഷത.

മൂലഭാഷയെ ആദ്യന്തം ഒരൊറ്റ ഏകകമായി പരിഗണിച്ച് ലക്ഷ്യഭാഷയിലേക്ക് പകർത്താൻ ശ്രമിക്കുക എന്നതാണ് മൂന്നാമത്തെ രീതി. ചെറുകവിതകളുടെയും കഥകളുടെയും നിർവ്വചനങ്ങളുടെയും കാര്യത്തിൽ മാത്രമാണ് ഈ സമ്പ്രദായം നടപ്പിലുള്ളത്.

വൃത്താനുവൃത്ത വിവർത്തനത്തിന്റെ സാധ്യതകൾ ഏവ?

സാധാരണയായി പദ്യം ഈരടികളായും ചതുഷ്പദികളായുമാണ് രചിക്കുന്നത്. ഈ ചട്ടക്കൂടിനു സംസ്കൃതത്തിൽ ഛന്ദസ്സ് എന്നും ഇംഗ്ലീഷിൽ മീറ്റർ എന്നും പറയും. സംസ്കൃതത്തിലെ ഛന്ദസിന് രണ്ട് വ്യുത്പത്തികൾ കാണുന്നു. ഒന്ന് ഛദിസംവരണേ പറയേണ്ട ആശയത്തെ ഛാദനം (ആവരണം)

ചെയ്യാനുപകരിക്കുന്നത് ഛന്ദസ്. രണ്ട് ഛദി ആഹ്ലാദേന എന്ന ധാതുവിൽ നിന്ന് നിഷ്പാദിപ്പിക്കപ്പെട്ട ഛന്ദസ്സ് എന്ന പദം ആഹ്ലാദിപ്പിക്കുന്ന എന്നർത്ഥം സൂചിപ്പിക്കുന്നു. ഈ രണ്ടർത്ഥങ്ങൾ കവിതയുടെ രണ്ടു ധർമ്മ ങ്ങളിലേക്ക് വിരൽ ചൂണ്ടുന്നു. 1. രഹസ്യമായി, ഭദ്രമായി സൂക്ഷിക്കുക 2. സഹൃദയരെ ആനന്ദിപ്പിക്കുക, കവിതാ വിവർത്തകൻ വിവർത്തന വേള യിൽ ഈ ധർമ്മങ്ങൾ വിസ്മരിക്കരുത്.

മൂലകൃതിയിലെ ഛന്ദസ് തന്നെ വിവർത്തനത്തിലും സ്വീകരിക്കുന്നത് സൂക്ഷി ച്ചുവേണം. മലയാളത്തെ സംബന്ധിച്ചിടത്തോളം സംസ്കൃത ഛന്ദസ് സുപ രിചിതമായതിനാൽ സംസ്കൃതകാവ്യ പരിഭാഷയിൽ വൃത്താനുവൃത്തരീതി സ്വീകാര്യവും ഉചിതവുമായിരിക്കും. അതേ ഛന്തസു ബുദ്ധിമുട്ടായാൽ മറ്റൊരു സംസ്കൃതഛന്ദസ് സ്വീകരിക്കാം. പക്ഷേ, ഹിന്ദികവിത മലയാള ത്തിലേക്ക് വിവർത്തനം ചെയ്യുമ്പോഴോ ഇംഗ്ലീഷ് കവിത വിവർത്തനം ചെയ്യു മ്പോഴോ ഈ രീതി വിജയിക്കാൻ ബുദ്ധിമുട്ടുണ്ട്. കവിതയിലെ ഭാവത്തിനു പ്രാധാന്യം നൽകുന്നതിനു പകരം വൃത്തമനുസരിച്ച് പദങ്ങൾ കണ്ടുപിടി ക്കാനോ കുത്തിത്തിരുകാനോ ശ്രമിക്കുമ്പോൾ ഫലം കാവ്യത്തിന്റെ മരണ മായിരിക്കും. കുമാരനാശാന്റെ ചിന്താവിഷ്ടയായ സീത ഹിന്ദിയിലേക്ക് വിവർത്തനം ചെയ്തപ്പോൾ പലർക്കും വിജയം കൈവരിക്കാൻ സാധിക്കാ ത്തതിന്റെ കാരണം മറ്റൊന്നല്ല. പലപ്പോഴും മൂലകവിയുടെ ജീവിതദർശന ത്തോടോ ജീവിതത്തോടോ വലിയ പൊരുത്തമില്ലാത്ത വിവർത്തകന്റെ പരി ഭാഷ പരാജയപ്പെടാം. ഉദാ: ഹിന്ദിയിലെ പ്രശസ്ത കവിയും ഇംഗ്ലീഷ് ഭാഷാ പണ്ഡിതനുമായ ഹരിവംശ്റായ് ബച്ചന്റെ ഷേക്സ്പിയർ വിവർത്തനത്തെ പ്പറ്റി ഡോ.രാം വിലാസ് ശർമ്മ പറയുന്നത് ബച്ചന്റെ കാവ്യശൈലി ഷേക്സ്പിയറുടെ കാവ്യശൈലിക്കു ചേർന്നതല്ലെന്നാണ്. മേൽപ്പറഞ്ഞ തര ത്തിലുള്ള ശൈലിപ്പൊരുത്തം കവിതാവിവർത്തനത്തിൽ വിശേഷിച്ചും ശ്രദ്ധിക്കേണ്ടതുണ്ട്.

മുക്ത ഛന്ദസിൽ വിവർത്തനം ചെയ്യാൻ എളുപ്പമാണെന്നു തോന്നുമെങ്കിലും ഈ വിവർത്തനത്തിനും ചില ന്യൂനതകൾ ഉണ്ട്. വളയമില്ലാത്ത ചാട്ടമായ തുകൊണ്ട് കവിതാവാസനയില്ലാത്തവരും ഗദ്യവിവർത്തനം നടത്താറുണ്ട്. അത്തരം വിവർത്തനത്തിൽ കവിതയുമുണ്ടാകില്ല; ഗദ്യവുമുണ്ടാകില്ല. യഥാർത്ഥത്തിൽ മാത്രകളുടയോ വർണ്ണങ്ങളുടെയോ എണ്ണത്തിനും മറ്റു മുള്ള നിബന്ധനകൾ മുക്ത ഛന്ദസിൽ ഒഴിവാക്കാമെന്നല്ലാതെ കവിതയിലെ ലയം, താളം, സംഗീതം എന്നീ ഘടകങ്ങൾ ഒഴിവാക്കാൻ സാധ്യമല്ല. അവ യില്ലെങ്കിൽ കവിതയില്ല. ഈ തത്വങ്ങൾ പാലിച്ചുകൊണ്ട് കവിത

വിവർത്തനം ചെയ്യുന്നവർ സ്വയമേ നല്ല കവികൾ ആയിരിക്കും.

**നാടകം, നോവൽ, ചെറുകഥ വിവർത്തനം**

ചെറുകഥ, നോവൽ, നാടകം തുടങ്ങിയ സാഹിത്യ കൃതികളുടെ ഭാഷാന്തരണം താരതമ്യേന സങ്കീർണ്ണമാണ്. നാടകത്തിൽ ആവിഷ്കൃതമാകുന്ന ജീവിതപശ്ചാത്തലവുമായി ഭാഷ ബന്ധപ്പെട്ടിരിക്കുന്നു. ചരിത്രനാടകങ്ങളിലെ ഭാഷയിൽ പ്രാചീന ചരിത്രസംബന്ധിയായ പദങ്ങളും പ്രയോഗങ്ങളും ഉണ്ടാകും. അവയ്ക്കനുസൃതമായ ലക്ഷ്യഭാഷാപദങ്ങൾ കണ്ടെത്താനും ബുദ്ധിമുട്ടുണ്ട്. ചരിത്രനാടകഭാഷ ലക്ഷ്യഭാഷാശൈലിയിൽ വിവർത്തനം ചെയ്യുന്നതും ക്ലേശകരമാണ്. ചരിത്രനാടകങ്ങളിലെ കഥാപാത്രങ്ങളുടെയും സ്ഥലങ്ങളുടെയും മറ്റും പേരുകൾ ഉചിതമായി ലക്ഷ്യഭാഷയിൽ പ്രയോഗിക്കണം. സാമൂഹിക നാടകങ്ങൾ വിവർത്തനം ചെയ്യുമ്പോൾ സാംസ്കാരികതലമനുസരിച്ചുള്ള ഭാഷാഭേദങ്ങൾ, ഭൂമിശാസ്ത്രപരമായ ഭാഷാഭേദങ്ങൾ, സ്ത്രീപുരുഷഭേദമനുസരിച്ച് ഭാഷയിലുള്ള അന്തരം ഇവയെല്ലാം വിവർത്തനത്തിൽ വരുത്തുവാനുള്ള പ്രയാസം അനുഭവപ്പെടുന്നു. കൂടാതെ സംഭാഷണങ്ങളിൽ വാക്യശൈലിയും പദങ്ങളിലുള്ള ഊന്നലും സ്വരവിന്യാസവും വളരെ പ്രാധാന്യമർഹിക്കുന്നു. വാക്യത്തിനു വാക്യം എന്ന രീതിയിൽ തർജ്ജമ ചെയ്താൽ പോരാ അത്. മൂലഭാഷയിലേതുപോലെ ശക്തമായി ആശയസംപ്രേക്ഷണം നിർവ്വഹിക്കുന്നുണ്ടോ എന്ന് നോക്കണം. അതിന് മൂലഭാഷയിലെ പദഘടനയും ശൈലിയും നൽകുന്ന അർത്ഥപുഷ്ടി ലക്ഷ്യഭാഷയിലെ ശക്തമായ പ്രയോഗംകോണ്ടേ വരുകയുള്ളൂ എന്നറിഞ്ഞ് സംഭാഷണശൈലി ആറ്റിക്കുറുക്കിയതും ശ്ലിഷ്ടവുമാണെങ്കിൽ വിവർത്തനവും തദനുസൃതമാക്കണം. ഹാസ്യനാടകത്തിലെ ഹാസ്യം നാടകത്തിൽ നഷ്ടപ്പെടാറുണ്ട്. തർജ്ജമയിൽ നഷ്ടപ്പെടുന്നതെന്തോ അതാണ് ഹാസ്യം.

നോവൽ, ചെറുകഥ എന്നീ ഗദ്യരൂപങ്ങൾ ചില പൊതുഘടകങ്ങൾ ഉൾക്കൊള്ളുന്നു അതിനാൽ വിവർത്തന തത്വങ്ങൾ സമാനം തന്നെ. നോവൽവിവർത്തകൻ അഭിമുഖീകരിക്കുന്നത് പശ്ചാത്തലമാണ്. പശ്ചാത്തലമെന്നത് ഭൂമിശാസ്ത്രം മാത്രമല്ല, സാമൂഹികവും കൂടിയാണ്. പ്രകൃതിയുടെ കാര്യത്തിൽ എല്ലാ ഭാഷകൾക്കും പദങ്ങൾ ഉണ്ടെന്നു പറയാം. എങ്കിലും പ്രത്യേക പ്രദേശങ്ങളിലെ പ്രകൃതി-ചെടികളും മരങ്ങളും ഭൂമിശാസ്ത്രപരമായ പ്രത്യേകതകളും യാതൊരു മാറ്റവുമില്ലാതെ ലക്ഷ്യഭാഷയിൽ വിവർത്തനം ചെയ്യാൻ സാധ്യമല്ല. ഉദാ: പുറക്കാട്ടുകടപ്പുറത്തെ ചാകരയുടെ രംഗം പശ്ചാത്തലമായി വരുന്ന നോവൽ ഹിന്ദിയിലേക്ക് വിവർത്തനം ചെയ്യുമ്പോൾ ഉണ്ടാ

കുന്ന പ്രയാസം കുറച്ചൊന്നുമല്ല. മദ്രാസിലെ സ്റ്റോറുകളി (പോർഷൻ വീടുകൾ) ലെ ജീവിതം വിവരിക്കുന്ന നോവലുകളുടെ പരിഭാഷയിലും ഇതേ പ്രശ്നങ്ങൾ അനുഭവപ്പെടും. ഒരു വലിയ കെട്ടിടം ചെറിയ ചെറിയ ഭാഗങ്ങളായി തിരിച്ച് 10-20 കുടുംബങ്ങളെ പാർപ്പിച്ചിരിക്കുന്നു. ഇതാണ് സ്റ്റോറുകൾ. അവരുടെ ജീവിതവും പരസ്പര ബന്ധങ്ങളും പരിചിതമല്ലാത്തവർക്ക് അവരെ സംബന്ധിക്കുന്ന സാഹചര്യത്തിന്റെ വിവർത്തനം സുഖകരമായെന്നു വരില്ല.

നോവൽ വിവർത്തനത്തിൽ പാഠ്യയൂണിറ്റുകളാക്കി വിവർത്തനം ചെയ്യുകയാണ് പ്രായോഗികം. അങ്ങനെ ചെയ്യുമ്പോൾപോലും വിവർത്തകനറിയാത മൂലഭാഷയിലെ ശൈലി ലക്ഷ്യഭാഷയിൽ കടന്നുകൂടും. രണ്ടാമതു വായിച്ചാലും മനസിലാകുകയില്ല. മൂലഭാഷയറിയാത്ത ലക്ഷ്യഭാഷാനുവാചകൻ ഈ വിവർത്തനം വായിക്കുമ്പോഴാണ് സംഗതി മനസിലാകുക. അതുകൊണ്ട് വിവർത്തനത്തിന്റെ അസൽ തയ്യാറാക്കുന്നതിനു മുമ്പ് മൂലഭാഷയിൽ പ്രാവീണ്യമില്ലാത്ത, എന്നാൽ ലക്ഷ്യഭാഷയിൽ നല്ല വ്യുൽപത്തിയുള്ള ഒരനുവാചകനെക്കൊണ്ട് വായിപ്പിക്കുകയും അയാളുടെ നിർദ്ദേശങ്ങൾക്കനുസരിച്ച് ആവശ്യമായ മാറ്റങ്ങൾ വരുത്തുകയും ചെയ്യുന്നത് നല്ലതാണ്. തഴക്കം വന്ന കൈകൾക്കുപോലും പിഴപറ്റുന്ന കളരിയാണ് വിവർത്തനരംഗം.

നോവലിലെ ഈ പ്രയാസങ്ങളെല്ലാം തന്നെ ചെറുകഥയിലും അനുഭവപ്പെടുന്നു. അതിനുപുറമേ, ചെറുകഥയിൽ കാച്ചിക്കുറുക്കിയ വാക്യങ്ങളും കുറിക്കുകൊള്ളുന്ന പദങ്ങളുമായിരിക്കും. കഥാകൃത്തുക്കളുടെ പ്രത്യേക ശൈലികളും വിവർത്തകനു ഭീഷണിയാണ്. ബഷീറിന്റെയും എം.ടി.യുടെയും ശൈലികൾ ഭിന്നമാണ്. വളരെ സംശ്ലിഷ്ടമായ പദങ്ങൾ മറ്റൊരു ഭാഷയിലേക്ക് അന്യൂനമായി വിവർത്തനം ചെയ്യുക ക്ലേശകരമാണ്. സാമൂഹകികവും സാംസ്കാരികവുമായ പശ്ചാത്തലം പറിച്ചുനടാൻ സാധിക്കുകയില്ലല്ലോ. അന്തർജ്ജനത്തിന്റെ മൂടുപടത്തിലെ പാപ്പി ഉത്തരേന്ത്യൻ ഭാഷകളിൽ ശക്തമായി പ്രതികരിക്കുമെങ്കിലും മൂടുപടവും പഴയ നമ്പൂതിരി സമുദായ ജീവിതവും പരിചയിക്കാത്ത ഹിന്ദിയിൽ അവ അവതരിപ്പിക്കാൻ പ്രയാസമുണ്ട്. ഹിന്ദിയിലെ പ്രസിദ്ധ കഥയായ ഉസ്നേ കഹാ ഥാ മലയാളത്തിൽ അവൾ പറഞ്ഞത് എന്നു വിവർത്തനം ചെയ്താൽ സാധാരണ അനുവാചകർ തിരിഞ്ഞുനോക്കിയെന്നു വരില്ല, ഭാഷാഭേദം ചെറുകഥാകൃത്തിന് വലിയതലവേദനയാണ്.

## ഗായത്രി ചക്രവർത്തി സ്പിവാക്ക് രൂപപ്പെടുത്തിയ പരിഭാഷാ തത്വങ്ങൾ

തർജ്ജമ ഒരു സാമൂഹിക പ്രവൃത്തിയായി കണക്കാക്കപ്പെടുന്നു. മറ്റെല്ലാ സാമൂഹിക വ്യവഹാരങ്ങളിലുമെന്നപോലെ തർജ്ജമയിലും അധികാരവും അറിവും തമ്മിലുള്ള ബന്ധം നിർണ്ണായകമാണ്. ഇവയെ കൂട്ടിയിണക്കി വാക്കിന്റെ തീർച്ചയും മൂർച്ചയും സർഗ്ഗാത്മകതയും വിശദീകരിച്ച് വാക്കിന്റെ കൂടെയുള്ള ലോകബോധത്തെ ഗൗനിച്ചും തർജ്ജമ സിദ്ധാന്തം വികസിച്ചിരിക്കുന്നു. അതിന്റെ ഫലമായി സാംസ്കാരിക വ്യത്യാസങ്ങളുടെ അനിശ്ചിതധ്രുവങ്ങൾക്കിടയിൽ അപൂർണ്ണമായി തുടരുന്ന ക്ലേശകരമായ സാമൂഹിക പ്രവൃത്തിയായി തർജ്ജമ വിശദീകരിക്കപ്പെടുന്നു. ഹോമി കെ.ദാദ, ഗായത്രി സ്പിവാക് തുടങ്ങിയവരുടെ തർജ്ജമ സിദ്ധാന്തങ്ങൾ ഇത്തരത്തിൽ പെട്ടതാണ്. ജനത, ഭാഷ, സംസ്കാരം, കർത്തൃത്വം തുടങ്ങിയവയുടെ സുനിശ്ചിതത്വങ്ങളെ വെല്ലുവിളിച്ചുകൊണ്ട് ഇന്നു നടക്കുന്ന സംവേദന പ്രക്രിയയെ തികച്ചും സങ്കീർണ്ണ പ്രശ്നമായി വികസിപ്പിക്കാൻ ഇവർക്ക് കഴിഞ്ഞിരിക്കുന്നു.

തർജ്ജമയിലൂടെ കഴിഞ്ഞകാലത്തിൽ വികസിച്ച സംസ്കാരത്തിന്റെ പല മേലധികളും, വെള്ളക്കാരന്റെയോ, ആണിന്റെയെ അധികാരമേഖലയോ, സ്വകാര്യവഴിയോ, ആണെന്ന് ഇവർ വ്യക്തമാക്കുന്നു. പോസ്റ്റ് കൊളോണിയൽ, ഫെമിനിസ്റ്റ് എന്നെല്ലാം വിശേഷിപ്പിക്കപ്പെടുന്ന സൈദ്ധാന്തിക സമീപനങ്ങൾ നൽകുന്ന വെളിപാടുകളാണ് ഇവരുടെ രചനകളിലുള്ളത്. മഹശ്വേതാ ദേവിയുടെ നോവലുകൾ ഇംഗ്ലീഷിന്റെ തനിമയെ വഞ്ചിച്ച് തർജ്ജമ ചെയ്യാൻ ഒരുമ്പെട്ട ഗായത്രി സ്പിവാക്കിന്റെ തർജ്ജമ സിദ്ധാന്തവും പ്രയോഗവും ഏറെ ശ്രദ്ധേയമാണ്. ഏത് തർജ്ജമയും അപൂർണ്ണമാണെന്നും പക്ഷപാതപരമാണെന്നും സ്പിവാക്ക് സമർത്ഥിക്കുന്നു. അതിനാൽ തർജ്ജമയിൽ പരിഗണിക്കപ്പെടേണ്ടതാണെന്നും സ്പിവാക്ക് സമർത്ഥിക്കുന്നു. അതിനാൽ തർജ്ജമയിൽ പരിഗണിക്കപ്പെടേണ്ട പ്രധാനപ്പെട്ട കാര്യം തർജ്ജമക്കാരന്റെ കർത്തൃത്വമാണ്. തർജ്ജമക്കാരന്റെ നിലപാട് വേർതിരിച്ചറിഞ്ഞാൽ തർജ്ജമയുടെ സാഹിത്യവും രാഷ്ട്രീയവും മനസിലാക്കാൻ കഴിയും. മറ്റു തരത്തിൽ പറഞ്ഞാൽ തർജ്ജമയിലൂടെ തെളിഞ്ഞുകിട്ടുന്ന ആൾരൂപം തർജ്ജമക്കാരന്റേതാണ്.

തർജ്ജമയുടെ രഹസ്യങ്ങൾ തേടിയിറങ്ങുന്ന ഗവേഷകർ ഓരോ ഭാഷയിലെയും തർജ്ജമ സങ്കല്പനത്തിന്റെ അടരുകൾ വേർതിരിച്ചു നോക്കേണ്ടതാണ്. മലയാളത്തിൽ തർജ്ജമ, അനുകരണം, സ്വതന്ത്ര്യതർജ്ജമ, ആശ

യാനുവാദം എന്നെല്ലാം വേർതിരിച്ചു പറയുന്നതിന്റെ പൊരുൾ തിരിക്കാൻ തർജ്ജമ ഗവേഷകർക്കു കടമയുണ്ട്. തർജ്ജമയെക്കുറിച്ചുള്ള നിരവധി മിഥ്യ കൾ തകർക്കാൻ ഇത്തരം പഠനങ്ങൾ ഉപകരിക്കും.

**ഉത്തമപരിഭാഷകന് ഉണ്ടായിരിക്കേണ്ട ഗുണങ്ങൾ**

1. വിഷയഗ്രാഹ്യം- ഒരു ഉത്തമ വിവർത്തകന് ലക്ഷ്യഭാഷയിലും സ്രോത ഭാഷയിലും പ്രാവീണ്യം ഉണ്ടായിരിക്കണം.

2. മൂലഭാഷയുടെയും ലക്ഷ്യഭാഷയുടെയും ഘടനയിലുള്ള അവഗാഹം. രണ്ട് ഭാഷകളിലും ശരിയായ അറിവും സ്വാധീനവും ഉള്ള ആളിന് മാത്രമേ ഉത്തമ പരിഭാഷകനാകാൻ കഴിയൂ.

3. മൂലഭാഷയിലെ ഉള്ളടക്കത്തെ ഹൃദ്യമായ ശൈലിയിൽ അർത്ഥശങ്കക്കിടം കൊടുക്കാതെ ചിട്ടയായി ലക്ഷ്യഭാഷയിൽ അവതരിപ്പിക്കാനുള്ള കഴിവ്. സന്ദർഭമനുസരിച്ച് കാര്യം ഗ്രഹിക്കാനും അതിനു പറ്റിയ രീതിയിൽ വി വർത്തനം നടത്താനും അദ്ദേഹത്തിന് കഴിയണം.

4. അനുവാചകനുമായി വ്യക്തിപരമായൊരു ബന്ധം സ്ഥാപിച്ച് ഹൃദയസം വാദം നടത്താനുള്ള കഴിവ്

5. വിവർത്തനം ഒരു ശില്പം മെനഞ്ഞടുക്കുന്നതാലാലുള്ള പ്രവൃത്തിയാ ണെന്നുള്ള ബോധം ഉത്തമവിവർത്തകന് ഉണ്ടായിരിക്കണം.

**ബഹുവ്യവസ്ഥാ സിദ്ധാന്തത്തിന്റെ പ്രസക്തി**

വിവർത്തന പഠനപദ്ധതിയുടെ അതിരുകൾക്കപ്പുറം കടന്നുചെല്ലാനുള്ള ശ്രമ മെന്ന നിലയിൽ അതിന്റെ പുതിയമുഖം അവതരിപ്പിക്കുന്നതിലൂടെയാണ് ബഹുവ്യവസ്ഥാ സിദ്ധാന്തത്തിന്റെ രംഗപ്രവേശം. 1978-ൽ ടെൽ അവീവിലു 1980-ൽ ആന്റിവേപ്പിൽ നടത്തിയ വിവർത്തന കോൺഫ്രൻസുകളിലുമാണ് ഇത് ഉരുത്തിരിഞ്ഞത്. ഇറ്റാമർ ഐവാൻ സുഹർ, ഗിദിയോൻ ടൂറി എന്നി വരാണ് ഇതിന്റെ സ്ഥാപക വക്താക്കൾ. 1970-മുതൽ 77 വരെ എഴുതിയ ലേഖനങ്ഹളുടെ 1978-ൽ പ്രസിദ്ധീകരിച്ച എന്ന ലേഖനത്തിൽ ഇവാൻ സുഹർ ബഹുവ്യവസ്ഥാ എന്ന സാങ്കേതിക പദം അവതരിപ്പിച്ചു. വിവിധ തരം സാഹിത്യവ്യവസ്ഥാ ഭേദങ്ങളുടെ മൊത്തത്തിലുള്ള ഒരു സഞ്ചയമെന്നാണ് ഇതിനർത്ഥം. മേലേക്കിടയിലുള്ള അസൽ സാഹിത്യരൂ പങ്ങൾ മുതൽ ഇങ്ങ് താഴേക്കിടയിലുള്ള ബാലസാഹിത്യമോ പൈങ്കിളി സാഹിത്യമോ ഒക്കെ അതിൽ പെടും. സാഹിത്യചരിത്രത്തിൽ വിവർത്തന സാഹിത്യത്തിനുള്ള കേവലവും സാമാന്യവുമായ പ്രാധാന്യം സൊഹർ

അംഗീകരിക്കുന്നു. ടൂറി ഈ ആശയം സ്വീകരിച്ച് അതിന്റെ വെളിച്ചത്തിൽ വിവർത്തനത്തിന്റെ വിധികളെ നിർവചിക്കുകയും വേർതിരിക്കുകയും ചെയ്തുകൊണ്ട് കുറേക്കൂടി സങ്കീർണ്ണമായ ഒരു ചട്ടക്കൂട് വിഭാവനം ചെയ്യാൻ ശ്രമിക്കുകയുണ്ടായി. ഇത് തികച്ചും പുതിയ ഒരു സംരംഭം ആയിരുന്നു എന്ന് പറഞ്ഞുകൂടാ. പിൽക്കാല റഷ്യൻ ഫോർമലിസ്റ്റുകളുടെ കണ്ടെത്തലുകളും ടെൽ അവീവിൽ സർവ്വകലാശാലയിൽ നടന്ന എന്ന വിപുലമായ പ്രൊജക്റ്റിലും ഊന്നിയാണ് ഇതുണ്ടായത്.

വിവർത്തന ഗവേഷണത്തെ സംബന്ധിച്ചിടത്തോളം വളരെ പ്രധാനപ്പെട്ടതാണ് ഡച്ച് ഗവേഷകർക്ക് ജർമ്മൻ ചെക്ക് സാഹിത്യ ഭാഷാശാസ്ത്രവൃത്തങ്ങളോടും ഇസ്രാലിയർക്ക് ജർമ്മൻ, റഷ്യൻ, ആംഗ്ലോ അമേരിക്കൻ വൃത്തങ്ങളോടുമുള്ള ബുദ്ധിപരമായ ബന്ധങ്ങൾ ചുറ്റുപാടുമുള്ള പ്രധാന ഭാഷകളിൽ നിന്ന് അങ്ങോട്ടുമിങ്ങോട്ടുമുള്ള കൊടുക്കൽ വാങ്ങലുകൾ സാമ്പത്തികവും സാംസ്കാരികവും രാഷ്ട്രീയവുമായ നിലനിൽപ്പിന്റെ പ്രശ്നമാണ്. ആ അർത്ഥത്തിൽ അത് ജനജീവിതത്തിന്റെ അടിസ്ഥാന പ്രശ്നവുമാണ്.

വിവർത്തന പഠനത്തിന്റെ വിപുലീകരണമാണ് ബഹുവ്യവസ്ഥാസിദ്ധാന്തം. ചിന്താധാരകളെ എതിർദിശകളിലേക്ക് വ്യാപരിപ്പിക്കാൻ ശ്രമിച്ചു എന്നതാണ് ഇവ രണ്ടിനുമുള്ള പ്രത്യേകതയായി പറയാവുന്നതാണ്. പ്രായോഗിക സമമൂല്യതയിൽ ശ്രദ്ധ കേന്ദ്രീകരിച്ച് അത് സാധ്യമാക്കാനുള്ള വിവർത്തകന്റെ ആത്മനിഷ്ഠമായ കഴിവുകൾക്കാണ് വിവർത്തനപഠനം ഊന്നൽ നൽകിയത്.എന്നാൽ ബഹുവ്യവസ്ഥാ വാദത്തിൽ ലക്ഷ്യസംസ്കാരത്തിന്റെ സാമൂഹിക സാഹിത്യ മാധ്യമങ്ങളാണ് വിവർത്തകന്റെ പൂർവ്വഭാവനകളെ നിയന്ത്രിക്കുക എന്ന് വിശ്വസിച്ചു.

# നിന്ദിതരും പീഡിതരും (നോവൽ)

## ഡോസ്റ്റോയെവ്സ്കി

വിശ്വസാഹിത്യത്തിലെ അതികായകൻ എന്ന് അറിയപ്പെടുന്ന ഫയദോർ ദസ്തെയ്വ്സ്കി ഒരു റഷ്യൻ നോവലിസ്റ്റും ചെറുകഥാകൃത്തുമാണ്. ഫിയോദർ മിഖായലോവിച്ച് ദസ്തെയ് വ്സ്കി എന്നാണ് മുഴുവൻ പേര്. മനുഷ്യബന്ധങ്ങളുടെ തീവ്രത അദ്ദേഹം തന്റെ കൃതികളിലേക്ക് ആവാഹിച്ചു. 19,20 നൂറ്റാണ്ടുകളിലെ റഷ്യൻ സമൂഹത്തിന്റെ സാംസ്കാരികവും രാഷ്ട്രീയവുമായ കാര്യങ്ങളുടെ സ്വാധീനം ഇദ്ദേഹത്തിന്റെ കൃതികളിൽ കാണാം.

കൃതികൾ: കുറ്റവും ശിക്ഷയും, കരമസോവ് സഹോദരന്മാർ, ചൂതാട്ടക്കാരൻ, ഭൂതാവിഷ്ടർ, വിഡ്ഢി, വൈറ്റ് നൈറ്റ്സ്.

**നിന്ദിതരും പീഡിതരും** (Insulted and Humiliated) (1861)

മനുഷ്യാവസ്ഥയുടെ ദാരുണവും, സങ്കീർണ്ണവുമായ അനുഭവങ്ങളുടെ സത്യസന്ധതയാണ് നിന്ദിതരും പീഡിതരും എന്ന നോവലിനെ ശ്രദ്ധേയമാക്കുന്നത്. കാലത്തിന്റെ തിളച്ചു പൊന്തിയ പകയിടങ്ങളിൽ നിന്ന് ജീവിതത്തിന്റെ ഉഷ്ണസ്ഥലികളിലേക്കും ഭഗ്നസ്മൃതികളിലേക്കും ജാലകങ്ങൾ തുറന്നിടുന്ന അനശ്വര നോവലാണിത്. 1861-ൽ വ്രെമ്യ എന്ന മാസികയിലാണ് ഈ നോവൽ പ്രസിദ്ധീകരിച്ചത്.

**കഥാപാത്രങ്ങൾ**

| | | |
|---|---|---|
| ഇവാൻ പെട്രോവിച്ച് | - | നായകൻ |
| നിക്കോള സെർജിച്ച് | - | ഇക്നോവിലെ ഭൂമുടമ |
| അന്ന ആന്ദ്രേവ്ന | - | നിക്കോളയുടെ ഭാര്യ |
| നടാഷ | - | നിക്കോളയുടെ മകൾ |
| മാവ്റ | - | നഷാടയുടെ വേലക്കാരി |
| വാൽകോവ്സ്കി | - | രാജകുമാരൻ |

അലക്സീയ് - വാൽക്രോവ്സികയുടെ മകൻ

ജർമി സ്മിത്ത് - സ്മിത്തിന്റെ മകൾ

എലീന - സ്മിത്തിന്റെ മകൾ

ഫിലിപ്പ് മസ്സോബേയ് - ഇവാൻ പെട്രോവിച്ചിന്റെ പരിചയക്കാരൻ

അലക്സാൻഡ്രേ സെമിയോണ -ഫിലിപ്പിന്റെ ഭാര്യ

കാതറീന ഫിയഡോണ് -അലക്സിയുടെ ഭാവി ഭാര്യ

ഇവാൻ പെട്രോവിച്ച് ആണ് നോവലിലെ ആഖ്യാത കഥയുടെ അവസാന ഭാഗത്ത് ഒന്നായി മാറുന്ന 2 ഉപ-പ്ലോട്ടുകളിൽ നിന്നാണ് കഥ രൂപപ്പെടുന്നത്. ഈ 2 ഉപ-പ്ലോട്ടുകളെയും പരസ്പരം ബന്ധിപ്പിക്കുന്നത് ഇവാൻ പെട്രോവിച്ചാണ്. ഒരു ഭാഗത്ത് വാനിയയുടെ ഉറ്റ സുഹൃത്തും പഴയ പ്രണയിതാവുമായ നടാഷയെ പറ്റി പറയുന്നു. അവൾ തന്റെ പുതിയ കാമുകനായ അലക്സിക്കൊപ്പം താമസിക്കുവാനായി സ്വന്തം വീട് ഉപേക്ഷിച്ച് ഇറങ്ങി വരുന്നു. എന്നാൽ വാൽകോവ്സ്കി തന്റെ മകനായ അലക്സിയെ കൊണ്ട് സമ്പന്നയായ കാതനീനയെ വിവാഹം കഴിപ്പിച്ച് സമ്പത്ത് നേടണം എന്ന് ആഗ്രഹിക്കുന്നു. പ്ലോട്ടിന്റെ മറുഭാഗത്ത് 13 വയസ്സുള്ള അനാഥയായ നെല്ലിയിലാണ് കഥ കേന്ദ്രീകരിച്ചിരിക്കുന്നത്. മാഡം ഇബ്നോവ് എന്ന ഒരു വേശ്യാസ്ത്രീയുടെ പക്കൽ നിന്നും വാനിയ ആണ് നെല്ലിയെ രക്ഷിക്കുന്നത്.

വീടു വിട്ടിറങ്ങിയ ശേഷം നടാഷയുടെ ഒരേ ഒരു സുഹൃത്ത് ഇവാൻ ആയിരുന്നു. (ഇവാൻ നടാഷയുടെ ബാല്യകാല സുഹൃത്തും അവളെ പ്രണയിക്കുകയും ചെയ്തിരുന്നു. എന്നാൽ നടാഷ ആ ബന്ധം നിഷേധിച്ചു.) ഇതേ സമയം നടാഷയെ വിവാഹം ചെയ്യുവാനുള്ള അലക്സിയുടെ പദ്ധതി വാൽകോവ്സകി തകർക്കാൻ ശ്രമിക്കുന്നു. കാതറിനെ കൊണ്ട് വിവാഹം കഴിപ്പിക്കുവാൻ ശ്രമിക്കുന്നു. അലക്സി നിഷ്കളങ്കനായ എന്നാൽ സ്നേഹമുള്ള ചെറുപ്പക്കാരനായിരുന്നു. എന്ാൽ അച്ഛന്റെ വാക്കുകളെ ധിക്കരിക്കുവാനും തയ്യാറല്ല. അച്ഛന്റെ നിർദ്ദേശപ്രകാരം അലക്സി കാതറിനുമായി പ്രേമത്തിലാകുന്നു. എന്നിരുന്നാലും നടാഷയെ മറക്കുവാനും സാധിക്കുന്നില്ല. ഈ അവ്യക്തത നിറഞ്ഞു നിൽക്കുമ്പോൾ ഒടുവിൽ നടാഷ

സ്വന്തം വികാരങ്ങളെ ത്യജിക്കുകയും അലക്സിക്കായി കാതറിനെ തിരഞ്ഞെടുക്കുകയും ചെയ്യുന്നു.

അതേസമയം ഇവാൻ എല്ലീനയെ (നെല്ലിയെ) വേശ്യാലയത്തിൽ നിന്നും

രക്ഷിക്കുന്നു. നെല്ലിയുടെ കഥ ഹൃദയത്തിൽ തേടുന്നതാണ്. നെല്ലിയുടെ അമ്മ അവളുടെ അച്ഛന്റെ (ജെർമി സ്മിത്ത്) അടുത്തു നിന്നും തന്റെ പ്രണയിതാവിനൊപ്പം ഓടി പോകുന്നു. നെല്ലിയുടെ ജനനശേഷം കാമുകൻ അവളുടെ അമ്മയെ ഉപേക്ഷിക്കുന്നു. പിന്നീടാണ് നെല്ലിയുടെ അച്ഛൻ വാൽകോവ്സ്കി ആണെന്ന് പുറം ലോകം അറിയുന്നത്. അതിനുശേഷം അവളുടെ അമ്മ സ്മിത്തിനോ ക്ഷമ യാചിക്കുന്നുണ്ടെങ്കിലും അയാളും അവരെ ഉപേക്ഷിക്കുന്നു. മരിക്കുന്നതിനുമുൻപ് അവളുടെ അച്ഛന്റെ പേരുള്ള ഡോക്യുമെന്റ് നൽകി, അവളോട് ഒരിക്കലും അച്ഛന്റെ അടുത്ത് പോകരുതെന്ന് ശപഥം ചെയ്യിക്കുന്നു.

നെല്ലിയുടെ കഥ കേട്ട നിക്കോളയുടെ മനസ് അലിയുന്നു. അദ്ദേഹം ദേഷ്യമെല്ലാം മറന്ന് നടാഷയെ തിരികെ സ്വീകരിക്കുന്നു. നടാഷയുടെ കുടുംബം പീറ്റേഴ്സ് ബർഗിൽ നിന്നും താമസം മാറുവാൻ ആലോചിക്കുന്നു. അതിനു മുൻപ് തന്നെ നെല്ലി ഹൃദയസംബന്ധമായ രോഗത്തിൽ മരണപ്പെടുന്നു. മരിക്കുന്നതിന് മുമ്പ് നെല്ലി തന്റെ അച്ഛനോട് താൻ ഒരുക്കലും ക്ഷമിക്കില്ലെന്നും അമ്മയോടും തന്നോടും കാണിച്ച ക്രൂരതകൾ ഒരിക്കലും മറിക്കില്ലെന്ും ഇവാനോട് വ്യക്തമാക്കുന്നു. അതു മാത്രമല്ല, ഇവാൻ നടാഷയെ തന്നെ വിവാഹം ചെയ്യണമെന്ന ആഗ്രഹവും അവൾ പ്രകടിപ്പിക്കുന്നു. നടാഷയും ഇവാനും ചേർന്നുള്ള ഒരു അവ്യക്തമായ ചുരുളഴിക്കാത്ത സംഭവങ്ങളിലാണ് കഥ അവസാനിക്കുന്നത്.

# ബ്ലോക്കിനൊരു കവിത (കവിത)

## മരിന സ്വെറ്റേവ

പ്രസിദ്ധമായ റഷ്യൻ കവിയിത്രിയാണ് മരിന. സ്വെറ്റേവ. ഇരുപതാം നൂറ്റാണ്ടിലെ റഷ്യൻ സാഹിത്യത്തിലെ ഏറ്റവും മികച്ചവയിൽ ഒന്നായിരുന്നു. മരിനയുടെ കവിതകൾ/രചനകൾ. അവർ എഴുതിയത് 1917ലെ റഷ്യൻ വിപ്ലവത്തെക്കുറിച്ചും തുടർന്നുണ്ടായ മോസ് കോ ക്ഷാമത്തെ ക്കുറിച്ചും, ആയിരുന്നു. ഈ അവസ്ഥാവിശേഷമുള്ള കാലത്താണ് അവർ ജീവിച്ചതും. ആ കാലഘട്ടത്തിലെ കഷ്ടതകൾ എല്ലാം സഹിച്ചാണ് അവർ ജീവിച്ചത്. മകൾ പട്ടിണിമൂലം മരിച്ചു. ഭർത്താവിനെ ചാരവൃത്തി കേസിൽ പെടുത്തി വധിച്ചു. 1941 മരിന ആത്മഹത്യ ചെയ്തു. ഏകാന്തദീനമായ ജീവിതത്തിലേക്ക് ചേർത്തും മടങ്ങിപ്പോകുന്ന അവരുടെ കാവ്യസരണി ശുദ്ധമായ ഭാവഗീതത്തിന്റേതായിരുന്നു.

**ബ്ലോക്കിനൊരു കവിത** (Poems for block)

ബ്ലോക്കിനൊരൂ കവിത എന്ന പേര് സൂചിപ്പിക്കുന്നതുപോലെ, ബ്ലോക്കിനായി മരീന എഴുതിയ കവിതയാണിത്. ഇവിടെ സൂചിപ്പിക്കുന്ന ബ്ലോക്ക് കവിയും മരീനയുടെ സുഹൃത്തും കൂടിയായ അലക്സാണ്ടർ ബ്ലോക്കാണ്. അദ്ദേഞത്തിന്റെ മരണത്തിൽ മനം നൊന്ത മരീന ബ്ലോക്കിനായി ഈ കവിത എഴുതുന്നു. ഈ കവിത രചിക്കുവാനുള്ള സാഹചര്യം കൂടി മനസിലാക്കിയാൽ മാത്രമേ കവിതയുടെ ആഴം മനസിലാവുകയൂള്ളൂ. കവി അലക്സാണ്ടർ ബ്ലോക്കു മരീനയും ഉറ്റ സുഹൃത്തുക്കളായിരുന്നു. അമേരിക്കയിലേക്കുള്ള കുടിയേറ്റത്തിനു ശേഷം മരീനയുമായി സംസാരിച്ച ചുരുക്കം ചിലരിൽ ഒരാളാണ് അലക്സാണ്ടർ ബ്ലോക്ക്. അദ്ദേഹത്തിന്റെ വിധത്തിൽ മരീനയെ സഹായിക്കുകയും ചെയത് തന്റെ 2 ചിറകുകൾ എന്നാണ് മരീന ബ്ലോക്കിനെ വിശേഷിപ്പിക്കുന്നത്. ബ്ലോക്കിനോടുള്ള മരീനയുടെ സ്നേഹം ജഡികമല്ല, അവർ അദ്ദേഹത്തിന്റെ ആത്മാവിനെയാണ് സ്നേഹിച്ചിരുന്നത്. അതിരുകളില്ലാതെ, അലക്സാണ്ടർ മരിച്ചു എന്ന വാർത്ത വന്നപ്പോൾ. ആ നഷ്ടത്തെകുറിച്ചോർത്ത് മരീന വളരെയധികം ആശങ്കാകുലരായി വീട്ടിൽ തിരിച്ചെത്തിയ മരീന ബ്ലോക്കിനായി കവിതകൾ എഴുതി.

കവിതയിലെ ബ്ലോക്ക്, മഹാനായ റഷ്യൻ കവി അലക്സാണ്ടർ ബ്ലോക്കാണ്. അതേ സമയം ആ ബ്ലോക്ക് ഒരു തടസം എന്ന നിലയിലും നിരൂപകർ വായിക്കുവാൻ ശ്രമിക്കുന്നു. വിട്ടുകളയാൻ കഴിയാത്ത, തന്നെ അനങ്ങാൻ സമ്മതിക്കാത്ത ഒന്നിനെ പറ്റിയാണ് മരീന പറയുന്നത്. പ്രണയം ഒരു ബ്ലോക്കാണ്. കിളി പറക്കേണ്ടതാണ്. കൈക്കുള്ളിലായതുകൊണ്ട് പറക്കാൻ പറ്റില്ല. അതേ സമയം അതു കൈക്കുള്ളിൽ വേണം താനും. നാവിലെ മഞ്ഞുകട്ട സംസാരിക്കുന്നതിന് ഒരു ബ്ലോക്കാണ്. നാല് അക്ഷരങ്ങളിൽ കുടുങ്ങിയ പേര്, ഗതിവേഗം തടസ്സപ്പെട്ട പന്ത്, നാവിലെ വെള്ളി മണിയൊച്ച, നിശബ്ദമായ തടാകത്തിലേക്ക് എറിയുന്ന കല്ല് നിന്റെ പേര് ശബ്ദിക്കുന്നു. രാത്രിയിലെ കുളമ്പടി ശബ്ദങ്ങൾ നിന്റെ പേര് ഉച്ചരിക്കുന്നു. അടഞ്ഞ കണ്ണുകളിലെ തണുത്ത ചുണ്ടുകളുടെ സ്പർശം, മഞ്ഞിന്റെ ചുംബനം, തണുത്ത വെള്ളത്തിന്റെ ഇറക്ക്, ഗാഢമായ ഉറക്കം എന്നിങ്ങനെ കവിതയിൽ മുറിഞ്ഞുപോകുന്നു. ഓരോ ഭാഗങ്ങളെയും വിശേഷണങ്ങൾ ചേർത്ത് കാവ്യാത്മാകമാക്കി. കവിതയിൽ പ്രയോഗിച്ചിരിക്കുന്നു. ഓരോ ബിംബങ്ങളെയും തടസ്സം സൃഷ്ടിക്കുന്നു. ഈ തടസം അലക്സാണ്ടർ ബ്ലോക്ക് എന്ന മഹാനായ കവിയുടെ വിയോഗത്താൽ ഉണ്ടാകുന്നതാണ്.

അലക്സാണ്ടർ ബ്ലോക്കിനായി മരീന സമർപ്പിച്ച കവിതകൾ റഷ്യൻ സാഹിത്യത്തിന്റെ അവിഭാജ്യഘടകമായി മാറി. അലക്സാണ്ടർ ബ്ലോക്കിനോട് ഉള്ള സ്നേഹവും, പ്രശംസയും, ആഗ്രഹവും എല്ലാം മരീനയുടെ കവിതയിൽ ഓരോ വരിയിലും വായിച്ചെടുക്കാം.

# രക്തവിവാഹം (നാടകം)

## ലോർക്ക

ഒരു സ്പാനിഷ് കവിയും നാടകകൃത്തും നാടക സംവിധായകനുമാണ് ലോർക്ക എന്നറിയപ്പെടുന്ന ഫ്രെഡറികോ ഗാർഷ്യ ലോർക്ക. യൂറോപ്യൻ പ്രസ്ഥാനങ്ങളുടെ പ്രതീകാത്മകത, ഫ്യൂച്ചറിസം, സർറിയലിസം തുടങ്ങിയ തത്ത്വങ്ങൾ സ്പാനിഷ് സാഹിത്യത്തിൽ അവതരിപ്പിച്ച കവികളിൽ ഭൂരിഭാഗവും ഉൾപ്പെടുന്ന എന്ന കൂട്ടത്തിന്റെ പ്രതീകാത്മക അംഗം എന്ന സ്പാനിഷ് ആഭ്യന്തര കലാപത്തിന്റെ തുടക്കത്തിൽ നാഷണലിസ്റ്റ് സേന അദ്ദേഹത്തെ വധിച്ചു. ശരീര അവശിഷ്ടങ്ങൾ പോലും കണ്ടെത്താനായിരുന്നു.

കൃതികൾ: കവിതാ സമാഹാരങ്ങൾ, Libro de poemas, Suits, Odes, Poema del  cante jondo, Poeta en nueva york, Seis poemas galegos.....

നാടകങ്ങൾ: Chirst: A religious tradegy, The butterfly evil spell, The billy club uppets, Blood wedding, Play wihtout a title...

പെയിന്റിംഗ്: Salvador dali (1925), Bust of a dear man (1932)

Film scripts : Viaje a la luna (Trip to the moon, 1929) തുടങ്ങി നിരവധി കൃതികൾ, വിവർത്തനങ്ങൾ തുടങ്ങിയവ അദ്ദേഹം രചിച്ചു.

**രക്തവിവാഹം (Blood Wedding) 1932**

സ്പാനിഷ് നാടകകൃത്ത് ലോർക്കയുടെ പ്രശസ്തമായ ദുരന്ത നാടകമാണ് രക്തവിവാഹം. 1932-ൽ രചിച്ച ഈ നാടകം ആദ്യമായി അവതരിപ്പിച്ചത് 1933 മാർച്ചിൽ മാഡ്രിഡിലുള്ള തിയട്രോ ബിയട്രിസിലാണ്. ലോർക്കയുടെ Dramatic Trilogy യിൽ ഉൾപ്പെട്ട ആദ്യ നാടകമാണ് രക്തവിവാഹം. മറ്റു രണ്ടെണ്ണം യെർമ, ദി ഹൗസ് ഓഫ് ബെർണാഡ ആൽബ എന്നിവയാണ്. 3 അങ്കങ്ങളായിട്ടാണ് ഈ നാടകം പുരോഗമിക്കുന്നത്. കഥാപാത്രങ്ങളിൽ ഒരാൾക്കു മാത്രമേ കൃത്യമായി പേര് നൽകിയിട്ടുള്ളൂ. (ലിയണാർഡോ)

**കഥാപാത്രങ്ങൾ**

വധു, വധുവിന്റെ മാതാവ്, വരൻ, വധുവിന്റെ അച്ഛൻ, ലിയണാർഡോ, ലിയ

ണാർഡോയുടെ ഭാര്യ, ലിയണാർഡോയുടെ ഭാര്യാ മാതാവ്, വേലക്കാരി, അയൽക്കാരി, പെൺകുട്ടികൾ, ചന്ദ്രൻ, മരണം (ഒരു യാചകനായി) മരം വെട്ടുകാരൻ

ലോർക്കയുടെ രക്തവിവാഹം എന്ന നാടകം ഒരു സ്ത്രീയെയും അവളെ സ്നേഹിക്കുന്ന 2 പുരുഷൻമാരെയും കേന്ദ്രീകരിച്ചുള്ള ഒരു ദുരന്തനാടക മാണ്. ഒരുവൾ സ്നേഹിക്കുന്ന പുരുഷനൊപ്പം നിൽക്കുന്നതിനെ തടയുന്ന സാമൂഹിക മാനദണ്ഡങ്ങൾ ഈ നാടകം പരിശോധിക്കുന്നു.

ലിംഗഭേദങ്ങളുടെയും ഒറ്റപ്പെടലിന്റെയും അനന്തരഫലങ്ങൾ അനാവരണം ചെയ്യപ്പെടുന്നു.

നാടകത്തിൽ മണവാട്ടിയായ സ്ത്രീ ലിയണാഡൊയുമായി പ്രണയത്തി ലാണ്. പക്ഷേ അവരുടെ കുടുംബങ്ങൾ ഒത്തുപോകുന്നില്ല. അതിനാൽ ലിയാണാർഡോ മറ്റൊരു സ്ത്രീയെ വിവാഹം കഴിക്കുന്നു. മണവാട്ടിയാ കട്ടെ മറ്റൊരു പുരുഷനെ കൊണ്ട് വിവാഹം കഴിപ്പിക്കുവാൻ തീരുമാനിക്കു ന്നു. തന്റെ കുടുംബത്തിന്റെ ആഗ്രഹങ്ങൾ തൃപ്തിപ്പെടുത്തുന്നതിനായി വിവാഹം കഴിക്കും. ലിയാണാർഡോ ഇതിനകം വിവാഹിതനാണെങ്കിലും ഇപ്പോഴും അവളുമായി പ്രണയത്തിലാണെന്ന് മണവാട്ടിയോട് സമ്മതിക്കു ന്നു. ആധ്യം അവൾ അവനോട് അവനെപ്പറ്റി സംസാരിക്കരുതെന്ന് പറയു ന്നു. എന്നാൽ അവൾ ഇപ്പോഴും അവനെ സ്നേഹിക്കുന്നുവെന്ന് സമ്മതി ക്കുന്നു.

ഈ വെളിപ്പെടുത്തലുകൾ ഉണ്ടായിരുന്നു. അവൾ മറ്റൊരാളുമായുള്ള വിവാ ഹവുമായി മുന്നോട്ടു പോകുന്നു. പക്ഷേ വിവാഹ സത്കാരത്തിന്റെ രാത്രി യിൽ അവൾ ലിയണാഡോക്കൊപ്പം ഒളിച്ചോടി. ഈ ഒളിച്ചോട്ടം എല്ലാ വരും അറിഞ്ഞപ്പോൾ എല്ലാവരും കൂടി അവരെ തിരയണമെന്ന് മണവാട്ടി യുടെ അമ്മ കൽപ്പിക്കുന്നു. ഇരുവരും ഓടി വനത്തിലെത്തുന്ന ഭാഗത്ത് നാടകം ഒരു സർറിയലിസ്റ്റ് പാത സ്വീകരിക്കുന്നു. മണവാട്ടിയെയും ലിയ ണാഡോയെയും പരസ്പരം കൊല്ലാൻ പ്രോത്സാഹിപ്പിക്കുന്നതിന് ചന്ദ്ര നും, മരണവും ഒരുമിച്ച് പ്രവർത്തിക്കുന്നു. ചന്ദ്രൻ, യായകൻ, തുടങ്ങങ്ങി യവ ഇവിടെ മരണത്തിന്റെ പ്രതീകങ്ങളാകുന്നു.. മണവാട്ടിയും ലിയണാ ഡോയും പരസ്പരം കത്തികൊണ്ട് ആക്രമിച്ച് കൊല്ലുന്നു.

പട്ടണത്തിൽ സ്ത്രീകൾ (ലിയണാർഡയുടെ ഭാര്യയും, ഭാര്യാമാതാവും, ഉൾപ്പെടെ) പള്ളിക്ക സമീപം ഒത്തുകൂടി കാര്യങ്ങൾ ചർച്ച ചെയ്തു. ഭിക്ഷ ക്കാരിയുടെ വേഷത്തിൽ മരണം എത്തിച്ചേരുന്നു. പുറപ്പെടുന്നതിനു മുൻപ്

അവർ വനം സന്ദർശിച്ചതായും പറയുന്നു. ദേഷ്യത്തോടെ അമ്മ പള്ളി യിൽ പ്രവേശിക്കുന്നു. മണവാട്ടി മടങ്ങി വരുന്നതു കാണുവാൻ മാത്രം. ഒരു പക്ഷേ, കുടുംബത്തിന്റെ അഭിമാനം പുനസ്ഥാപിക്കുവാനുള്ള ത്യാഗ മായി മണവാട്ടി കൊല്ലപ്പെടുന്നു. വ്യക്തമായി പറഞ്ഞിട്ടില്ലെങ്കിലു നാടക ത്തിനു ശേഷമാണിത് സംഭവിക്കുന്നത്. എന്നിരുന്നാലും നാടകത്തിന്റെ ചില അവതരണങ്ങളിൽ കാമുകന്മാരുടെ മരണത്തിന്റെ വേദനയോടൊപ്പം ജീവി ക്കുന്നത്. മരണത്തേക്കാൾ കഠിനമായ ശിക്ഷയാണെന്ന ആശയത്തിന്റെ അടിസ്ഥാനത്തിലാകാം അമ്മ മണവാട്ടിയെ ജീവിക്കാൻ അനുവദിക്കുന്ന ത്.

# ജീവിതാസക്തി

## മെർവിങ് സ്റ്റോൺ

ഒരു അമേരിക്കൻ എഴുത്തുകാരനായിരുന്ന ഇവർവിങ് സ്റ്റോൺ. പ്രശസ്ത രായ കലാകാരന്മാരുടെയും രാഷ്ട്രീയക്കാരുടെയും ബുദ്ധിജീവികളുടെയും ജീവചരിത്ര നോവലുകൾ രചിക്കുന്നതിൽ ശ്രദ്ധേയമായ എഴുത്തുകാരനാണ് ഇർവിങ് സ്റ്റോൺ. അദ്ദേഹത്തിന്റെ എഴുത്തിൽ ഏറ്റവും ശ്രദ്ധേയമായ ഒന്നാണ് വിൻസെന്റ് വാൻ ഗോവിന്റെ ജീവതവുമായി ബന്ധപ്പെടുത്തി എഴുതിയ Lust for Life(ജീവിതാസക്തി), മറ്റൊന്ന് മൈക്കലാഞ്ചലോയെക്കുറിച്ച് എഴുതിയ The agony and the Ecstasy (1961)

കൃതികൾ: Sailor on horseback ജാക്ക് ലണ്ടൻ അടിസ്ഥാനമാക്കി എഴുതിയ ചരിത്രനോവൽ

Immortal wife - Based on Jessis Benton Fremont s life.

The origin - Charles Darwin’s Life.

Death of Glory - Camillie Pissarro’s Life

ഇങ്ങനെ നിരവധി കൃതികൾ അദ്ദേഹം രചിച്ചിട്ടുണ്ട്.

**ജീവിതാസക്തി (1934)**

പ്രശസ്ത ഡച്ച് ചിത്രകാരനായ വിൻസെന്റ് വാൻഗോഗിന്റെ ജീവിതത്തെക്കുറിച്ചും അദ്ദേഹത്തിന്റ പ്രയാസങ്ങളെക്കുറിച്ചും ഇർവിങ് സ്റ്റോൺ എഴുതിയ ജീവചരിത്ര നോവലാണ് ജീവിതാസക്തി. ഇർവിൻ സ്റ്റോണിന്റെ പ്രധാനപ്പെട്ട പ്രസിദ്ധീകരണങ്ങളിൽ ഒന്നായിരുന്നു ഈ നോവൽ. വാൻ ഗോഗും, ഇളയ സഹോദരൻ തീയോ വാൻ ഗോഗും തമ്മിലുളങള കത്തുകളുടെ ശേഖരത്തെ അടിസ്ഥാനമാക്കി ഉള്ളതാണ് ഈ നോവൽ.

പുസ്തകത്തെ 9 ഭാഗങ്ങളാക്കി തിരിച്ചിരിക്കുന്നു. ഓരോന്നിനും വാൻ ഗോഗ് താമസിച്ചിരുന്ന സ്ഥലത്തിന്റെ പേരാണ് നൽകിയിരിക്കുന്നത്. ലണ്ടനിൽ നിന്ന് ആരംഭിച്ച് ഫ്രാൻസിലെ ഓവേഴ്സ്-സർ-ഒയ്സിൻ അവസാനിക്കുന്നു. അദ്ദേഹത്തിന്റെ കാലത്തുണ്ടായിരുന്ന തുടങ്ങി മറ്റു പ്രശസ്തമായ

ചില പെയിന്റ്ുകളിലും നോവൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നു.

വിൻസെന്റിന്റെ കൗമാര പ്രായത്തിലാണ് കഥ ആരംഭിക്കുന്നത്. അദ്ദേഹത്തിന്റെ അച്ഛൻ ഒരു പ്രവാചകനാണ് അതിനാൽ അദ്ദേഹത്തെ വളർത്തിയത് കർശനവും മതപരവുമായാണ് ഈ വർഷങ്ങളിൽ ഉർസുല എന്ന പെൺകുട്ടിയോട് വിൻസെന്റിന് താൽപര്യം തോന്നുന്നു. കുടുംബത്തിന്റെ സഹായ താൽപര്യം തോന്നുന്നു. കുടുംബത്തിന്റെ സഹായത്തോടെ വിൻസെന്റ് ഒരു ആർട്ട് ഡീലറുടെ സ്ഥാനം നേടുന്നു. കുറച്ചുകാലം അയാൾ സന്തുഷ്ടത്തിനായി തന്റെ ജോലിയിൽ ശ്രദ്ധ കേന്ദ്രീകരിച്ചു. ഇതിനിടയിൽ താൻ താമസിക്കുന്ന വീട്ടുടമയുടെ മകൾ യുജീനിയുമായി പ്രണയത്തിലാകുന്നു. അയാളുടെ വിവാഹാഭ്യർത്ഥന അവർ നിരസിക്കുന്നു. അതിൽ വിഷമിച്ച് അയാൾ മതത്തിൽ ആശ്വാസം കണ്ടെത്തി.

ഒടുവിൽ വിൻസെന്റ് ഒരു കാൽവനിസ്റ്റ് പാസ്റ്ററാകുവാൻ തീരുമാനിക്കുന്നു. സർവ്വകലാശാലയിൽ ദൈവശാസ്ത്രം പഠിക്കുവാനായി എഴുതിയ പ്രവേശന പരീക്ഷയിൽ പരാജയപ്പെട്ടതിനെതുടർന്ന് വിൻസെന്റിനെ ഒരു മിഷനറിയായി ബെൽജിയത്തിലെ ഒരു ഖനന നഗരത്തിലേക്ക് അയക്കുന്നു. ഒരു സുവിശേഷകനെന്ന നിലയിൽ നാട്ടുകാർ അയാളെ ഗൗരവമായി കാണുന്നില്ല. ഭ്രാന്തൻ എന്നു മുദ്രകുത്തുന്നു. താമസിക്കാതെ പ്രഭാഷണങ്ങൾ നടത്തുന്നതിനു പകരം തന്റെ രംഗങ്ങളും ചുറ്റുമുള്ള ആളുകളെയും വരച്ചു കാണിക്കുവാൻ സമയം ചെലവഴിക്കുന്നു. അയാൾ തന്റെ വരുമാനം ഒരു പാവപ്പെട്ടനു താമസിച്ചിരുന്ന മുറി വീടില്ലാത്ത ആൾക്കും നൽകി . ഒരു കുടിലിലേക്ക് താമസം മാറുന്നു. അതിന്റെ ഫലമായി പൗരോഹിത്യത്തിന്റെ അന്തസ്സിനെ ദുർബലപ്പെടുത്തിയതിന് അദ്ദേഹത്തെ സ്ഥാനത്തുനിന്ന് പുറത്താക്കുന്നു.

എറ്റേനിൽ തിരിച്ചെത്തിയ വിൻസെന്റ് കെ എന്ന പെൺകുട്ടിയോട് പ്രണയാഭ്യർത്ഥന നടത്തുന്നു. എന്നാൽ അവൾ അത് നിരസിക്കുന്നു. പിന്നീട് അവളുടെ വീട്ടിലെത്തി പലതവണ കാണാൻ ശ്രമിച്ചിരുന്നു. എന്നാൽ അവൾ അത് വിസമ്മതിക്കുന്നു. പിന്നീടൊരിക്കൽ വിൻസെന്റ് ഒരു വേശ്യയായിരുന്ന സ്ത്രീയോടൊപ്പം ഒരു വീട്ടിൽ താമസിക്കുന്നു. എന്നാൽ ബന്ധം അവസാനിപ്പിക്കാൻ അച്ഛനമ്മമാർ നിർബന്ധിക്കുന്നു. തുടർന്ന് വിൻസെന്റ് പെയിന്റിങ്ങിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നു. ഈ സാഹചര്യത്തിൽ അദ്ദേഹത്തിന്റെ പെല്ലെറ്റിൽ കാണപ്പെട്ട നിറങ്ങളിൽ കൂടുതലും ഇരുണ്ട ഗ്രേ നിറവും ബ്രൗണും ആയിരുന്നു.

വിൻസെന്റിന്റെ അനുജൻ തിയോയുടെ സഹായത്തോടൊപ്പം പ്രോത്സാഹനത്തോടെയും അദ്ദേഹം പാരീസിലേക്കു പോകുന്നു. അവിടെ അദ്ദേഹം അക്കാലത്തെ മികച്ച കലാകാരന്മാരെ കണ്ടുമുട്ടുന്നു. കലാകാരൻമാരും, ചിന്തകരും, എഴുത്തുകാരുമൊക്കെയായി വാദപ്രതിവാദങ്ങളിൽ ഏർപ്പെടുന്നു. ശേഷം വിൻസെന്റ് സ്വന്തം കലാസിദ്ധാന്തം രൂപപ്പെടുത്തുവാൻ തുടങ്ങുന്നു. ഒരുവൻ ശ്രദ്ധിക്കേണ്ടത് ചിത്രകാരന്മാരുടെയല്ല, മറിച്ച് പ്രകൃതിയുടെ ഭാഷയാണ് ചിത്രത്തിൽ നിന്നും ഉണ്ടാകുന്ന വികാരത്തെക്കാൾ പ്രധാനം യാഥാർഥ്യമാണ്.

അദ്ദേഹത്തിന്റെ ബന്ധങ്ങൾ പ്രശ്നത്തിന്റെ ഉറവിടമായി മാറുന്നു. പാരിസിലെ ജീവിതശൈലിയിൽ നിന്ന് അഭയം തേടി വിൻസെന്റ് ആർസിലേക്ക് മാറുന്നു. തന്റെ കത്തുകളിൽ കൂടി വൈകാരിക പിന്തുണ നൽകിക്കൊണ്ട് തിയോ ഈ മാറ്റത്തെ പ്രോത്സാഹിപ്പിക്കുന്നു. ആർസിൽ വിൻസെന്റ് ഇടതടവില്ലാതെ ചിത്രങ്ങൾ വരച്ചു. ഇപ്പോൾ അദ്ദേഹം മഞ്ഞ നിറത്തെ കൂടുതൽ പുണർന്നു അത് തന്റെ ട്രേഡ്മാർക്കായി മാറ്റി.

വിൻസെന്റിന്റെ പ്രണയാന്വേഷണം ഇനിയും അവസാനിച്ചിട്ടില്ല. തന്നേക്കാൾ 20 വയസ്സ് ഇളപ്പമുള്ള പെൺകുട്ടിക്ക് പ്രണയസമ്മാനമായി ചെവി മുറിച്ചു കൊടുക്കുന്നു. എന്നാൽ അവളും ആ അഭ്യർത്ഥന നിരസിക്കുന്നു. പിന്നീട് ആശുപത്രിയിലായ വിൻസെന്റിനെ കാണുവാനായി തിയോ പാഞ്ഞെത്തുന്നു.

കടുത്ത വിഷാദാവസ്ഥയിലായ വിൻസെന്റ് റെമിയിലെ മാനസികാരോഗ്യ കേന്ദ്രത്തിൽ സ്വയം ഒതുങ്ങുന്നു. ഇപ്പോൾ തന്റെ ഓർമ്മയിലുള്ള കാര്യങ്ങൾ ചികഞ്ഞെടുത്ത് ചിത്രരചന നടത്തുന്നു.

മാനസികാരോഗ്യ കേന്ദ്രത്തിൽ നിന്നും മോചിതനായെങ്കിലും വിഷാദം വിൻസെന്റിനെ വിട്ടു പിരിഞ്ഞിരുന്നില്ല. ജീവിതത്തിന്റെ അവസാന വർഷങ്ങൾ ഓവേഴ്സിൽ ചിലവഴിക്കുന്നു. 37-ാ‍ം വയസിൽ അയാൾ നെഞ്ചിൽ സ്വയം വെടി വെച്ചു. ആദ്യ മുറിവിൽ നിന്നും അയാൾ മുക്തി നേടുന്നു. തിയോ വിൻസെന്റിന്റെ അടുത്തെത്തുന്നു. എന്നാൽ ഉടൻ തന്നെ വിൻസെന്റ് മരണത്തിനു കീഴടങ്ങുന്നു.

# മൂന്നു തപസ്വികൾ (ചെറുകഥ)

## ടോൾസ്റ്റോയ്

ലിയോ നിക്കോളെവിച്ച് ടോൾസ്റ്റോയ് ഒരു റഷ്യൻ എഴുത്തുകാരനും, ചിന്തകനും ആയിരുന്നു. യുദ്ധവും സമാധാനവും, അന്നാ കരേനിന എന്നീ നോവലുകളിലൂടെ അദ്ദേഹം പ്രശസ്തനായി. റഷ്യൻ ജീവിതത്തിന്റെ തനതായ ആവിഷ്കരണത്തിന്റെയും മനുഷ്യജീവിതത്തിലെയും ചരിത്രത്തിലേയും പ്രശ്നങ്ങളോടുള്ള സമഗ്രമായ സമീപനത്തിന്റെയും പേരിൽ ടോൾസ്റ്റോയിയുടെ രചനകൾ ശ്രദ്ധിക്കപ്പെട്ടു.

കൃതികൾ: Childhood, boyhood, youth, family and happiness, the cossacks (novel)

The raid, the wood felling, Quench the spark, three questions, too dear!, alojosha the pot, the devil (ചെറുകഥകൾ)

The power of darkness, The first distiller, The fruits of enlightment (Plays)

തുടങ്ങി നിരവധി രചനകൾ അദ്ദേഹം നടത്തിയിട്ടുണ്ട്.

**മൂന്നു തപസ്വികൾ** (The Three Hermits) 1885 published

മൂന്നു തപസ്വികൾ എന്ന ടോൾസ്റ്റോയിയുടെ ചെറുകഥ നിവ എന്ന ആഴ്ചപ്പതിപ്പിൽ 1886ൽ പ്രസിദ്ധീകരിച്ചു. അഭ്യസ്തവിദ്യരല്ലാത്ത മൂന്നു തപസ്വികളുടെയും അവരുടെ പ്രാർത്ഥന അംഗീകരിക്കാതെ അവരെ പ്രാർത്ഥന പഠിപ്പിക്കുന്ന ബിഷപ്പിന്റെയും കഥയാണ് മൂന്നു തപസ്വികൾ.

**ഇതിവൃത്തം**

ഒരു ബിഷപ്പും തീർത്ഥാടകരും കൂടി ഒരു മത്സ്യബന്ധന ബോട്ടിൽ സോളോവെസ്ക് മൊണാസ്ട്രിയിലേക്ക് യാത്ര ചെയ്യുകയായിരുന്നു. യാത്രക്കിടെ, ബിഷപ്പ് അവരുടെ യാത്രയ്ക്കു സമീപമുള്ള ഒരു വിദൂര ദ്വീപിനെക്കുറിച്ചുള്ള ഒരു ചർച്ച കേൾക്കുന്നു. അവിടെ 3 തപസ്വികൾ ആത്മാവിന്റെ മോക്ഷത്തിനായി ധ്യാനിക്കുന്നുണ്ടെന്നും അറിയുന്നു. തുടർന്ന് ബിഷപ്പ് സന്യാസിമാരെക്കുറിച്ച് അന്വേഷിക്കുന്നു. മീൻപിടുത്തക്കാർ ഒരിക്കൽ അവരെ കണ്ടതായും പറയുന്നു.

തുടർന്ന് ദ്വീപ് സന്ദർശിക്കാൻ താൽപ്പര്യമുള്ളതായി ക്യാപ്റ്റനെ അറിയിക്കുന്നു. അദ്ദേഹത്തെ പിന്തിരിപ്പിക്കുവാൻ ശ്രമിച്ചുവെങ്കിലും സാധിച്ചില്ല. ക്യാപ്റ്റൻ ദ്വീപിലേക്ക് കപ്പൽ തിരിച്ചുവിട്ടു. ബിഷപ്പ് പിന്നീട് ഒരു ചെറു വള്ളത്തിൽ കയറി ദ്വീപിലേക്കു പോകുന്നു.

സന്യാസിമാരെ കണ്ടെത്തിയ ബിഷപ്പ്, താൻ അവരെക്കുറിച്ചും ആത്മാവിന്റെ മോക്ഷത്തിനായുള്ള ശ്രമത്തെക്കുറിച്ചു അറിഞ്ഞു എന്നും പറയുന്നു. അപ്പോൾ അവർ എപ്രകാരമാണ് പ്രാർത്ഥിക്കുന്നതെന്ന ബിഷപ്പിന്റെ ചോദ്യത്തിന് അതറിയില്ല എന്നും നിങ്ങൾ 3 പേർ, ഞങ്ങൾ 3 പേർ, ഞങ്ങളോടു കരുണ കാണിക്കുക എന്നാണ് പ്രാർത്ഥിക്കുന്നതെന്നും പറയുന്നു. തുടർന്ന് ബിഷപ്പ് അവർക്ക് അൽപം അറിവുണ്ടെന്നും സമ്മതിക്കുന്നു. തുടർന്ന് ബിഷപ്പ് അവർക്ക് അൽപം അറിവുണ്ടെന്നും സമ്മതിക്കുന്നു. എന്നാൽ എങ്ങനെ പ്രാർത്ഥിക്കണം എന്ന് വ്യക്തമായി പറഞ്ഞുതരാമെന്നും പറയുന്നു. കർത്താവിന്റെ പ്രാർത്ഥനയായ ഞങ്ങളു

ടെ പിതാവ് അവരെ പഠിപ്പിക്കുവാൻ ശ്രമിക്കുന്നു. പക്ഷേ സാധാരണക്കാരായ ആ 3 സന്യാസിമാർക്ക് ഓരോ വാക്കുകൾ കൃത്യമായി ഓർമ്മിക്കുവാൻ കഴിയുന്നില്ല. രാത്രി വൈകും വരെ ഇരുന്ന് ബിഷപ്പ് ഈ പ്രാർത്ഥന ആവർത്തിച്ചു പറഞ്ഞു കൊടുക്കുന്നു. അവർ പ്രാർത്ഥന മനപാഠമാക്കിയതിൽ സംതൃപ്തനായ ബിഷപ്പ് ദ്വീപിൽ നിന്നും പുറപ്പെടുന്നു. പഠിപ്പിച്ചതുപോലെ പ്രാർത്ഥിക്കുവാൻ നിർദ്ദേശിച്ച് ബിഷപ്പ് മത്സ്യതൊഴിലാളികളുടെ കപ്പലിലേക്ക് കടൽ തീരത്ത് നങ്കൂരമിട്ട് യാത്ര തുടരുന്നു.

അൽപദൂരം പിന്നിട്ട ശേഷം അവളുടെ കപ്പലിനെ ആരോ പിന്തുടരുന്നതായി ബിഷപ്പിനു തോന്നി. ആദ്യം ഒരു ബോട്ടാണ് പിന്നാലെയെന്ന് വിചാരിച്ചു എങ്കിലും ഉണങ്ങിയ നിലത്തിലെന്നതുപോലെ വെള്ളത്തിനുമീതേ നടന്നടുക്കുന്ന ആ 3 സന്യാസിമാരെയാണ് ബിഷപ്പ് കണ്ടത്. കപ്പലിനടുത്തെത്തിയ സന്യാസിമാർ ബിഷപ്പ് പഠിപ്പിച്ച പ്രാർത്ഥന മറന്നുപോയി എന്നും അത് എന്താണെന്നറിയുവാനാണ് വന്നതെന്നും അറിയിക്കുന്നു. പഠിപ്പിച്ചതൊന്നും ഇപ്പോൾ ഓർമ്മയിലില്ലെന്നും ഒരിക്കൽ കൂടി പഠിപ്പിക്കണമെന്നും അവർ ബിഷപ്പിനോടു പറയുന്നു. ബിഷപ്പ് വിനീതനായി തപസ്വികൾക്ക് മറുപടി നൽകുന്നു. നിങ്ങളുടെ പ്രാർത്ഥന ദൈവത്തിൽ എത്തിച്ചേരും നിങ്ങളെ പഠിപ്പിക്കേണ്ടത് ഞാനല്ല, പാപികളായ ഞങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കുക, എന്ന് ബിഷപ്പിന്റെ മറുപടി കേട്ട് തപസ്വികൾ തിരികെ അവരുടെ ദ്വീപിലേക്ക് നടന്നു.

മറ്റുള്ളവരുടെ പ്രാർത്ഥന രീതിയെയും അംഗീകരിക്കണമെന്നും, ദൈവം വലിയവനാണെന്നും സ്വയം സമർപ്പിച്ച് പ്രാർത്ഥിക്കണമെന്നും കഥയിലൂടെ അവതരിപ്പിക്കുവാൻ കഥാകാരൻ ശ്രമിക്കുന്നു.

## അദ്ധ്യായം 3 : വിവർത്തനകൃതികകൾ

# കറുത്ത കാട്, കറുത്ത ജലം

## സിൽവിയ പ്ലാത്ത്

അമേരിക്കൻ കവിയും നോവലിസ്റ്റും ചെറു കഥാകൃത്തുമായിരുന്നു സിൽവിയ പ്ലാത്ത്. കവി എന്ന നിലയിൽ സിൽവിയ പ്ലാത്തിന്റെ പ്രവർത്തനവും, കവിതാ രചനയുടെ ശൈലിയും കൊണ്ട് അമേരിക്കൻ സാഹിത്യത്തിന്റെ ഒരു പ്രധാന ഭാഗമാകാൻ അവരെ സഹായിച്ചു. ലൈംഗിക അധിഷ്ഠിത റോളുകളുടെയും മാനസിക പരിചരണത്തിന്റെയും അനീതികളെ ഉയർത്തി കാണിച്ചതുവഴി സിൽവിയ പ്ലാത്ത് അമേരിക്കൻ ചരിത്രത്തിൽ പ്രാധാന്യമർഹിക്കുന്ന വ്യക്തിയായി. മുതിർന്ന ജീവി കാലഘട്ടത്തിൽ അവർ ഒരു വിഷാദ രോഗിയായി മാറി. നിരവധി ചികിത്സയും നടത്തി. ഒടുവിൽ 1963-ൽ ആത്മഹത്യ ചെയ്തു.

കൃതികൾ: Three women:A monologue for three voices, Crossing the water, ariel: the restored edition (poems)

Novels and proses - The bell jar (novel)

Johny panic and the bible of dreams (Heart stories, prose and diary experts)

**കറുത്തകാട്, കറുത്ത ജലം**

എന്ന സിൽവിയ പ്ലാത്തിന്റെ കവിതയാണ് കറുത്ത കാട്, കറുത്ത ജലം എന്ന പേരിൽ വിവർത്തനം ചെയ്തിരിക്കുന്നത്. പ്രകൃതിയുടെ മനോഹാരിത ചിത്രീകരിക്കുന്ന കവിതയാണിത്. പ്രകൃതിയുടെ ഐക്യസ്വഭാവവും, സ്വയം സമ്പൂർണ്ണതയും ഈ കവിതയിൽ പ്ലാത്ത് ആവിഷ്ക്കരിക്കുന്നു. പ്രകൃതിയുടെ വൈരുദ്ധ്യങ്ങൾ പരസ്പര പൂരകങ്ങളായി പ്രവർത്തിക്കുന്നവയാണ് എന്ന് കവി വ്യക്തമാക്കുന്നു. പ്രതീകങ്ങളിലൂടെ പ്രകൃതി പരിണാമത്തെ ചിത്രീകരിക്കുകയാണ് കവി.

വിവിധ ഭൗതിക പരിണാമങ്ങളെയാണ് കവിത അവതരിപ്പിക്കുന്നത്. ഈ പരിണാമം മനുഷ്യമനസ്സിന്റെയും ഉയർന്ന അവസ്ഥയിലേക്കുള്ള പരിണാ

മമായി കാണാം. ഈ പരിണാമം മനസിനെ പ്രതീകവത്കരിക്കുന്നു. കവിതയിൽ പഴയ ധാതു മൂലകങ്ങളിൽ നിന്ന് പ്രകൃതിയുടെ അതി ഭൗതിക സ്വരൂപത്തിലേക്കുള്ള പരിണാമമാണ്. കറുത്ത മരത്തിൽ നിന്ന് ഫിർമരത്തിലേക്കുള്ള പരിണാമമായി തീരുന്നത്. കറുത്ത കാട് ആകാശത്തിലേക്ക് ഉയരുകയും ജലത്തിൽ പ്രതിഫലിക്കുന്നു. അതിന്റെ വേരുകൾ ഭൂമിയുടെ ആഴങ്ങളിലേക്ക് ബന്ധം സ്ഥാപിക്കുന്നു. ലംബമായും തിരശ്ചീനമായും വ്യാപിക്കുന്ന പ്രാകൃതിക വസ്തുക്കളുടെ പരിണാമത്തിന്റെ തുടർച്ചയാണ് ഇത് വ്യക്തമാക്കുന്നത്.

വേരുകൾ പ്രതിനിധീകരിക്കുന്ന അബോധാവസ്ഥയിൽ നിന്ന് ഫിർമരം പ്രതിനിധീകരിക്കുന്ന പുനരുത്ഥാനത്തിലേക്കുളഅള പരിണാമത്തിന്റെ ഒരു പുരാവൃത്തമായി ഈ കവിതയെ വായിക്കാം. പ്ലാത്തിന്റെ കവിതകളിൽ മരങ്ങളുടെയു വേരുകളുടെയും കാവ്യാവിഷ്കാരം പലയിടത്തും കാണാം. പൂക്കുകയും കായ്ക്കുകയും ചെയ്യുന്ന എഴുത്തുകാരിയാകുവാനുള്ള ശ്രമം നടത്തുന്നു എങ്കിലും പ്ലാത്തിന്റെ കൃതികൾ വേരുകൾ മാത്രമാണെന്ന് ടെഡ് ഹ്യൂസ് അഭിപ്രായപ്പെടുന്നു.

# സെ്വറ്റ്സാനിലെ നല്ല സ്ത്രീ (നാടകം)

## ബെർതോൾട്ട് ബ്രെഹ്റ്റ്

ജർമൻ നാടക പരിശീലകനും, നാടകകൃത്തും, കവിയുമായിരുന്നു ബെർതോൾട്ട് ബ്രെഹ്റ്റ്. അദ്ദേഹം ബെർലിനിൽ താമസമാക്കിയ കാലയളവിൽ മാർക്സിസ്റ്റ് ചിന്തയിൽ അദ്ദേഹം മുഴുകി. തുടർന്ന് ........എന്ന നാടകമെഴുതി. അങ്ങനെ ഇതിഹാസ നടാക വേദിയുടെ ഒരു പ്രമുഖ സൈദ്ധാന്തികനായി. നാസി കാലഘട്ടത്തിൽ അദ്ദേഹം നാടുകടത്തപ്പെട്ടിരിക്കുകയായിരുന്നു. ആദ്യം സ്കാൻഡിനേവിയയിൽ, രണ്ടാം ലോകമഹായുദ്ധ സമയത്ത് .....യുടെ നിരീക്ഷണത്തിലും ആയിരുന്നു. യുദ്ധാനന്തരം കിഴക്കൻ ബർലിനിലേക്ക് മടങ്ങിയ അദ്ദേഹം ഭാര്യയോടൊപ്പം എൻസെംബിൾ എന്ന നാടകകമ്പനി സ്ഥാപിച്ചു.

കൃതികൾ: Plays and screenplays: Baal, Drums in the night, Driving out a devil, Life of Galilio, The judith and shimoda

കവിതകൾ: 1940, The solution, Children's hymn, Match the knife, United front song, Solidarity song...

ഇങ്ങനെ തുടങ്ങി നിരവധി രചനകൾ അദ്ദേഹം നടത്തിയിട്ടുണ്ട്.

സെ്വറ്റ്സാനിയ നല്ല സ്ത്രീ

Lehrstuke: 1920 മുതൽ 1930 കളുടെ അവസാനം വരെ ബെർതോൾട്ട് ബ്രെഹ്റ്റും കൂട്ടരും ചേർന്നു വികസിപ്പിച്ച ആധുനിക നാടക വേദിയുടെ സമൂലവും പരീക്ഷണാത്മകവുമായ രൂപമാണ് Lehrstuke . ഇത് ബ്രെഹ്തിന്റെ ഇതിഹാസ നാടകങ്ങളിൽ നിന്നും വികസിച്ചു വന്നതാണ് എങ്കിലും, അഭിനയമ, വേഷങ്ങൾ, ഭാവങ്ങൾ തുടങ്ങിയവ പഠിക്കുവാനും കൂടിയുള്ള വേദിയായതിനാൽ അഭിനേതാക്കളും പ്രേക്ഷകരും തമ്മിൽ ഭിന്നതയില്ല. Learning play എന്നാണ് ബ്രെഹ്റ്റ് ഈ വാക്കിനെ വിശേഷിപ്പിക്കുന്നത്. Teaching Play എന്നും ജെർമ്മൻ പദത്തിൽ ഇതിനെ വായിക്കാം. പങ്കാളിത്തത്തിലൂടെ പഠിക്കുക എന്നതാണ് ലക്ഷ്യം.

Lehrstuke ൽ ഉൾപ്പെട്ട ബ്രെഹ്റ്റിന്റെ ഒരു നാടകമാണ് സെറ്റ്സാനിലെ നല്ല സ്ത്രീ.

'The good womanof setzuan' എന്ന നാടകമാണ് മ ലയാളത്തിൽ സെറ്റ്സാനിലെ നല്ല സ്ത്രീ എന്ന പേരിൽ വിവർത്തനം ചെയ്തത്. 1943ൽ സ്വിറ്റ്സർലന്റിലെ Zurich schauspielhaus - ൽ ആണ് ഈ നാടകം ആദ്യമായി അവതരിപ്പിക്കുന്നത്. വെള്ളം വിൽപ്പനക്കാരനായ വാങിലൂടെയാണ് നാടകം ആരംഭിക്കുന്നത്. നഗരത്തിന്റെ പ്രാന്ത പ്രദേശത്ത് ദേവന്മാർ വന്നിട്ടുണ്ടെന്നും അവരെ കാണുവാനായി കാത്തിരിക്കുകയാണ് താൻ ഈ നഗരത്തിൽ എന്നും വാങ് പ്രേക്ഷകരെ അറിയിക്കുന്നു. താമസിയാതെ, ദേവന്മാർ വന്ന് വാങിനോട് രാത്രി അഭയം തേടുവാൻ ആവശ്യപ്പെടുന്നു. ദേവന്മാർ കൈമാറിയ തത്ത്വങ്ങൾ്ക്കനുസരിച്ച് ജീവിക്കുന്ന നല്ല ആളുകളെ തേടിയുള്ള വിദൂരയാത്രയായതിനാൽ ദേവന്മാർ ക്ഷീണിതരാണ്. എന്നാൽ അങ്ങനെയുള്ള വ്യക്തികളെ കണ്ടെത്തുവാൻ സാധിച്ചില്ല. പകരം അത്യാഗ്രഹം, തിന്മ, സ്വാർത്ഥത എന്നിവ ഉള്ളവരെ മാത്രമാണ് കണ്ടത്. സെറ്റ്സ്വാനിലും ഇത് ശരിയാണെന്ന് വരുന്ന ആരും ദേവന്മാർക്കായി കതകു തുറന്നില്ല, മറ്റുള്ളവരെ ഉൾക്കൊള്ളുവാനോ, പരിപാലിക്കുവാനോ അവർ തയ്യാറല്ല. ഒടുവിൽ പാവപ്പെട്ട ഒരു യുവവേശ്യാസ്ത്രീ ഷെൻ തേ അവർക്കായി വാതിൽ തുറക്കുന്നു. പാവപ്പെട്ടവരെ വെറും കൈയ്യോടെ ഉപേക്ഷിക്കുവാൻ അവർ തയ്യാറായില്ല. ഒരു കസ്റ്റമറെ കാണാനിറങ്ങിയ ഷെൻ ഇവരെ സഹായിക്കുവാൻ തീരുമാനിച്ചു.

ഷെൻ തേയിൽ മാനുഷിക മൂല്യങ്ങൾ ഉണ്ടെന്ന് മനസിലാക്കിയ ദേവന്മാർ അവൾക്ക് ഒരു പുകയില കട തുടങ്ങി മാനുഷിക മൂല്യങ്ങൾ പുനസ്ഥാപിക്കപ്പെടും എന്ന് ഷെൻ തേയിലൂടെ ദേവൻമാർ കരുതി. ആദ്യമൊക്കെ നല്ല രീതിയിൽ, ദേവന്മാരുടെ പ്രതീക്ഷകൾക്കനുസൃതമായി അവൾ ജീവിക്കുന്നുണ്ടെങ്കിലും മറ്റു പല വ്യക്തിതകളും കാലക്രമത്തിൽ അവളുടെ കടയിൽ സ്ഥാനം പിടിക്കുന്നു. ഷെൻ തേയുടെ ബന്ധുവായ ഷൂയി ത കടയുടെ മേൽനോട്ടം ഏറ്റെടുക്കുന്നു. മറ്റുള്ളവർ ഷെൻ തെയെ ചൂഷണം ചെയ്യുന്നു എന്ന് മനസിലാക്കിയാണ് ഷൂയിതാ ഈ സ്ഥാനം ഏറ്റെടുക്കുന്നത്.

തുടക്കത്തിൽ ഷെൻ തേ ക്കു നിരാശാജനകമായ സാഹചര്യങ്ങൾ ഉണ്ടാകുമ്പോഴായിരുന്നു ഷൂയി താ രംഗത്തു വരുന്നത്. എന്നാൽ മറ്റുള്ളവരുടെ ആവശ്യങ്ങൾ നിറേവറ്റാൻ സാധിക്കാതെ ഷെൻ തെ ധർമ്മസങ്കടത്തിലാകുന്നതോടെ ഷൂയി ത കൂടുതൽ കാലം അവളോടൊപ്പം കാണണം എന്നും

തീരുമാനിക്കുന്നു. ഷെൻ തേ മൃദുല ഹൃദയവും, അനുകമ്പയുമുള്ളവളാണ്, ദുർബലയുമാണ്. ഷൂയിതാകട്ടെ അതിനു വിപരീതവും. ഷൂയിതയക്കു മാത്രമേ അവർ താമസിക്കുന്ന സാഹചര്യത്തിൽ അവരെ നില നിർത്താൻ സാധിക്കൂ. ഷൂയിത അവരുടെ ചെറിയ കടയെ നിരവധി ജീവനക്കാരുടെ ഒരുസമ്പൂർണ്ണ പുകയില ഫാക്ടറിയാക്കി മാറ്റി.

ഷെൻ താ ഇതിനിടയിൽ തൊഴിൽ രഹിതനായ യാങ്സൺ എന്ന വൈമാനികനെ കണ്ടെത്തി, അയാളുമായി ഉടൻ തന്നെ പ്രണയത്തിലാകുന്നു. എന്നാൽ യാങ് സൺ അവളെ കാശിനായി ഉപയോഗിക്കുന്നു. ഷെൻ തേ ഗർഭിണിയാകുന്നു.

ഒരിക്കൽ മുറിയിൽ നിന്നും ഷെൻ തേയുടെ കരച്ചിൽ കേട്ടെത്തിയ തൊഴിലാളിക്ക് അവിടെ ഷൂയിതയെ മാത്രമേ കാണാൻ സാധിച്ചുള്ളൂ. ഷെൻ തേയുടെ വസ്ത്രങ്ങളും ഷൂയിതയുടെ പക്കൽ നിന്നും ലഭിച്ചതിനാൽ ഷൂയിത ഷെൻ തേയെ വധിച്ചു എന്നു കരുതി അവളെ കോടതിയിലെത്തിക്കുന്നു. അവിടെ വിധികർത്താക്കളുടെ വേഷത്തിലെത്തുന്ന ദേവന്മാരോട് ഷൂയിത എല്ലാം തുറന്നു പറയുന്നു. ഷൂയിത തന്നെയാണ് ഷെൻ തേ എന്ന്.

ഒടുവിൽ സെറ്റ്സ്വാനിൽ ഒരു നല്ല മനുഷ്യനെ കണ്ടെത്തിയ ദേവന്മാർ തിരികെ പോയി. കഥാന്ത്യത്തിൽ ആരാണ് സെറ്റ്സ്വാനിലെ നല്ല സ്ത്രീ എന്നു കണ്ടെത്തുവാനുള്ള ഉത്തരവാദിത്വം ആഖ്യാതാവ് വായനക്കാരന്റെ ചുമലിൽ എറിയുന്നു. ചുരുക്കത്തിൽ നല്ലതല്ലാത്ത ഒരു ലോകത്ത് ഒരു നല്ല വ്യക്തിക്ക് എങ്ങനെ ഒരു നല്ല അന്ത്യത്തിലെത്തി ചേരാനാകും എന്ന് കണ്ടെത്തേണ്ടതാണ്. ഈ പ്രശ്നത്തിന്റെ വൈരുദ്ധ്യാത്മക സാധ്യതകളെയാണ് ഈ നാടകം ആശ്രയിക്കുന്നത്. പ്രശ്നം പരിഹരിക്കുന്നതിന് സമൂഹത്തിന്റെ നിലവിലെ ഘടനയിൽ മാറ്റം വരുത്തേണ്ടതുണ്ടെന്ന് കൂടി പറഞ്ഞുവയ്ക്കുന്നു.

# തല കുനിക്കാതെ - ആത്മകഥ

## വംഗാരി മാതായ്

കെനിയയിൽ നിന്നുള്ള പാരിസ്ഥിതിക പ്രവർത്തകയും രാഷ്ട്രീയ സന്നദ്ധപ്രവർത്തകനുമായിരുന്നു. നൊബേൽ സമ്മാന ജേതാവായ വംഗാരി മാതായ് പരിസ്ഥിതി പരിപാലനത്തിനായി വൃക്ഷത്തൈകൾ നട്ടുപിടിപ്പിക്കുകയും ഗ്രീൻ ബെൽറ്റ് എന്ന പേരിൽ അതിനെ വലിയ പ്രസ്ഥാനമാക്കി വളർത്തിയെടുക്കുകയുമ ചെയ്ത പരിസ്ഥിതി പ്രവർത്തക, ജനാധിപത്യ പോരാളി, അഴിമതി വിരുദ്ധ പ്രചാരക, സ്ത്രീപക്ഷവാദി, രാഷ്ട്രീയ നേതാവ് എന്നീ നിലകളിലും പ്രശസ്തയാണ്. നോബൽ സമ്മാനം ലഭിച്ച ആദ്യ ആഫ്രിക്കൻ വനിതയാണ് ഇവർ.

കൃതികൾ

The green belt movement, sharing the approach and the experience (1985)

The bottom is heavy too: even with the green belt movement (1944)

The challenge of Africa (2009)

keplenishing the earth (2020)

Untowed : A Memoir (2006)

**തലകുനിക്കാതെ**

Unbowed : A Memoir എന്ന വംഗാരി മാതായുടെ ആത്മകഥയാണ് തല കുനിക്കാതെ എന്ന പേരിൽ മലയാളത്തിലേക്ക് വിവർത്തനം ചെയതത് കുട്ടിക്കാലം മുതൽ 2004-ൽ നോബേൽ സമ്മാനം ലഭിക്കുന്നതു വരെയുള്ള തന്റെ ജീവിതത്തെ കുറിച്ചാണ് വംഗാരി മാതായ് ഇതിൽ ചർച്ച ചെയ്യുന്നത്. അവരുടെ കുട്ടിക്കാലം, അമേരിക്കയിലെ വിദ്യാഭ്യാസം, കെനിയയിലേക്കുള്ള തിരിച്ചുവരവ്, പാരിസ്ഥിതിക പ്രവർത്തകയിലേക്കുള്ള പരിണാമം, തെരഞ്ഞെടുപ്പിലെ വിജയം, നോബേൽ പുരസ്കാരം ലഭിച്ചത് തുടങ്ങി കാര്യങ്ങൾ വിശദമായി ചർച്ച ചെയ്യുന്നു. മാത്രമല്ല, പരിസ്ഥിതി സംരക്ഷണവും സദ്ഭരണവും തമ്മിലുള്ള ബന്ധത്തെയും ചേർത്തു പറയുന്നുണ്ട്.

1940 ലാണ് വംഗാരി മാതായ് ജനിക്കുന്നത്. കെനിയയിലെ Ihithe എന്ന കൊച്ചുഗ്രാമത്തിലാണ് ജനനം. കെനിയ അന്ന് ബ്രിട്ടിഷ് ഭരണത്തിൻ കീഴിലാണ്. മാതായും കുടുംബവും പിന്നീട് നാകുരുവിനടുത്തുള്ള പ്രവിശ്യപട്ടണത്തിൽ പിതാവ് ജോലി ചെയ്തിരുന്ന ഫാമിലേക്കു മാറി. ഇതുപോലുള്ള പട്ടണങ്ങളുടെ സാമൂഹിക ശ്രേണി, ബ്രിട്ടീഷ് അഡ്മിനിസ്ട്രേറ്റർമാർ, ഇന്ത്യൻ സ്റ്റോർ ഉടമകൾ മറ്റ് ആഫ്രിക്കൻ വിഷയങ്ങൾ എന്നിവ വിവരിക്കുന്നു. കെനിയയിൽ ഏറ്റവും ജനസംഖ്യയുള്ള കികുയു സമൂഹത്തിന്റെ കഥപറച്ചിൽ സംസ്കാരത്തെയും വിവരിക്കുന്നു. തന്റെ കൃഷിസ്ഥലത്ത് കുടുംബത്തെ സഹായിക്കുന്നതിനെ ക്കുറിച്ചും, ആ ജോലി എത്ര സമാധാനപരവും ധ്യാനാത്മകുമാണെന്നും കണ്ടെത്തുന്നു.

കുട്ടിയായിരുന്ന മാതായ് രണ്ട് കത്തോലിക്ക ബോർഡിംഗ് സ്കൂളുകളിലാണ് പഠനം നടത്തിയത്. യൂറോപ്യൻ കന്യാസ്ത്രീകൾ പഠിപ്പിച്ച സാംസ്കാരിക സാമ്രാജ്യത്വത്തെ മാതായ് അംഗീകരിക്കുന്നു. അവർ പല അദ്ധ്യാപകരുമായി അടുക്കുകയു കത്തോലിക്ക മതത്തിലേക്ക് പരിവർത്തനം ചെയ്യുകയും ചെയ്തു. കെനിയൻ പെൺകുട്ടികൾക്ക് അന്ന് അന്യമായിരുന്ന സ്കൂൾ വിദ്യാഭ്യാസത്തിനുള്ള അവസരത്തെയും അവർ പ്രോത്സാഹിപ്പിച്ചു.

ആഫ്രിക്കൻ വിദ്യാർത്ഥികൾക്കായി അമേരിക്ക നൽകിയിരുന്ന സ്കോളർഷിപ്പ് ഉപയോഗിച്ച് മാതായ് അമേരിക്കയിൽ പഠനം തുടർന്നു. അന്നത്തെ സെനറ്റ് ആയിരുന്ന ജോൺ എഫ് കെന്നഡി സ്പോൺസർ ചെയ്ത കെന്നഡി എയർലിഫ്റ്റ് എന്ന സ്കോളർഷിപ്പായിരുന്നതും അത് അവർ ആദ്യം അറ്റ്കിസണിലെ മൗണ്ട് സെന്റ് സ്കൊളാസ്റ്റിക്കയിലും തുടർന്ന് യൂണിവേഴ്സിറ്റി ഓഫ് പിറ്റ്സ്ബർഗിൽ നിന്ന് ബയോളജിയിൽ ബിരുദവും കരസ്ഥമാക്കി.

അപരിചിതമായ വംശീയവു, മതപരവുമായ പിരിമുറുക്കങ്ങളോടൊപ്പം കാലാവസ്ഥയിലും ഭൂപ്രകൃതിയിലുമുള്ള നാടകീയമായ മാറ്റങ്ങളും മാതായ്ക്കു മുന്നിൽ അമേരിക്ക തുറന്നു കാണിച്ചു. മാതായ് അമേരിക്കയിലായിരുന്നപ്പോൾ കെനിയയിൽ Mau Mau Movement നടന്നു. കൊളോണിയൽ ഭരണത്തിനെതിരെയുള്ള കെനിയൻ ജനതയുടെ പ്രക്ഷോഭമായിരുന്നു അത്. ഈ പ്രസ്ഥാനത്തിലെ ഒരു പ്രധാന വ്യക്തി Jomo Kenyatta കെനിയയുടെ ആദ്യ രാഷ്ട്രപതിയായി.

മാതായ് 1966-ൽ സ്വതന്ത്ര്യ കെനിയയിലേക്ക് തിരിച്ചെത്തി. രാജ്യത്തിന്റെ പുതിയ പദവിയിൽ ആവേശഭരിതയാണങ്കിലും കെനിയ ഇപ്പോഴും ഒരു

പൂർണ്ണ ജനാധിപത്യ സമൂഹത്തിൽ നിന്നും വളരെ അകലെയാണെന്ന് അവർ പെട്ടന്നു മനസിലാക്കി. നെയ്റോബി സർവ്വകലാശാലയിൽ സുവോളജി പ്രൊഫസറായി ജോലി നോക്കി വരികയായിരുന്ന മാതായ് ഗോത്രീയത, സ്ത്രീ പുരുഷ അസമത്വം എന്നിവയെ നേരിട്ടു. ഒരു യൂണിവേഴ്സ്റ്റി പ്രൊഫ സർ എന്ന നിലയിൽ അവരുടെ പുരുഷ സഹപ്രവർത്തകരുടെ അതേ ആനു കൂല്യങ്ങൾ ലഭിക്കുവാൻ മാതായ് പോരാടേണ്ടി വന്നു.

മാതായുടെ വൈവാഹിക ജീവിതം ഒരു ഡിവോഴ്സിൽ കലാശിച്ചു. കോട തിയിൽ വിവാഹം മോചനത്തിന് മത്സരിച്ച്, കോടതി യുദ്ധത്തിൽ പരാജയ പ്പെട്ടതിനു ശേഷം മാതായ് ജഡ്ജിയുടെ ഉദ്ദേശ്യത്തെ പരസ്യമായി ചോദ്യം ചെയ്യുകയും അപവാദത്തിന് ജയിലിലടക്കുകയും ചെയ്തു. ഈ പ്രയാസ കരമായ കാലഘട്ടത്തിൽ അവരുടെ ജോലി നഷ്ടമായി. ഇലക്ഷനിലും മത്സ രിച്ചു പരാജയപ്പെട്ടതോടെ ജോലിയിൽ തിരികെ കയറാൻ ശ്രമിച്ചെങ്കിലും ആ സ്ഥാനത്ത് മറ്റൊരു അടിയന്തര നിയമനം നടത്തിയിരുന്നു.

ഓർമ്മക്കുറിപ്പിന്റെ അവസാന അധ്യായങ്ങൾ ഗ്രീൻബെൽറ്റ് പ്രസ്ഥാനത്തെ വിവരിക്കുന്നു. അത് ഒരു സന്നദ്ധ സംഘടനയായിരുന്നു. അതിനുശേഷം മാതായുടെ ജീവിതം പ്രവർത്തനനിരതമായി. കെനിയൻ ഗ്രാമീണ സ്ത്രീകളെ മരങ്ങൾ നട്ടുപിടിപ്പിക്കുവാനും സ്വന്തം ഭൂമി തിരിച്ചുപിടിക്കു വാനും ശക്തരാക്കുന്നതോടൊപ്പം ജനാധിപത്യം ആക്ടിവിസം, മനുഷ്യാ വകാശങ്ങൾ എന്നിവയെക്കുറിച്ച് മനുഷ്യരെ ബോധവൽക്കരിക്കുന്നതിനും ഈ പ്രസ്ഥാനം സഹായിച്ചിട്ടുണ്ട്. വർദ്ധിച്ചു വരുന്ന അടിച്ചമർത്തൽ, കെനി യൻ സർക്കാരുമായുള്ള പോരാട്ടങ്ങൾ എന്നിവ വിവരിക്കുന്നു. ഒപ്പം അന്താ രാഷ്ട്ര അനുഭാവികളുടെയും വളർന്നു വരുന്ന ശ്യംഖലയെക്കുറിച്ചും, വിവ രിക്കുന്നു. ഒരു മൾട്ടി പാർട്ടി സംവിധാനത്തിന്റെ ആവശ്യകതയെക്കുറിച്ച് മാതായ് പൊതുജന അവബോധം വളർത്തി. 2002 നവംബറിൽ പാർല മെന്റിലേക്കുള്ള മന്ത്രിയായി തിരഞ്ഞെടുക്കപ്പെട്ടു. ഇത്തവണ 99% വോട്ട് നേടി.

# ഒരു കപ്പു ചായ - ചെറുകഥ

## കാതറീൻ മൻസ് ഫീൽഡ്

ന്യൂസിലാന്റിൽ ജനിച്ചു വളർന്ന ഒരു പ്രമുഖ ആധുനിക എഴുത്തുകാരിയായിരുന്നു കാതറീൻ മൻസ്ഫീൽഡ്. ചെറുകഥകളും കവിതകളും എഴുതി. 1917 ൽ ശ്വാസകോശത്തെ ബാധിച്ച ക്ഷയരോഗത്തെ തുടർന്ന് 34 വയസ്സുള്ളപ്പോൾ ഫ്രാൻസീൽ വെച്ചു കാതറീൻ മരിച്ചു.

കൃതികൾ: ചെറുകഥകൾ: The tiredness of Roastel (1908), A Birthday (1911), A Blaze (1911), How Pearl Button was kidnapped...

തുടങ്ങി നിരവധി കഥകളും, കവിതകളും മറ്റും കാതറീൻ മൻസ്ഫീൽഡ് രചിച്ചിട്ടുണ്ട്.

**ഒരു കപ്പുചായ**

1922-ൽ പ്രസിദ്ധീകൃതമായ കാതറീൻ മൻസ് ഫീൽഡിന്റെ “A cup of tea” എന്ന ചെറുകഥയാണ് ഒരു കപ്പചായ എന്ന പേരിൽ വിവർത്തനം ചെയ്തിരിക്കുന്നത്. സ്റ്റോറിടെല്ലർ എന്ന മാസികയിലാണ് ഇത് ആദ്യമായി അച്ചടിച്ചു വന്നത്. ഈ കഥയിലെ റോസ്മേരി എന്ന കഥാപാത്രം മൻസ്ഫീൽഡിന്റെ കസിന്റെ ഒരു സാങ്കൽപ്പിക പുനർനിർമ്മാണമാണ്.

ഇതിവൃത്ത സംഗ്രഹം

റോസ്മേരി ഫെൽ, എന്ന ധനികയായ യുവതി കർസൺ സ്ട്രീറ്റിലേക്ക് ഷോപ്പിങ്ങിനായി പോകുന്നു. പൂക്കടയിലും, ആന്റിക് ഷേപ്പിലും പോകുന്നു. എല്ലാം കണ്ട് ഓരോന്നുമ അഭിനന്ദിക്കുന്നതല്ലാതെ ഒരു സാധനവും വാങ്ങുന്നില്ല. (പ്രത്യേകിച്ച് ഒരു സെറാമിക് ബോക്സ് ഇഷ്ടമാകുന്നു) അവർ, കാറിൽ കയറാൻ പോകുമ്പോൾ ചായ മേടിക്കുവാനുള്ള പൈസ ആവശ്യപ്പെട്ടുകൊണ്ട് മിസ് സ്മിത്ത് എന്ന ഒരു പാവപ്പെട്ട പെൺകുട്ടി അവരെ സമീപിക്കുന്നു. റോസ്മേരി ആ പെൺകുട്ടിയെ അവളുടെ വീട്ടിലേക്കു കൊണ്ടുപോകുന്നു. സ്വപ്നങ്ങൾ സാക്ഷാത്കരിക്കുമെന്നും, സമ്പന്നർക്ക് ഹൃദയമുണ്ടെന്നും കാണിച്ചുകൊടുക്കാൻ തീരുമാനിച്ചു. റോസ് മേരിയുടെ

വീട്ടിൽ സ്മിത്ത് ചായയും ഭക്ഷണവും വരുന്നതുവരെ സ്മിത്ത് അവരോട് തന്റെ ജീവിതത്തെക്കുറിച്ച് പറയാൻ തുടങ്ങി. ഫിലിപ്പ് വന്നെത്തിയപ്പോൾ തുടക്കത്തിൽ ആശ്ചര്യപ്പെട്ടുവെങ്കിലു പിന്നീട് റോസ്മേരിയെ തനിക്ക് തനിച്ച് സംസാരിക്കണമെന്ന് റോസ്മേരിയോട് പറയുന്നു.

ലൈബ്രറിയിൽ വച്ച് റോസ്മേരിയുടെ ഈ പ്രവർത്തിയെ ഫിലിപ്പ് ചോദ്യം ചെയ്യുന്നു. മിസ് സ്മിത്തിനെ പുറത്താക്കുവാൻ റോസ്മേരി എതിർക്കുന്നു. ഈ എതിർപ്പ് അറിഞ്ഞപ്പോൾ ഫിലിപ്പ് മറ്റൊരു മാർഗ്ഗം പരീക്ഷിക്കുന്നു. അത് വിജയിക്കുന്നു. റോസ് മേരിയുടെ ജെലസി മുതലെടുത്തുകൊണ്ട് ഫിലിപ്പ് റോസ്മേരിയെക്കാൾ സുന്ദരിയാണ് സ്മിത്ത് എന്നു പറയുന്നു. അങ്ങനെ റോസ്മേരിയിൽ ഒരു അരക്ഷിതാവസ്ഥ തോന്നിപ്പിച്ച ശേഷം അവർ തന്നെ സ്മിത്തിനെ പണം നൽകി ഒഴിവാക്കുന്നു. കഥയുടെ ഒടുവിൽ ഞാൻ സുന്ദരിയല്ലേ? എന്ന ചോദ്യത്തോടെ കഥ അവസാനിക്കുന്നു.

പാവപ്പെട്ടവരും സമ്പന്നരും, തമ്മിലുള്ള വ്യത്യാസങ്ങൾ, അരക്ഷിതാവസ്ഥ തുടങ്ങിയവ ഈ കഥയിൽ പ്രമേയമായി വരുന്നു. പാവപ്പെട്ടവർക്കും സമ്പന്നർക്കും ഒരു പോലെ ആവശ്യമുള്ള ഒന്നാണ് ഒരു കപ്പുചായ. അതിനാലാകാം ഈ കഥയ്ക്ക് ഒരു കപ്പുചായ എന്ന തലക്കെട്ടു നൽകിയത്. സമ്പന്നരുടെ ജീവിത്തിന്റെ ആർഭാടത്തെക്കുറിച്ചു പറയുവാനാണ് വെൽവെറ്റ് പെട്ടിയുടെ കാര്യം പറയുന്നത്.

# യുവകവിക്കുള്ള കത്തുകൾ - കത്തുകൾ

## റിൽകെ.

റെയ്നൽ മാരിയ റിൽക്കെ ഒരു ബൊഷെമിയൻ-ഓസ്ട്രേലിയൻ കവിയും നോവലിസ്റ്റുമാണ്. ഏറ്റവും പ്രശസ്തരായ ജർമ്മൻ ഭാഷാ കവികളിൽ ഒരാളായി റിൽക്കെ അംഗീകരിക്കപ്പെട്ടു. നിരവധി വിമർശകർ റിൽകെയുടെ രചനയെ നിഗൂഢം എന്ന് വിശേഷിപ്പിച്ചു. അദ്ദേഹത്തിന്റെ രചനകളിൽ ഒരു നോവൽ, നിരവധി കത്തിടപാടുകൾ, കവിതാ സമാഹാരങ്ങൾ എന്നിവ ഉൾപ്പെടുന്നു. അതിൽ അവിശ്വാസം, ഏകാന്തത, ഉത്കണ്ഠ എന്നിവയുടെ പ്രയാസത്തെ കേന്ദ്രീകരിക്കുന്നു. പരമ്പരാഗതവും ആധുനികവുമായ എഴുത്തുകാർക്കിടയിലുള്ള ഒരു പരിവർത്തന വ്യക്തിയായി അദ്ദേഹത്തെ കണക്കാക്കാം.

കൃതികൾ: കവിതകൾ Leben and laieder (1894), larenopter (1875), Advent (1898), Das Buch der Bilder (1902-1906), senette an orpheus (1992)

ചെറുകഥാസമാഹാരം : Geschichten Vom Lieben Gott (1900)

കത്തുകൾ : brief an auguste Rodin (1928), ernst linn with a foreward by rudolf kassner, the dark interval letters for the grieving heart, the dark interval-letters for the Grieving heart.

തുടങ്ങി നിരവധി കൃതികൾ ഇദ്ദേഹം രചിച്ചിട്ടുണ്ട്.

യുവ കവിക്കുള്ള കത്തുകൾ

Letters to young poet എന്ന റിൽകെയുടെ കത്തുകളുടെ മലയാള പരിഭാഷയാണ് യുവ കവിക്കുള്ള കത്തുകൾ. (German title: Brief an Einen Jungen Dichter) ഫ്രാൻസ് സേവ്യർ കാപ്പൂസ് എന്ന 19 കാരൻ (മിലിറ്ററി യൂണിവേഴ്സിറ്റി) ആദ്യമായി കവിയായ റിൽകെയോട് തന്റെ കവിതയെ പറ്റിയുള്ള അഭിപ്രായം ചോദിച്ചുകൊണ്ട് ഒരു കത്തെഴുതി. 27 വയസ്സുള്ളപ്പോൾ ശേഖരത്തിലെ 10 കത്തുകൾ റിൽകെ എഴുതി. 30 വയസ്സിനു തൊട്ടു മുൻപ് നിർത്തി. സ്വയം സത്യസന്ധത പുലർത്തുന്നതിനും, ക്രിയേറ്റീവ് കരിയർ പിന്തുടരാനുമുള്ള ധൈര്യം നേടുന്നതിനുമുള്ള സംക്ഷിപ്തവും ശക്തവുമായ ഉപദേശങ്ങൾ ഈ കത്തുകളിൽ നിറഞ്ഞിരിക്കുന്നു. ഈ കത്തുകൾ അമേരിക്കൻ

ചിന്തകരിലും കലാകാന്മാരിലും വലിയം സ്വാധീനം ചെലുത്തുന്നുണ്ട്. ഓരോ രുരത്തരും അവരുടെ ആഴമേറിയ മാനവികതയുമായി വീണ്ടും ബന്ധപ്പെടാനുള്ള ശക്തമായ ആഹ്വാനമാണ് ഈ കത്തുകൾ.

കാപ്പൂസിന്റെ കവിതകൾ നല്ലതാണെന്ന് റിൽകെ പരോക്ഷമായി സമ്മതിക്കുന്നു. തന്നിലേക്ക് തന്നെ ആഴത്തിൽ പോകുവാൻ റിൽക്കെ യുവാവിനെ ഉദ്ബോധിപ്പിക്കുന്നു. ഒരാളുടെ ആഴമേറിയതും സത്യസന്ധവുമായ സ്വഭാവവുമായി ബന്ധിപ്പിക്കുന്നതിലൂടെയാണ് ഒരു നല്ല കവിത ഉണ്ടാകുന്നതെന്ന് അദ്ദേഹം എഴുതുന്നു. ചില ചിത്രങ്ങൾ കവിതയിൽ ഉൾക്കൊള്ളാൻ പര്യാപ്തമല്ലെന്നു തോന്നുമ്പോൾ തന്റെ വ്യക്തിപരമായ ചുറ്റുപാടുകളെക്കുറിച്ച് എഴുതിയതിലൂടെ കാപ്പൂസിന് മികച്ച അംഗീകാരം ലഭിക്കും.

രണ്ടാമത്തെ കത്ത് ഇറ്റലിയിൽ നിന്നുള്ളതാണ് തന്റെ പ്രതികരണത്തിന്റെ കാലതാമസത്തിനു ക്ഷമ ചോദിച്ചുകൊണ്ട് റിൽക്കെ ആരംഭിക്കുന്നു. കൂടാതെ താനൊരു രോഗത്തിനെതിരെ പോരാടുകയാണെന്ന് കുറിക്കുന്നു. കാപ്പൂസിന്റെ കത്തു വായിച്ച് റിൽക്കെ രണ്ട് പ്രായോഗിക ഉപദേശങ്ങൾ നൽകുന്നു. ഒന്ന് കവിതയിൽ വിരോധാഭാസം അധികം ഉപയോഗിക്കരുത്. രണ്ട്, രചനയുടെ സമയത്ത് പ്രചോദനത്തിനായി ചില നല്ല സാഹിത്യ കൃതികൾ കൂടി കൈയിൽ കരുതുക. ഉദാഹരണത്തിന് എഴുത്തിൽ എന്തെങ്കിലും തടസം അനുഭവപ്പെട്ടാൽ റിൽകെ ബൈബിളിലൂടെ കടന്നുപോകുമെന്നും പറയുന്നു.

നാലാമത്തെ കത്താണ് ഇവയിലേറ്റവും പ്രശ്നം ജർമനിയിൽ നിന്നാണ് ഈ കത്തിലൂടെ കാപ്പൂസ് മറുപടി നൽകുന്നത്. പ്രണയം ലൈംഗികത തുടങ്ങിയവ ദുഷ്കരവും ഗൗരവ പൂർണ്ണവുമാണെന്ന് സൂചിപ്പിക്കുന്നു. മറ്റൊന്ന് കാപ്പൂസ് കടുത്ത ഏകാന്തതയെയാണ് പരാമർശിക്കുന്നതെങ്കിൽ അതിശയകരമായ എന്തെങ്കിലും നിർമ്മിക്കുവാനുള്ള അവസരമാണിതെന്ന് റിൽകെ പറയുന്നു. ഏകാന്തതയിൽ മാത്രമേ ഒരാൾക്ക് സുഖകരമായ സത്യസന്ധത പുലർത്താൻ കഴിയൂ.

റിൽക്കേ റോമിലായിരിക്കുമ്പോൾ അയക്കുന്ന കത്തിൽ മനോഹരമായ ആ നഗരത്തെക്കുറിച്ചുള്ള പ്രതികരണം റിൽകെ വ്യക്തമാക്കുന്നു. റോമിൽ മനോഹരമായ വാസ്തുവിദ്യയും പെയിന്റങ്ങുകളും നിറഞ്ഞിട്ടുണ്ടെങ്കിലും ഒരാൾ താമസിക്കുന്ന ഏതു പ്രദേശത്തും സൗന്ദര്യം കണ്ടെത്താൻ കഴിയുന്നില്ലെങ്കിൽ, പിന്നെ മറ്റാരും കുറ്റപ്പെടുത്താനില്ലെന്നു റിൽകെ പറയുന്നു. ലോകം അനന്തരമായ മനോഹാരിതയുള്ളതാണ്, ഒരാൾക്ക് എപ്പോഴെങ്കിലും ബോറ

ടിപ്പിക്കുന്നുവെങ്കിൽ അത് ലോകത്തെ അതിന്റെ എല്ലാ സമ്പന്നതയും ഊർജ്ജവും ഉൾക്കൊള്ളാൻ തയ്യാറാകാത്തതിനാലാണ്.

ഏഴാമത്തെ കത്തിൽ കാപ്പൂസിന്റെ ഏറ്റവും പുതിയ ഗീതകത്തെ റിൽക്കെ പ്രശംസിച്ചു. കാപ്പൂസ് തന്റെ വ്യക്തിപരമായ അറിവ് കൂടുതൽ ആഴത്തിലാക്കുന്നു എന്നും അതിനാൽ ഈ യുവകവിയുടെ രചനയിൽ പുരോഗതിയുണ്ടെന്ന് അദ്ദേഹം പറയുന്നു. കവിതയെഴുത്തിന്റെ യഥാർത്ഥ ലക്ഷ്യമായ കാപ്പൂസിനു മാത്രം ചെയ്യാൻ കഴിയുന്ന തന്റെ കൃതി സത്യസന്ധത പുലർത്തുന്നു. യുവകവി തന്റെ കവിതയിൽ കൈവരിച്ച നേട്ടങ്ങളിലേക്ക് ശ്രദ്ധ ക്ഷണിക്കുവാൻ റിൽക്കെ കാപ്പൂസിന്റെ ഗീതകം ഒരു കടലാസിൽ പകർത്തി ഫ്രാൻസിലേക്ക് അയക്കുന്നു. സ്വയം അവബോധം മെച്ചപ്പെടുത്തുന്നതിന് ഇത് പലപ്പോഴും ഉപകാരമാണെന്ന് അദ്ദേഹം പറയുന്നു.

എട്ടാമത്തെ കത്ത് സ്വീഡനിൽ നിന്നാണ്. റിൽക്കെ എഴുതുന്നു. എപ്പോഴെല്ലാം ഒരുവൻ ദു:ഖിതനാണോ അപ്പോഴൊക്കെ ആ ദു:ഖത്തിന്റെ കാരണവും അവൻ ചിന്തിക്കുന്നു. മിക്കപ്പോഴും അത് എന്തെങ്കിലും തരത്തിലുള്ള നഷ്ടത്തെ തുടർന്നാണ്. ആ നഷ്ടത്തിന്റെ സ്വഭാവം തിരിച്ചറിയുമ്പോൾ നമ്മുടെ ജീവിതത്തിൽ എന്തെങ്കിലും പുതിയത് സൃഷ്ടിക്കുവാനുള്ള ഇടം നാം കണ്ടെത്തുന്നു. അത് മികച്ച എന്തെങ്കിലും ആയിരിക്കുകയും ചെയ്യും.

സൃഷ്ടിപരമായ പ്രക്രിയയിൽ സംശയങ്ങൾ കൈകാര്യം ചെയ്യുന്നതിനുള്ള പര്യവേക്ഷണമാണ്. ഒൻപതാമത്തെ  ത്ത വർഷം ഈ ഗുണങ്ങൾ കൂടുതൽ ആഴത്തിലാകുമെന്നും അദ്ദേഹം എഴുതുന്നു.

# മഞ്ഞ്
## ഓർഹാൻ പാമൂക്ക്

**ഓർഹാൻ പാമൂക്ക്**

നോബൽ പുരസ്കാര ജേതാവായ ടർക്കിഷ് എഴുത്തുകാരനാണ് ഓർഹാൻ പാമൂക്ക്

ഉത്തരാധുനിക സാഹിത്യത്തിന്റെ വക്താവ്

ജന്മദേശത്തിന്റെ വൈവിധ്യങ്ങൾ അദ്ദേഹം തന്റെ കൃതികളിൽ സന്നിവേശിപ്പിച്ചു

അദ്ദേഹത്തിന്റെ നോവലുകൾ 40-ൽ ഏറെ വിദേശ ഭാഷകളിലേക്ക് വിവർത്തനം ചെയ്യപ്പെട്ടിട്ടുണ്ട്.

2006 ഒക്ടോബർ 12 നു സാഹിത്യത്തിനുള്ള നോബൽ പുരസ്കാര ജേതാവായി.

പ്രധാന കൃതികൾ

1. സൈലന്റ് ഹൗസ്
2. വെൺകോട്ട (The white castle)
3. കറുത്ത പുസ്തകം (The black book)
4. പുതിയ ജീവിതം (The new life)
5. എന്റെ പേരുചുവപ്പ് (My name is red)
6. മഞ്ഞ് (Snow)
7. മറ്റു നിറങ്ങൾ (other colours)

വിവർത്തനം : ജോളി വർഗീസ്

പത്തനംതിട്ടയിലെ ഇരവിപേരൂരിൽ ജനിച്ചു

ഇംഗ്ലീഷിൽ കവിതകളും, മലയാളത്തിൽ ചെറുകഥ, ലേഖനം, കോളം എന്നിവ എഴുതുന്നു.

എൽഫ്രഡ് യല്നക്കിന്റെ പിയാനോ ടീച്ചർ, വിസ്മയങ്ങൾ വിചിത്രകാലങ്ങൾ, ലസ്റ്റ്, ഖലീൽ ജിബ്രാന്റെ പ്രണയലേഖനങ്ങൾ, പാക്കിസ്ഥാനി പെൺകഥകൾ, ജയശ്രീമിശ്രയുടെ -ശേഷം, പൗലോ കൊയ്ലോയുടെ പോർട്ടോബെർലോയിലെ മന്ത്രവാദിനി- എന്നീ

പുസ്തകങ്ങൾ ഇംഗ്ലീഷിൽ നിന്നും മലയാളത്തിലേക്ക് വിവർത്തനം ചെയ്തിട്ടുണ്ട്.

മഞ്ഞ് (Snow) kar- turkish

2002-ൽ പ്രസിദ്ധീകൃതമായ മഞ്ഞ് എന്ന നോവലാണ് പാമുകിന്റെ ഏറ്റവും ശ്രദ്ധേയമായ നോവൽ. ഇസ്ലാമിക തത്ത്വസംഹിതകളും പാശ്ചാത്യ സംസ്കാരവും തമ്മിലുള്ള സംഘർഷമാണ് നോവലിന്റെ പ്രമേയം. തുർക്കി യൂറോപ്യൻ യൂണിയനിൽ ചേരാനുള്ള ശ്രമങ്ങൾ നടക്കുന്ന പശ്ചാത്തലത്തിൽ പാശ്ചാത്യ മൂല്യങ്ങളും ഇസ്ലാമിക തത്ത്വശാസ്ത്രങ്ങളും എങ്ങനെ ചേർന്നുപോകുമെന്ന സാധാരണ തുർക്കിക്കാരന്റെ ചിന്തകളാണ് നോവലിനെ ശ്രദ്ധേയമാക്കിയത്.

1990 കളുടെ തുടക്കത്തിൽ കിഴക്കൻ അന്റോലിയയിലെ, വിദൂരവും തകർന്നതുമായ ഒരു നഗരമായ

കാർസിലാണ് ഒഹാൻ പാമുക്കിന്റെ സ്നോ എന്ന നോവൽ സജീകരിച്ചിരിക്കുന്നത്. കാർ എന്നാൽ മഞ്ഞ് എന്നാണ് ടർക്കിഷ് ഭാഷയിൽ അർത്ഥം. എപ്പോഴും മഞ്ഞുവീണുകൊണ്ടിരിക്കുന്ന ഒരു സ്ഥലമാണിത്. മരമില്ലാത്ത സമതലങ്ങളിലും, കോട്ടകളിലും നദികളിലും.

**കഥാപാത്രങ്ങൾ**

കാ - കഥയിലെ നായകൻ. ജേർണലിസ്റ്റായി രംഗപ്രവേശം, കവി

ഇപെക്- കാ- യുടെ പ്രണയിനി, മുഹ്താറിൽ നിന്നും വിവാഹമോചനം നേടി

കാദിഫ് - ഇപെകിന്റെ സഹോദരി, ശിരോവസ്ത്രത്തിനുവേണ്ടി സമരം നടത്തിയ യുവതികളുടെ നേതാവ്

ബ്ലൂ - ഇസ്ലാമിക തീവ്രവാദി, കാദിഫിനെ പ്രണയിക്കുന്നു.

ഹാൻഡെ- ശിരോവസ്ത്രത്തിനായി സമരം ചെയ്യുന്ന പെൺകുട്ടി

നെസിപ്- റിലീജിയസ് സ്കൂളിലെ വിദ്യാർത്ഥി. കാദിഫിനെ പിന്തുണയ്ക്കുന്നു.

സുനൈസൈം- നടൻ

തർഗുത് ബേ- ഇപെകിന്റെയും കാദിഫിന്റെയും അച്ഛൻ.

**ഇതിവൃത്ത സംഗ്രഹം**

കഥയുടെ ആദ്യഭാഗം മിക്കതും കായുടെ വീക്ഷണ കോണിൽ നിന്നുകൊണ്ട് മൂന്നാമതൊരാളിൽ കൂടിയാണ് കഥ അവതരിപ്പിക്കുന്നത്. സർവ്വജ്ഞനായ

ആഖ്യാതാവ് ചിലപ്പോൾ അവന്റെ സാന്നിധ്യം അറിയിക്കുന്നു. ഈ സാന്നിധ്യം കായുടെ ജേർണലുകളെയും കത്തിടപാടുകളെയും അടിസ്ഥാനമാക്കി കഥ പറയുന്ന കായുടെ സുഹൃത്തായി വേഷമിട്ടുകൊണ്ടാണ് അറിയിക്കുന്നത്. കാ അറിയുന്നതിന് മുമ്പ് അല്ലെങ്കിൽ കഥയിലെ പിന്നീടുള്ള സംഭവങ്ങളെ കാണിക്കുന്നതിന് മുമ്പ് മുൻകൂട്ടി വായനക്കാരന് ചിലപ്പോൾ വിവരണങ്ങൾ നൽകുന്നു. ചില സമയങ്ങളിലെ പ്രവൃത്തികൾ സ്വപ്നം പോലെയാണ്.

ജർമ്മനിയിലെ 12 വർഷത്തെ രാഷ്ട്രീയ പ്രവാസത്തിനുശേഷം തുർക്കിയിലേക്ക് മടങ്ങുന്ന കവിയായ കാ ആണ് ഈ നോവലിലെ പ്രധാന കഥാപാത്രം. പല ലക്ഷ്യങ്ങളോടെയാണ് കാ തുർക്കിയിലേക്ക് തിരിക്കുന്നത്. ആത്മഹത്യകളെക്കുറിച്ച് അന്വേഷിക്കുവാൻ എത്തുന്ന ഒരു പത്രപ്രവത്തകൻ ആയി എത്തുന്ന കാ യ്ക്ക് അയാൾ അറിയുന്ന ഒരു സ്ത്രീയെ കാണാൻ സാധിക്കും എന്ന പ്രതീക്ഷയുമുണ്ട്. നഗരത്തെ പുറംലോകത്തിൽ നിന്നും മുറിച്ചു മാറ്റുന്ന രീതിയിൽ മഞ്ഞുമൂടിയിരിക്കുന്ന സമയത്ത് കാ ആ സ്ഥലത്ത് ഉണ്ടായിരുന്ന മുൻ കമ്മ്യൂണിസ്റ്റ്, മതേതരവാദി, ഫാസിസ്റ്റ് , ദേശിയവാദി, ഇസ്ലാമിക മിതവാദികൾ, യുവ കുർദുകൾ, സൈന്യം, രഹസ്യാമ്പേഷകർ, പോലിസ് എന്നീവരുമായും പ്രത്യേകിച്ച് ഒരു വിപ്ലവകാരിയുമായും സംസാരിച്ചു. ഇതിനിടയിൽ സ്നേഹവും അഭിനിവേശവും കണ്ടെത്തേണ്ടതുണ്ട്. ഈ നോവലിലെ പ്രധാന ചർച്ച മതേതരത്വത്തിന്റെയും വിശ്വാസത്തന്റെയും ആന്തര മുഖങ്ങളെക്കുറിച്ചാണെങ്കിലും തുർക്കിയും 20-ാം നൂറ്റാണ്ടിലെ എല്ലാ ചരിത്രത്തെയും ഇവിടെ പരാമർശിക്കുന്നുണ്ട്.

**സംഗ്രഹം**

ഇപെക് എന്നു പേരായ ഒരു യുവതിയുമായി പണ്ട് കാ ക്ക് അടുപ്പം ഉണ്ടായിരുന്നു. താൻ ഇപ്പോൾ താമസിക്കുന്ന ഹോട്ടലിന്റെ നടത്തിപ്പുകാരന്റെ മകൾ കൂടിയായ അവളെ കാ കണ്ടുമുട്ടുന്നു. ഇപെക് ഇപ്പോൾ വിവാഹ മോചിതയാണ്. മുഹ്താർ എന്നായിരുന്നു ഭർത്താവിന്റെ പേര്. മുഹ്താറിന് രാഷ്ട്രീയത്തിൽ ഇസ്ലാമിനോടുണ്ടായിരുന്ന താല്പര്യം മൂലമാണ് അവൾ മുഹ്താറിൽ നിന്ന് വിവാഹമോചനം നേടിയത്. ഈ സാഹചര്യത്തിലാണ് ഇവരുടെ കണ്ടുമുട്ടൽ. ഇരുവരും ഒരു കഫെയിൽ ഉള്ളപ്പോൾ institute of education ന്റെ ലോക്കൽ ഡയറക്ടറെ പട്ടണത്തിന് പുറത്തുനിന്നുള്ള ഒരു മുസ്ലീം തീവ്രവാദി വെടിവച്ചുകൊന്നതിന് ഇപെകും കായും സാക്ഷ്യം വഹിച്ചു. സ്കൂളിൽ ശിരോവസ്ത്രം നിരോധിച്ചു എന്ന

കാരണത്താൽ ടെസ്‌ല എന്ന യുവതി ആത്മഹത്യ ചെയ്തത് ഈ ലോക്കൽ ഡയറക്ടർ കാരണമാണ് എന്നാരോപിച്ചാണ് അയാളെ വെടിവച്ച് കൊന്നത്. ഈ സംഭവത്തിന് ശേഷം കാ മുഹ്താർനെ കണ്ടുമുട്ടുന്നു. ഈ അവസരത്തിൽ മുഹ്താർ ഇസ്ലാം മതത്തെ കണ്ടെത്തിയതിന്റെ അനുഭവങ്ങളും Sadettin Efendi എന്ന ഷെയ്ക്കിനെ കണ്ടുമുട്ടിയതുമായ അനുഭവങ്ങളും മുഹ്താർ കായുമായി പങ്കുവയ്ക്കുന്നു. ഡയറക്ടറുടെ കൊലപാതകത്തെ കുറിച്ച് അന്വേഷിക്കുന്നതിന്റെ ഭാഗമായി പോലിസ് കാ, മുഹ്താർ എന്നിവരെ പിടികൂടുന്നു. കാ യെ പോലീസ് ചോദ്യം ചെയ്യുകയും മുഹ്താറിനെ തല്ലുകയും ചെയ്യുന്നു. കുറെ കാലങ്ങളായി Writers block അനുഭവിച്ചിരുന്ന കാ അവിടെ അപ്പോൾ നടക്കുന്ന സംഭവവികാസങ്ങളിൽ നിന്ന് പ്രചോദനം ഉൾക്കൊണ്ട് സ്നോ എന്ന ഒരു കവിത രചിക്കുകയും ചെയ്തു. നിഗൂഢമായ അനുഭവമാണ് ഈ കവിതയിൽ വിവരിക്കുന്നത്. ഇപ്പിക്കിന്റെ നിർദേശപ്രകാരം കാ ഷെയ്ഖ് സാഡെറ്റിനെ കാണാൻപോയി. താൻ സ്വയമോ, തുർക്കിയോ ചെന്ന് അകപ്പെടാൻ ആഗ്രഹിക്കാത്ത പിന്നോക്കാവസ്ഥയിലുള്ള ഒരു മതത്തിലാണ് അയാൾ ഉള്ളതെന്ന് കാ ഏറ്റുപറയുന്നു. പക്ഷെ കായ്ക്ക് ഷെയ്ക്കുമായി ഒരു അടുപ്പം തോന്നുന്നു. ശേഷം കായുടെ പുതിയ കവിതകൾ ദൈവത്തിൽ നിന്നുള്ള സമ്മാനമായി കരുതി സ്വീകരിക്കുന്നു.

റിലീജിയസ് ഹൈസ്കൂളിലെ വിദ്യാർത്ഥിയായ നെസിപ്പിൽ കായ്ക്ക് മതിപ്പുണ്ടാകുന്നു. എന്നാൽ നെസിപ്പ് ഉടൻതന്നെ മരിക്കുമെന്നും ആഖ്യാതാവ് വായനക്കാരനെ അറിയിക്കുന്നു. National thester-ൽ നടന്ന ഒരു ടെലിവിഷൻ പരിപാടിയിൽ മതേതരവാദികളും ഇസ്ലാമിസ്റ്റുകളും തമ്മിലുള്ള പിരിമുറുക്കങ്ങൾ വർദ്ധിച്ച് ഒടുവിൽ അത് പൊട്ടിത്തെറിക്കുന്നു. ഒരു മതേതരസംഘം ശിരോവസ്ത്രത്തെ കുറിച്ച് അപലപിച്ച് ഒരു ക്ലാസിക് നാടകം അവതരിപ്പിക്കുന്നു. ഈ അവതരണത്തിനിടെ നിരവധി സൈനികർ വേദിയിൽ സ്ഥാനം പിടിക്കുന്നു. ഈ അവസരത്തിലാണ് തിയറ്റർ സംഘത്തിന്റെ നേതാവിന് education director-ഉടെ മരണവാർത്ത ലഭിക്കുന്നത്. വാർത്ത ഏവരേയും അറിയിക്കുന്നതും ഉടൻതന്നെ വേദിയിൽ സ്ഥാനം പിടിച്ചിരുന്ന സൈനികർ കാണികൾക്കുനേരെ വെടിയുതിർക്കുവാൻ തുടങ്ങി. ആ വെടിവയ്പ്പിൽ മരിച്ചവരുടെ കൂട്ടത്തിൽ നെൻസിപ്പും ഉണ്ടായിരുന്നു. തുടർന്ന് പോലീസും സൈന്യവും ചേർന്ന് പട്ടാളനിയമം അവിടെ സ്ഥാപിക്കുന്നു. ഇസ്ലാമിസ്റ്റുകളുടെ ഇടയിൽ കാണപ്പെട്ടു എന്ന കാരണത്താൽ അവർ കായെ ചോദ്യം ചെയ്യുന്നു. നെസിപ്പിന്റെ മൃതദേഹം ഇതിനിടയിൽ കണ്ട കാ നടുങ്ങിപോയി.

National theater-ൽ അന്ന് നാടകം അവതരിപ്പിച്ച നടന്മാരിൽ ഒരാളായ സണ്ണി സൈമിനെ കാണുവാനായി കാ യെ കൂട്ടിക്കൊണ്ടുപോകുന്നു. ഈ നടനാണ് ഇപ്പോൾ സംശയാസ്പദമായ വ്യക്തികളെ ചോദ്യം ചെയ്യുന്നതും അന്വേഷണം നടത്തുന്നതും. സൈം ഒരു കടുത്ത തുർക്കി റിപ്ലബിക്കൻ ആണ്. സൈം ആണ് രാഷ്ട്രീയ നേതാക്കളായ റോബസ്പിയർ, നെപ്പോളിയൻ, ലെനിൽ തുടങ്ങിയവരെ രംഗത്ത് അവതരിപ്പിച്ചത്. എന്നാൽ ടർക്കിഷ് റിപബ്ലിക്കിന്റെ സ്ഥാപകനായ അറ്റാതുർക്ക് -നെ അവതരിപ്പിക്കണമെന്ന സ്വപ്നം നിരാശാജനകമായിരുന്നു. മഞ്ഞുവീഴ്ച അതികഠിനമായതിനാൽ റോഡുകളും, റെയിൽ പാളങ്ങളും എല്ലാം അസാധ്യമായി. അതിനാൽ പുറത്തുനിന്നുള്ള അധികാരികൾക്ക് ഈ അന്വേഷണത്തിൽ ഇടപെടുവാനോ അട്ടിമറികൾ നടത്തുവാനോ സാധ്യമല്ല. കാർസിന്റെ ഒറ്റപ്പെടലും, പ്രാദേശിക പട്ടാളത്തിന്റെ ചുമതലയുള്ള ഉദ്യോഗസ്ഥരുമായും തനിക്കുണ്ടായിരുന്ന പഴയകാല സൗഹൃദവുമെല്ലാം യഥാർത്ഥ ജീവിതത്തിലും വേദിയിലെന്നപോലെ ഒരു സ്വേച്ഛാധിപതിയാവാൻ അയാളെ പ്രാപ്തനാക്കി. കുറച്ചുദിവസത്തേക്കെങ്കിലും അയാൾക്ക് നിലനിന്നിരുന്ന അധികാര-കേന്ദ്രത്തെ അട്ടിമറിയ്ക്കുവാൻ സാധിച്ചു.

ഇത്രയൊക്കെ കഴിയുമ്പോൾ ആഖ്യാതാവ് മാറുന്നു. ഒർഹാൻ പാമുഖ് കഥയിലേക്ക് ആഖ്യാതാവായി കടന്നുവരുന്നു. അദ്ദേഹം വർത്തമാനകാല കാര്യങ്ങളല്ല നാല് വർഷത്തിന് ശേഷമുള്ള കാര്യമാണ് പറയുന്നത്. കാ ഇപെകിനുവേണ്ടി കുറെ ഏറെ കത്തുകൾ എഴുതി വച്ചിരുന്നു. എന്നാൽ അവയൊന്നും അയച്ചിട്ടില്ല. പിന്നീട് കാ കൊല്ലപ്പെടുന്നു. ഈ സമയത്ത് ആഖ്യാതാവ് The black book, The museum of innosence എന്നീ പുസ്തകങ്ങൾ രചിക്കുന്നു. ഇവ 2008-ൽ പബ്ലിഷ് ചെയ്തു.

വീണ്ടും വർത്തമാനകാലത്തിലേക്ക് തിരിച്ചുവരുന്നു. Turgut Bey ഒരു മീറ്റിംഗിൽ സന്ധിക്കുന്നു. ഭരിക്കുന്ന പാർട്ടിക്ക് എതിരായുള്ള ഒരു മീറ്റിങ്ങായിരുന്നു അത്. ഈ സമയത്ത് ബ്ലൂ അറസ്റ്റ് ചെയ്യപ്പെടുന്നു. ബ്ലൂവിനെ റിലീസ് ചെയ്യുവാൻ സുനൈസൈമിനെ കാണുന്നു. അയാൾ ഒരു ഡിമാന്റ് വയ്ക്കുന്നു. ബ്ലൂവിനെ റിലീസ് ചെയ്യാം പക്ഷെ ഒരു നാടകം നടക്കുന്ന സമയത്ത് ഖാദിഫ് തന്റെ ശിരോവസ്ത്രം മാറ്റണം അത് തത്സമയം എല്ലാ ചാനലുകളിലും കാണിക്കണം എന്നും സുനൈസൈം പറയുന്നു. മാത്രമല്ല ആ ശിരോവസ്ത്രം കത്തിക്കുകയും വേണം. ഇങ്ങനെ ചെയ്താൽ തീർച്ചയായും ബ്ലൂവിനെ വിട്ടയക്കാം എന്ന് സൈം പറയുന്നു. കാദിഫും

കായും ഇതു സമ്മതിക്കുന്നു. എന്നാൽ ബ്ലൂ ഇതിന് സമ്മതിക്കുന്നില്ല. പിന്നീട് കാ സെഡ് ഡമർക്കോൾ എന്ന നാഷണലിസ്റ്റിനുവേണ്ടി പ്രവർത്തിച്ചു എന്ന കാരണത്താൽ പോലീസുകാർ കാ യെ തല്ലിച്ചതയ്ക്കുന്നു.

പിന്നീട് മുമ്പുപറഞ്ഞ നാടകം നടന്നുകൊണ്ടിരിക്കുമ്പോൾ സൈന്യം കായെ റെയിൽവേ സ്റ്റേഷനിൽ കൊണ്ടുവിടുകയും കാ തിരിച്ചുപോകാൻ ഒരുങ്ങുകയും ചെയ്യുമ്പോൾ ഇപ്പെക്കും കായുടെ കൂടെ പോകാൻ തയ്യാറായിരിക്കുന്നു. അപ്പോഴാണ് ഒരു വാർത്ത അവിടെ എത്തുന്നത്. ബ്ലൂവും ഹാന്റെയും കൊല്ലപ്പെട്ടു എന്ന വാർത്ത. ഉടൻതന്നെ ഇപ്പെക്ക് കായുടെ കൂടെ പോകാൻ തയ്യാറല്ല എന്ന് പറയും .കാരണം ബ്ലൂ-ന്റെയും ഹാൻഡെയുടെയും കൊലപാതകത്തിന് ഉത്തരവാദി കാ ആണ് എന്നാണ്. കാരണം പത്രത്തിലും മറ്റും വാർത്ത കൊടുത്തതിനാലാണ് ബ്ലൂ കൊല്ലപ്പെട്ടതെന്ന് ഇപെക് വിശ്വസിക്കുന്നു. ഈ കൊലപാതക വാർത്ത കേട്ടതോടെ ഇപെക് കാദിഫിന്റെ അടുത്തെത്തി ഇനി ശിരോവസ്ത്രം മാറ്റേണ്ട ആവശ്യമില്ലെന്നും ബ്ലൂ കൊല്ലപ്പെട്ടു എന്നും അറിയിക്കുന്നു. ഇപ്പോൾ സുനൈസെം കാദിഫിന് ഒരു റിവോൾവർ നൽകി സൈംനെ വെടിവയ്ക്കുവാൻ ആവശ്യപ്പെടുന്നു. അയാൾ കൊല്ലപ്പെടുന്നു. പ്രേക്ഷകർക്കു മുൻപിൽ അരങ്ങിൽ മരിക്കാം എന്നു വിചാരിച്ചാകാം അയാൾ ഇങ്ങനെ ചെയ്തത്.

ആദ്യമൊക്കെ പ്രേക്ഷകർ അത് നാടകത്തിന്റെ ഭാഗമാണെന്ന് കരുതുന്നു. പിന്നീട് അയാൾ കൊല്ലപ്പെട്ടു എന്നും മനസ്സിലാക്കുന്നു. കാ തിരികെ ഫ്രാങ്ക്ഫർട്ടിൽ എത്തുന്നു.

പിന്നീട് ആഖ്യാതാവ് കാർസിലെ ജനങ്ങളെ കാണുവാനായി വരുന്നു. കാദിഫ് ഒരു റിലീജിയസ് സ്കൂളിലെ വിദ്യാർത്ഥിയെ വിവാഹം ചെയ്തിരിക്കുന്നു. ഇപെകിനെ കാണുമ്പോൾ ആഖ്യാതാവിന് അവളോട് ഒരു ഇഷ്ടം തോന്നുന്നു. മാത്രമല്ല കാ യോടും ബ്ലു വിനോടും അസൂയയും തോന്നുന്നു. കാരണം ആരും ഇഷ്ടപ്പെടുന്ന ഒരു ആളായിരുന്നു ഇപെക്. കാ പലപ്പോഴും തിരിച്ചുവരാൻ ഒരുങ്ങുന്നുണ്ട്. എന്നാൽ തുർക്കിയിൽ കായ്ക്കെതിരായി ഒരു അറസ്റ്റ് വാറണ്ട് ഉണ്ടായിരുന്നതിനാലാണ് ആ മടങ്ങിവരവ് ഉണ്ടാകാത്തത്. ബ്ലൂ മരിച്ചശേഷം കുറച്ച് ഇസ്ലാമിക മിതവാദികളെ ജർമ്മനിയിലേക്ക് കടത്തിയിരുന്നു. അവരിലാരെങ്കിലും പ്രതികാരം ചെയ്തതാകാം കായുടെ കൊലപാതകം.

# കുരുടൻ മൂങ്ങ

## സാദിക് ഹിദായത്

ഒരു ഇറാനി എഴുത്തുകാരനായിരുന്നു സാദിക് ഹിദായത്. എഴുത്തുകാരനും, വിവർത്തനകനും, ബുദ്ധിജീവിയുമായിരുന്നു അദ്ദേഹം. സാഹിത്യത്തിൽ ആധുനികത സ്വീകരിച്ച ആദ്യകാല എഴുത്തുകാരിൽ ഒരാളായിരുന്നു അദ്ദേഹം. ഹിദായത്തിന്റെ മിക്ക കൃതികളും, പ്രത്യേകിച്ച് 1940 കളിൽ അദ്ദേഹം എഴുതിയ കൃതികൾ റിയലിസ്റ്റിക് കൃതികളാണ്. എന്നിരുന്നാലും അദ്ദേഹം അടിസ്ഥാനപരമായി ഒരു റൊമാന്റിസ്റ്റിസ്റ്റ്റായിരുന്നു. അപ്രതിരോധ്യമായി മരണത്തിലേക്ക് ആകർഷിക്കപ്പെടുകയും മുൻകാല പ്രതാപങ്ങളിൽ ആകൃഷ്ടനാകുകയും ചെയ്തു. സാമൂഹികവും, ധാർമ്മികവുമായും ഉള്ള ആശങ്കകളിൽ മുഴുകിയ അദ്ദേഹം ചെറുകഥകളുടെ സമാഹാരങ്ങൾ എഴുതി. അവ ഓരോന്നും ഓരോ കേന്ദ്ര വിഷയത്തെ ചുറ്റിപ്പറ്റി ഉള്ളതായിരുന്നു.

കൃതികൾ.

buried alive, mongol shadow, Three drops of blood, Mister Bowwow

Drama: Maziyar, Parvin dokhtar-e-sasan തുടങ്ങിയവ.

**കുരുടൻ മൂങ്ങ**

ഇരുപതാം നൂറ്റാണ്ടിലെ ഇറാനിലെ ഒരു പ്രധാന സാഹിത്യ കൃതിയായിരുന്നു The Blind Owl(കുരുടൻ മൂങ്ങ). പേർഷ്യനിലാണ് ഈ കൃതി രചിച്ചിരിക്കുന്നത്. പേരിടാത്ത ഒരു ചിത്രകാരന്റെ കഥയാണ് ഇത് പറയുന്നത്. ആഖ്യാതാവ് പേടി സ്വപ്നങ്ങൾ കാണുന്നു. അതിൽ മരണത്തിന്റെ സാന്നിധ്യം സാങ്കല്പികമായ എല്ലാത്തിനെയും നശിപ്പിക്കുന്നു എന്നുംകാണുന്നു. നാം മരണത്തിന്റെ സന്തതികളാണ്. ജീവിതത്തെ ആകർഷിക്കുന്ന വഞ്ചനാപരമായ ആകർഷണങ്ങളിൽ നിന്ന് നമ്മെ വിടുവിക്കുന്നു. ജീവിതത്തിന്റെ ആഴങ്ങളിൽ നിന്ന് നമ്മെ ഉണർത്തുന്നതും മരണമാണ്. ചില സമയങ്ങളിൽ നാം നിർത്തുകയാണെങ്കിൽ മരണത്തിന്റെ വിളി കേൾക്കാനാണ് അങ്ങനെ ചെയ്യുന്നത്. ജീവിതത്തിലുടനീളം മരണത്തിന്റെ വിരൽ എല്ലാവരെയും ചൂണ്ടി നിൽക്കുന്നു. എന്നിങ്ങനെ മരണത്തെക്കുറിച്ച് നിരവധി കാര്യങ്ങൾ ഇതിൽ പറഞ്ഞുവയ്ക്കുന്നു. ആഖ്യാതം തന്റെ കൊലപാതകത്തിന്റെ കുറ്റസമ്മതം

തന്റെ ഭിത്തിയിലെ മൂങ്ങയോട് സാമ്യമുള്ള തന്റെ നിഴലിനോട് പറയുന്നു. കഥയുടെ കേന്ദ്ര വിഷയം യാഥാർത്ഥ്യവും, അയാഥാർത്ഥ്യവും തമ്മിലുള്ള ആഖ്യാതാവിന്റെ ദ്വൈതാനുഭവങ്ങളെ പരിഹരിക്കാനുള്ള ശ്രമം, ആത്മീയ തയ്ക്കും മരണത്തിനു എതിരായുള്ള ജീവിതം വിരുദ്ധമാണ്. എന്നിവ സ്ഥാപിക്കുവാൻ ശ്രമിക്കുന്നു. ലൈംഗിക പ്രശ്നങ്ങൾ മരണവുമായുള്ള സ്ത്രീകളുടെ ബന്ധം മരണവുമായി ബന്ധപ്പെട്ട സ്ത്രീകളോടുള്ള വെറുപ്പ് എന്നിവയാണ് അദ്ദേഹത്തിന്റെ പ്രശ്നങ്ങളുടെ അടിസ്ഥാനം.

# മൊനേർ മാനുഷ്

## സുനിൽ ഗംഗോപാധ്യായ

സുനിൽ ഗംഗോപാധ്യായ ഒരു ഇന്ത്യൻ കവിയും, നോവലിസ്റ്റും, ചരിത്ര കാരനുമാണ്. ബംഗാളി ഭാഷയിലാണ് രചന നടത്തിയിരിക്കുന്നത്. സാഹിത്യ അക്കാദമി പുരസ്കരം ഉൾപ്പെടെ നിരവധി പുരസ്കാരങ്ങൾ നേടിയ വ്യക്തി യാണ് അദ്ദേഹം. അദ്ദേഹത്തിന്റെ ആത്മപ്രകാശ് എന്ന ആദ്യ നോവലും നിഖിലേഷ ആന്റ് മീര എന്ന കവിതാ സമാഹാരവും ഏറെ നിരൂപക പ്രശംസ നേടിയവയാണ്.

പ്രധാന കൃതികൾ: ആത്മപ്രകാശ്, അർജുൻ, പ്രതിദ്വന്ദി, ആരണ്യൻ ദിൻ രാത്രി, ഏകാ ഏബം കൊയേക് ജൊ, ഷെയി ഷൊമോയ്

**മൊനേർ മാനുഷ്**

ലോൽ മോഹൻ കാർ എന്ന ലാലൻ ഫക്കീറിന്റെ ജീവിത കഥയാണ് മൊനേർ മാനുഷ് അദ്ദേഹം ഒരു പാട്ടുകാരൻ കൂടി ആയിരുന്നു. ലാൽ എന്ന ഒരു പാവപ്പെട്ട ചെറുപ്പക്കാരനിലൂടെയാണ് നോവൽ ആരംഭിക്കുന്നത്. ലാലു എന്നാൽ മറ്റുള്ളവർ ആ ചെറുപ്പക്കാരനെ വിളിക്കുന്നത്. ആ നാട്ടിലെ പ്രാദേ ശിക നേതാവായ കബിരാജ് മോശായ് എന്ന വ്യക്തിയുടെ കുതിരയുടെ കെട്ട് അഴിക്കുന്ന ലാലുവിലൂടെ കഥ ആരംഭിക്കുന്നു. മോഷണ കുറ്റത്തിൽ ലാലുവിനെ നേതാവിന്റെ മുന്നിലേക്ക് വലിച്ചിഴച്ച് കൊണ്ടുപോകുന്നു. അവിടെ ലാലു പറയുന്നു താൻ കുതിരയെ മോഷ്ടിക്കുകയല്ല മറിച്ച് കടം വാങ്ങുക മാത്രമാണ് ചെയ്തത് എന്ന്. ചോദ്യം ചെയ്തപ്പോൾ ഇടക്കിടയ്ക്ക് ചെറു സവാരികൾക്കായി കുതിരയെ കൊണ്ടുപോകുന്ന പതിവുണ്ടായിരുന്നു എന്ന തെളിയുന്നു.

ലാലുവിന്റെ നിഷ്ക്കളങ്കതയും സത്യസന്ധതയും കണ്ട പ്രമുഖൻ ലാലുവി നോട് ജാറുൽ മരത്തിൽ നിന്നും വിറകു ശേഖരിക്കുവാൻ പറഞ്ഞയക്കു ന്നു. രാത്രി വരെ ആ യുവാവ് ആത്മാർത്ഥമായി ജോലി ചെയ്യുന്നത് അയാ ളിൽ മതിപ്പുളവാക്കുന്നു. കബീരാജ് മോശായ് ലാലുവിന്റെ പശ്ചാത്തലം അന്വോഷിച്ചപ്പോൾ അയാൾ ദരിദ്രനാണെങ്കിലും ഉയർന്ന ജാതിക്കാരായ കുടുംബത്തിൽ നിന്നുള്ളയാളാണെന്നും കണ്ടെത്തുന്നു. മാത്രമല്ല, ലാലു ഒരു നല്ല ഗായകനാണെന്നും നിരവധി നാടോടി ഗാനങ്ങളും മനപാഠമാ

ണെന്നും അയാൾ മനസിലാക്കുന്നു. കാലാകാലങ്ങളായി ഗാനരചനയിലും ലാലൻ പ്രശസ്തനാണെന്നും അറിയുന്നു.

കബിരാജ് മോഷായ് ലാലുവിനെ തന്റെ വീട്ടിലെ ഒരു അംഗത്തെപ്പോലെ കാണുന്നു. താമസിയാതെ ലാലുവിനെ വളരെയധികം ഇഷ്ടപ്പെടുകയും ചെയ്യുന്നു. കബിരാജ് ഒരിക്കൽ ഗംഗയുടെ തീരത്തുള്ള ഒരു പുണ്യഭൂമി സന്ദർശിക്കുവാനായി പോകുമ്പോൾ ലാലുവിോടു കൂടെ കൂടുവാൻ പറയുന്നു.

യാത്രാമധ്യേ ലാലുവിന് വസൂര ബാധിച്ച് വളരെ ക്ഷീണിതനാകുന്നു. അവൻ അബോധാവസ്ഥയിലാകുന്നു. ജീവന്റെ അടയാളങ്ങൾ പോലും ലാലുവിൽ കണ്ടെത്താനായി പ്രമുഖന്റെ പരിചാരകർ ലാലു മരിച്ചു എന്നു വിശ്വസിക്കുന്നു. ഒരു ശവസംസ്കാര ശുശ്രൂഷയ്ക്കുശേഷം അദ്ദേഹത്തിന്റെ മൃതദേഹം ഗംഗയിൽ ഒഴുക്കുന്നു. മറ്റുള്ളവർ യാത്ര തുടരുന്നു.

തുടർന്ന് ലാലുവിനു ബോധം തിരികെ ലഭിക്കുന്നു. പക്ഷേ ആകെ ക്ഷീണിതനും ഓർമ്മ നഷ്ടപ്പെട്ടവനുമായി മാറഇ. ലാലുവിനെ പ്രായമായ ഒരു മുസ്ലീം സ്ത്രീ കണ്ടെത്തി അവരുടെ വീട്ടിൽ കൊണ്ടുപോയി ചികിത്സിച്ചു സുഖപ്പെടുത്തുന്നു. ലാലുവിന് തന്റെ സ്വന്തം മേൽവിലാസം ഓർത്തെടുക്കുവാൻ സാധിക്കുന്നില്ല. ഒടുവിൽ ലാലു തന്നെ രക്ഷിച്ചവരോടൊപ്പം തുടരാൻ തീരുമാനിക്കുന്നു. അവർ ലാലുവിനെ സ്വന്തം മകനായി സ്വീകരിക്കുന്നു.

ഒരു മുസ്ലീം സമുദായത്തിൽ താമസിക്കുമ്പോൾ ലാലു ഇസ്ലാമിക വിശ്വാസത്തെക്കുറിച്ച് മനസിലാക്കുന്നു. ഒരു യാത്രികനായ വിശുദ്ധനെ ലാലു കണ്ടുമുട്ടുന്നു. ലാലുവിൽ അഗാധമായ ഒരടയാളം അയാൾ ബാക്കി വയ്ക്കുന്നു. ഒരു മുസ്ലീം ആയി വളർന്ന ആ വിശുദ്ധൻ എല്ലാ മതനാമങ്ങളും, അടയാളങ്ങളും നിരസിച്ചു. മതപരവും, വംശീയവും, സാമൂഹികവുമായ വേർതിരിവുകൾ ഒഴിവാക്കാനുള്ള നേരിട്ടുള്ള ആത്മീയത്കായി അദ്ദേഹം വാദിക്കുന്നു. ഈ തത്ത്വചിന്തയിലേക്ക് ലാലു ആകർഷിക്കപ്പെടുന്നു.

ഒരു ദിവസം ലാലുവിന്റെ ജന്മനാട്ടിൽ നിന്നും സന്ദർശകർ എത്തിച്ചേരുന്നു. ലാലുവിനെ തിരിച്ചറിഞ്ഞ അവർ ലാലുവിന്റെ മടങ്ങിവരവിായി കാത്തിരിക്കുന്ന ഒരു അമ്മയും ഭാര്യയും ഉണ്ടെന്ന് അറിയിക്കുന്നു. അങ്ങനെ ലാലുവിനെ വീട്ടിലേക്ക് മടങ്ങാൻ പ്രേരിപ്പിക്കുന്നു.

എന്നിരുന്നാലും ലാലു ഒരു മുസ്ലീമിന്റ മേൽക്കൂരയ്ക്കു കീഴിലാണ് കഴിയു

ന്നതെന്നും മുസ്ലീം കൈകൾ തയ്യാറാക്കിയ ഭക്ഷണമാണ് ഭക്ഷിക്കുന്നതെന്നും മനസിലാക്കുന്ന ആ സമൂഹം വിശ്വാസത്തിന്റെയും ജാതി നിയമങ്ങളുടെയും ലംഘനത്തിന് അവർ അവനെ പുറത്താക്കുന്നു.

താൻ കരുതിയതുപോലെ തന്നെ ലാലു മരിച്ചു എന്ന് കബിരാജ് പ്രഖ്യാപിക്കുന്നു. മാത്രമല്ല അമ്മയും ഭാര്യയും അവനെ വീട്ടിൽ കയറ്റുകയുമില്ല.

ഈ നീരസത്തിൽ നടുങ്ങി പോയ ലാലു, ഇനി തന്റെ മുസ്ലീം സമൂഹം തന്നെ തിരികെ സ്വീകരിക്കില്ലെന്ന് ഭയപ്പെടുന്നു. കാരണം ഇപ്പോൾ തന്റെ ഹിന്ദു ഭൂതകാലം അവർക്കറിയാം. ഇപ്പോൾ സഞ്ചായരിയായ വിശുദ്ധ മനുഷ്യനെ അനുസ്മരിച്ചുകൊണ്ട് സ്ഥിരതയുള്ള ജീവിതം ഉപേക്ഷിച്ച് ഒരു യാത്രികനാകുവാൻ അദ്ദേഹം തീരുമാനിക്കുന്നു.

അദ്ദേഹം നിരക്ഷരനായതിനാൽ അദ്ദേഹത്തിന് ഹിന്ദുക്കളുടെയോ മുസ്ലീങ്ങളുടെയോ തിരു എഴുത്തുകൾ പരിശോധിക്കുവാൻ കഴിയില്ല. പകരം അയാളുടെ സ്വന്തം പ്രതിഫലനങ്ങളും വഴിയിൽ കണ്ടുമുട്ടുന്നവരുമായി നടത്തുന്ന സംസാരങ്ങൾ വഴിയും അയാൾ മുന്നോട്ടു പോകുന്നു. മതപരമായ അടയാളങ്ങൾ യഥാർത്ഥ ആത്മീയതയ്ക്ക് തടസ്സമാണെന്നു മാത്രമല്ല, ദരിദ്രർ അവരുടെ സ്ഥാനത്ത് നിലനിർത്തുന്ന യന്ത്രസാമഗ്രികളുടെ ഭാഗമാണെന്നും, വിഭജനം വിതച്ച് അധികാരശ്രേണി നടപ്പിലാക്കുന്നു എന്നും മനസിലാക്കുന്നു.

ലാലു ഇപ്പോൾ ലാലൻ എന്ന പേരിൽ അറിയപ്പെടുന്നു. ഒരു പുതിയ സമൂഹത്തെ സൃഷ്ടിക്കുവാൻ ആഗ്രഹിക്കുന്നു. ആരും താമസമില്ലാത്ത ഒരു വനമേഖല കണ്ടെത്തുമ്പോൾ ആ തീരുമാനം നടപ്പാക്കുന്നു. പരസ്പര ബഹുമാനത്തിൽ അധിഷ്ഠിതമായ ഒരു സമൂഹം കെട്ടിപ്പെടുക്കുന്നതിലൂടെ അദ്ദേഹം എല്ലാ മതവിഭാഗങ്ങളെയും സാമൂഹിക നിലപാടുകളെയും പുറത്താക്കുന്നു. ഭർത്താവും പിതാവും ഉപേക്ഷിച്ച സ്ത്രീകൾ, ഭൂവുടമകൾ, ദുരുപയോഗം ചെയ്യുന്ന പാവപ്പെട്ട കുടിയാന്മാർ, താഴ്ന്ന ജാതിക്കാരായ ഗ്രാമീണർ, അടിച്ചമർത്തപ്പെട്ടവർ തുടങ്ങിയവരെ ഈ സമൂഹത്തിൽ ഉൾപ്പെടുത്തുന്നു.

സാർവ്വത്രിക ആത്മീയതയ്ക്ക് അനുകൂലമായി മത സ്വത്വത്തെക്കുറിച്ചുള്ള പരമ്പരാഗത ആശയങ്ങൾ നിരാകരിക്കുന്നു. പാട്ടുകളുടെയും, കവിതകളുടെയു രൂപത്തിൽ മാത്രമേ ലാലൻ മതപഠനം വാഗ്ദാനം ചെയ്യുന്നുള്ളൂ. സമൂഹം അവന്റെ അധ്യാപനവും ലളിതമായ ജീവിതശൈലിയും ഏറ്റെടുക്കുന്നുണ്ടെങ്കിലും ഒരു നേതാവായി സ്വയം നിലകൊള്ളാൻ അദ്ദേഹം വിസ

മ്മതിക്കുന്നു. പകരം സമൂഹം അതിന്റെ തുച്ഛമായ സ്വത്ത് ആവശ്യാനുസരണം വിതരണം ചെയ്യണമെന്ന് അദ്ദേഹം ആഹ്വാനം ചെയ്യുന്നു.

ഒരു ദിവസം ഒരു പ്രാദേശിക ഭൂവുടമയുടെ ആയുധ ഏജന്റുമാർ ഈ സമൂഹത്തിനിടയിൽ പ്രത്യക്ഷപ്പെടുന്നു. വനത്തിന്റെ ഉടമ അവർ ഈ സ്ഥലം വിട്ടുപോകുവാൻ ആഗ്രഹിക്കുന്നു എന്ന് പ്രഖ്യാപിക്കുന്നു. വനം എല്ലാവരുടേതുമാണെന്ന് ലാലൻ പ്രഖ്യാപിക്കുന്നു. ഭൂവുടമയുടെ മനസ് മാറുന്ന വിധത്തിൽ മനോഹരമായ ഒരു ഗാനത്തിലൂടെ ലാലന പ്രതികരിക്കുന്നു. ലാലന്റെ രക്ഷാധികാരിയായി ഭൂവുടമ മാറുകയും ലാലൻ നിർമ്മിച്ച സമൂഹത്തിൽ കാട്ടിൽ തുടരുവാൻ അനുവാദവും നൽകുന്നു.

# സീറോ ഡിഗ്രി

## ചാരു നിവേദിത

ഒരു ഉത്തരാധുനിക തമിഴ് എഴുത്തുകാരനാണ്ചാരു നിവേദിത. സീറോ ഡിഗ്രി എന്ന ഒറ്റ രചനകൊണ്ടു തന്നെ വളരെയധികം പ്രശസ്തി ആർജ്ജിക്കുവാൻ അദ്ദേഹത്തിനു സാധിച്ചു. ഹാർപർ കോളിൽ '50 writers, 50 books- the best of Indian Fiction' എന്നതിൽ സ്ഥാനം നേടുവാനും സീറോ ഡിഗ്രി എന്ന കൃതിക്കു സാധിച്ചു. ദി ഇക്കണോമിക്ക് ടൈംസ് 2001-2010 ദശകത്തിലെ മികച്ച പത്ത് ഇന്ത്യക്കാരിൽ ഒരാളായി അദ്ദേഹത്തെ തിരഞ്ഞെടുത്തു.

കൃതികൾ: നോവൽ: Existentialism and fancy baniyan, Zero degree, Rasa leela, Kaamarooba kathaigal, Thegam, Marginal man

ചെറുകഥകൾ: nano, madumitha sonna pamtu..kathaikal, kadal kanni, morgue keeper, oorin miga azhagana pen.

Play: Randaam Attam

ഇങ്ങനെ തുടങ്ങി നിരവധി കൃതികൾ അദ്ദേഹം രചിച്ചിട്ടുണ്ട്.

### സീറോ ഡിഗ്രി

1998-ലാണ് ചാരു നിവേദിതയുടെ സീറോ ഡിഗ്രി തമിഴിൽ പ്രസിദ്ധീകരിക്കുന്നത്. ലിപോഗ്രമാറ്റിക് നോവൽ, transgressive fiction എന്നിങ്ങനെയുള്ള വേർതിരിവ് നൽകിയാണ് തമിഴ് മലയാളം പ്രസാധകർ ഈ നോവലിനെ വിശേഷിപ്പിച്ചത്. മനുഷ്യാവസ്ഥകളുടെ തടവറയിൽ നിന്നാണ് വിവിധ ശബ്ദങ്ങളിലൂടെ സീറോ ഡിഗ്രി നമ്മോട് സംസാരിക്കുന്നത്. ഈ നോവൽ നടത്തുന്ന സ്വയം ഭരണ പ്രഖ്യാപനം ഈ തടവുകളുടെ സ്വപ്നങ്ങളുടെ സ്വനഗ്രാഹികൾ ഉരസിയെടുക്കുന്ന ശബ്ദവീചികളാണ്. യുദ്ധം, അധികാരമോഹം, സ്വേച്ഛാധിപത്യം, അഴിമതി, ക്രൂരത, പീഡനം, ചരിത്രത്തിന്റെ നിഷ്ഠൂരത, ദാരിദ്ര്യം, രോഗം, ബന്ധങ്ങളുടെ തീർപ്പില്ലായ്മ, കുട്ടികളുടെ യാതന, സ്ത്രീകളുടെ അളവില്ലാത്ത ദുരിതം, കാമത്തിന്റെ കഠിനബന്ധനം ഇങ്ങനെയുള്ള ചരിത്രനിർമ്മിതവും ആത്മനിർമ്മിതവുമായ പീഡനാലയങ്ങൾക്കുള്ളിൽ നിന്നും ചാരു നിവേദിതയുടെ കഥാപാത്രങ്ങൾ സ്നേഹവും സമാ

ധാനവും സ്വാതന്ത്ര്യവും സൗഖ്യവും സമചിത്തതയും നേടുന്നത്.

സീറോ ഡിഗ്രി അതീവഹൃദ്യമായ ഒരു പരീക്ഷണശാലയാണ്. അതിന്റെ ചൂടിലൂടെയും, പുകയിലൂടെയും അത്ഭുത ദൃശ്യങ്ങളിലൂടെയും ഉള്ള സാഹസിക യാത്ര ഞാൻ വായനക്കാരനെന്ന നിലയിലും മറ്റൊരു എഴുത്തുകാരൻ എന്ന നിലയിലും പൂർണ്ണമായി ആസ്വദിച്ചു. മലയാള സാഹിത്യത്തിന്റെ അടഞ്ഞുപോയ്ക്കൊണ്ടിരിക്കുന്ന വാതിൽക്കൽ കാലം മുട്ടിവിളിക്കുന്ന ശബ്ദമാണ് സീറോ ഡിഗ്രിയിലൂടെ നാം കേൾക്കുന്നത് എന്നും സക്കറിയ അഭിപ്രായപ്പെടുന്നു.

# അനുഭൂതി

## അർതർ റിംബോ

ജീൻ നിക്കോളാസ് ആർതർ റിംബോ ഒരു ഫ്രഞ്ച് കവിയായിരുന്നു. ആധുനിക സാഹിത്യത്തിലും കലയിലും അദ്ദേഹത്തിന്റെ സ്വാധീനം വളരെ വലുതാണ്. സർറിയലിസത്തിന് മുൻഗണന നൽകിയിരുന്നു വളരെ ചെറുപ്പത്തിൽ തന്നെ അദ്ദേഹത്തിം എഴുതി തുടങ്ങി. ഒരു വിദ്യാർത്ഥി എന്ന നിലയിൽ മികവു പുലർത്തിയിരുന്ന വ്യക്തിയാണ് അദ്ദേഹം. എന്നാൽ കൗമാര പ്രായത്തിൽ ഔപചാരിക വിദ്യാഭ്യാസം ഉപേക്ഷിച്ച് ഫ്രാൻകോ-പ്രഷ്യൻ യുദ്ധത്തിനിടയിൽ പാരിസീലേക്ക് ഓടി പോയി. കൗമാര പ്രായത്തിലും മുതിർന്നു വരുന്ന കാലഘട്ടങ്ങളിലുമാണ് അദ്ദേഹം തന്റെ കൃതികൾ രചിച്ചിട്ടുള്ളത്. 20-ാം വയസ്സിൽ എഴുത്ത് പൂർണ്ണമായി നിർത്തുന്നു. ......ആയിരുന്നു അവസാന കൃതി.

കൃതികൾ: voyelles, le bateau lvre, Rapport sur i ogo, les corbeaux, letters de jean...

**അനുഭൂതി**

സെൻസേഷൻ എന്ന കവിതയുടെ വിവർത്തനമാണ് അനുഭൂതി എന്ന പേരിൽ മലയാളത്തിൽ പ്രത്യക്ഷപ്പെട്ടത്. ഈ കവിതയിൽ സ്വാതന്ത്ര്യത്തിന് പ്രധാന സ്ഥാനം നൽകി കാണുന്നു. യുവകവി ഈ കവിതയിൽ അടുത്ത വേനൽക്കാല രാത്രിയിൽ സ്വതന്ത്ര്യമായി പുറത്തു പോകുന്നതായി കാണുന്നു. കവി വഴിയിലൂടെ തനിയെ നടക്കുന്നു. ഈ നടത്തം എല്ലാ തരത്തിലുമുള്ള സംവേദാത്മക അനുഭവങ്ങളും പകർന്നു നൽകുന്നു. കൺമുന്നിൽ കാണുന്നതിനെയെല്ലാം കവി ആസ്വദിക്കുന്നു, കാൽപാദത്തിലേൽക്കുന്ന തണുപ്പ് അനുഭവിക്കുന്നു, ശിരസ്സ് കാറ്റിൽ പൊതിഞ്ഞിരിക്കുന്നതായി തോന്നൽ തുടങ്ങിയവ പ്രകൃതിയെ അടുത്തറിയുന്നതിന്റെ സൂചന മാത്രമല്ല, സ്വാതന്ത്ര്യവും സന്തോഷവും കവി ആവോളം ആസ്വദിക്കുന്നുണ്ടെന്നും മനസിലാക്കാം. പ്രകൃതിയുമായി ലയിക്കുവാനുളഅള കവിയുടെ സ്വപ്നം തന്റെ ആത്മാവിൽ സന്തോഷത്തിന്റെ ഒരു ഭാഗം മാത്രമല്ല, അതിരുകളില്ലാത്ത സ്നേഹത്തിന്റെ വികാരവും ഉളവാക്കുന്നു.

ഈ കവിതയ്ക്ക് 2 ഭാഗങ്ങളുണ്ട്. ആദ്യ ഭാഗം ഭാവിയിലെ പിരിമുറുക്കങ്ങൾ

നിറഞ്ഞതാണ്. കവി തന്റെ ഭാവനയെ ഉണർത്തുന്നു. മുൻപ് അനുഭവിച്ച കാര്യങ്ങളെ ഓർക്കുന്നു. രണ്ടാം ഭാഗം വർത്തമാനകാല ക്രിയകളാൽ നിറഞ്ഞതാണ്. ഇവിടെ കവി തന്റെ അഭിലാഷങ്ങളെല്ലാം നിറവേറ്റി. ഒരു സാങ്കല്പിക യാഥാർത്ഥ്യത്തിലേക്ക് മാറ്റപ്പെടുന്നു.

റിബോ തന്റെ 16-ാം വയസിലാണ് ഈ കവിത രചിച്ചത്. പല ഫ്രഞ്ച് എഴുത്തുകാരുടെയും സ്വാധീനം റിംബോയുടെ എഴുത്തിൽ പ്രകടമാണ്.

# രണ്ടു രാജാക്കൻമാരും രണ്ട് വഴിക്കുരുവികളും

## ബോർഹസ്

ബോർഹസ് ഒരു സ്പാനിഷ് കവി, ചെറുകഥാകൃത്ത്, ലേഖകൻ, വിവർത്തകൻ എന്നീ നിലകളിൽ പ്രശസ്തനാണ്. Ficcinos, El Aleph എന്നിവയാണ് അദ്ദേഹത്തിന്റെ പ്രധാനപ്പെട്ട കൃതികൾ. ദാർശനിക സാഹിത്യത്തിനും ഫാന്റസി വിഭാഗത്തിലും നിരവധി സംഭാവനകൾ നൽകിയ എഴുത്തുകാരനാണ് അദ്ദേഹം ലാറ്റിൻ അമേരിക്കൻ സാഹിത്യത്തിൽ 20-ാം നൂറ്റാണ്ടിൽ മാജിക്കൽ റിയലിസത്തിനു തുടക്കം കുറിച്ചത് ബോർഹസ് ആണെന്നും നിരൂപകർ അഭിപ്രായപ്പെടുന്നു. സ്പാനിഷ് സാഹിത്യത്തിൽ തന്റേതായ സ്ഥാനം നേടിയെടുക്കുവാൻ ബോർഹസിനു സാധിച്ചു.

**രണ്ടു രാജാക്കൻമാരും രണ്ട് വഴിക്കുരുവികളും**

'The two kings and the two Labyrinths' എന്ന ചെറുകഥയുടെ മലയാള പരിഭാഷയാണ് രണ്ടു രാജാക്കൻമാരും രണ്ട് വഴിക്കുരുവികളും. 1939 ജൂണിലാണ് ഈ കൃതി ആദ്യമായി പ്രസിദ്ധീകരിക്കുന്നത്.

ബാബിലോണിയ ഭരിച്ചിരുന്ന രാജാവിന്റ കഥയാണ് ഇതിൽ പ്രതിപാദ്യം. ബാബിലോണിയൻ രാജാവ് ഒരിക്കൽ തന്റെ വാസ്തു ശില്പികളോടും പുരോഹിതന്മാരോടും ഒരു വഴിക്കരുക്കൾ നിർമ്മിക്കുവാൻ ആവശ്യപ്പെട്ടു. ഏറ്റവും ബുദ്ധിശാലിയായ വ്യക്തിപോലും ആ വഴിക്കുരുക്കിൽ നിന്നും രക്ഷപ്പെടാൻ പാടില്ലെന്ന് നിർദ്ദേശം നൽകി. അതിൽ കയറുന്നവനിൽ ഭയവും വിസ്മയവും സൃഷ്ടിക്കുക എന്നതായിരുന്നു ലക്ഷ്യം. അങ്ങനെ ചെയ്യുന്നതിലൂടെ അദ്ദേഹം മനുഷ്യരാശി മറികടക്കും എന്നും സൂചിപ്പിക്കുന്നു.

ഒടുവിൽ ഒരു അറബ് രാജാവ് ബാബിലോണിയ രാജാവിനെ സന്ദർശിക്കുവാൻ എത്തിയപ്പോൾ വഴിക്കുരുക്കിൽ കയറ്റിവിടുന്നു. അറേബ്യൻ രാജാവിന്റെ ലാളിത്യത്തെ കളിയാക്കുവാൻ ബാബിലോണിയ രാജാവ് ആഗ്രഹിച്ചു. അറബ് രാജാവ് ആ വഴിക്കുരുക്കിൽ വളരെ നേരം അലഞ്ഞു. ഒടുവിൽ ദൈവത്തിന്റെ സഹായം അഭ്യർത്ഥിക്കുകയും ഉടനെ വാതിൽ സ്ഥാപിക്കപ്പെടുകയും ചെയ്തു.

അറബ് രാജാവ് മടങ്ങുമ്പോൾ തങ്ങളുടെ നാട്ടിലും ഇതുപോലൊരു വഴി

ക്കരുക്കുണ്ടെന്നും അതിൽ ഒരിക്കൽ ബാബിലോണിയൻ രാജാവ് വരണമെന്നും അതിൽ കുരുക്കുമെന്നും പറഞ്ഞ് മടങ്ങിയ അറബ് രാജാവ് പിന്നീട് തന്റെ പരിവാരങ്ങളെ കൂട്ടി ബാബിലോണിയ കൊള്ളയടിക്കുകയും രാജാവിനെ തടവിലാക്കുകയും ചെയ്യുന്നു. അറബ് രാജാവ് ബാബിലോണിയ രാജാവിനെ മരുഭൂമിയിൽ ഉപേക്ഷിക്കുന്നു. 3 രാത്രിയും 3 പകലും സഞ്ചരിച്ചാണ് മരുഭൂമിയിൽ ഉപേക്ഷിക്കുവാൻ പോകുന്നത്.

രാജാവിനെ മരുഭൂമിയിൽ വിടുന്നതിനു മുമ്പ് അറബ് രാജാവ് അദ്ദേഹത്തോട് പറയുന്നു. ഇത് തന്റെ വഴിക്കുരുക്കാണ് ബോബിലോണിയയിലെ വഴിക്കുരുക്കിന്റെ തടസം നീക്കുവാൻ ദൈവം യോഗ്യനാണ്. തുടർന്ന് മരുഭൂമിയിൽ കിടന്ന് വെള്ളമോ ഭക്ഷണമോ ലഭിക്കാതെ ബാബിലോണിയ രാജാവ് മരിക്കുന്നു. മരിക്കാത്തവന് മഹത്വം എന്ന ആഹ്വാനത്തോടെ കഥ അവസാനിക്കുന്നു.

# പുനർജ്ജനിയുടെ മന്ത്രണങ്ങൾ

## അഡോണിസ്

അലി അഹമ്മദ് സൈദ് എസ്ബർ എന്നു പേരായ എഴുത്തുകാരൻ അഡോണിസ് എന്ന തൂലികാനാമത്തിലാണ് അറിയപ്പെടുന്നത്. അദ്ദേഹം ഒരു സിറിയൻ കവിയും നിരൂപകനും വിവർത്തകനുമായിരുന്നു. അദ്ദേഹം ഒരു ആധുനിക വിപ്ലവത്തിന് തുടക്കം കുറിച്ചു(ഇരുപതാം നൂറ്റാണ്ടിന്റെ രണ്ടു പകുതിയിൽ). ടി.എസ്. എലിയറ്റുമായി താരതമ്യപ്പെടുത്താവുന്ന അറബി കവിതകൾ അദ്ദേഹം രചിച്ചു. അറബ് ലോകത്ത് ജീവിച്ചിരുന്ന മഹാനായ കവി ആയിരുന്നു അദ്ദേഹം.

കൃതികൾ: another alphabet, printer of the planer, prophesy, o blind one, a time between ashes and roses, celebrating vague-clear things, voice, the wound, psalm, not a star...

മിത്തുകളും പുരാണങ്ങളും വർത്തമാനകാലത്തോട് ഇഴചേർന്ന് നെയ്ത അതിമനോഹരമായ ഒരു കൂട്ടം കവിതകളാണ് അഡോണിസ് രചിച്ചത്. ചില കവിതകൾ കേവലം 2 വരികൾ മാത്രം. മറ്റു ചിലത് ദൈർഘ്യമേറിയതാണ്. ദർശന വിശാലത കൊണ്ടു മാനുഷികതയെക്കുറിച്ചുള്ള ആകുലതകൾ കൊണ്ടും ഭൂമിയിലെ മറ്റ് ജീവിതത്തോട് ആർദ്രത ജനിപ്പിക്കുന്ന ഏതോ ഒരു ഘടകത്തിന്റെ അദൃശ്യ സാന്നിധ്യം അഡോണിസിന്റെ കവിതകളിലൂടെ അനുഭവിച്ചറിയാം.

**പുനർജ്ജനിയുടെ മന്ത്രണങ്ങൾ**

ഗ്രീക്ക് പുരാണങ്ങളിൽ പ്രതിപാദിതമായിരിക്കുന്ന ഒരു പക്ഷിയായ ഫീനിക്സിനോട് കവി സംസാരിക്കുന്നതുപോലെയാണ് കവിത ആരംഭിക്കുന്നത്. ഫീനിക്സിന്റെ പുനർജന്മത്തിലൂടെ എല്ലാം പുതിയതായി മാറും എന്ന കവിയുടെ ചിന്താഗതിയാണ് ഈ കവിതയിൽ അവതരിപ്പിച്ചിരിക്കുന്നത്. പ്രധാനമായും 4 ഭാഗങ്ങളാണ് കവിതയിൽ അവതരിപ്പിക്കുന്നത്. ഒരു കലാപസാഹചര്യത്തിലൂടെയാണ് നഗരം കടന്നു പോകുന്ത്. ആ കലാപത്തിൽ നിന്നും മുക്തി നേടുവാൻ ഫീനിക്ക് സ്വയം ചിതയൊരുക്കി മരിച്ച് വീണ്ടും ഉയിർത്തു വരണം എന്ന കാഴ്ച്ചപ്പാട് അവതരിപ്പിക്കുന്നു.

കവിതയുടെ ആദ്യഭാഗത്ത് ജീവിതപശ്ചാത്തലെത്തെക്കുറിച്ചാണ് പറയുന്നത്. ഒരു പുതിയ നഗരം സൃഷ്ടിക്കപ്പെടേണ്ടതിന്റെ ആവശ്യകതയും സൂചിപ്പിക്കുന്നു. ജീവിതത്തിന്റെ ഇപ്പോഴത്തെ അവസ്ഥ കഠിനമാണ്. ഇരുട്ടു നിറഞ്ഞതുമാണ് അതിൽ നിന്നും മോചനം നേടുവാൻ ഫിനിക്സ് പക്ഷി ഉയിർത്തെഴുന്നേൽക്കണം.

കവിതയുടെ രണ്ടാം ഭാഗം ദേശത്തിന്റെ അവസ്ഥയെ സൂചിപ്പിക്കുന്നു. ശൂന്യതയും കെടുതിയും നിറഞ്ഞതാണ് ഇന്ന് ദേശം. അതിൽ നിന്നും മോചനം കാംക്ഷിക്കുവാനായി ഫീനിക്സ് അഗ്നിയിൽ ചാമ്പലായി കനലായി മാറി.

കവിതയുടെ മൂന്നാം ഭാഗത്ത് പ്രണയമാണ് വിഷയം. ഇവിടെ പ്രണയിനി ദേശം തന്നെ ആകാം. ഇപ്പോഴും ഐശ്വരര്യത്തോടെ വാഴുന്ന ഒരു തകർന്ന വഴിയമ്പലമാണ് ഇവിടെ പ്രണയിനി. കവിയുടെ കൈകളിൽ ഇപ്പോൾ, പ്രണയിനിയുടെ മാംസവും രക്തവുമാണ്. (കലാപ ഭൂമിയുടെ സൂചനകൾ ആകാം.) ഫീനിക്സിന്റെ ഉയിർത്തെഴുന്നേൽപ്പിനായി ഇവർ കാത്തിരിക്കുന്നു.

കവിതയുടെ അവസാന ഭാഗത്ത് ഫീനിക്സിന്റെ നിര്യാണത്തോടെ താമൂസിന്റെ (ബാബിലോണിയൻ ഐശ്വര്യദേവൻ) നിരീക്ഷണത്തിലാകുന്നു. ഒരു നവോന്മേഷത്തിന്റെ സൂചനകൾ തുടർന്ന് കവിതയിൽ വായിച്ചെടുക്കുവാൻ സാധിക്കുന്നു. ഒടുവിൽ ഫിനിക്സിലേക്കു തന്നെ ലയിച്ചുചേരുവാനുള്ള കവിയുടെ വെമ്പലും കവിതയിൽ പ്രകടമാണ്.

# റാഷമോൺ

## അകുതഗാവ റിയുനോസുകി

അകുതഗാവ ഒരു ജാപ്പനീസ് എഴുത്തുകാരനാണ്. ജാപ്പനീസ് ചെറുകഥയുടെ പിതാവ് എന്നാണ് അദ്ദേഹം അറിയപ്പെടുന്നത്. മാത്രമല്ല, ജപ്പാനിലെ പ്രധാന സാഹിത്യ പുരസ്കാരം 'The Aguthagawa Prize' അദ്ദേഹത്തിന്റെ പേരിലാണ്. 35-ാം വയസിൽ അദ്ദേഹം ആത്മഹത്യ ചെയ്തു.

കൃതികൾ: old age, rashomon, the nose, yam gruel, tobacco and the devil, hell screen, jashumon...

റാഷമോൺ

1915-ലാണ് ഈ ചെറുകഥ ആദ്യമായി പ്രസിദ്ധീകരിക്കുന്നത്. തകർന്നടിഞ്ഞ റാഷമോണിൽ (കെട്ടിടം) ഒരു ദാസനും വൃദ്ധയും തമ്മിലുള്ള ഏറ്റുമുട്ടൽ ആണ് കഥ വിവരിക്കുന്നത്. അക്കാലത്ത് നശിച്ചുപോയ നഗരമായ ക്യോട്ടോയുടെ തെക്കേ കവാടം, അവിടെ മൃതദേഹങ്ങൾ ചിലപ്പോൾ വലിച്ചെറിയപ്പെട്ടു.

ഈയിടെ ജോലിയിൽ നിന്നു പിരിച്ചുവിട്ട ഈ മനുഷ്യൻ പട്ടിണി കിടന്നു മരിക്കണോ അതോ തരിശായ ഈ കാലത്ത് അതിജീവിക്കുവാൻ കള്ളനാകണോ എന്ന് ആലോചിക്കുന്നു. അയാൾ നിൽക്കുന്നിടത്ത് മുകളിലെ നിലയിൽ തീജ്വാല ശ്രദ്ധയിൽപ്പെട്ട് അങ്ങോട്ടുപോകുന്നു.രണ്ടാം നിലയിൽ മൃതദേഹങ്ങളിൽ നിന്ന് മുടി മോഷ്ടിക്കുന്ന ഒരു സ്ത്രീയെ കണ്ടുമുട്ടുന്നു. അപ്പോൾ വെറുപ്പുതോന്നി. പട്ടിണി കിടന്നാലും നീതിയുടെ പാത സ്വീകരിക്കമെന്ന് അവൻ തീരുമാനിക്കുകയും സ്ത്രീയുടെ അടുത്ത് രോഷാകുലനാകുകയും ചെയ്യുന്നു.

അപ്പോൾ വൃദ്ധ അവനോടു പറയുന്നു. വിറ്റുണ്ടാകുവാനാണ് മുടി മോഷ്ടിക്കുന്നത്. ആ വഴി തനിക്ക് അതിജീവിക്കുവാൻ കഴിയും. മാത്രമല്ല, പാമ്പിന്റെ മാംസം വിറ്റ് അത് മീൻ ആണെന്ന് അവകാശപ്പെട്ടുകൊണ്ട് ജനങ്ങളെ പറ്റിക്കുകയും ചെയ്യുന്നു. തന്നെ അതിജീവിക്കുവാൻ ഇവയെല്ലാം സഹായിക്കുന്നതിനാൽ ഇതൊന്നും തെറ്റല്ലെന്ന് വൃദ്ധ പറയുന്നു. അതിനാൽ മരിച്ച വ്യക്തയിൽ നിന്ന് മോഷ്ടിക്കുവാൻ അവൾക്ക് അർഹതയുണ്ട്. കാരണം

അങ്ങനെ ചെയ്തിട്ടില്ലെങ്കിൽ അവളും പട്ടിണി കിടക്കും. ആ മനുഷ്യൻ പ്രതികരിക്കുന്നു. അപ്പോൾ നിങ്ങളുടെ വസ്ത്രമെടുത്തതിന് നിങ്ങളെന്നെ കുറ്റപ്പെടുത്തുകയില്ല. പട്ടിണി കിടന്ന് മരിക്കാതിരിക്കാൻ ഞാൻ ചെയ്യേ ണ്ടത് അതാണ്. എന്നിട്ട് അയാൾ വൃദ്ധയെ കൊള്ളയടിച്ച് ഇരുട്ടിലേക്ക് മറ യുന്നു.

അക്കാലത്തെ ക്യോട്ടോ നഗരത്തിന്റെ വളരെ ദയനീയമായ അവസ്ഥ, പട്ടി ണി, ദാരിദ്ര്യം, തുടങ്ങിയവയും ഭാവിയെക്കുറിച്ചുള്ള ചിന്തകളുമെല്ലാം കഥ യിൽ കടന്നു വരുന്നുണ്ട്.

# മണൽപ്പരപ്പ്

## ചേരൻ രുദ്രമൂർത്തി

ഡോ.ചേരൻ രുദ്രമൂർത്തി, തമിഴ് കവികളിൽ ഏറ്റവും പ്രസിദ്ധനും പല രിലും സ്വാധീനം ചെലുത്തിയ വ്യക്തിയും കൂടിയാണ്. ശ്രീലങ്കയിൽ ജനിച്ച അദ്ദേഹം തമിഴ് ക്ലാസിക്കുകൾ പിന്തുടർന്ന് ചെറുപ്പത്തിൽ തന്നെ ചെറുപ്പ ക്കാരായ  ഇടതുപക്ഷ ചായ് വുള്ള കവികളുടെ കൃതികൾ പരിചയപ്പെട്ടു. ശ്രീലങ്കയിൽ വംശീയ സംഘർഷവും ആഭ്യന്തര കലഹവും ഭയാനകമായി വ്യാപിച്ച വർഷങ്ങളായിരുന്നു. അത് അദ്ദേഹത്തിന് കത്തെഴുതുവാനുള്ള പ്രചോദനം ആയത്. യുദ്ധം, എഴുത്തിനുള്ള സ്വാതന്ത്ര്യം, പ്രകൃതി ദൃശ്യ ങ്ങൾ, സമാധാനം തുടങ്ങിയവയാണ്. 1975 മുതൽ 2000 വരെയുള്ള അദ്ദേ ഹത്തിന്റെ കവിതകളുടെ സമാഹാരമാണ് നീ ഇപ്പോഴുത് ഇറങ്ങും ആറ്. (The River into which you now Descend.) അദ്ദേഹത്തിന്റെ കവിതകൾ ഇംഗ്ലീ ഷ്, സ്വീഡിഷ്, സിൻഹള, ബംഗ്ല, കന്നട, തെലുങ്ക്, ഡച്ച്, അറബി, മലയാളം തുടങ്ങിയ ഭാഷകളിലേക്ക് വിവർത്തനം ചെയ്യപ്പെട്ടിട്ടുണ്ട്.

### മണൽപ്പരപ്പ്

ശ്രീലങ്കയിൽ നടന്നുകൊണ്ടിരുന്ന വംശീയ പ്രശ്നങ്ങളുടെ അടിസ്ഥാന ത്തിലാണ് ഈ കവിത രചിച്ചിരിക്കുന്നത്. ശ്രീലങ്കൻ തദ്ദേശീയരായ സിംഹ ളയും തമിഴരും തമ്മിലുള്ള കലാപമാണ് ശ്രീലങ്കയിലെ പ്രധാന ആഭ്യന്ത രപ്രശ്നം. ഇത്തരം വംശീയ കലാപങ്ങളിൽ തമിഴർക്കു നേരിടേണ്ടി വന്ന പ്രശ്നങ്ങളും അവർ അനുഭവിച്ച ക്രൂര പീഡനവുമാണ് ഈ കവിതയിൽ അവതരിപ്പിക്കുന്നത്.

കടലെടുത്ത ഒരു പട്ടണത്തെക്കുറിച്ച് പറഞ്ഞുകൊണ്ട് കവിത ആരംഭിക്കു ന്നു.   ആ പട്ടണത്തിനരികിൽ കിടന്നിരുന്ന കുരിശ് വരുംകാലത്തിന്റെ ഉണർവിന്റെ സൂചനകളാകാം. യുദ്ധത്തിന്റേതായ അടയാളങ്ങളൊന്നും തന്നെ കടൽ ഇന്നും പൂർണ്ണമായി മായിച്ചു കളഞ്ഞിട്ടില്ല. ഇവിടെ ജീവിച്ചി രുന്നവർ ഇന്നില്ല. ഭൂമിക്കടിയിൽ നിന്നും കലാപത്തിനിരയായി മരിച്ച കുട്ടി കളുടെ കരച്ചിൽ കേൾക്കാം. മണ്ണിലുണ്ടായിരുന്ന സുഗന്ധങ്ങൾ ഇന്ന് ഇല്ലാ തായിരിക്കുന്നു. കവിയുടെ കണ്ണിൽ നിന്നൊഴുകുന്ന കണ്ണീരിൽ ഒരു നാടിന്റെ കത്തിപ്പടരുന്ന രോഷാഗ്നിയാണെന്നും പറഞ്ഞ് കവിത അവസാനിക്കുന്നു.

# രാധയില്ല; രുക്മിണിയും
## അമൃതാപ്രീതം
വിവ: കെ. രാധാകൃഷ്ണൻ

അമൃതാ പ്രീതം (1919–2005)
പഞ്ചാബിയിലും ഹിന്ദിയിലും എഴുതിയിരുന്ന ഒരു ഇന്ത്യൻ നോവലിസ്റ്റും കവിയുമായിരുന്നു അമൃതാ പ്രീതം. ഇന്ത്യാ- പാക്കിസ്ഥാൻ അതിർത്തിയുടെ ഇരുവശങ്ങളിലും ഒരുപോലെ സ്നേഹിക്കപ്പെടുന്ന പഞ്ചാബി ഭാഷയിലെ ആദ്യ പ്രമുഖ എഴുത്തുകാരികൂടിയാണ്. 20-ാം നൂറ്റാണ്ടിലെ പ്രമുഖ കവിയും കൂടിയാണ്. ആറു പതിറ്റാണ്ടിലേറെ നീണ്ട കരിയറിൽ നൂറിലധികം കവിതകൾ, ഫിഷൻ, ജീവചരിത്രം, ഉപന്യാസങ്ങൾ, പഞ്ചാബി നാടോടി ഗാനങ്ങളുടെ ഒരു ശേഖരം, ഒരു ആത്മകഥ എന്നിവ രചിച്ചു.1947-ൽ ഇന്ത്യ-പാക്കിസ്ഥാൻ വിഭജനം നടന്ന കാലഘട്ടത്തിൽ അമൃതാപ്രീതം ലാഹോറിൽ നിന്നും ഇന്ത്യയിലേക്ക് പാലായനം ചെയ്തു. അതിനാൽ ഇരുദേശങ്ങളിലും പ്രശസ്തി ആർജ്ജിക്കുവാനും സാധിച്ചു. മാഗ്നം ഓപ്പസ് എന്ന ദീർഘമായ കവിതയ്ക്ക് 1947-ൽ സാഹിത്യ അക്കാദമി പുരസ്കാരം നേടി. അതോടെ പുരസ്കാരം നേടുന്ന ആദ്യ വനിതയായി അവർ മാറി. തുടർന്ന് 1982-ൽ Kagaz Te canvas എന്ന കൃതിയ്ക്ക് ഭാരതീയ ജ്ഞാനപീഠ പുരസ്കാരവും, 1969-ൽ പദ്മശ്രീയും 2004-ൽ പദ്മ വിഭൂഷൻ നൽകി രാജ്യം ആദരിച്ചു. 2004-ൽ തന്നെ സാഹിത്യത്തിലെ അനശ്വര പ്രതിഭകൾക്കുനൽകുന്ന സാഹിത്യ അക്കാദമി ഫെല്ലോഷിപ്പും ലഭിച്ചു. അമൃതാപ്രീതത്തിന്റെ കവിതകളിലെ ഒരു പ്രധാന വിഷയം ഇന്ത്യ-പാക് വിഭജനം ആയിരുന്നു. മാത്രമല്ല ആധുനിക സമൂഹത്തിന്റെ മോഹഭംഗങ്ങളും യാഥാസ്ഥിതികത്വത്തിന്റെയും ജൻമിത്വത്തിന്റെയും നേർക്കുള്ള പ്രതിഷേധവും പ്രീതത്തിന്റെ കൃതികളിൽ കാണാം. കുട്ടിക്കാലത്ത് അനുഭവിച്ച ഏകാന്തതയാണ് തന്നെ കവിയാക്കിയതെന്ന് പ്രീതം അഭിപ്രായപ്പെടുന്നു. സാഹിത്യ രചനകൾ കൂടാതെ നാഗ്മണി എന്നൊരു മാസികയും ഇവരുടെ നേതൃതത്തിൽ പ്രസിദ്ധീകരിച്ചിരുന്നു.
കൃതികൾ: നോവൽ - പിൻജർ, ഡോക്ടർദേവ്, യാത്രി, ദില്ലി കി ഗലിയാൻ
ആത്മകഥ: രസിദി ടിക്കറ്റ്(1976) ബ്ലാക്ക് റോസ്(1968)ഷാഡോസ് ഓഫ് വേഡ്സ്(2004)

തുടങ്ങി നിരവധി കൃതികൾ രചിച്ചിട്ടുണ്ട്.

രാധയില്ല : രുഗ്മിണിയും

പഞ്ചാബിലെ നാഗമണി എന്ന മാസികയുടെ എഡിറ്ററായ അമൃതാപ്രീതം ആ മാസികയിലെ ഒരു പംക്തിയായ ഏഴുചോദ്യങ്ങൾ-ൽ നമ്മുടെ കവികളുടെയും സാഹിത്യകാരന്മാരുടെയും കലാകാരന്മാരുടെയും ജീവിതവും അവരുടെ കാഴ്ചപ്പാടും അവതരിപ്പിക്കുവാൻ ശ്രമിച്ചു. കലാകാരന്റെ പ്രവർത്തന മേഖലയ്ക്ക് അനുസൃതമായി അവരോട് 7 ചോദ്യങ്ങൾ ചോദിക്കുകയും ഇതിന്റെ ഭാഗമായി പ്രീതം ശ്രീ ഹർകൃഷ്ണ ലാൽജി എന്ന കലാകാരനോടും ചോദ്യങ്ങൾ ചോദിച്ചു. വളരെ ആഴത്തിലാണ് അദ്ദേഹം അതിന് മറുപടി നൽകിയത്. നാഗ്മണിയിലെ മറ്റു പല പംക്തികൾക്കും അദ്ദേഹം മറുപടി നൽകി. അതും പ്രസിദ്ധീകരിച്ചു. ഇതേ തുടർന്നാണ് അദ്ദേഹത്തിന്റെ ജീവിതത്തെ ആധാരമാക്കി ഒരു പുസ്തകമെഴുതണമെന്ന് പ്രീതം തീരുമാനിച്ചു. അദ്ദേഹത്തിന്റെ ജീവിതാനുഭവങ്ങൾ കടലാസ്സിൽ പകർത്തുകയും ചെയ്തു. 1983-ാം വർഷം പകുതിയിൽ ആ പുസ്തകം പഞ്ചാബിയിൽ പ്രസിദ്ധപ്പെടുത്തി. പിന്നീട് ഹിന്ദിയിലും (1965)ഉർദുവിലും പല ഭാഷകളിലും പ്രത്യക്ഷപ്പെട്ടു. 21 അദ്ധ്യായങ്ങൾ/ ഭാഗങ്ങൾ ആയിട്ടാണ് ഈ നോവൽ തിരിച്ചിരിക്കുന്നത്.

**കഥാപാത്രങ്ങൾ**

1. ഹർകൃഷ്ണൻ- കേന്ദ്ര കഥാപാത്രം(ചിത്രകാരൻ)
2. ജയദേവൻ- ഹർകൃഷ്ണന്റെ ഉറ്റ സുഹൃത്ത്- പാട്ടുകാരൻ.
3. സാഹിർ- ഹർകൃഷ്ണന്റെ ഉറ്റ സുഹൃത്ത്- കവി
4.മിൽഖിരാംജി- അച്ഛൻ (സർക്കാർ ഉദ്യോഗസ്ഥൻ)
5. ബിബോ - ജേഷ്ഠ പത്നിയുടെ അനുജത്തി(പ്രണയിനി)(രുക്മിണി എന്നു വിശേഷിപ്പിച്ചു)
6. മഹിന്ദർ കൗർ- ആദ്യ പ്രണയിനി(രാധ)
7. ഗുല്ലു ചാച്ച
8. സൈനി ചാച്ചി (അയൽവാസികൾ (ലക്ഷ്മി നാരായണത്തിലെ വീടിനടുത്ത്
9. അള്ളാ രക്ഖി- അയൽവാസി ഡുഡുവിന്റെ മകൾ (വേശ്യാവൃത്തി ചെയ്യുന്നു)
10. വിമൽകുമാർ ജൈൻ -കമ്യൂണിസ്റ്റ് പാർട്ടിയുടെ അംഗം
11. അഫത്താബ്- കോളേജിലെ സുഹൃത്ത്

12. ഇള- പ്രണയിനി- കുറച്ചുകാലം ഒരുമിച്ചു കഴിയുന്നു
13. ദർശൻ
14. ലാഭ്സിംഗ്- ദർശന്റെ അച്ഛൻ( അർജ്ജുൻ, ദേവേന്ദ്രൻ)
15. ഇന്ദ്രപാൽ -സഹോദരി ലീലയുടെ മകൻ.

ഇരുപത് വർഷം മുൻപുള്ള ജയദേവനും, സാഹിരിനും ഒപ്പമുണ്ടായിരുന്ന ഒരു ശിവരാത്രി ദിവസം അവർ ഭാംഗ് കുടിച്ചതുമായി ബന്ധപ്പെട്ട രസകരമായ കാര്യങ്ങൾ പറഞ്ഞുകൊണ്ടാണ് നോവൽ ആരംഭക്കുന്നത്. രണ്ടാം അധ്യായത്തിൽ താൻ ആദ്യം ചെയ്ത പെയ്ന്റിങ്ങായ റിബല്ല്യൻ എന്ന പേരു നൽകിയ ആ പെയ്ന്റിങ്ങ് ഉണ്ടായ സാഹചര്യവും ആദ്യമായി തനിക്ക് ഒന്നാം സമ്മാനം നേടിക്കൊടുത്ത പെയിന്റിങ്ങാണ് അതെന്ന കാര്യവും ആ കാലത്ത് അവർ താമസിച്ചിരുന്ന ഒരു ചെറിയ മുറിയുടെ വിവരണവും നൽകുന്നു. മൂന്നാം അധ്യായത്തിൽ ഹർകൃഷ്ണനും സാഹിറും ലുധിയാനയിലെ ഗവൺമെന്റ് കോളേജിൽ ഒരുമിച്ചു പഠിച്ച കാലങ്ങൾ ഓർക്കുന്നു. അവിടെ വച്ച് ഇരുവർക്കും രണ്ട് പെൺകുട്ടികളോട് പ്രണയം തോന്നുന്നു. മതം കടന്നുവരുന്നത് ഇവിടെയാണ്. ഹർകൃഷ്ണൻ പ്രണയിച്ചത് സിഖുകാരിയെ ആണ്. ഹിന്ദു സിഖ് ബന്ധം അത്രവലിയ ലഹളയ്ക്കു കാരണമാകില്ല. എന്നാൽ സാഹിർ സിഖുകാരിയെ പ്രണയിച്ചു എന്നായാൽ ഇരു മതങ്ങളിൽ നിന്നും പ്രശ്നങ്ങൾ ഉണ്ടാകു. ഹിന്ദു മുസ്ലീം കലഹം ഉണ്ടാകാനുള്ള സാധ്യതയെപ്പറ്റി കോളേജ് പ്രിൻസിപ്പൽ സാഹിറിനും മുന്നറിയിപ്പു നൽകി. അയാളെ TC നൽകി മറ്റൊരു കോളേജിലേക്ക് സ്ഥലം മാറ്റി. കൃഷ്ണന്റെ രാധയാകട്ടെ മറ്റൊരാളെ വിവാഹം കഴിക്കുകയും ചെയ്തു.

നാലാം അദ്ധ്യായത്തിൽ ഹർകൃഷ്ണൻ വരച്ചതും പല രാജ്യങ്ങളിലെ മ്യൂസിയങ്ങളിൽ സ്ഥാനം ഉറപ്പിച്ചിട്ടുള്ളതുമായ പെയ്ന്റിങ്ങുകൾ ചലചിത്രം പോലെ തന്റെ ക്യാൻവാസിൽ മിന്നി മായുന്ന മായികമായ മാനസികപ്രതിഭാസത്തെ കുറിച്ചാണ് പറയുന്നത്. (4-ാം അധ്യായം ) ഒരു വിദേശ യാത്രയ്ക്കു ശേഷം മടങ്ങിയെത്തിയ തന്നെ അച്ഛൻ മാലയിട്ടു സ്വീകരിച്ചത് ഓർക്കുന്നു. തന്നെ എൻജിനീയറാക്കുവാനായിരുന്നു അച്ഛനാഗ്രഹം. എന്നാൽ കലാകാരനാകണമെന്ന തന്റെ മോഹത്തിന് കോളേജ് പ്രിൻസിപ്പൽ വഴികാട്ടിയാകുന്നു. അദ്ദേഹം തന്റെ അച്ഛനോടു സംസാരിച്ച് ഹരികൃഷ്ണനെ ആർട്സ് കോളേജിൽ അയക്കുന്നു. തുടർന്ന് ബിബ്ബോയെ കുറിച്ചാണ് പറയുന്നത്. ജേഷ്ഠന്റെ കല്യാണത്തിനാണ് ഇവർ

പരസ്പരം കണ്ടുമുട്ടുന്നത്. അന്നുമുതൽ പരസ്പരം അറിയുന്നു. താൻ ഒരു സർക്കാർ ഉദ്യോഗസ്ഥനാകുമെന്നു കരുതി ഇവരുടെ ബന്ധം ഇരുവീട്ടുകാർക്കും സമ്മതമായിരുന്നു. എന്നാൽ സർക്കാരുദ്യോഗസ്ഥനാകുന്നതിന് പകരം താൻ ചായവും ബ്രഷുമാണ് സ്വീകരിച്ചത്. ഹർകൃഷ്ണന്റെ സുഹൃത്തുക്കൾ ബിബ്ബോയെ രാധ എന്നാണ് വിശേഷിപ്പിച്ചിരുന്നത്. ബിബ്ബോയുമായുള്ള വിവാഹത്തെ കുറിച്ചു തീരുമാനിക്കാൻ ചെല്ലുമ്പോൾ അവളുടെ അമ്മ ബന്ധം എതിർക്കുന്നു. തുടർന്ന് ബിബ്ബോക്ക് കൃഷ്ണന്റെ രുക്മിണിയാവാൻ താല്പര്യമുണ്ടോ ഇല്ലയോ എന്ന കാര്യം അവളിൽ നിന്നും കേൾക്കാൻ ചെല്ലുമ്പോൾ അമ്മയുടെ ഇഷ്ടം പോലെ എന്നാണ് ബിബ്ബോ മറുപടി നൽകിയത്. അതോടെ അവർ തന്റെ രുക്മിണിയാകില്ലെന്ന് ബോധ്യമായി. തുടർന്നുവരുന്ന അധ്യായത്തിൽ ഹർകൃഷ്ണന്റെ മറ്റൊരു പ്രണയം (ഓടക്കുഴലിനോട്) ഓർക്കുന്നത്. റേഡിയോയിലും മറ്റും ഓടക്കുഴൽ വായിക്കുമായിരുന്ന തന്റെ മുരളീനാദം കേട്ട് മറ്റുള്ളവർ അഭിനന്ദിക്കുമ്പോൾ ആ മുരളീനാദം കേൾക്കാൻ ഒരു രാധയും രുക്മിണിയും ഇല്ല എന്ന ബോധം അയാളെ നിരാശനാക്കുന്നു.

ഏഴാം അദ്ധ്യായത്തിൽ സാഹിറിന്റെ ജീവിതത്തെ പറ്റിയും അവർ തമ്മിലുള്ള ബന്ധത്തിന്റെ ആഴവും വിശദമായി പ്രതിപാദിക്കുന്നു. ഹർകൃഷ്ണന്റെ പ്രണയനഷ്ടത്തെ കുറിച്ചറിഞ്ഞ സാഹിർ തന്റെ പ്രണയം നഷ്ടമായത് എങ്ങനെയെന്ന് വ്യക്തമക്കുന്നു. ആരോ അവളോട് സാഹിറിന്റെ ഉമ്മക്കെതിരായി എന്തൊക്കെയോ പറഞ്ഞതാണ് ആ പ്രണയ നഷ്ടത്തിന് കാരണമെന്നും പറയുന്നു. തന്റെ ബാപ്പയുടെ ദുശീലങ്ങളും ഉമ്മ കേസുകൊടുത്തതുമെല്ലാം വിശദമാക്കുന്നു.

അടുത്ത അദ്ധ്യായത്തിൽ ഗുല്ലു ചാച്ചയെയും, സൈനി ചാച്ചിയെയും കുറിച്ചാണ് പറയുന്നത്. അവർ ഇരുവർക്കും മക്കളുണ്ടായിരുന്നില്ല. ഹർകൃഷ്ണനെ അവർ വളരെയധികം സ്നേഹിച്ചു. അവനിലൂടെ അവർ ജീവിതത്തിൽ നിറം പകർത്തി. ഒരിക്കൽ ഒരു അവധിയിൽ ലുധിയാനയിൽ തിരിച്ചെത്തിയ അയാൾ അറിയുന്നത് വിഭജനത്തിനുശേഷം അവർ അതിർത്തിക്കപ്പുറത്തേക്കു പോയെന്നാണ്. ഹർകൃഷ്ണൻ ഓടിക്കളിച്ച മുറ്റവും എല്ലാം തനിക്ക് അന്യമായിരിക്കുന്നു.

ഒൻപതാം അദ്ധ്യായത്തിൽ തന്റെ അച്ഛന്റെ മരണശേഷം അമ്മയിലുണ്ടായ മാറ്റവും തനിക്കു ലഭിച്ച സ്വത്തുക്കൾ സഹോദരനു നൽകി വർഷത്തിൽ ഒന്നോ രണ്ടോ തവണ നാട്ടിലെത്തുമ്പോൾ താൻ ജേഷ്ഠനോടൊപ്പം

താമസിക്കുകയായിരുന്നു. ഒരിക്കൽ വീടു വിറ്റ് പകുതി പണം തനിക്കു നൽകണമെന്ന് ഹർകൃഷ്ണൻ ആവശ്യപ്പെട്ടു. എന്നാൽ ജേഷ്ഠൻ സമ്മതിക്കുന്നില്ല. ഒടുവിൽ വീടിനോടു ചേർന്നു മുറി നൽകാമെന്നു സമ്മതമായി മുദ്രപത്രം എഴുതി ഒപ്പുവയ്ക്കുന്നു. എന്നാൽ അത് ജേഷ്ഠന്റെ ചതിയാണെന്ന് അറിയുകയും മുദ്രപത്രം ഒരുവിധത്തിൽ കൈക്കലാക്കി തിരുത്തുകയും ചെയ്യുന്നു. എന്നാൽ ഈ സംഭവ ത്തിനുശേഷം ഹർകൃഷ്ണൻ അവിടേക്കു തിരിച്ചെത്തുന്നില്ല. രക്തബന്ധത്തേക്കാൾ മറ്റു ബന്ധങ്ങൾക്ക് തന്റെ ജീവിതത്തിൽ സ്ഥാനമുണ്ടെന്ന് ഹർകൃഷ്ണന് ബോധ്യമാകുന്നു.

പത്താം അദ്ധ്യായത്തിൽ അള്ളാ രക്ഖിയെ കുറിച്ചാണ് പറയുന്നത്. തന്നേക്കാൾ പ്രായമുള്ള അള്ളാ രക്ഖി ഒരിക്കൽ വീടു വിട്ടിറങ്ങി പോകുന്നു. പലർ ചേർന്ന് അവളെ തിരികെ കൊണ്ടുവന്നു. എന്നാൽ മതത്തിൽ നിന്നും വീട്ടിൽ നിന്നും അവൾ പുറത്തായി. അതോടെ അവർ നഗരത്തിനു വെളിയിൽ ഒരു ചൗബാരയിൽ (വേശ്യാലയം) താമസമാക്കി. ഒരിക്കൽ ഹർകൃഷ്ണൻ അവിടെ ചെന്നപ്പോൾ അവനെ അവർ തിരികെ അയക്കുന്നു. അവനു നല്ലതു മാത്രമേ ഉണ്ടാകൂ എന്നും ഇനി മേലിൽ അവിടെ ചെല്ലരുതെന്നും ഉപദേശിക്കുന്നു.

അടുത്ത അദ്ധ്യായത്തിൽ താൻ കണ്ട ഒരു സ്വപ്നവും സാഹിത്യവുമായുള്ള ആത്മബന്ധവുമാണ് ചർച്ച. വളരെയധികം സമാനതകൾ ഇരുവരുടെയും ജീവിതത്തിന് ഉണ്ടായിരുന്നു. ഒരുമിച്ച് ഈ ലോകത്തിൽ വന്നവരാണവർ. അതിനാൽ ഒരുമിച്ചുതന്നെ ലോകത്തുനിന്നും പോകണം എന്നവർ വാക്കു നൽകിയിരുന്നു. എന്നാൽ സാഹിർ ആ വാക്കു പാലിക്കുന്നില്ല. രോഗബാധിതനായി സാഹിർ മരണത്തിനു കീഴടങ്ങി. താൻ തികച്ചും ഏകാകിയായതുപോലെ ഹർകൃഷ്ണന് അനുഭവപ്പെട്ടു. (ഹർകൃഷ്ണന്റെ സ്വപ്നങ്ങൾക്ക് ജീവിതവുമായി ബന്ധമുണ്ടെന്ന് കാണാം)

പന്ത്രണ്ടാം അദ്ധ്യായത്തിൽ വിമൽകുമാർ ജൈൻ എന്ന സുഹൃത്തിനെകുറിച്ചാണ് പറയുന്നത്. എപ്പോഴും ചിരിച്ചും കളിച്ചും തമാശകൾ പറഞ്ഞും നടന്നിരുന്ന വിമലിനെയാണ് ആദ്യം ഹർകൃഷ്ണൻ ഓർക്കുന്നത്. കമ്യൂണിസ്റ്റ് പ്രവർത്തകരെ തിരഞ്ഞുപിടിച്ച് പോലീസ് അറസ്റ്റ് ചെയ്തിരുന്ന കാലഘട്ടത്തിൽ വിമലും മൻദീദിയും പല സ്ഥലങ്ങളിലായി മാറിമാറി താമസിച്ചു. ഹർകൃഷ്ണന്റെ വീട്ടിലും ഒരിക്കൽ താമസിക്കുകയുണ്ടായി. ഒടുവിൽ അയാളെ പോലീസ് പിടികൂടി. കഠിനമായ മർദ്ദനമുറകൾ പോലീസ് വിമലിനുമേൽ ഏൽപ്പിച്ചു. കാലങ്ങൾക്കുശേഷം

വിമലിന് ക്യാൻസർ ബാധിച്ചിരിക്കുകയാണെന്നും രക്ഷപെടാൻ സാധ്യതയില്ലെന്നും ഡോക്ടർ അറിയിച്ചു. തുടർന്ന് വിമൽ മരിച്ചു. ഹർകൃഷ്ണൻ ആ മരണം കാണുവാൻ പോയിരുന്നില്ല. അതുകൊണ്ടുതന്നെ വിമലിന്റെ ചിരിച്ച മുഖമാണ് ഇന്നും അയാളുടെ മനസിൽ.

പതിനാലാം അധ്യായത്തിൽ അഫത്താബ് എന്ന സുഹൃത്തിനെകുറിച്ചുള്ള ഓർമ്മയാണ്. ഒരു കവിതകൂടി കേട്ടിട്ടുപോകൂ.. എന്ന വാചകത്തിലൂടെയാണ് ഹർകൃഷ്ണൻ അഫത്താബിനെ കുറിച്ച് ഓർക്കുന്നത്. കോളേജിലെ സുഹൃത്തായിരുന്നു അഫത്താബ്. വിഭജനശേഷം അയാളും കുടുംബവും പാക്കിസ്ഥാനിലേക്കുപോയി. ഇന്ത്യയുടെ നന്മ കാംക്ഷിക്കുന്നവരായിരുന്നു അവർ. പിന്നീട് അഫത്താബ് ഇടയ്ക്ക് ഡൽഹിയിൽ വരുമായിരുന്നു. ഹർകൃഷ്ണനോട് ഡൽഹിയിലേക്കു വരാനാവശ്യപ്പെടുകയും ചെയ്യുമായിരുന്നു. കവിതാപാരായണവും ചർച്ചയും കഴിഞ്ഞു പോകാനിറങ്ങുമ്പോൾ ഒരു കവിതകൂടി കേട്ടിട്ടുപോകൂ എന്നു പറയുമായിരുന്നു അഫത്താബ്. പിന്നീടൊരിക്കൽ അഫത്താബിനെ കാണുന്നത് ടാറ്റാ ആശുപത്രിയിൽ വച്ചാണ്. അഫത്താബും ക്യാൻസർ ബാധിതനായിരുന്നു. അന്ന് അവിടെ എത്തിയപ്പോൾ അഫത്താബ് ഹരികൃഷ്ണന് ഒരു റോസ് സിൽക്കിന്റെ ജുബ വാങ്ങി നൽകിയതും ഓർക്കുന്നു. ഒടുവിൽ മൂന്ന് നാല് ദിവസത്തിൽ കൂടുതൽ ജീവിക്കില്ലെന്നു ഡോക്ടർ വിധിയെഴുതിയപ്പോൾ അഫത്താബിനെ തിരികെ തന്റെ കുടുംബത്തിന്റെ അടുത്തേക്ക് മടക്കി അയക്കുന്നു.

പതിനഞ്ചാം അദ്ധ്യായത്തിൽ ഇളയെക്കുറിച്ചുള്ള സ്മരണകളായിരുന്നു. ചിത്രകല കവിത പാട്ടുകൾ എന്നിങ്ങനെ നിരവധി സ്വപ്നങ്ങളായിരുന്നു ഇളയ്ക്ക്. അതെല്ലാം ഹർകൃഷ്ണനിലൂടെ നേടിയെടുക്കുവാൻ അവൾ ശ്രമിക്കുന്നു. ബർമ്മൻ ദാദയുടെയും ജയദേവന്റെയും സഹായത്തോടെ ഇളയുടെ വരികൾക്ക് സംഗീതം പകർന്നു. ഒടുവിൽ ഇവർ പ്രണയത്തിലാകുന്നു. രാധയെകുറിച്ചുള്ള സ്വപ്നവും രുക്മിണിയെ കുറിച്ചുള്ള സ്വപ്നവും ഹർകൃഷ്ണൻ പരിത്യജിച്ചിട്ടു വളരെ കാലങ്ങളായിരുന്നു. പക്ഷെ ആ സ്വപ്നത്തിന്റെ പൊട്ടിയ ഇഴകൾ ഇള വീണ്ടും കൂട്ടി ചേർത്തു. അവരുടെ ചിലവുകൾ നടത്തുവാനായി അയാൾ തന്റെ കല ഉപേക്ഷിച്ച് ജോലിചെയ്യുവാൻ പോയി. എട്ട് മാസത്തോളം പഴക്കംചെന്ന ജോലി രാജിവച്ചു. വീണ്ടും ചായങ്ങളിൽ സ്പർശിച്ചപ്പോൾ അയാൾക്ക് സന്തോഷം അടക്കാനായില്ല. കഴിഞ്ഞുപോയ ഇളയോടൊപ്പം ഉണ്ടായിരുന്ന കാലത്തെ ഇളകാലം എന്നാണ് ഹർകൃഷ്ണൻ

വിശേഷപ്പിച്ചത്. ഇളകാലത്തിൽ നിന്നും മുക്തനാകാൻ അയാൾ നിരവധി യാത്രകളും നടത്തി.
വരും അദ്ധ്യായങ്ങളിൽ തന്നിൽ തെളിഞ്ഞ സ്വപ്നവും ആ സ്വപ്നത്തിന് രാജ്യവിഭജനവും, രക്തചൊരിച്ചിലും തമ്മിലുള്ള ബന്ധവും എല്ലാം സൂചിപ്പിച്ചിരുന്നു.
തുടർന്നുള്ള അദ്ധ്യായങ്ങളിൽ ലാഭ്സിംങ് ദർശൻ തുടങ്ങിയവരെക്കുറിച്ചും ഇന്ദ്രപാലിനെ കുറിച്ചും ആണ് ചിന്തിക്കുന്നത്. ലാഭ്സിംങ്ങിന് തന്റെ അച്ഛനുമായി ഉണ്ടായിരുന്ന അടുത്ത ബന്ധവും അച്ഛന്റെ സഹായത്തോടെ ലാഭ്സിംങ് വിദേശത്തുപോയി രക്ഷപെട്ടതും ആയ കാര്യങ്ങളും, അദ്ദേഹത്തിന്റെ മക്കൾ ഹർകൃഷ്ണനെ സ്വന്തം സഹോദരനായി കണ്ടിരുന്നതുമെല്ലാം ഓർമ്മിക്കുന്നു. അവരിൽ നിന്നും വേർപിരിഞ്ഞ ശേഷമാണ് ഇന്ദ്രപാൽ എന്നു പേരായ തന്റെ സഹോദരി പുത്രന്റെ സ്നേഹം ഹർകൃഷ്ണൻ ഓർമ്മിക്കുന്നത്. അമ്മാവനും മരുമകനുമായുള്ള ബന്ധം അത്രമേൽ അഗാധമായിരുന്നു. അമ്മാവൻ തന്റെ ഒപ്പം ലണ്ടനിൽ താമസിക്കണമെന്ന ആഗ്രഹവും ഹർകൃഷ്ണൻ സാധിച്ചു കൊടുക്കുന്നു. ഒടുവിൽ ഹൃദയസ്തംഭനം മൂലം ഇന്ദ്രപാൽ മരണത്തിനു കീഴടങ്ങുന്നു. അതോടെ ഹർകൃഷ്ണൻ വീണ്ടും ഒറ്റപ്പെടുന്നു. ലണ്ടനിൽ നിന്നും മടങ്ങുന്നു. തുടർന്നുള്ള ഭാഗങ്ങളിൽ പല പ്രമുഖരേയും കണ്ടുമുട്ടിയ കാര്യങ്ങളും മറ്റും പറഞ്ഞശേഷം അച്ഛന്റെ ഡയറിയിൽ കണ്ടകാര്യം വെളിപ്പെടുത്തുന്നു. ആ ഡയറിയുടെ ഒരു പേജിൽ രാശിചക്രം രേഖപ്പെടുത്തിയിരിക്കുന്നു. അയാളുടെ വരാനിരിക്കുന്ന വർഷങ്ങളിലെയെല്ലാം ഏകാന്തതയുടെ ചരിത്രം കുറിച്ചിട്ടിരിക്കുന്നു. അതിൽ എഴുതിയിരിക്കുന്നു അഞ്ചുതലമുറയായി നമ്മുടെ വംശത്തിൽ ഒരു പതിവ് തുടരുകയാണ്. ഒരു തലമുറയിൽ ഒരു പുരുഷനേയുള്ളു എങ്കിൽ അയാൾക്ക് രണ്ട് ആൺമക്കൾ ഉണ്ടാകും. അവരിൽ മൂത്തമകനുമാത്രം പുത്രൻ ജനിക്കും. ഇളയമകനു പുത്രന്മാരൊന്നുമുണ്ടാവുകയില്ല. മൂത്തമകനു ജനിച്ച മകന്റെ വീട്ടിൽ വീണ്ടും രണ്ട് പുത്രന്മാരുണ്ടാകും. അവരിലെ മൂത്തയാളിന് ഒരു മകൻ ജനിക്കും. ഇളയവന് പുത്രന്മാരൊന്നും കാണുകയില്ല. സ്വന്തം തലവിധി വായിക്കുന്നതുപോലെ ഡയറിയുടെ ആ പേജു വായിച്ചിട്ട് അയാൾ അവിടെത്തന്നെ വെച്ചു. തന്റെ പിതാവിന്റെ ഇളയമകനായിരുന്നു അയാൾ.
കഥയിൽ ഹർകൃഷ്ണൻ അനുഭവിച്ച ഏകാന്തതയും രക്തബന്ധത്തേക്കാൾ തനിക്ക് സ്നേഹം പകർന്നു തന്ന സൗഹൃദ ബന്ധത്തെക്കുറിച്ചും

പ്രധാനമായും പറഞ്ഞുവയ്ക്കുന്നു. കൂടാതെ ഇന്ത്യയുടെ അക്കാലത്തെ രാഷ്ട്രീയ പ്രശ്നങ്ങൾ, രാജ്യവിഭജനം, അതിന്റെ പരിണിത ഫലങ്ങൾ, മതം തുടങ്ങിയവ വിഷയങ്ങളാകുന്നുണ്ട്.

ഓരോ കാലങ്ങളിലും ഹർകൃഷ്ണനുണ്ടായിരുന്ന സൗഹൃദങ്ങളും അവ എങ്ങിനെ തന്നെ ഏകാകിയാക്കി മാറ്റി തന്നിൽ നിന്നും അകന്നുപോയി എന്നും നോവലിൽ പറയുന്നുണ്ട്.